# ഇരുപതാംനൂററാണ്ടിലെ മുതലാളിത്തം

ഇ. വർഗ്ഗ്

970

x

KOTTAYAM PUBLIC LIBRARY
KOTTAYAM.

DISTRIBUTING LIBRARY
No. ..................
KOTTAYAM

ഇരുപതാം നൂററാണ്ടിലെ
മുതലാളിത്തം

# ഇരുപതാം നൂററാണ്ടിലെ മുതലാളിത്തം

~~20860~~

83747

ഗ്രന്ഥകത്താ:

ഇ. വർഗ

DISTRIBUTING LIBRARY
No. ..............
KOTTAYAM

വിവത്തകൻ:

വി. അരവിന്ദാക്ഷൻ.

പ്രസാധകർ:

കറൻറ് ബുക്സ്, തൃശ്ശൂർ

വില: 2ക.

330·15
VAR·I

# IRUPATHAMNOOTTANDILE MUTHALALITTHAM

(TWENTIETH CENTURY CAPITALISM)

by

E. VARGA

First Imp: ession July 1966.
Copies: 1000
Price: Rs. 2-00

Translated by

V. ARAVINDAKSHAN

Cover & Blocks: Sankar Blocks
Cover Ptg: Current Printers, Trichnr
Rights Reserved
Printed at: Trichur Dist: Co-op: Printers Ltd., Trichu
Publishers: CURRENT BOOKS, TRICHUR.

20860

# വിഷയവിവരം

മുതലാളിത്തം—ഈ നൂററാണ്ടിൻെറ തുടക്കത്തിൽ
ഒന്നാം ലോകമഹായുദ്ധത്തിനുമുമ്പ്
മുതലാളിത്തത്തിൻെറ പൊതുകുഴപ്പം—ഒന്നാംഘട്ടം
മുതലാളിത്തത്തിൻെറ പൊതുകുഴപ്പം—രണ്ടാംഘട്ടം
ഇന്നത്തെ മുതലാളിത്തം
മുതലാളിത്തത്തിലെ പൊതുകുഴപ്പത്തിൻെറ (മൂന്നാം)
പുതിയ ഘട്ടം

# മുഖവുര

മുതലാളിത്തത്തിൻെറ ഒരു ചരിത്രമല്ല ഈ കൊച്ചുപുസ്തകം — ഇത്രയും ചെറിയൊരു പുസ്തകത്തിൽ അങ്ങനെയൊരു ചരിത്ര മെഴുതാൻ തുനിയുക മിക്കവാറും അസാദ്ധ്യമാണ്. ഇരുപതാം നൂററാണ്ടിലെ ഇക്കഴിഞ്ഞ അരപതു കൊല്ലത്തിന്നിടയ്ക്കു മുതലാളിത്തത്തിന്നുണ്ടായിട്ടുള്ള പ്രധാന പരിണാമങ്ങളെക്കുറിച്ചുള്ള ഒരു പ്രബന്ധംമാത്രമാണിതു്. മുതലാളിത്തം മനോഹരമാണെന്നു ശഠിയ്ക്കുന്നവർ എങ്ങനെയെങ്കിലുമൊക്കെ വാദിച്ചുകൊള്ളട്ടെ, ആ മാററങ്ങാംകൊണ്ടു മുതലാളിത്തത്തിൻെറ അടിത്തറയ്ക്കു് അനക്കം തട്ടീയിട്ടില്ല. പത്തൊമ്പതാംനൂററാണ്ടിലേതിൽനിന്നു മൗലീകമായിത്തന്നെ വ്യത്യസ്തമായ് പുതിയൊരു തരം മുതലാളിത്തമാണിന്നുള്ളതു് എന്നു വലതുപക്ഷ സോഷ്യൽ ഡെമോക്രാററുകളും ഇന്നത്തെ റിവിഷനിസ്റ്റുകളും വാദിച്ചുകോംക്കാറുണ്ടു്. മുതലാളിത്തത്തിൻെറ മൗലികനിയമങ്ങാംക്ക യാതൊരു മാററവുമുണ്ടായിട്ടില്ല. മുതലാളിത്തനാടുകളിലെ തൊഴിലാളിവർഗ്ഗത്തിന്നു് ഇന്നും, ജീവൻ നിലനിത്തണമെങ്കിൽ, അദ്ധ്വാനശക്തി വില്ക്കണം; അദ്ധ്വാനത്തിൽനിന്നുൽഭൂതമാകുന്ന മിച്ചമൂല്യം **(Surplus value)** തട്ടിയെടുക്കുന്നതിന്നുവേണ്ടി ബൂഷ്വാസി ഇന്നും ആളുകളെ കൂലിയ്ക്കെടുക്കാറുണ്ടു്; മുതലാളിത്തത്തിൻെറ പ്രേരകശക്തി ഇന്നും ലാഭേച്ഛതന്നെ. എന്തെന്നാൽ ലാഭമില്ലെങ്കിൽ മുതലാളിത്തസമ്പ്രദായത്തിലുള്ള ഉൽപാദനം അസാദ്ധ്യമാണു്; ബൂഷ്വാസിതന്നെയാണു് ഇന്നും ഭരണാധികാരിവർഗ്ഗം. അതിൻെറ അന്തിമഘട്ടത്തിൽ—സാമ്രാജ്യത്വഘട്ടത്തിൽ—മുതലാളിത്തത്തിന്നുണ്ടായിട്ടുള്ള മാററങ്ങാംകൊണ്ടു്, മുതലാളിത്ത

വ്യവസ്ഥിതിയ്ക്കു സഹജമായ വൈരുദ്ധ്യങ്ങളെ വദ്ധിപ്പിയ്ക്കുകയും മൂർച്ഛിപ്പിയ്ക്കുകയും മാത്രമേ ചെയ്തിട്ടുള്ളു.

ചരിത്രത്തിൻെറ പുതിയ ഘട്ടത്തിൽ മുതലാളിത്തത്തിൻെറ സാമ്പത്തികനിയമങ്ങൾ പ്രവൎത്തിയ്ക്കുന്നതു കാണുമ്പോൾ മനസ്സിലാകുന്നതു് ആ വ്യവസ്ഥിതി കാലഹരണപ്പെട്ടുപോയെന്നാണു്. നൂതനവും കൂടുതൽ പുരോഗമനപരവുമായ ഒരു വ്യവസ്ഥിതിയ്ക്കു വഴിയൊഴിഞ്ഞുകൊടുക്കണമതു്. ഈ നൂററാണ്ടിൻെറ ആരംഭത്തിലുണ്ടായിരുന്ന മുതലാളിത്തത്തിൽനിന്നു് ഇന്നത്തെ മുതലാളിത്തം എത്രതന്നെ വ്യത്യസ്തമായാലും, മൗലികമായി അതു് ഇന്നും ആ പഴയ സത്വംതന്നെയാണു്. മുതലാളിത്തവ്യവസ്ഥിതിയുടെ ചട്ടക്കൂടിന്നകത്തുവെച്ചു തീൎക്കാൻ കഴിയാത്ത വൈരുദ്ധ്യങ്ങൾ പേറിക്കൊണ്ടുതന്നെയാണു് അതു് ഇന്നും നിലകൊള്ളുന്നതു്.

ചരിത്രത്തിൻെറ സവിശേഷമായൊരു ഘട്ടത്തിൽ ജനിയ്ക്കുകയും നശിയ്ക്കുകയുംചെയ്യുന്ന ഒരു സാമൂഹ്യക്രമമാണു മുതലാളിത്തം എന്നും അതിൻെറ വിനാശത്തിനും സോഷ്യലിസത്തിൻെറ ആവിർഭാവത്തിനും ഹേതുവാകുന്ന നിയമങ്ങൾ അതിൽതന്നെ അന്തർഭവിച്ചിരിയ്ക്കുന്നു എന്നുമുള്ള മാർക്സിൻെറ സിദ്ധാന്തം നൂറുവൎഷംമുമ്പു ഒരു പ്രതിഭാശാലി ചെയ്ത ദീർഘദൎശനം എന്ന നിലവിട്ടു് ഒരു വാസ്തവമായി പരിണമിച്ചിരിക്കുന്നു. ജീൎണ്ണമായ മുതലാളിത്തത്തോടൊപ്പം ഊൎജ്ജസ്വലമായ ഒരു സോഷ്യലിസ്റ്റു ലോകവും നിലനിൽക്കുന്നതാണു് നാമിന്നു കൺമുമ്പിൽ കാണുന്നതു്. ഈ സംഭവവികാസം മുതലാളിത്തത്തിൻെറ സാമ്പത്തികവും ദേശീയവും വൈദേശികവുമായ നയത്തേയും ആശയസംഹിതയെത്തന്നേയും സാരമായി ബാധിച്ചിട്ടുണ്ടു്. ഊദ്ധ്വൻ വലിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തത്തെ അവസാനിപ്പിച്ചു് നൂതനമായൊരു സാമൂഹ്യക്രമം സ്ഥാപിയ്ക്കേണ്ടതിൻെറ അത്യാവശ്യത്തെ—കമ്മ്യൂണിസത്തെ—വ്യക്തമാക്കുകയും ചെയ്യുന്നു.

സമുദായത്തിൻെറ ചരിത്രഗതി അടുത്ത കാലംവരെ സാമ്രാജ്യത്വമാണല്ലോ നിയന്ത്രിച്ചുകൊണ്ടിരുന്നതു്. ഇന്നു് അതല്ല

സ്ഥിതി. സ്ഥിതിഗതികൾ അപ്പാടെ മാറിപ്പോയിരിയ്ക്കുന്നു. രണ്ടു് ആഗോളവ്യവസ്ഥിതികൾ തമ്മിലുള്ള സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ മത്സരവും, സാമ്രാജ്യത്വത്തിന്നെതിരായും സ്വന്തം നാട്ടുകളുടെ സ്വതന്ത്രമായ സാമ്പത്തികസ്വാതന്ത്ര്യത്തിനും രാഷ്ട്രീയവികാസത്തിനുംവേണ്ടിയുള്ള സമരംചെയ്യുന്ന ശക്തികളും ആണു് ഇന്നു് സാമൂഹ്യവികാസത്തിൻെറ പ്രധാന സത്തയേയും പ്രധാന മാർഗ്ഗത്തേയും പ്രധാന സവിശേഷതകളേയും നിർണ്ണയിയ്ക്കുന്നതു്.

*  *  *

മുതലാളിത്തത്തെ വിശകലനം ചെയ്യുന്നതിന്നും താരതമ്യപഠനങ്ങൾ നടത്തുന്നതിനും 1900 മുതൽക്കുള്ള കാലത്തെയാണു് ഇവിടെ എടുത്തിട്ടുള്ളതു്. സാമ്പത്തികമായോ രാഷ്ട്രീയമായോ ഇതൊരു അതിർവരമ്പാണെന്നു പറയുകവയ്യാ.

ഈ പുസ്തകത്തിൽ ഉദ്ധരിച്ചു ചേർത്തിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ മുഴുവൻ കൃത്യമായിക്കൊള്ളണമെന്നില്ല. കാര്യങ്ങൾ ഉദാഹരണസഹിതം വായനക്കാരന്നു മനസ്സിലാക്കിക്കൊടുക്കണമെന്നേ ഉദ്ദേശിച്ചിട്ടുള്ളു. അതുകൊണ്ടു് ഭിന്നതകൾ ഒഴിവാക്കിയിരിയ്ക്കുകയാണു്. (പ്രകൃതിശാസ്ത്രങ്ങളിൽ സുസമ്മതമായ ഒരു സമ്പ്രദായമാണിവിടെ സ്വീകരിച്ചിട്ടുള്ളതു്) ഔദ്യോഗികരേഖകളിൽനിന്നെടുത്തവയാണു് കണക്കുകളെല്ലാം. ആദ്യം പ്രസിദ്ധീകരിച്ച ഔദ്യോഗികക്കണക്കുകളിൽനിന്നു് സ്വല്പം വ്യത്യസ്തമായിരിയ്ക്കുന്നു പിന്നീടു പ്രസിദ്ധീകരിക്കുന്നവ. ആ വ്യതിയാനങ്ങളെ അത്ര സാരമാക്കാനില്ല. നമ്മുടെ കാര്യം നടക്കാൻ ഈ കണക്കുകളേ വേണ്ടൂ. അടിക്കുറിപ്പുകൾ ആവുന്നത്ര കുറയ്ക്കാൻ മനസ്സിരുത്തിയിട്ടുണ്ടു്. അതുകൊണ്ടു് എല്ലാ കണക്കുകളുടേയും ആകരങ്ങൾ (**Sources**) ചേർത്തിട്ടുള്ള വളരെ പ്രസിദ്ധമായ കണക്കുകളെ സംബന്ധിച്ചിടത്തോളം അതിൻെറ ആവശ്യമില്ലതാനും.

—*—

## ഒന്നാമദ്ധ്യായം

# മുതലാളിത്തം-ഈ നൂററാണ്ടിൻെറ തുടക്കത്തിൽ

ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ ഭൂമിയെക്കുറിച്ചു നാമാജ്ജിച്ചുവെച്ചിരുന്ന വിവരം ഇന്നു നമുക്കു ലഭിച്ചിട്ടുള്ളതിൽ നിന്നു വളരെ ചെറുതായിരുന്നു. ഈ ഭൂതലം ഇന്നു നാം മനസ്സിലാക്കിയിട്ടുള്ളതിനേക്കാറം വളരെ വലുതാണ് എന്നായിരുന്നു നമ്മുടെ അന്നത്തെ ധാരണ. ഭൂഗോളത്തിൻെറ ഗണ്യമായൊരു ഭാഗം—ആഫ്റിക്കയുടേയും ദക്ഷിണാമേരിക്കയുടേയും മദ്ധ്യഭാഗങ്ങറം മുഴവൻ, പടിഞ്ഞാറൻചൈന, ഉത്തരധ്റുവം, ദക്ഷിണധ്റുവം എന്നിവ—നമുക്കു തീരെ അജ്ഞാതമായിരുന്നു. ലോകത്തിലെ ജനസംഖ്യയാവട്ടെ, ഇന്നത്തേതിൻെറ പകുതിയായിരുന്നു. ലോകത്തിൻെറ ഒരു മൂലയിൽനിന്നു മറെറാരു മൂലയിലേക്കു വാത്തകളെത്തിയ്ക്കാനും യാത്ര ചെയ്യാനും ഒരുപാടു സമയവും ക്ലേശവും വേണ്ടിയിരുന്നതുകൊണ്ടാണ് ഭൂതലം വളരെ വളരെ വിസ്തൃതമാണ് എന്നൊരു തോന്നൽ നമുക്കുണ്ടായതു്. മോസ്കോവിൽനിന്നു ന്യൂയോക്കിലെത്താൻ ഇന്നു കേവലം പത്തു മണിക്കുറേ വേണ്ടൂ. അന്നോ? ചുരുങ്ങിയതു പന്ത്രണ്ടു ദിവസം! സാറിൻെറ പട്ടാളത്തിലെ ലഫ്ടനൻറ് കേണൽ സെറണ്ട്റെത്തിക്കോവിനെ എന്തോ കാര്യം പ്രമാണിച്ച് ബോംബേയ്ക്കയച്ചപ്പോറം ഏതാണ്ടൊരു മാസംകൊണ്ടാണവിടെയെത്തിയതു്—1901 നവമ്പർ 6-ാംതീയതി താഷ്ക്കണ്ടു് വിട്ട ആ സൈന്യാധിപൻ ബ്രസീലിൽ ചെന്നു് ഒരു ബ്രിട്ടീഷ് കപ്പലിൽ കയ

ദകയും മുപ്പത്തിമൂന്നു ദിവസം യാത്രചെയ്തശേഷം ഡിസമ്പർ എട്ടാംതീയതി ബോമ്പെയിലെത്തുകയുംചെയ്തു. താഷ്കണ്ടിൽനിന്നു ബോമ്പെയിലേയ്ക്കൊരു മാസം! ഇന്നാണെങ്കിലോ, വിമാനത്തിൽ കയറിയാൽ ഒരു പകൽ തികച്ചും വേണ്ട. യാത്രാക്ലേശങ്ങാം വിവിധ രാഷ്ട്രങ്ങളുടെ വിദേശനയങ്ങളെ പലവിധത്തിലും ബാധിച്ചു എന്നു പറയേണ്ടതില്ലല്ലോ. രാഷ്ട്രത്തലവന്മാക്കോ മന്ത്രിമാക്കോ ഇന്നത്തെ അത്ര എളുപ്പത്തിലും വേഗത്തിലും സമ്മേളിയ്ക്കുക അസാധ്യമായിരുന്നു; അതുകൊണ്ട് വളരെ അപൂർവ്വമായേ അത്തരം സമ്മേളനങ്ങാം നടക്കാറുണ്ടായിരുന്നുള്ളു. നയതന്ത്രപ്രവത്തനങ്ങാം ഇന്നത്തേക്കാാം എത്രയോ മന്ദഗതിയിലായിരുന്നു.

അന്നു ജീവിതം ഇന്നത്തേക്കാാം ലളിതമായിരുന്നു. ഇന്നു് നിത്യോപയോഗവസ്തുക്കളായിത്തീന്നിട്ടുള്ള പലതും—വയർലസ്സ്, ടെലിവിഷൻ സെററ്, റെഫ്റിജറേററർ, ബസ്സ്, വിമാനം തുടങ്ങിയവ—ഒന്നുകിൽ തീരെ അജ്ഞാതമായിരുന്നു, അല്ലെങ്കിൽ വളരെ അപൂർവ്വമായിരുന്നു. ഭൂരിപക്ഷം ജനങ്ങാംക്കും പിന്നെ നാടുവിട്ടു പുറത്തു പോകാനുള്ള അവസരമുണ്ടായിരുന്നില്ല.

മുതലാളിത്തം സാമ്രാജ്യത്വത്തിൻെറ ഘട്ടത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞിരുന്നു. ഭൂമിയിലെമ്പാടും അതിൻെറ താണ്ഡവമായിരുന്നു. അതായതു്, പട്ടക്കുററൻകുത്തകകാം—കാർട്ടലുകളും സിൻഡിക്കേററുകളും ട്രസ്റ്റുകളും—ലോകത്തിലെ ഏററവും മെച്ചപ്പെട്ട വ്യവസായങ്ങളെ കയ്യടക്കിക്കഴിഞ്ഞിരുന്നു എന്നത്ഥം. നിമ്മിതവസ്തുക്കളുടെ (**Manufactured goods**) ഉൽപാദനം മുഴുവൻ കൈവശം വന്നുചേന്നാൽ കിട്ടാവുന്ന മെച്ചങ്ങളുണ്ടല്ലോ, അതെല്ലാംതന്നെ അവർ അനുഭവിച്ചുകൊണ്ടിരുന്നു. ആഭ്യന്തരവിപണിയിൽ അവരുടെ ആധിപത്യം അജയ്യമായിരുന്നു. അതിൻെറ ഗതിവിഗതികളെ നിയന്ത്രിയ്ക്കാൻ അവക്കൊരു വിഷമവുണ്ടായിരുന്നില്ല. വിവിധ രാജ്യങ്ങളിലെ കുത്തകമേധാവി

കാം പുറംനാട്ടുകളിൽ ചെന്നു കമ്പോളങ്ങളും സ്വാധീനമേഖല കളും മൂലധനനിക്ഷേപത്തുറകളും പിടിച്ചുപററാൻ മത്സരിയ്ക്കുക യായിരുന്നു. ഉഗ്രമായ മത്സരം. ഇരുപതാം നൂററാണ്ടിൻെറ ആ രംഭമായപ്പോഴേക്കും ആ പ്രതാപികാം ലോകത്തെ മുഴുവൻ വെട്ടി പ്പങ്കിട്ടുകഴിഞ്ഞിരുന്നു.

മുതലാളിത്തത്തിൻെറ ഉൽപാദനശക്തിക(Productive faces)ളാവട്ടെ അന്നു്, ഇന്നത്തത്ര വികാസം പ്രാപിച്ചിരു ന്നില്ല. ലോകത്തിലെ ജനങ്ങളിൽ ഭൂരിപക്ഷത്തിൻേറയും ഉല്പാ ദനക്ഷമത എത്രയോ മോശമായിരുന്നു. മിക്കപേരും നിരക്ഷര കുക്ഷികളുമായിരുന്നു. കാട്ടുതീപോലെയാണു്, അടിയ്ക്കടി, സാം ക്രമികരോഗങ്ങാം പടൎന്നുകയറിയിരുന്നതു്. ബാലമരണങ്ങാംക്ക് കയ്യും കണക്കുമുണ്ടായിരുന്നില്ല. മനുഷ്യർ പൊതുവേ അൽപായു സ്സുകളായിരുന്നു.

ജനങ്ങളുടെ മുഖ്യമായ തൊഴിൽ കൃഷിയായിരുന്നു. ഏററ വും വികാസംനേടിയ മുതലാളിത്തരാജ്യങ്ങളിൽ (ബ്രിട്ടൻ ഒഴി കെ)പോലും വ്യവസായത്തൊഴിലാളികളുടെ അത്രതന്നെയോ അതിനേക്കാാം കൂടുതലോ ആയിരുന്നു കർഷകരുടെ സംഖ്യ. ചില ഉദാഹരണങ്ങാം പറയാം: ജമ്മനിയിൽ, 1895ൽ, കൃഷി യിലേപ്പെട്ടവരുടേയും വ്യവസായത്തിലേപ്പെട്ടവരുടേയും എ ണ്ണം സമമായിരുന്നു—8300000 പേർ വീതം. ഇവയ്ക്കു പുറമെ വേറൊരു കൂട്ടരുണ്ടായിരുന്നു—കൃഷിയെ മുഖ്യതൊഴിലായി ആ ശ്രയിച്ചിരുന്നില്ലെങ്കിലും കാർഷികവൃത്തികളിൽ ഏപ്പെട്ടിരുന്ന വർ. അവരുടെ എണ്ണം 1400000. അമേരിയ്ക്ക (U. S. A.) യിൽ 1900ൽ, കൃഷിക്കാരുടെ എണ്ണം 9600000, ഖനനം നി ൎമ്മാണവ്യവസായം എന്നീ വ്യവസായങ്ങളിൽ ഏപ്പെട്ടിരുന്ന വരുടെ എണ്ണം 7600000 ആയിരുന്നു. സാറിസ്റ്റ് റഷ്യയിൽ മിക്കപേരും കൃഷിയിൽതന്നെ കെട്ടിക്കിടക്കുകയായിരുന്നു.

ലോകത്തിൻെറ മിക്ക ഭാഗത്തും അന്നു് ഉഴവൽ മരക്ക ലപ്പുകൊണ്ടും കൊയ്ത്തു് അരിവാളുകൊണ്ടുമാണു് നടത്തിയി രുന്നതു്. മെതിയ്ക്കാനും ചേററാനുമെല്ലാം കൈയ്യും കാലുംതന്നെ

വേണ്ടിയിരുന്നു. ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ, ഉരുക്കുകലപ്പ പരക്കെ ഉപയോഗിക്കുന്ന പ്രദേശങ്ങൾ പടിഞ്ഞാറൻ യൂറോപ്പും അമേരിക്കൻ ഐക്യനാടുകളും മാത്രമായിരുന്നു. കൃഷിയ്ക്കു പുത്തൻയന്ത്രങ്ങൾ ആദ്യമായി ഉപായാഗിച്ചതു് അമേരിക്കയാണല്ലോ. ആ അമേരിക്കയിൽ, 1900-ൽ ആകെ 20400 മില്യൺ ഡോളറിൻെറ കാഷികസ്വത്തുണ്ടായിരുന്നതിൽ യന്ത്രോപകരണങ്ങൾ 75000 ഡോളറിൻേറതു മാത്രമായിരുന്നു. ട്രാക്ടറുകൾ, കൊയ്ത്തുയന്ത്രങ്ങൾ, മോട്ടോർ ലോറികൾ എന്നിവ ഉപയോഗിച്ചുതുടങ്ങിയിരുന്നില്ല അന്നു്.

വ്യവസായമേഖലയിലെ സാങ്കേതികനിലവാരവും തൈവ. മാർക്സിൻെറ 'മൂലധനം' എന്ന ഗ്രന്ഥത്തിൽ വർണ്ണിച്ചിട്ടുള്ള തരത്തിൽപെട്ട വ്യവസായശാലകളായിരുന്നു സർവ്വത്ര—സ്റ്റീം ബോയ്‌ലറുകൾ, ട്രാൻസ്മിഷൻ ബെൽട്ടുകൾ എന്നിവ. അപൂർവ്വമായേ വിദ്യുച്ഛക്തി ഉപയോഗിച്ചിരുന്നുള്ളു. അന്നുൽപാദിപ്പിച്ച വൈദ്യുതിയിൽ ഭൂരിഭാഗം വെളിച്ചത്തിനുവേണ്ടിയാണ് ഉപയോഗിച്ചിരുന്നതു്. 1899-ൻെറ അവസാനത്തിൽ അമേരിക്കയിലെ വ്യവസായശാലകൾ ഉപയോഗിച്ച പലതരം ഊർജ്ജ (Enerjy) ങ്ങളുടെ കണക്കു് (കുതിരശക്തി നിരക്കിൽ) * താഴെ ചേക്കുന്നു:

| ആവി യന്ത്രങ്ങൾ | ഇൻേറണൽ കംബസ്റ്റ്യൂൺ യന്ത്രങ്ങൾ | ജല ശക്തി | വൈദ്യുത മോട്ടോറുകൾ | ആകെ ഉപയോഗിച്ച യാന്ത്രിക ശക്തി |
|---|---|---|---|---|
| 8.19 | 0.13 | 1.45 | 0.50 | 10.2 |

* **Technological trends and National Policy (Washington,** 1937, പേജ് 251) അധികവും അമേരിക്കൻ കണക്കുകളെടുക്കുന്നതു്, അവിടെ മാത്രമേ കൃത്യമായ കണക്കെടുപ്പു നടന്നിട്ടുള്ളു എന്നതുകൊണ്ടാണ്.

ഓരോ വ്യവസായത്തൊഴിലാളിയ്ക്കുംവേണ്ടി നിക്ഷേപിച്ച മൂലധനം 2000 ഡോളറിൽ കുറവായിരുന്നു; ഓരോ തൊഴിലാളിയ്ക്കും പങ്കിട്ടുകൊടുത്ത ഊർജ്ജം ആകെ 2.1 കുതിരശക്തിയും. (അമേരിയ്ക്കയിലെ കഥയാണിപ്പറഞ്ഞതു്. ഇതരരാജ്യങ്ങളിൽ ഇതിലും മോശമായിരുന്നു.) പത്തൊമ്പതാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉപയോഗിച്ചുകൊണ്ടിരുന്നവയേക്കാൾ മെച്ചപ്പെട്ടിരുന്നു യന്ത്രങ്ങൾ എന്നതു ശരിതന്നെ. എന്നാലും "വ്യവസായത്തിന്റെ ശാസ്ത്രീയമായ മാനേജ്മെന്റ് പ്രൊഡക്ഷൻ ലൈൻ സമ്പ്രദായങ്ങൾ എന്നിവ അന്നും ഏർപ്പെട്ടിരുന്നില്ല.

അമേരിക്കൻ വ്യവസായത്തിൽ, ഓരോ നൂറു തൊഴിലാളിയ്ക്കും ആറു വീതമേ നിരുൽപാദകോദ്യോഗസ്ഥ(**Non-productive workers**) ന്മാരായുണ്ടായിരുന്നുള്ളു. കുത്തകക്കമ്പനികൾക്കു് വ്യവസായങ്ങളിൽ നല്ല ആധിപത്യം സിദ്ധിച്ചിരുന്നെങ്കിലും, ഒട്ടനവധി വ്യവസായശാലകളുടെ കാര്യങ്ങൾ നോക്കിക്കൊണ്ടിരുന്നതു് വ്യക്തികളായ ഉടമസ്ഥന്മാർതന്നെയാണു്.

സ്ഥലഗതാഗതത്തിനുള്ള പ്രധാനോപായങ്ങൾ ആവിവണ്ടികളും കുതിരവണ്ടികളുമായിരുന്നു. അമേരിക്കൻ റെയിൽവേകൾ ഉപയോഗിച്ച ഊർജ്ജം വ്യവസായങ്ങൾ ഉപയോഗിച്ചതിന്റെ മൂന്നിരട്ടിയായിരുന്നു. മോട്ടോർ വാഹനങ്ങൾ ഉപയോഗിച്ച ഒരേ ഒരു രാജ്യം അമേരിക്കയായിരുന്നു—1900ൽ അവിടെ 8000 മോട്ടോർ വാഹനങ്ങളുണ്ടായിരുന്നു. മോട്ടോർ വാഹനമോടിയ്ക്കുമ്പോൾ ഒരാൾ ഒരു ചുവന്ന കൊടിയുമായി നടന്നുകൊള്ളണം (കാൽനടക്കാർക്കു മുന്നറിയിപ്പു നൽകാൻ) എന്നൊരു നിയമം 1906വരെ ഇംഗ്ലണ്ടിൽ നിലവിലുണ്ടായിരുന്നു. അന്നു കടലുകളിൽ സഞ്ചരിച്ചിരുന്ന കേവുവള്ളങ്ങളുടേയും പത്തേമാരികളുടേയും മററും എണ്ണവും ആവിക്കപ്പലുകളുടെ എണ്ണവും ഏതാണ്ടു് സമമായിരുന്നു. എന്നാൽ ആവിക്ക

പ്പലുകളുടെ കേവുഭാര (**Tonnage**)വും അവയിൽ കയററിയ ചരക്കുകളുടെ ഭാരവും താരതമ്യേന ചെറുതത്തായിരുന്നു.

ഇന്നത്തേക്കാൾ എത്രയോ അപരിഷ്കൃതമായിരുന്നു അന്നത്തെ യുദ്ധസാമഗ്രികൾ നെപ്പോളിയൻെറ കാലത്തുപയോഗിച്ച പടക്കോപ്പുകൾക്കാധാരഭൂതമായിരുന്ന തത്വങ്ങൾതന്നെയായിരുന്നു അന്നും അവയ്ക്കടിസ്ഥാനം—അതേ മട്ടിലുള്ള കാലാൾപ്പട, അതേമട്ടിലുള്ള റൈഫിളുകൾ (മാക്സിം തോക്കുകൾ കണ്ടുപിടിച്ചിരുന്നുവെങ്കിലും പരക്കെ ഉപയോഗിച്ചിരുന്നില്ല), അതേമട്ടിലുള്ള കുതിരപ്പട്ടാളം, അതേമട്ടിലുള്ള പീരങ്കികൾ. പുകയില്ലാത്ത വെടിമരുന്നു്, പടനിലത്തുപയോഗിക്കാവുന്ന ടെലഫോണുകൾ എന്നിവ അന്നത്തെ പുതുമകളായിരുന്നു. പട്ടാളക്കാരുടെ ഗതാഗതത്തിന്നു് മോട്ടോർ വാഹനങ്ങളോ വിമാനങ്ങളോ ഉണ്ടായിരുന്നില്ല ടാങ്കുകളുമുണ്ടായിരുന്നില്ല. ബ്രിട്ടനിലെ യുദ്ധകാര്യമന്ത്രി 1910–ൽപോലും ഇങ്ങനെ പറയുകയുണ്ടായി: "യുദ്ധാവശ്യത്തിന്നു വിമാനങ്ങൾ ഉപയോഗിക്കാൻ കഴിയുമെന്നു് ഞങ്ങൾ കരുതുന്നില്ല."

ജമ്മൻകാർ കാററിനേക്കാൾ കനംകുറഞ്ഞ ചിലതരം വിമാനങ്ങൾ—സെപ്പെലിൻ വിമാനങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിരുന്നെങ്കിലും, അവ ഫലപ്രദമായി ഉപയോഗിച്ചിരുന്നില്ല. നാവികസേനയ്ക്കു മാത്രമേ ഗണ്യമായ പരിഷ്ക്കാരങ്ങൾ കൈവന്നിരുന്നുള്ളു. എങ്കിലും മുങ്ങിക്കപ്പലുകൾ അന്നും ഉണ്ടായിരുന്നില്ല.

ഈ നൂററാണ്ടിൻെറ ആരംഭത്തിൽ ലോകത്തിലൊട്ടാകെ ഉണ്ടായ ഉൽപാദനം 1925ലുണ്ടായതിൻെറ പകുതിയും 1957ൽ നടന്നതിൻെറ ആറിലൊന്നും മാത്രമായിരുന്നു.

## മുതലാളിത്തലോകത്തിലെ വ്യാവസായികോല്പാദനസൂചിക (1901–1913-100)

| | 1860 | 1870 | 1880 | 1890 | 1900 |
|---|---|---|---|---|---|
| സൂചിക | 17 | 23 | 31 | 52 | 73 |
| ഓരോ ദശകത്തിലേയും വർദ്ധന(%) | — | 35 | 35 | 68 | 40 |

(ലോകവ്യാവസായികോൽപാദനത്തെ സംബന്ധിച്ച് വാഗൻഫ്യൂർ ഇൻഡസ്ട്രീനേയും ഐക്യരാഷ്ട്രസംഘടന പ്രസിദ്ധീകരിച്ച കണക്കുകളേയും ആസ്പദമാക്കി തയ്യാറാക്കിയതു്.)

വളരെ കൃത്യമല്ല ഈ കണക്കുകൾ. എങ്കിലും വ്യാവസായികവികാസത്തിൻെറ ഗതി മനസ്സിലാക്കാനിതു മതി. കാർഷികസമ്പദ്‌വ്യവസ്ഥയേയും മുതലാളിത്തരീതിയിലേയ്ക്കു് ആവഹിച്ചെടുത്തും കൈവേലകളെ അപ്പാടെ തകർത്തു് തൽസ്ഥാനത്തു് ഫാക്ടറികളെ അവരോധിച്ചുമാണു് വ്യവസായങ്ങളുടെ സത്വരവികാസത്തിൻെറ ഒരു ഭാഗം സാധിച്ചതു്. ബാക്കി ഭാഗം, അനേകം രാജ്യങ്ങളെ കോളണികളാക്കി മാററി ലോകമുതലാളിത്തവിപണിയെ വികസിപ്പിച്ചും.

1901–ൽ ലോകത്തിലെ ഉരുക്കുൽപാദനം 31 മില്ല്യൺ ടൺ ആയിരുന്നു; അതായതു്, ആളോഹരി 15 കിലോഗ്രാം. പ്രധാനപ്പെട്ട സാമ്രാജ്യരാഷ്ട്രങ്ങളിൽ ആളോഹരി ഉൽപാദനം 150 കിലോഗ്രാമായിരുന്ന ആ സമയത്തു് ഇന്ത്യ, ചൈന എന്നീങ്ങനെയുള്ള രാജ്യങ്ങളിൽ ഉരുക്കുൽപാദനം ഒട്ടുംതന്നെയുണ്ടായിരുന്നില്ല. അക്കാലത്തു് ആകെ കുഴിച്ചെടുത്ത കൽക്കരി ഇന്നത്തേതിൻെറ പകുതിയായിരുന്നു—769 മില്യൺ ടൺ എണ്ണ വളരെ കുറച്ചേ കുഴിച്ചെടുത്തിരുന്നുള്ളു—20 മില്യൺ ടൺ. അതായതു്, ഇന്നു സോവിയററ്‌യൂണിയനിൽ ആറാഴ്ചകൊണ്ടു കിട്ടുന്നത്ര എണ്ണയേ അന്നു ലോകത്തൊട്ടാകെ കിട്ടിയിരുന്നുള്ളു.

അന്നു വ്യവസായം മുഴുവൻ, ഇന്നത്തെ മുതലാളിത്തലോകത്തിൽ കാണുന്നതുപോലെ, പടിഞ്ഞാറൻ യൂറോപ്പിലും അമേരിക്കയിലും കേന്ദ്രീകൃതമായിരുന്നു—മൂലധനസാമഗ്രികളുടെ ഉൽപാദനം വിശേഷിച്ചും ആ രാജ്യങ്ങളിൽത്തന്നെ വ്യവസായത്തിന്നു് ഇന്നു കാണുന്നത്ര പ്രാധാന്യമുണ്ടായിരുന്നില്ല. 1900–ൽ അമേരിക്കയുടെ മൊത്തം ദേശീയസ്വത്തു് 88500 മില്യൺ ഡോളർ ആയിരുന്നു; ഇതിൽ 46325 മില്യൺ ഭൂമിയും കെട്ടിട

ങ്ങളുമായും 9000 മില്യൺ റെയിൽവേകളായും 6900 മില്യൺ സ്വകാര്യോപയോഗസാമഗ്രികളാ (വസ്ത്രം, വീട്ടുസാമാനങ്ങൾ മുതലായവ)യും കിടക്കുകയായിരുന്നു. പലവിധ വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങളുടെ വില 2500 മില്യൺ ഡോളർ മാത്രമായിരുന്നു.

ഉൽപാദനക്ഷമത ഇന്നത്തേക്കാൾ വളരെ താണതായിരുന്നു. (ഇതു സംബന്ധിച്ച വ്യക്തമായ കണക്കുകൾ കിട്ടാനില്ലാത്തതു കൊണ്ട് ഇന്നത്തേയും അന്നത്തേയും നിലവാരങ്ങൾ താരതമ്യപ്പെടുത്താൻ നിവൃത്തിയില്ല.) ഉൽപാദനക്ഷമത മോശമായിരുന്നെങ്കിലും പടിഞ്ഞാറൻ യൂറോപ്പിലെ കാർഷികവിളവ് സമൃദ്ധമായിരുന്നു. 1900–ൽ, ജർമ്മനിയിൽ ഒരു ഹെക്ടേർ നിലത്തു നിന്നു ശരാശരി കിട്ടിയ വിളവ് 18.7 സെൻറനർ ഗോതമ്പാണ് (ഏക്കറിന്നു 28 ബുഷൽ എന്നു കണക്കാക്കാം); ബെൽജിയം, ഹോളണ്ട്, ഡെന്മാർക്ക്, ബ്രിട്ടൻ എന്നീ രാജ്യങ്ങളിൽ ഇതിലുമധികം വിളവുണ്ടായിരുന്നു. എന്നാൽ അമേരിക്കയിലും തെക്കൻ യൂറോപ്പിലും ഹെക്ടേറിന്നു 10 സെൻറനർ (ഏക്രക്കു് 15 ബുഷൽ) വീതമേ കിട്ടിയിരുന്നുള്ളു.

അക്കാലത്തു് മൊത്തം കാർഷികോൽപാദനത്തിൻെറ ചെറിയൊരു ശതമാനമേ കമ്പോളത്തിൽ എത്തിയിരുന്നുള്ളു. അതു കൊണ്ട് കമ്പോളത്തിലെ കൊള്ളക്കൊടുക്കകൾ (turnover) താരതമ്യേന മോശമായിരുന്നു. കൃഷിക്കാർ അധികപങ്കം—വിശേഷിച്ച്, താരതമ്യേന വികാസംകുറഞ്ഞ രാജ്യങ്ങളിൽ—സ്വന്തം ഉപയോഗത്തിന്നുള്ള വസ്ത്രങ്ങളും പാദരക്ഷകളും റൊട്ടിയും മററും സ്വയമേവ നിർമ്മിക്കുകയായിരുന്നു പതിവ്.

വിദേശവ്യാപാരത്തിൻെറ പരിമാണവും ഇന്നത്തേക്കാൾ വളരെ കുറവായിരുന്നു. 1900–ൽ അമേരിക്കയുടെ മൊത്തം കയററുമതി 1371 മില്യൺ ഡോളറിൻേറതും മൊത്തം ഇറക്കുമതി 850 മില്യൺ ഡോളറിൻേറതും മാത്രമായിരുന്നു ഇന്നത്തെ

പ്രതിമാസശരാശരിയെക്കാം കുറവായിരുന്നു അന്നു് ഒരു കൊല്ലംകൊണ്ടു നടന്ന വിദേശവ്യാപാരത്തിൻെറ ആകത്തുക. അന്നത്തെ ഡോളറിൻെറ ക്രയശക്തി ഇന്നത്തേതിൻെറ മൂന്നോ നാലോ മടങ്ങായിരുന്നു എന്ന വസ്തുത ഇത്തരുണത്തിൽ ഓക്കണമെന്നു കൂടി പറഞ്ഞുകൊള്ളട്ടെ.

വ്യാവസായികാഭിവൃദ്ധി നേടിയ പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളാണു് അവികസിതരാജ്യങ്ങാംക്കാവശ്യമായ നിമ്മിതവസ്തുക്കാം സപ്ലൈ ചെയ്തിരുന്നതു്. അവികസിതരാജ്യങ്ങളിൽനിന്നു് അവർ അസംസ്കൃതപദാൎത്ഥങ്ങളും ഭക്ഷണവും വാങ്ങിക്കൊണ്ടു പോവുകയും ചെയ്തിരുന്നു. ഈ വ്യാപാരത്തിൽ ബ്രിട്ടനാണു് മുന്നിട്ടുനിന്നതു്. ബ്രിട്ടൻെറ വിദേശവ്യാപാരം അമേരിക്കയുടെതിൻെറ ഇരട്ടിയായിരുന്നു. മൂലധനം കയററി അയക്കുകയും കോളണികളെ വെട്ടിവിഴുങ്ങുകയും ചെയ്തുകൊണ്ടിരുന്ന ബ്രിട്ടൻെറ വ്യാപാരശിഷ്ടം അന്നു് എപ്പോഴും പ്രതികൂലമായിരുന്നു. ജർമ്മനിയിൽനിന്നും ജപ്പാനിൽനിന്നുമൊഴുകിയ നിമ്മിതവസ്തുപ്രവാഹം ബ്രിട്ടനെ കുറേശ്ശെ തള്ളിമാററിക്കൊണ്ടിരുന്നു. 1900–ൽ, ജമ്മനിയിലുല്പാദിപ്പിച്ചതിലുമധികം ഉരുക്കു് ബ്രിട്ടൻ ഉൽപാദിപ്പിക്കുകയുണ്ടായി. ജമ്മൻ ചരക്കുകളുടെ ഗുണം മോശമാണെന്നു പരസ്യപ്പെടുത്താൻവേണ്ടി ബ്രിട്ടൻ ഒരു വിദ്യ പ്രയോഗിച്ചു. അവരുടെ എല്ലാ ചരക്കുകളിന്മേലും ജമ്മനിയിൽ നിമ്മിച്ചതു് എന്നു് എഴുതണമെന്നു് ജമ്മൻ നിമ്മാതാക്കളെ നിർബ്ബന്ധിച്ചു.

അമേരിക്കയുടെ വിദേശവ്യാപാരത്തിന്നു് അന്നും കൊളോണിയൽ സ്വഭാവത്തിൻെറ ലാഞ്ഛനകളുണ്ടായിരുന്നു. യന്ത്രസാമഗ്രികാം ഗണ്യമായ തോതിൽ (1900ൽ 55 മില്യൺ ഡോളറിൻെറ) കയററി അയച്ചെങ്കിലും, അമേരിക്കയുടെ പ്രധാന കയററുമതിച്ചരക്കുകാം ഭക്ഷ്യങ്ങളും അസംസ്കൃതപദാൎത്ഥങ്ങളുമായിരുന്നു.

## 1900-ലെ അമേരിക്കൻ കയററുമതി (മില്യൺ ഡോളർ കണക്കിൽ)

| | | | |
|---|---|---|---|
| അസംസ്കൃതവസ്തുക്കൾ | 340 | അർദ്ധനിർമ്മിതവസ്തുക്കൾ | 152 |
| ഭക്ഷ്യവസ്തുക്കൾ | | നിർമ്മിതവസ്തുക്കൾ | 332 |
| അസംസ്കൃതം | 226 | | |
| നിർമ്മിതം | 320 | | |
| ആകെ | 886 | ആകെ | 484 |

അമേരിക്കയുടെ കയററുമതി ഇറക്കുമതിയേക്കാൾ പെരുത്തതായിരുന്നു. അമേരിക്കയിൽ നിക്ഷേപിച്ചിരുന്ന മൂലധനത്തിൻെറ ഡിവിഡണ്ടും പലിശയും കൊടുക്കുന്നതിനുവേണ്ടിയാണു് കയററുമതി മിക്കവാറും പോയതു്. അമേരിക്കൻ കയററുമതിയുടെ മുക്കാൽഭാഗം പടിഞ്ഞാറൻയൂറോപ്പിൽ ചെന്നുവീണു. സാറിസ്റ്റു്റഷ്യയുടെ വിദേശവ്യാപാരത്തിൻെറ ഘടന ഇതിലും കൊളോണിയലായിരുന്നു.

അക്കാലത്തു് ചരക്കുകളും മൂലധനവും തൊഴിലാളികളും ഒരു നാട്ടിൽനിന്നു മറെറാരു നാട്ടിലേക്കു നീങ്ങുന്നതിനെ നിയന്ത്രിക്കുന്ന ചട്ടമേതുമുണ്ടായിരുന്നില്ല. കയററുമതിക്കുമിറക്കുമതിക്കും ക്വോട്ടയും താരിപ്പുമൊന്നുമുണ്ടായിരുന്നില്ല. ചില ഇറക്കുമതിച്ചുങ്കങ്ങൾ ഈടാക്കാറുണ്ടായിരുന്നുവെങ്കിലും എല്ലാ നാട്ടുകളിലേയും മൂലധനത്തെ സംബന്ധിച്ചിടത്തോളം മത്സരത്തിനുള്ള ഉപാധികൾ ഏകരൂപമായിരുന്നു. അന്നു രാജ്യങ്ങൾ തമ്മിലുള്ള വാണിജ്യക്കരാറുകളുടെ കാലാവധി സാമാന്യേന പത്തു കൊല്ലമായിരുന്നു. ഓരോ കരാറിലും "ഏററവും അനുകൂലിക്കുന്ന രാഷ്ട്രം" (Most favoured nation) എന്ന കാര്യമംഗീകരിക്കുന്ന ഒരു വകുപ്പു ചേർക്കാറുണ്ടു്. ഒരു രാജ്യം മറെറാരു രാജ്യവുമായുണ്ടാക്കുന്ന ഒരു കരാറുപ്രകാരമുള്ള അവകാശങ്ങൾ കരാറിലെ ഒരു കക്ഷി മൂന്നാമതൊരു രാജ്യത്തിന്നു് നൽകിയാൽ, ആ രാജ്യവുമായി വാണിജ്യബന്ധങ്ങളുള്ള എല്ലാ രാജ്യങ്ങൾക്കും

ആ അവകാശങ്ങൾ ലഭിക്കും എന്നതാണ് ആ വകുപ്പിന്റെ സാരം. ഇതിൽനിന്നു കോളണികളെ ഒഴിച്ചുനിർത്തിയിരുന്നു. സ്വന്തം കോളണികളിലെ കമ്പോളങ്ങളിൽ മററാർക്കും പങ്കു നൽകാതിരിക്കാൻ 'മാതൃരാഷ്ട്രങ്ങൾ' പല വിദ്യകളും പ്രയോഗിക്കാറുണ്ട്. ഏതു വിധത്തിലായാലും തങ്ങളുടെ സൌകര്യങ്ങൾ ഭദ്രമാക്കിയിരുന്നു അവർ. 1900-ൽ ബ്രിട്ടന്റെ കയററുമതിയുടെ മൂന്നിലൊന്നും ഫ്റാൻസിന്റെ കയററുമതിയുടെ പകുതിയും കോളണികളിലേയ്ക്കാണൊഴുകിയതു്.

മിക്ക നാട്ടുകളിലും കറൻസി ഭദ്രമായിരുന്നു; ബേങ്കുനോട്ടുകൾക്കു് ബലമായ സ്വർണ്ണപ്പിന്തുണയുണ്ടായിരുന്നു. അന്താരാഷ്ട്രീയവാണിജ്യത്തിന്റെ മാധ്യമം സ്വർണ്ണമായിരുന്നു എന്നതിന്നു പുറമെ പല നാട്ടുകളിലും കടലാസ്സ്പണത്തോടൊപ്പം സ്വർണ്ണനാണയങ്ങളും പ്രചാരത്തിലുണ്ടായിരുന്നു. ഉദാഹരണത്തിന്നു്, അമേരിക്കയിൽ, 1900-ൽ ആകെയുണ്ടായിരുന്ന 1227 മില്യൻ ഡോളറിന്റെ കറൻസിയിൽ 611 മില്യൻ ഡോളർ സ്വർണ്ണനാണയമായിരുന്നു. ജർമ്മനിയിൽ കടലാസ്സുപണത്തിന്റെ ഇരട്ടി വിലയ്ക്കുള്ള സ്വർണ്ണനാണയങ്ങളുണ്ടായിരുന്നു യാതൊരു വിധത്തിലുള്ള കറൻസിനിയന്ത്രണവുമുണ്ടായിരുന്നില്ല ഏതൊരു നാട്ടിലേയും മുതലാളിക്കു് മാററതൊരു നാട്ടിലേയ്ക്കും ഇഷ്ടംപോലെ മൂലധനം മാററിക്കൊണ്ടു പോകാമായിരുന്നു. അതുപോലെത്തന്നെ, ആളുകൾക്കു് ഇഷ്ടംപോലെ സഞ്ചരിക്കുകയുമാകാമായിരുന്നു. റഷ്യയിലും ബാൾക്കൻ രാജ്യങ്ങളിലും മാത്രമേ 'ഐഡൻറിഫിക്കേഷൻ' രേഖകൾ വേണ്ടിയിരുന്നുള്ളു.

ഇന്നത്തെപ്പോലെ ചരക്കുവിലകളെ ഉയർന്ന നിലവാരത്തിൽ സ്ഥിരപ്പെടുത്തിനിർത്താൻ കുത്തകകൾക്കു് ഊക്കു കൈവന്നിരുന്നില്ല. 'ഡാസ് ഫിനാൻത്സ് കാപ്പിററൽ' എന്ന ഗ്രന്ഥത്തിൽ ഹിൽഫെർഡിങ്ങ്, ബിസ്സെമർ ഇരുമ്പിന്നു് പിററ്സ്ബർഗ്ഗിലുണ്ടായിരുന്ന വില രേഖപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| 1887-ൽ | ഒരു ടണ്ണിന്നു് | 21.4 | ഡോളർ. |
| 1897-ൽ | ,, | 10.1 | ,, |
| 1902-ൽ | ,, | 20.7 | ,, |
| 1904-ൽ | ,, | 13.8 | ,, |

എന്നാൽ, ലെനിൻ 'സാമ്രാജ്യത്വം, മുതലാളിത്തത്തിന്റെ ഏറ്റവുമുയൎന്ന ഘട്ടം' എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കിയതു പോലെ, ജീൎണ്ണതയും ഇത്തിക്കണ്ണിസ്വഭാവവും അപ്പോഴേയ്ക്കും തന്നെ കടന്നുപററിക്കഴിഞ്ഞിരുന്നു. ഫ്റാൻസിലും ബ്രിട്ടനിലും വിശേഷിച്ചു് അതു പ്രകടമായിരുന്നു താനും. ബ്രിട്ടനിൽ, 1900-1901ൽ, 594000000 പവനെ ആദായനികുതിയ്ക്കു് വിധേയമാക്കുകയുണ്ടായി; ഇതിൽ 60000000 പവൻ വിദേശത്തു് നടത്തിയ മൂലധനനിക്ഷേപത്തിൽനിന്നുള്ള ആദായമായിരുന്നു. ഫ്രാൻസിൽ, 1901-ൽ, ബജററ് റവന്യൂവിന്റെ മൂന്നിലൊന്നിലധികം നീക്കിവെച്ചതു് ദേശീയകടത്തിന്റെ പലിശ കൊടുക്കാനാണു്.

മുതലാളിത്തരാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥയിൽ ഭരണകൂടത്തിന്നു് ഇന്നത്തേക്കാൾ എത്രയോ കുറച്ചേ പങ്കുണ്ടായിരുന്നുള്ളു. പടക്കോപ്പുനിൎമ്മാണശാലകളൊഴികെ ഉല്പാദനത്തോടു ബന്ധപ്പെട്ട മറെറാരു സ്വത്തും സ്റ്റേററിന്റെ കൈവശമുണ്ടായിരുന്നില്ല ചില രാജ്യങ്ങളിൽ കാടുകളും റെയിൽവേകളും സ്റ്റേററ വകയായിരുന്നു. നികുതികൾ വസൂലാക്കുക, കടലാസ്സുപണം അച്ചടിച്ചിറക്കുക—ഇതുവിട്ടു മറെറാരു വിധത്തിലും സ്റ്റേററ് സമ്പദ്കാൎയ്യങ്ങളിൽ ഇടപെടാറില്ല. ഉൽപാദനത്തെയോ വിലകളെയോ ക്രമീകരിയ്ക്കാൻ യാതൊന്നും ചെയ്തില്ല. ചൂഷകൎക്കനുകൂലമായ രീതിയിൽ "ക്രമസമാധാനങ്ങൾ" പാലിയ്ക്കുക എന്നതു മാത്രമാണു് സ്റ്റേററ് ആകപ്പാടെ ചെയ്തതു്. അന്നു സ്റ്റേററ് ഇന്നത്തെ അത്ര നികുതികൾ പിരിയ്ക്കാറുണ്ടായിരുന്നില്ല. 1900-ൽ വിവിധ സ്റ്റേററുകൾക്കു ലഭിച്ച വരുമാനത്തിന്റെ കണക്കുകൾ നോക്കുക:

| | | | |
|---|---|---|---|
| അമേരിക്ക | — | 600 മില്യൺ ഡോളർ. | |
| ജർമ്മനി | — | 550 | ,, |
| ബ്രിട്ടൻ | — | 700 | ,, |
| ഫ്റാൻസ് | — | 760 | ,, |

അന്നു കറൻസികളുടെ ക്രയശക്തി ഇന്നത്തേതിൻെറ മൂന്നു മടങ്ങായിരുന്നു എന്നും ദേശീയവരുമാനം ഇന്നത്തേക്കാൾ വളരെ കുറവായിരുന്നു എന്നും ഓക്കണം

പത്തൊമ്പതാം നൂററാണ്ടിലെ കാഷികക്കുഴപ്പത്തിൽനിന്നു പുറത്തുവന്ന മുതലാളിത്തം ആകപ്പാടെ ഭദ്രവും വിശ്വസനീയവുമാണ് എന്നാണ് അക്കാലത്തു് ജീവിച്ചവക്കു തോന്നിയതു്.

സാമ്രാജ്യക്കോയ്മകളുടെ നയത്തെ നിർണ്ണയിച്ച പ്രധാന വർഗ്ഗം അന്നു കുത്തകബൂർഷ്വാസി ആയിരുന്നു. ഫ്യൂഡലിസത്തിൻെറ അവശിഷ്ടങ്ങൾക്ക് അന്നും പ്രാബല്യമുണ്ടായിരുന്നു. ഫ്രാൻസ്, അമേരിക്ക എന്നിങ്ങനെ ഏതാനും രാജ്യങ്ങളൊഴികെ മറെറല്ലായിടത്തും രാഷ്ട്രനായകന്മാർ രാജാക്കന്മാരോ ചക്രവത്തികളോ ആയിരുന്നു; പലേടത്തും അവർ കേവലം അലങ്കാരവസ്തുക്കളല്ലായിരുന്നു താനും. ജർമ്മനിയിലും ആസ്ത്രിയാ–ഹംഗറിയിലും റഷ്യയിലും ചക്രവർത്തിമാർ പ്രതാപികളായിരുന്നു. പ്രധാനമന്ത്രിമാരേയും മന്ത്രിമാരേയും പിരിച്ചയയ്ക്കാനും പാർല്യമെണ്ടിൻെറ ഇച്ഛയെ ധിക്കരിച്ചു നിയമങ്ങൾ പാസ്സാക്കാനും പാർല്യമെണ്ടുകളെ പിരിച്ചുവിടാൻതന്നെയും അധികാരമുണ്ടായിരുന്നു അവക്ക്. നിതൃനിദാനഭരണം, സൈന്യം, നയതന്ത്രവകുപ്പ് എന്നിവയെല്ലാം അഭിജാതന്മാരുടെ അധീനത്തിലായിരുന്നു. ഉപനിവേശകാര്യങ്ങൾക്കുള്ള മന്ത്രിയായി ഡേൺബർഗ്ഗ് എന്നൊരു മുതലാളിയെ (അയാൾക്ക കുലമഹിമ ഒട്ടുമുണ്ടായിരുന്നില്ല) ജർമ്മൻചക്രവത്തീ ഹൽഹേം രണ്ടാമൻ നിയമിച്ചപ്പോൾ 1906ൽ അതെച്ചൊല്ലി നല്ലൊരു കോലാഹലമുണ്ടായി. ബ്രിട്ടനിലും ഫ്റാൻസിലും അമേരിക്കയിലും പാർല്യമെണ്ടുകൾക്ക്

നിയമനിൎമ്മാണാധികാരമുണ്ടായിരുന്നു. ജൎമ്മനിയിലും ആസ്ത്രിയാ—ഹംഗറിയിലും അതുണ്ടായിരുന്നില്ല. റഷ്യയിലെ കഥ പറയാനില്ല. പാർലിമെണ്ടംഗങ്ങൾ വലിയ ഭൂപ്രഭുക്കന്മാരും, ബൂഷ്വാസിയുടെ പ്രതിനിധികളും നിയമകോവിദന്മാരുമായിരുന്നു. ചിലപ്പോൾ അങ്ങിങ്ങ് വ്യവസായത്തൊഴിലാളികളുടെ പ്രതിനിധികളേയും കണ്ടെന്നുവരാം. *

വളരെ കുറച്ചു പേൎക്കേ വോട്ടുണ്ടായിരുന്നുള്ളു. ഒരൊററ നാട്ടിലും സ്ത്രീകൾക്ക് വോട്ടവകാശമുണ്ടായിരുന്നില്ല. പല രാജ്യങ്ങളിലും പുരുഷന്മാരുടെ വോട്ടവകാശത്തെത്തന്നെ അനേകം വിധത്തിൽ ചുരുക്കി നിൎത്തിയിരുന്നു—വയസ്സ് തികയണം (21–24 വയസ്സാവണം), രാജ്യവാസിയായിരിയ്ക്കണം (ഇത്ര കൊല്ലം ആ നാട്ടിൽ വസിച്ചിരിയ്ക്കണം), സ്വത്തുണ്ടായിരിയ്ക്കണം, അക്ഷരാഭ്യാസമുണ്ടായിരിയ്ക്കണം ഇങ്ങനെ പലതായിരുന്നു വ്യവസ്ഥകൾ. ബൂഷ്വാ ഡെമോക്രസിയുടെ "ഈററില്ല"മായ ബ്രിട്ടനിൽ 1900ൽ 6000000 പേൎക്കാണ വോട്ടുണ്ടായിരുന്നതു് പാർല്യമെണ്ടിനു വളരെ കുറച്ചുമാത്രം സ്വാധീനശക്തിയുണ്ടായിരുന്ന ജൎമ്മനിയിലായിരുന്നു ഏററവും വിപുലമായ വോട്ടവകാശം. 1903ലെ തിരഞ്ഞെടുപ്പിൽ 12500000 പേൎക്ക് വോട്ടവകാശമുണ്ടായിരുന്നെങ്കിലും 9500000 വോട്ടർമാരേ ആ അവകാശത്തെ പ്രയോഗിച്ചുള്ളു. 1909ൽ ഫ്രാൻസിൽ 11500000

---

* 1900ൽ ജൎമ്മൻ റീഷ്സ്റ്റാഗിലുണ്ടായിരുന്ന ഡെപ്യൂട്ടികളുടെ തരംതിരിച്ച കണക്കു നോക്കുക. 115 ജന്മികൾ, 21 ഫാക്ടറിഉടമകൾ, 22 മതാദ്ധ്യക്ഷന്മാർ. ബ്രിട്ടീഷ് പാർല്യമെണ്ടിലും ജന്മികൾക്കും മുതലാളിമാൎക്കുമായിരുന്നു മുൻതൂക്കം. സാറിസ്റ്റ് റഷ്യയിലെ നാലാം സ്റ്റേററ് ഡ്യൂമയിൽ ആകെയുണ്ടായിരുന്ന 439 ഡെപ്യൂട്ടികളിൽ 354 പേർ ജന്മിവൎഗ്ഗത്തിൻേറയും മുതലാളിവൎഗ്ഗത്തിൻേറയും കച്ചവടക്കാരുടേയും പ്രതിനിധികളായിരുന്നു.

പേർക്ക് വോട്ടുണ്ടായിരുന്നു. 1900ൽ ഇററലിയിൽ, 2600000 പേർക്കു് (കേവലം ഏഴു ശതമാനം ജനങ്ങൾക്കു്) വോട്ടുണ്ടായിരുന്നു. ജപ്പാനിൽ രണ്ടു ശതമാനം ജനങ്ങൾക്കേ വോട്ടുണ്ടായിരുന്നുള്ളു. അമേരിക്കയിൽ, ഇന്നത്തെപ്പോലെതന്നെ അന്നും, നീഗ്രോകൾക്കു വോട്ടവകാശമുണ്ടു് എന്നായിരുന്നു വെപ്പു്; പക്ഷേ തിരഞ്ഞെടുപ്പിൽ പങ്കെടുക്കണമെങ്കിൽ പല ദുർഘടങ്ങളും തരണം ചെയ്യേണ്ടിയിരുന്നു.

**ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തോടെ ലോകത്തെ മുഴുവൻ വിവിധ സാമ്രാജ്യത്വരാഷ്ട്രങ്ങൾ പങ്കിട്ടെടുത്തുകഴിഞ്ഞിരുന്നു.** അങ്ങനെ പങ്കിട്ടെടുത്ത പ്രദേശങ്ങളിൽ നിവസിച്ചിരുന്ന ജനങ്ങളുടെ സാമ്പത്തികബന്ധങ്ങൾ, ദേശീയവൈജാത്യങ്ങൾ, ചരിത്രപാരമ്പര്യം, സാംസ്കാരികസവിശേഷതകൾ എന്നിവയൊന്നും നോക്കാതെയാണു് അവർ ആ വിഭജനം നടത്തിയതു്. ആഫ്രിക്കയിലേയ്ക്കൊന്നു കണ്ണോടിച്ചാൽ ഇതു ബോദ്ധ്യമാകും. കൊളോണിയലിസ്റ്റുകൾ ആഫ്രിക്കൻജനങ്ങളുടെ ഭരണകൂടങ്ങളേയും സംസ്കാരങ്ങളേയും തകർക്കുകയും, എന്നിട്ടു് ആഫ്രിക്കക്കാർ കാട്ടാളപ്രായന്മാരാണെന്നു പ്രഖ്യാപിക്കുകയും ചെയ്തുകളഞ്ഞു. ആഫ്രിക്കൻ ജനങ്ങൾക്കു് സ്വന്തമായ സംസ്കാരങ്ങളുണ്ടായിരുന്നു എന്നു് പുരാവസ്തുഗവേഷകർ കണ്ടുപിടിച്ചിരിക്കുന്നു. ഇന്ത്യയിലേയും ചൈനയിലേയും പരിഷ്കാരങ്ങൾ കൊളോണിയലിസ്റ്റുകളുടേതിനേക്കാൾ എത്രയോ പഴക്കമേറിയവയാണു്.

കോളണികളിലെ ജനകോടികളുടെ ചോരയും നീരും ഊററിക്കുടിച്ചാണു് പടിഞ്ഞാറൻ യൂറോപ്പിലെ സമ്പദ്‌വ്യവസ്ഥ കൊഴുത്തതു്. സ്വന്തം നാടുകളിൽ മൂലധനം നിക്ഷേപിച്ചാൽ കിട്ടുന്നതിൻെറ രണ്ടോ മൂന്നോ മടങ്ങു് ആദായം കിട്ടാറുണ്ടായിരുന്നു കോളണികളിൽ നിക്ഷേപിച്ച മൂലധനത്തിൽനിന്നു്.

യൂറോപ്യന്മാർക്കു ചെന്നു താമസിക്കാൻ പററിയ കാലാവസ്ഥയുണ്ടായിരുന്ന പ്രദേശങ്ങളിൽ—വടക്കേ അമേരിക്ക, ആ

KOTTAYAM PUBLIC LIBRARY KOTTAYAM
20860
83747

സ്ട്രേലിയ, ഉത്തരാഫ്റിക്ക, പൂർവ്വാഫ്റിക്ക, ദക്ഷിണാഫ്റിക്ക എന്നിവിടങ്ങളിൽ— അവർ ആയുധങ്ങളും മദ്യവും പ്രയോഗിച്ച് നാട്ടുകാരെ നശിപ്പിയ്ക്കുകയും സ്വന്തം കോളണികഠം സ്ഥാപിയ്ക്കുകയും ഏററവും ഫലപുഷ്ടിയുള്ള ഭൂമി കൈവശപ്പെടുത്തുകയും ചെയ്തു. ചാവാതെ രക്ഷപ്പെട്ട നാട്ടുകാരെ "റിസർവ്വ് പ്രദേശ" ങ്ങളിലേക്കു ആട്ടിയകററുകയാണന്നു ചെയ്തതു്. കോളണിക്കാരുടെ ഖനികളിലും തോട്ടങ്ങളിലും എല്ലുമുറിയെ പണിയെടുത്തെങ്കിലേ ആ പാവപ്പെട്ടവക്കു നിത്യവൃത്തി കഴിയ്ക്കാൻ പററൂ എന്നായി. അടിമത്തത്തെ ഔപചാരികമായി നിരോധിച്ചിരുന്നെങ്കിലും, വാസ്തവത്തിൽ ആഫ്റിക്കയിലും ഏഷ്യയിലും അമേരിക്കയിലെ തെക്കൻ സ്റ്റേററുകളിലും അതു പല രൂപത്തിലും പ്രചരിച്ചിരുന്നു. നാട്ടുകാക്കിടയിൽ കടന്നുപററി ക്രൈസ്തവാദശ്ങ്ങഠം ഊജ്ജസ്വലമായി പ്രചരിപ്പിച്ചുകൊണ്ടിരുന്ന ഒരു പററം പാതിരികഠം, എല്ലാ കഷ്ടപ്പാടുകളേയും നിശ്ശബ്ദമായി സഹിയ്ക്കുന്നതാണ മോക്ഷമാഗ്ഗം എന്നു് അവരെ ഉപദേശിച്ചു. ആഫ്റിക്കയിൽ ഈ പാതിരിമാർ നടത്തിയ പ്രവത്തനങ്ങളെ ഒരു ആഫ്റിക്കൻ കൃഷിക്കാരൻ സഹജമായ ഫലിതത്തോടെ ഇപ്രകാരം വണ്ണിയ്ക്കുകയുണ്ടായി: "അവർ ഞങ്ങളുടെ അടുത്തു വന്ന കാലത്തു് ആ പാതിരികളുടെ പക്കൽ പത്തുകൽപനകളും ഞങ്ങളുടെ പക്കൽ ഭൂമിയുമുണ്ടായിരുന്നു; ഇപ്പോഴാവട്ടെ, ഭൂമി അവരുടെ കൈവശമായിരിയ്ക്കുന്നു, ഞങ്ങളുടെ കൈയിൽ പത്തു കൽപനകഠം മാത്രമേ ഉള്ളു." അന്യനാട്ടുകാരെ അടിച്ചമത്തുന്നതിനുവേണ്ടി കൊളോണിയലിസ്റ്റുകഠം ഓരോ നാട്ടിൽനിന്നും ആളുകളെ ശേഖരിച്ച് പട്ടാളങ്ങഠം രൂപീകരിയ്ക്കാറുണ്ടു്.

ദീർഘകാലത്തെ ചരിത്രവികാസത്തിൻെറ ഫലമായി രൂപംകൊണ്ട ഒരു ഭൂവിഭജനമാണ് ഇരുപതാംനൂററാണ്ടിൻെറ ആരംഭത്തിലുണ്ടായിരുന്നതു്. അന്നു മാതൃരാജ്യങ്ങഠംക്കുണ്ടായിരുന്ന ബലാബലങ്ങളും ആ വിഭജനവും തമ്മിൽ യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. കോളണിപ്രദേശങ്ങളുടെ പകുതിയോളം

ബ്രിട്ടന്റെ അധീനത്തിലായിരുന്നു. ഫ്റാൻസിന്റെ കീഴിലു ണ്ടായിരുന്നു വലിയൊരു സാമ്രാജ്യം. ഒരു കൊച്ചുരാജ്യമായ ഹോളണ്ടുപോലും വിശാലമായൊരു സാമ്രാജ്യത്തിന്നുടമയായിരുന്നു. അന്നു സാമ്പത്തികരംഗത്തു് ബ്രിട്ടനെ പിന്നോട്ടു തള്ളിക്കൊണ്ടിരുന്ന ജമ്മൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങാംക്കു് ഒരു പൊട്ടു കോളണിപോലുമുണ്ടായിരുന്നില്ലതാനും.

1898ൽ അമേരിക്ക തുടങ്ങിയ സ്പാനിഷ്-അമേരിക്കൻ യുദ്ധമാണു് ലോകത്തിന്റെ പുനവ്വിഭജനത്തിനുവേണ്ടി നടന്ന ആദ്യത്തെ സാമ്രാജ്യത്വയുദ്ധം. ആ യുദ്ധംകൊണ്ടു് സ്പേനിന്റെ കോളണികളായിരുന്ന പോട്ടോറിക്കോ, ഫിലിപ്പൈൻസ്, ഹാവായൻ ദ്വീപുകാം, ഗ്വാംദ്വീപ്, കിഴക്കൻ സമോവാ എന്നീ പ്രദേശങ്ങാം അമേരിക്ക കൈവശപ്പെടുത്തി. ക്യൂബയുടെ സ്വാതന്ത്ര്യത്തിന്നു് ഔദ്യോഗികാംഗീകാരം നൽകിയെങ്കിലും, ആ രാജ്യം ഫലത്തിൽ അമേരിയ്ക്കയുടെ ഒരു ആശ്രിതരാജ്യമായിത്തീന്നു.

അമേരിക്കയെപ്പോലെ ജമ്മനിയും, ഒരു സാമ്രാജ്യം കൈക്കലാക്കാൻ കിണഞ്ഞു പരിശ്രമിച്ചു. അസംസ്കൃതപദാർത്ഥങ്ങാംക്കുവേണ്ടി അന്യരെ ആശ്രയിക്കാതിരിക്കാനും ജമ്മൻ ചരക്കുകാംക്കു കമ്പോളമുണ്ടാക്കാനും സ്വന്തമായി കോളണികളുണ്ടാക്കേണ്ടതത്യാവശ്യമാണെന്നു 1902ൽ നടത്തിയ കൊളോണിയൽ കോൺഗ്രസ്സിൽവെച്ചു് ജമ്മനിയിലെ സാമ്രാജ്യവാദികളായ ബൂഷ്വാസി തുറന്നു പ്രഖ്യാപിയ്ക്കുകയുണ്ടായി. "വെള്ളക്കാരല്ലാത്തവക്കു സംസ്കാരമുണ്ടാക്കിക്കൊടുക്കുക എന്ന മഹത്തായ കത്തവ്യം നിവ്വഹിയ്ക്കാനാണു്" തങ്ങാം പരിശ്രമിയ്ക്കുന്നതു് എന്ന മററ സാമ്രാജ്യവാദികളുടെ പൊങ്ങച്ചമൊന്നും ജമ്മൻ സാമ്രാജ്യവാദികാം പ്രകടിപ്പിച്ചില്ലെന്നതു് അല്പം ആശ്വാസകരംതന്നെ. അവർ ഉള്ളതു് ഉറക്കെയങ്ങു പറഞ്ഞു.

പക്ഷേ ജമ്മൻ സാമ്രാജ്യവാദികളുടെ സ്വപ്നം സാക്ഷാൽകൃതമാവുക, ബ്രിട്ടൻ സപ്തസാഗരങ്ങളുടേയും റാണിയായിരുന്ന അ

ന്നു്, അസാദ്ധ്യമായിരുന്നു. ബ്രിട്ടനും ഫ്രാൻസും അഗണ്യകോടിയിൽ തള്ളിയ കുറെ ഊഷരഭൂമികളുണ്ടായിരുന്നു ആഫ്റിക്കയിൽ; അതേ കിട്ടിയുള്ള ജർമ്മനിക്കു്.

മുതലാളിത്തത്തിൻെറ രാഷ്ട്രീയവും സാമ്പത്തികവുമായ വികാസം തീരെ ക്രമരഹിതമായിരുന്നു. ആ സ്ഥിതിക്കു് ഒരു ആഗോളയുദ്ധം അനിവാര്യമായിത്തീൎന്നു. യുദ്ധസന്നാഹം അപ്പോഴാതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. ജർമ്മനിയും ഫ്രാൻസും പട്ടക്കുററൻപട്ടാളങ്ങളെ സജ്ജീകരിച്ചിരുന്നു—ജർമ്മൻ പട്ടാളത്തിൽ 604000 പേരും ഫ്റഞ്ചുപട്ടാളത്തിൽ 570000 പേരുമുണ്ടായിരുന്നു. സൈന്യസേവനം ദിവ്യമായൊരു കാര്യമാണെന്നു ജനങ്ങാക്കിടയിൽ പ്രചരിപ്പിയ്ക്കുകയും ആ പ്രചാരവേലയെ ഫലപ്രദമാക്കുന്നതിനുവേണ്ടി സൈനികോദ്യോഗസ്ഥന്മാക്കു് ബഹുവിധ ബഹുമതികാം നൽകുകയും ചെയ്തുകൊണ്ടിരുന്നു. ജർമ്മനിയിലും ആസ്ത്രീയാ-ഹംഗറിയിലും, ഒരു ലഫ്ടനൻറിൻെറ പദവിയെങ്കിലുമില്ലാതിരുന്ന ഏതൊരാാക്കും സമുദായം ഏതാണ്ടൊരു ഭ്രഷ്ടു് കല്പിച്ചു. ബ്രിട്ടനിൽ നാവികസേനയ്ക്കു ചുററും ഒരു ദിവ്യപരിവേഷം കല്പിച്ചിരുന്നു. കടലിൽ ബ്രിട്ടൻെറ ആധിപത്യം പരമഭദ്രമായിരുന്നു; അതിനെ ചോദ്യം ചെയ്യാൻ അന്നു് ഒരൊററ ശക്തിയും ജനിച്ചിരുന്നില്ല. ആ നാവികശക്തിയുടെ ബലത്തിന്മേൽ ബ്രിട്ടൻ "മനോഹരമായ ഏകാന്തത" എന്നൊരു നയം അംഗീകരിച്ചു—അതായതു്, ഒരൊററ ഔദ്യോഗികസഖ്യത്തിലും ചേരാതെ ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളുടേയും ആഭ്യന്തരകാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു ബ്രിട്ടൻ.

അക്കാലത്തു്, അന്യരാജ്യങ്ങാ വെട്ടിപ്പിടിയ്ക്കാൻവേണ്ടി നടത്തിയിരുന്ന യുദ്ധങ്ങളെ പരസ്യമായിത്തന്നെ പ്രശംസിക്കുക സാധാരണമായിരുന്നു. ഇന്നു സങ്കല്പിയ്ക്കാൻപോലും കഴിയാത്ത ഒരു കാര്യമാണതു്. യുദ്ധസജ്ജീകരണത്തിന്നുവേണ്ടി ചെലവഴിച്ച പണം, ഇന്നു ചെലവാക്കുന്ന പണവുമായി താരതമ്യപ്പെ

ട്ടത്തിയാൽ ചെറുതാണെങ്കിലും, അന്നത്തെ സ്ഥിതിയ്ക്കു ഭീമമായിരുന്നു. 1900ൽ അമേരിക്ക 209000000 ഡോളറും ജർമ്മനി 620000000 മാർക്കും ചെലവാക്കുകയുണ്ടായി. അന്നു പടക്കോപ്പുകൾക്കു ഇന്നത്തെ അത്ര വിലയുണ്ടായിരുന്നില്ല; പട്ടാളക്കാർക്കു തീരെ തുച്ഛമായ ശമ്പളമേ കൊടുക്കാറുണ്ടായിരുന്നുള്ളുതാനും. ഈ നൂററാണ്ടിൻെറ ആരംഭം കുറിച്ചതു് ചൈനയുടെമേൽ ബ്രിട്ടൻ, ഫ്റാൻസ്, ജർമ്മനി, സാറിസ്റ്റ്റഷ്യ എന്നീ സാമ്രാജ്യക്കോയ്മകൾ നടത്തിയ ആക്രമണവും അമേരിക്കയും സ്പെയിനും തമ്മിൽ നടന്ന യുദ്ധവും ദക്ഷിണാഫ്റിക്കയിൽ നടന്ന ബോവർയുദ്ധവുമാണ്.

ധനികരും ദരിദ്രരും തമ്മിലുള്ള അകലം വല്ലാത്തതായിരുന്നു അന്നു്. 1900ൽ, അന്നത്തെ ഏററവും വലിയ സമ്പന്നരാജ്യമായിരുന്ന ബ്രിട്ടനിൽ, 6361 മില്യൺ പവനുടയവരായിരുന്ന 158000 ധനികകുടുംബങ്ങളും കേവലം 680 മില്യൺ പവൻെറ സ്വത്തുമാത്രം കൈവശമുണ്ടായിരുന്ന 6000000 ദരിദ്രകുടുംബങ്ങളുമുണ്ടായിരുന്നു. അത്തേകൊല്ലം 1000000 പേർ (ആകെ ജനസംഖ്യ 41000000) 'ദീപാളി കുളിച്ചു്' പാപ്പരായി രജിസ്റ്റർ ചെയ്യുകയുണ്ടായി. 1900ൽ അമേരിക്കയിൽ, 29000000 തൊഴിലാളികളിൽ 4900000 പേർ പത്തിനും പതിനഞ്ചിനുമിടയ്ക്കു വയസ്സായ കുട്ടികളായിരുന്നു. (സാറിസ്റ്റ് റഷ്യയിലെ ദാരിദ്ര്യം ഇതിലും ഭയങ്കരമായിരുന്നു) സാമ്രാജ്യത്വരാഷ്ട്രങ്ങളിൽ, വിശേഷിച്ചു് ബ്രിട്ടനിൽ, തൊഴിലാളിവർഗ്ഗത്തിൽ ഗണ്യമായൊരു വിഭാഗം ആഭിജാത്യം നടിയ്ക്കാൻ തുടങ്ങിയിരുന്നു. കോളണികളിൽനിന്നു തട്ടിക്കൊണ്ടുപോയ പണത്തിൻെറ ഒരു പങ്കു നൽകിയിട്ടാണ് ബൂർഷ്വാസി അങ്ങനെയൊരു വിഭാഗത്തെ സൃഷ്ടിച്ചതു്. അമേരിക്കക്കു കോളണിയൊന്നുമുണ്ടായിരുന്നില്ലെങ്കിലും അവിടേയും അങ്ങനെയൊരു വിഭാഗം ആവിർഭവിച്ചു കോളണികളിൽനിന്നു് അന്യർ സമ്പാദിച്ച അത്രതന്നെ പെരുത്ത ലാഭം ഊററിയെടുക്കാൻ സ്വന്തം നാട്ടിൽതന്നെ

ന്യൂഷ്പാസിക്ക സാഹചര്യങ്ങഠം ലഭിച്ചതുകൊണ്ടാണതുണ്ടായതു്. ഫലപുഷ്ടമായ ഭൂമി ധാരാളം, സമ്പന്നമായ ധാതുവിഭവങ്ങഠം, നിസ്സാരമായ കൂലിക്ക പണിയെടുക്കാൻ സന്നദ്ധരായി മറുനാട്ടുകളിൽനിന്നു വന്നുചേർന്ന തൊഴിലാളികഠം—ഇതെല്ലാമാണു് അമേരിക്കൻ മുതലാളിമാക്ക കിട്ടിയ അനുകൂലസാഹചര്യങ്ങഠം.

തൊഴിലാളിപ്രസ്ഥാനത്തിൽ പരിഷ്കരണവാദ(**Reformism**)വും അവസരവാദവും വളൎന്നതു് തൊഴിലാളിവൎഗ്ഗത്തിൽ ഇങ്ങനെയൊരു വിഭാഗം ആവിർഭവിച്ചതുകൊണ്ടാണു്.

അപ്പോഴേയ്ക്കും സാമ്രാജ്യത്വരാജ്യങ്ങളിലെ ജനങ്ങളിൽ ഐമ്പതു ശതമാനം തനി തൊഴിലാളികഠം (**Proletariate**) ആയിക്കഴിഞ്ഞിരുന്നു. ജൎമ്മനിയിൽ (1907-ൽ) കൂലിയ്ക്കു പണിയെടുത്തിരുന്ന 26200000 പേരിൽ 14300000 പേർ ഫാക്ടറിത്തൊഴിലാളികളായിരുന്നു.

ഫ്റാൻസിൽ (1906), വേതനംപററി പണിയെടുത്തിരുന്ന 20700000 പേരിൽ 10200000 പേർ ഫാക്ടറികളിലും ഓഫീസുകളിലും പണിയെടുക്കുന്നവരും ഡോക്ടർമാർ, എഞ്ചിനീയർമാർ തുടങ്ങിയ തൊഴിൽക്കാരുമായിരുന്നു.

തൊഴിലാളികളുടെ സേവനവ്യവസ്ഥകഠം തീരെ മോശമായിരുന്നു. ജോലിസമയം ദിവസേന എട്ടു മണിക്കൂറാക്കിക്കിട്ടാൻവേണ്ടി തൊഴിലാളിവൎഗ്ഗം സമരം ചെയ്തുകൊണ്ടിരുന്നെങ്കിലും മുതലാളിത്തരാജ്യങ്ങളിൽ തൊഴിലാളികഠംക്ക ആഴ്ചയിൽ അറുപതും അതിലധികവും മണിക്കൂർ പണിയെടുക്കേണ്ടിയിരുന്നു. ഇരുമ്പു്-ഉരുക്കുവ്യവസായത്തിൽ തൊഴിലാളികഠം 12മണിക്കൂറാണു് പണിയെടുത്തതു്. 1897ൽ റഷ്യയിൽ, ജോലിസമയം ഒരു ദിവസം പതിനൊന്നര മണിക്കൂറിൽ കൂടരുതു് എന്നൊരു നിയമം പാസ്സാക്കുകയുണ്ടായി. പക്ഷേ, ബ്രിട്ടനിലെ മുതലാളിമാർ കുറച്ചുനാഠംമുമ്പു് പ്രയോഗിച്ച അതേ തന്ത്രങ്ങഠം ('കാപ്പിററലി'ൻെറ ഒന്നാംവാല്യത്തിൽ മാർക്സു് അതു വിവരിച്ചിട്ടുണ്ടു്) പ്രയോഗിച്ചു് റഷ്യയിലെ മുതലാളിമാർ ആ നിയമത്തെ

വെട്ടിച്ചു. "തൊഴിലാളികളെക്കൊണ്ടു പതിനൊന്നു മണിക്കൂറിൽ കൂടുതൽ പണിയെടുപ്പിക്കരുതു് എന്നു നിയമമുണ്ടാക്കിയിട്ടുണ്ടെങ്കിലും ആ നിയമം ലംഘിക്കുന്നവൎക്കു ശിക്ഷ നൽകുന്നതിനെപ്പററി കാര്യമായ വ്യവസ്ഥയൊന്നുമില്ല. നിയമലംഘകരെ എന്താണു ചെയ്യുക? ഒരു മജിസ്ട്രേട്ടുകോടതിയിലേക്കു കൊണ്ടുപോകും; ആ കോടതിയിലെ മജിസ്ട്രേട്ടിന്നാകട്ടെ 50 റൂബിളിൽകവിഞ്ഞ പിഴ വിധിയ്ക്കാൻ അധികാരമില്ല....50 റൂബിൾ പിഴ അത്ര വലിയൊരു കാൎയ്യമാണോ മുതലാളിമാൎക്കു്?....നിയമം ലംഘിയ്ക്കുകയും പിഴ ഒടുക്കുകയുമാണു് അയാൾക്കു വാസ്തവത്തിൽ ലാഭകരം" എന്നു് 1899ൽ പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ ലെനിൻ എഴുതുകയുണ്ടായി. ശനിയാഴ്ചകളിൽ ജോലിസമയം കഴിഞ്ഞാൽ യന്ത്രങ്ങൾ വൃത്തിയാക്കുന്നതിനു് തൊഴിലാളികളെ പിടിച്ചുനിൎത്തുക പതിവായിരുന്നു. വെളുപ്പിനു് നാലു മണിയ്ക്കാണു് ഷിഫ്ടാരംഭിയ്ക്കുക; അപ്പോൾ തൊഴിലാളികൾ മൂന്നു മണിയ്ക്കെങ്കിലുമെഴുന്നേൽക്കണം. ഉച്ചഭക്ഷണത്തിനു ഇടകൊടുക്കാറില്ല. അമേരിക്കയിലെ തുണിവ്യവസായത്തിൽ, "1910–നുമുമ്പു്, മിക്ക ഫാക്ടറികളിലും ആഴ്ചയിൽ 56 മുതൽ 60വരെ മണിക്കൂർ പണിയെടുക്കേണ്ടിയിരുന്നു....'പുറത്തുള്ള' പണിശാലകളിൽ 84 മണിക്കൂർ പണിയെടുപ്പിക്കുക സാധാരണയായിരുന്നു....വളരെ 'തിരക്കുള്ള' കാലങ്ങളിൽ കൈയ്യും കണക്കുമില്ലാതെയാണു പണി ചെയ്യിച്ചിരുന്നതു്. അതിരാവിലെ അഞ്ചുമണിമുതലോ മററോ തുടങ്ങി 15–ാം, 16–ാം മണിക്കൂർ പണിയെടുക്കുക അസാധാരണമായിരുന്നില്ല. അതു കഴിഞ്ഞാലും ചിലപ്പോൾ തൊഴിലാളികൾക്കു്, രാത്രി എട്ടോ ഒമ്പതോ മണിക്കു വീട്ടിലേയ്ക്കു മടങ്ങുമ്പോൾ, ഭാണ്ഡങ്ങൾ കെട്ടിക്കൊണ്ടുപോകേണ്ടിവരാറുണ്ടു്. സമയവും യാത്രച്ചെലവും ലാഭിക്കുന്നതിനുവേണ്ടി രാത്രി പണിസ്ഥലത്തുതന്നെ കിടന്നുറങ്ങുക പതിവാണു് എന്നു പ്രായമേറിയ ചില തൊഴിലാളികൾ പറയുന്നു." (Jack Hardy, 'The Clothing Workers. A Study of the Conditions and Struggles in the Needle Trades', New York, 1935, p.178)

കൃഷികത്തൊഴിലാളികളുടെ കഥ ഇതിലും കഷ്ടമായിരുന്നു. പ്രഷ്യയിലെ 'യുങ്കർ'ജന്മികാംക്ക് സ്വന്തം എസ്റ്റേററുകളിൽ താമസിയ്ക്കുന്ന തൊഴിലാളികളുടെമേൽ കൊല്ലിനും കൊലയ്ക്കും അധികാരമുണ്ടായിരുന്നു. എസ്റ്റേററുവിട്ടു പുറത്തു പോകാനോ ജന്മികളുടെ അനുമതി വാങ്ങാതെ അതിഥികളെ സൽക്കരിക്കാനോ തൊഴിലാളികാംക്കവകാശമില്ലായിരുന്നു. യുങ്കർ ജന്മികാം ആ തൊഴിലാളികാംക്കുവേണ്ടി തടവറകാം പണിയുകപോലും ചെയ്തിരുന്നു. തൊഴിലാളികളെ വിചാരണ ചെയ്യാനും ശിക്ഷിയ്ക്കാനും എല്ലാം അവർക്കധികാരമുണ്ടായിരുന്നു.

സാറിസ്റ്റ്റഷ്യയിലെ തൊഴിലാളികളുടെ സ്ഥിതി കഷ്ടാൽ കഷ്ടതരമായിരുന്നു. 1901-ൽ ഒരു ഫാക്ടറിത്തൊഴിലാളിയുടെ ശരാശരി വരുമാനം 201 റൂബിളായിരുന്നു എന്നു ഫാക്ടറി ഇൻസ്പെക്ടർമാരുടെ റിപ്പോർട്ടുകളിൽനിന്നു മനസ്സിലാകുന്നു. ഇവാനോവോ-വോസ്നെ സെൻസ്കിലെ ഗാൻദുറിൻെറ മില്ലിൽ പണിയെടുത്തിരുന്ന ഐ എ. വോാംക്കോവ് 1926-ൽ പ്രസിദ്ധീകരിച്ച 'കാലിക്കോ സാമ്രാജ്യം' എന്ന പുസ്തകത്തിൽ ആ മില്ലിലെ കൂലിനിരക്കുകാം രേഖപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| സാധാരണ തൊഴിലാളി | (പുരുഷൻ) | 7.5—8 | റൂബിാം |
| ,, | (സ്ത്രീ) | 6.5—7 | ,, |
| ,, | (കുട്ടി) | 6—6.5 | ,, |
| വിദഗ്ധത്തൊഴിലാളി (മില്ലിൽ 3-4 കൊല്ലം പണിയെടുത്തു് എന്തെങ്കിലും വിശേഷാൽപണി പഠിച്ചവൻ) | | 10—12 | ,, |
| അതിവിദഗ്ധൻ | | 12—15 | ,, |

റഷ്യയിലെ പരുത്തിത്തുണിമില്ലുകളിലെ ഭയങ്കരമായ സ്ഥിതിഗതികാം അദ്ദേഹം ആ ഗ്രന്ഥത്തിൽ വിശദമായി വർണ്ണിച്ചിട്ടുണ്ട്. വല്ലാത്ത തിക്കുമുട്ട്, ഈറപ്പം, ചളി, ദുർഗ്ഗന്ധം, ആകസ്മികമായ താപമാററങ്ങാം ഇതെല്ലാമായിരുന്നു സ്ഥിതി. യന്ത്രങ്ങ

ളുടെ ഇടയിൽക്കൂടി നടന്നുപോകുമ്പോഴാം എപ്പോഴാണ് അവ യുടെ ദംഷ്ട്രങ്ങളിൽ കുടുങ്ങിപ്പോവുക എന്നറിയില്ല – അത്രമാത്രം അടുപ്പിച്ചാണ് അവ സ്ഥാപിച്ചിരുന്നത്. വികലാംഗരുടെ എണ്ണം അസംഖ്യമായിരുന്നു.

റൊക്കം പണമായിട്ടല്ല, സാധനങ്ങളായിട്ടാണ് കൂലി കൊടുത്തിരുന്നത്. ആ വകയിലും മുതലാളിമാർ നല്ലൊരു വെട്ടിപ്പു നടത്തിയിരുന്നു. 1901–ൽ, മോസ്ക്കോവിലെ തൊഴിലാളികൾക്കു കിട്ടിയ കൂലിയുടെ 8.9 ശതമാനം ഫാക്ടറീവകയായുള്ള കടകളിലെ ചരക്കുകളാണ്; കൂലിയുടെ 7.3 ശതമാനം സഹകരണസ്റ്റോറുകളിൽനിന്നു വാങ്ങിയ സാമാനങ്ങളുടെ വിലയായി പോയി; 2.4 ശതമാനം ഊണുവകയിൽ വസൂലാക്കുകയും ചെയ്തു.

ഫാക്ടറികളിൽ തണുപ്പകററുന്നതിന്നോ വെളിച്ചം നൽകുന്നതിന്നോ ഉള്ള ഏർപ്പാടുകളുണ്ടായിരുന്നില്ല. ഫാക്ടറികളും തടവറകളും തമ്മിൽ പറയത്തക്ക വ്യത്യാസമൊന്നുമില്ല എന്നു് ഒരു അമേരിക്കൻ ബൂർഷ്വാഎഴുത്തുകാരനായ ജോർജ്ജ് പ്രൈസ് 1914ൽപോലും ('The Modern Factory: Safety San-iation and Welfare' എന്ന പുസ്തകത്തിൽ) രേഖപ്പെടുത്തുകയുണ്ടായി.

കോളണികളിലെ തൊഴിലാളികൾക്കനുഭവിക്കേണ്ടിവന്ന ദുരിതങ്ങളെക്കുറിച്ച് പറയേണ്ടതില്ല. അന്നു ട്രേഡ്‌യൂണിയൻ സംഘടനകൾ പ്രചരിച്ചിരുന്നു. മുതലാളിമാരുമായുള്ള ഇടപാടുകളിൽ തൊഴിലാളികൾക്കു മെച്ചം കിട്ടിയതു് ചെറിയ ചെറിയ പണിശാലകൾ സുലഭമായുള്ള വ്യവസായശാഖകളിൽ—അച്ചടി, മരപ്പണി, കെട്ടിടപ്പണി എന്നിവയിൽ—മാത്രമാണ്. ഘന വ്യവസായങ്ങളിൽ തൊഴിലാളികൾ വളരെ ദുർബ്ബലരായിരുന്നു. വൻകിട മുതലാളിമാർ ട്രേഡ്‌യൂണിയനുകളെ അംഗീകരിയ്ക്കാറില്ലായിരുന്നു. രേഖാമൂലമുള്ള കരാറുകളിൽ ഒപ്പുവയ്ക്കാനും അവർ തയ്യാറില്ലായിരുന്നു.

അപ്പോഴേയ്ക്കും അധികമൂല്യ(Surplus value)ത്തിന്റെ നിരക്ക് നൂറു ശതമാനത്തിലും കവിഞ്ഞിരുന്നു. അമേരിക്കയിൽ 1899ൽ അതു് 128 ശതമാനവും 1909ൽ 130 ശതമാനവുമായിരുന്നു. റഷ്യയിൽ 1900—113 ശ. മാ; 1908—161ശ.മാ. ഈ കണക്കുകൾ കൃത്യമല്ല. വാസ്തവത്തിൽ അധികമൂല്യനിരക്ക് ഇതിലുമധികമായിരുന്നു. എന്തെന്നാൽ ഉൽപന്നങ്ങൾ കച്ചവടക്കാർക്കു കൊടുക്കാറ് ഉൽപാദനച്ചെലവിനേക്കാൾ കുറഞ്ഞ വിലയ്ക്കാണ്. അവർക്കു ശരാശരി ലാഭനിരക്ക് ഒത്തുകിട്ടാൻ സൗകര്യമുണ്ടാക്കുന്നതിനാണ് അപ്രകാരം ചെയ്തതു്.

അന്നു പണിമുടക്കുകൾ അസംഖ്യമായിരുന്നു. അസംഘടിത തൊഴിലാളികളാണ് അവ നടത്തിയിരുന്നതു്. 1900-ൽ പണിമുടക്കുകയും ലോക്കൌട്ടിന്നിരയാവുകയും ചെയ്ത തൊഴിലാളികളുടെ എണ്ണം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| അമേരിക്ക | — | 568000 |
| ബ്രിട്ടൻ | — | 135000 |
| ഫ്റാൻസ് | — | 223000 |
| ജർമ്മനി | — | 132000 |

**വികാസം പ്രാപിച്ച ഭൂരിഭാഗം മുതലാളിത്തരാഷ്ട്രങ്ങളിലും സോഷ്യൽ ഡെമോക്രാററിക് പാർട്ടികളുണ്ടായിരുന്നു.** അവ ഇന്നത്തെ സോഷ്യൽ ഡെമോക്രാററിക് പാർട്ടികളിൽനിന്നു് വ്യത്യസ്തമായിരുന്നു. തൊഴിലാളിപ്രസ്ഥാനത്തിന്റെ ലക്ഷ്യം തൊഴിലാളിവർഗ്ഗനേതൃത്വത്തിലുള്ള വിപ്ലവവും സോഷ്യലിസവുമാണെന്നു് അവയുടെ പരിപാടികളിൽ രേഖപ്പെടുത്തുകയും നേതാക്കൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ വാസ്തവത്തിൽ, അവർ പരിശ്രമിച്ചതു് മുതലാളിത്തവ്യവസ്ഥിതിയുടെ ചട്ടക്കൂടിന്നകത്തുവെച്ചുതന്നെ ചില പരിഷ്കാരങ്ങൾ സാധിയ്ക്കാൻമാത്രമാണ്. തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചെടുക്കുന്നതിനെകുറിച്ച് ആ നേതാക്കൾ ചിന്തി

ച്ചിരുന്നില്ല. ബൂർഷ്വാസിയ്ക്കെതിരായ സമരത്തിൽ തൊഴിലാളിവർഗ്ഗം ആരുമായാണ് സഖ്യമുണ്ടാക്കേണ്ടതെന്ന കാര്യവും അവരാലോചിച്ചില്ല. തൊഴിലാളികൾക്കും മററം ഭക്ഷണമുണ്ടാക്കിക്കൊടുക്കുക എന്നൊരു കടമ മാത്രമേയുള്ള കൃഷിക്കാർക്ക് എന്നായിരുന്നു ധാരണ. കൃഷിക്കാരുടെ താൽപര്യങ്ങൾ തൊഴിലാളിവർഗ്ഗത്തിൻെറ താൽപര്യങ്ങൾക്കെതിരാണ് എന്നുവരെ വിശ്വസിച്ചു അവർ. തൊഴിലാളിവർഗ്ഗത്തിലെ സമ്പന്നവിഭാഗത്തെയും ട്രേഡ്യൂണിയൻ പ്രമാണികളേ(**Bosses**)യും ആശ്രയിച്ച് റിവിഷണിസം വേരൂന്നിക്കഴിഞ്ഞിരുന്നു. രണ്ടാം ഇൻറർ നാഷണലിൻെറ അധഃപതനത്തിനുള്ള സാധ്യതകൾ സംജാതമായിക്കഴിഞ്ഞിരുന്നു.

പരിഷ്ക്കരണവാദികളായ നേതാക്കളെ വിശ്വസിക്കുന്നത വിപത്കടമാണെന്നു മനസ്സിലാക്കിയ ഒരു വിഭാഗം തൊഴിലാളികൾ സിൻഡിക്കലിസം, അനാർക്കിസം എന്നിവയിൽനിന്നു രക്ഷപ്പെടാൻ വഴികളാരാഞ്ഞുതുടങ്ങി.

മാർക്സിസ്റ്റ് സിദ്ധാന്തത്തെ ആധാരമാക്കി ചിന്തിച്ച ലെനിന്നു മാത്രമേ സാമ്രാജ്യത്വകാലഘട്ടത്തിലെ തൊഴിലാളിവർഗ്ഗവിപ്ലവത്തിൻെറ സമഗ്രമായ സിദ്ധാന്തം വിശദമാക്കാൻ കഴിഞ്ഞുള്ളു. തൊഴിലാളിവർഗ്ഗത്തിൻെറ മുന്നണിയായി പ്രവർത്തിക്കുന്ന വിപ്ലവപ്പാർട്ടി; തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ തൊഴിലാളി–കർഷകസഖ്യം; തൊഴിലാളിവർഗ്ഗത്തോടൊപ്പം വിപ്ലവകാരികളും ഉൽപതിഷ്ണുക്കളുമായ എല്ലാ വിഭാഗങ്ങളേയും അണിനിരത്തുന്നതിനു ബൂർഷ്വാസിയുടെ ആഭ്യന്തരവൈരുദ്ധ്യങ്ങളെ ചൂഷണം ചെയ്യേണ്ടതിൻെറ ആവശ്യം.

ഇരുപതാം നൂററാണ്ടിൻെറ ആരംഭത്തിൽ ബൂർഷ്വാസിക്കും പരിഷ്ക്കരണവാദികൾക്കും റിവിഷണിസ്റ്റുകൾക്കും തോന്നിയത് മുതലാളിത്തം ഭദ്രവും ശാശ്വതവുമാണ് എന്നാണ്. എന്നാൽ മുതലാളിത്തത്തെ ഗ്രസിച്ച പൊതുക്കുഴപ്പത്തിൻെറ ബീജങ്ങൾ

അപ്പോഴേതന്നെയുണ്ടായിരുന്നു. മുതലാളിത്തത്തിലന്തർഭൂതമായ നിയമങ്ങളുടെ പ്രവൎത്തനംകൊണ്ടു് സമുദായത്തിലെ ഭിന്നിപ്പു് വൎദ്ധിച്ചു. ഒരു വശത്തു് ഒരുപിടി മുതലാളിമാർ, മറുവശത്തു് വലിയൊരു സംഘം തൊഴിലാളികൾ—ഇവർ പിന്നേയും പിന്നേയും പരസ്പരം അകന്നുപോയി. അതോടെ തൊഴിലാളികളുടെ ദാരിദ്ര്യം കൊടുമ്പിരിക്കൊണ്ടു. മുതലാളിത്തം നിലനില്ക്കണമെന്നു താൽപൎയ്യമുള്ളവരുടെ എണ്ണം കുറയുകയും അതിന്റെ ശത്രുക്കളുടെ എണ്ണം വൎദ്ധിക്കുകയുംചെയ്തു. സാമ്രാജ്യവാഴ്ചയിൽ വിവിധ രാജ്യങ്ങൾക്കുണ്ടായ അസമമായ വികാസംമൂലം സാമ്രാജ്യക്കോയ്മകൾ തമ്മിൽ ലോകത്തിന്റെ പുനൎവ്വിഭജനത്തിനുവേണ്ടിയുള്ള ഒരു യുദ്ധം സുനിശ്ചിതമായി. ആകപ്പാടെയുള്ള സ്ഥിതിഗതികൾ മുതലാളിത്തത്തെ ഒരു പൊതുക്കുഴപ്പത്തിലേക്കു തള്ളിക്കൊണ്ടിരിക്കുകയായിരുന്നു.

## രണ്ടാമദ്ധ്യായം

# ഒന്നാം ലോകമഹായുദ്ധത്തിന്നുമുമ്പ്

യുദ്ധത്തിന്നുമുമ്പത്തെ ഏതാനും വർഷങ്ങളിൽ ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവുമായ വലിയൊരു പുരോഗതി മുതലാളിത്തത്തിന്നനുഭവപ്പെട്ടുകയുണ്ടായി. ഇന്നത്തെ അണുശാസ്ത്രത്തിന്നാധാരഭൂതമായ പ്ലാങ്കിൻെറ ക്വാൻറം സിദ്ധാന്തവും ഐൻസ്റ്റീൻെറ റിലേററിവിററി സിദ്ധാന്തവും ആവിഷ്കൃതമായതക്കാലത്താണ്. ഇലക്ട്രിക്ക് മോട്ടോറിൻേറയും ഇൻേറണൽ കംബസ്റ്റ്യൻ എഞ്ചിൻേറയും പ്രചാരം സർവ്വവ്യാപിയായി. എണ്ണഖനനം, 1900ൽ 20 മില്ല്യൻ ടണ്ണായിരുന്നതു്, 1913ൽ 51 മില്യൻ ടണ്ണായി പെരുകി. മോട്ടോർ വാഹനങ്ങളുടെ നിർമ്മാണം പ്രതിവർഷം 485000 എന്ന തോതിലായി. വ്യവസായമാനേജ്മെൻറിൽ ശാസ്ത്രീയസമ്പ്രദായങ്ങൾ സ്വീകൃതമാവുകയും അവ പ്രചരിക്കാൻ തുടങ്ങുകയുംചെയ്തു. ഹെൻറി ഫോർഡ് ഇദംപ്രഥമമായി "ഉൽപാദനപരമ്പരാസമ്പ്രദായം" (**Production line**) ഏർപ്പെടുത്തി. പുതിയ പുതിയ ഗതാഗതോപായങ്ങൾ ആവിഷ്കരിക്കപ്പെട്ടു.

ലോകമുതലാളിത്തം, ഇരുപതാം നൂററാണ്ടിൽ, ഏററവും ഉയർന്ന ഉൽപാദനാഭിവൃദ്ധിനിരക്ക കണ്ടതു് അന്നാണ്. 1900ൽ വ്യാവസായികോൽപാദനസൂചിക 72 ആയിരുന്നതു് 1913ൽ 121 ആയി— അതായതു്, പ്രതിവർഷം ശരാശരി അഞ്ചു ശതമാനം. 1896–1900ൽ ഗോതമ്പിൻെറ ആഗോളവിളവു് 74000000 ടണ്ണായിരുന്നതു് 1913ൽ 106000000 ടണ്ണായി

വദ്ധിച്ചു. 1911-13 കാലത്തു് ഓരോ ഹെക്ടേറിൽനിന്നും ലഭിക്കുന്ന ശരാശരി വിളവും ഗണ്യമായി അഭിവൃദ്ധിപ്പെട്ടു. ബെൽജിയം 26 സെൻറനർ; ഹോളണ്ടു് 25 സെൻറനർ; ജമ്മ്മനി 24 സെൻറനർ; ബ്രിട്ടൻ 21 സെൻറനർ. 1900നും 1914നുമിടയ്ക്കു് റെയിൽപ്പാളങ്ങളുടെ നീളം 300000 കിലോമീററർ വദ്ധിച്ചു; ഇത്രയും ത്വരിതമായ വികാസം അതിന്നുമുമ്പോ അതിന്നുശേഷമോ കണ്ടിട്ടില്ല 1914ൽ പനാമാകനാൽ ഉൽഘാടിതമായി. വികാസം പ്രാപിച്ച മുപ്പത്തിമൂന്നു മുതലാളിത്തരാജ്യങ്ങളുടെ അന്തർദ്ദേശീയവ്യാപാരം 18800 മില്യൺ സ്വർണ്ണഡോളർ (ആകെ ടേണോവർ) ആയിരുന്നതു് 1913ൽ 36100 മില്യണായി ഇരട്ടിച്ചു.

ഈ പ്രതിഭാസങ്ങളെ അവലോകനംചെയ്തുകൊണ്ടു് ലെനിൻ ഇപ്രകാരം എഴുതുകയുണ്ടായി. "മുതലാളിത്തം ഒട്ടാകെ മുമ്പെന്നത്തേക്കാളും വേഗത്തിലാണു് വികസിക്കുന്നതു്...."

അന്നു സാമാന്യവിലകൾ അടിയ്ക്കടി കയറുകയായിരുന്നു. മുതലാളിമാരുടെ ലാഭവും അതുപോലെത്തന്നെ. കറൻസി സുസ്ഥിരം. എന്നാലും എല്ലാ മുതലാളിത്തരാജ്യങ്ങളിലേയും പുരോഗതി ഒരേ തോതിലായിരുന്നില്ല. അനേകം പ്രധാന ഇനങ്ങളെ സംബന്ധിച്ചിടത്തോളം അമേരിക്കയും ജമ്മനിയും 1912 ആയപ്പോഴേക്കും ബ്രിട്ടനെ കടത്തിവെട്ടിയിരുന്നു.

| | ബ്രിട്ടൻ | ജമ്മനി | അമേരിക്ക |
|---|---|---|---|
| അസംസ്കൃത പരുത്തിയുടെ ഉപഭോഗം (മില്യൺ ടൺ) | 3.8 | 1.6 | 5.8 |
| കല്ക്കരിഖനനം (മില്യൺ ടൺ) | 265 | 175 (+81 തവിട്ടു കരി) | 450 (1911 ൽ) |
| ഇരുമ്പു് (മില്യൺ ടൺ) | 9 | 18 | 30 |

യൂറോപ്പിൽനിന്നു ഒരു കോടിയിൽപ്പരം ആളുകൾ (അവരിൽ മിക്കപേരും യുവാക്കളും ബലിഷ്ഠരുമായിരുന്നു) ഒഴുകിച്ചെ

ന്നതു് അമേരിക്കക്കു വലിയൊരു സഹായമായി. 1914-ൽ, പ്രധാന വ്യവസായങ്ങളിൽ പണിയെടുത്തിരുന്നവരിൽ വിദേശികളുടെ ശതമാനം ഇപ്രകാരമാണു്:

| | | | |
|---|---|---|---|
| ഇരുമ്പു്—ഉരുക്കു് | .... | 58 | ശതമാനം |
| കൽക്കരി | .... | 62 | ,, |
| തുണി | .... | 62 | ,, |
| വസ്ത്രനിർമ്മാണം | .... | 69 | ,, |

(W Foster, Outline Political History of the Americas, New York, 1951, p. 230)

കമ്പോളങ്ങൾക്കും കോളണികൾക്കുംവേണ്ടി സാമ്രാജ്യത്വരാഷ്ട്രങ്ങൾ നടത്തിയ മത്സരം മൂർച്ചിച്ചു. ബ്രിട്ടീഷ് കോളണികളിലെ ജനസംഖ്യ മററെല്ലാവരുടേയും കോളണികളിലാകെയുണ്ടായിരുന്നതിൻെറ മൂന്നു മടങ്ങായിരുന്നെങ്കിലും, അദ്ധ കോളണികളി(ചൈന, പേഴ്സ്യ, അർജൻറിന തുടങ്ങിയവ)ൽ ബ്രിട്ടനായിരുന്നു പ്രാമാണ്യമെങ്കിലും—ബ്രിട്ടീഷ് സാമ്രാജ്യമേധാവികൾ തങ്ങളുടെ അധികാരവും സ്വാധീനശക്തിയും പിന്നേയും വ്യാപിപ്പിയ്ക്കാൻ വെമ്പി. ബ്രിട്ടൻ ബാഹ്യലോകത്തെ എത്രമാത്രം ആശ്രയിച്ചിരുന്നു എന്നു കാണിക്കുന്ന ചില കണക്കുകളിതാ: 1912ൽ ബ്രിട്ടൻ ഉല്പാദിപ്പിച്ച ചരക്കുകളുടെ 40 ശതമാനം കയററിഅയക്കുകയുണ്ടായി; 1912ൽതന്നെ, സ്വദേശത്തു് പുതുതായി നടത്തിയ മൂലധനനിക്ഷേപം 45000000 പവനും വിദേശത്തു് നടത്തിയ നിക്ഷേപം 145000000 പവനുമായിരുന്നു; 1913ൽ, ഇതു രണ്ടും 36000000 പവനും 150000000 പവനുമായി വദ്ധിച്ചു. ബ്രിട്ടീഷ് ബൂഷ്വാസിയെ സംബന്ധിച്ചിടത്തോളം ഈ വിദേശനിക്ഷേപങ്ങൾക്കു് വലിയ പ്രാധാന്യമുണ്ടായിരുന്നു. 1909ൽ ബ്രിട്ടീഷ് ബൂഷ്വാസി നടത്തിയ മൂലധനനിക്ഷേപങ്ങൾ താഴെ ചേക്കും പ്രകാരമായിരുന്നു:

സ്വദേശത്തു് 18,681,000 പവൻ
വിദേശത്തു് 150,468,000 പവൻ

വിദേശത്തു മൂലധനമിറക്കിയാൽ കിട്ടുന്ന ലാഭം സ്വദേശത്തുനിന്നു കിട്ടുന്നതിൻെറ ഇരട്ടിയോ അതിലധികമോ ആണെന്നു കണ്ടിട്ടാണു് മൂലധനത്തിൻെറ ഭൂരിഭാഗം പുറത്തേയ്ക്കു കടത്തിയതു്. അങ്ങനെ വിദേശത്തു നടത്തിയ നിക്ഷേപങ്ങളിൽനിന്നു കിട്ടിയ വരുമാനം ബ്രിട്ടീഷു് ബൂർഷ്വാസിയുടെ ആകെ വരുമാനത്തിൻെറ മൂന്നിലൊന്നോളമെത്തി. കടലിലും നാവികത്താവളങ്ങളി(ജിബ്രാൾട്ടർ, മാൾട്ട, സൂയസ്, ഏഡൻ)ലും ആധിപത്യമുണ്ടായിരുന്ന ബ്രിട്ടൻെറ കീഴിലമർന്നുകിടക്കുകയായിരുന്നു മദ്ധ്യധരണ്യാഴിയും ഇന്ത്യാസമുദ്രവും. എങ്കിലും, ജർമ്മനിയുടെ പ്രതാപം മൂത്തപ്പോൾ, ബ്രിട്ടൻ "മനോഹരമായ ഏകാന്തത" എന്ന മാമൂൽനയമുപേക്ഷിച്ചു് ജപ്പാനുമായി ഒരു സഖ്യമുണ്ടാക്കി (1922). അതുപോലെ, ആഫ്റിക്കയിലെ പ്രദേശങ്ങളെ പങ്കിടുന്നതു സംബന്ധിച്ച ഫ്റാൻസുമായും (1904) പേഴ്സ്യയിലെ സ്വാധീനമേഖലകളെ സംബന്ധിച്ച സാറിസ്റ്റു് റഷ്യയുമായും (1907) ഓരോ ഉടമ്പടിയിലേപ്പുവെച്ചു. വലിയൊരു ഭീഷണിയായിത്തീർന്നിരുന്ന ജർമ്മൻ സാമ്രാജ്യത്വവുമായി ഭീമമായൊരു യുദ്ധത്തിന്നു വട്ടംകൂട്ടുകയായിരുന്നു ബ്രിട്ടൻ

ജർമ്മൻ ബൂർഷ്വാസി കോളണികൾക്കുവേണ്ടി ദാഹിയ്ക്കുകയായിരുന്നു. അവർ വലിയ കോലാഹലത്തോടെ ഒരു "നാവികസമിതി" സ്ഥാപിയ്ക്കുകയും ജർമ്മൻകാർ നിവസിച്ചിരുന്ന എല്ലാ പ്രദേശങ്ങളേയും ജർമ്മൻ സാമ്രാജ്യത്തിൽ ചേർത്തുകൊണ്ടു് ഭൂപടങ്ങൾ അച്ചടിക്കുകയുംചെയ്തു. (ഇവർ ചെയ്തതേ പിന്നീടു ഹിററ്ലർ ചെയ്യുകയുണ്ടായുള്ളു.) വലതുപക്ഷക്കാരായ സോഷ്യൽ ഡെമോക്രാററുകൾ ഇതിനെല്ലാം അരുനിന്നു. പട്ടാളവും കൈസറും ബൂർഷ്വാസിയുമായി ഒരു സന്ധിയ്ക്കു സന്നദ്ധമായി. മിക്കവാറും ഓരോ കൊല്ലവും വിദേശനയസംബന്ധമായി എന്തെങ്കിലുമൊരു 'സംഭവം' പൊട്ടിപ്പുറപ്പെടും—'അഗാദീർ സംഭ

റി'വും മററും. പക്ഷേ കടലിൽ ബ്രിട്ടന്നു മേൽക്കോയ്മയുണ്ടായിരുന്നതുകൊണ്ടു് ജർമ്മനിയ്ക്കു് ആഗ്രഹിച്ചതുപോലെ വലുതാവാൻ കഴിഞ്ഞില്ല. അപ്പോൾ ജർമ്മനിയുടെ നോട്ടം കരയിലേയ്ക്കായി: കിഴക്കോട്ടു്. കുറെയങ്ങു വ്യാപിയ്ക്കാൻവേണ്ടി ജർമ്മനി കൂററനൊരു കരസേന സംഘടിപ്പിച്ചു. ജപ്പാനുമായി നടത്തിയ യുദ്ധംകൊണ്ടും 1905ലെ വിപ്ലവംകൊണ്ടും തളർന്നിരുന്ന സാറിസ്റ്റ്റഷ്യയുമായും ബ്രിട്ടൻ, ഫ്റാൻസ് എന്നിവരുമായും ജർമ്മനിയ്ക്കു സന്ധികൾ ഉണ്ടാക്കാൻ ഈ നയം ഉപകരിച്ചു.

എന്നാൽ ജർമ്മൻ സാമ്രാജ്യത്വം കരയിലെ മേധാവിത്വം കൊണ്ടുമാത്രം തൃപ്തമായില്ല. അവർ ജർമ്മനിയുടെ നാവികസേനയേയും അതിവേഗം ശക്തിപ്പെടുത്താൻതുടങ്ങി. 1914ൽ ജർമ്മനിയുടെ പക്കൽ 133 കപ്പലുകളുണ്ടായിരുന്നു. അതിൽ 37 യുദ്ധക്കപ്പലുകളായിരുന്നു. നാവികസേനയിൽ ഓഫീസർമാരും സാധാരണ സൈനികരുംകൂടി 80000 പേരുണ്ടായിരുന്നു. കടൽപ്പടയ്ക്കുവേണ്ടി ജർമ്മനി പ്രതിവർഷം 20000000 മാർക്ക് ചെലവാക്കി. കൈസർ വിൽഹേം രണ്ടാമൻെറ അംഗീകാരത്തോടെ നടന്ന സത്വരമായ നാവികസേനാസജ്ജീകരണം കണ്ടപ്പോൾ ബ്രിട്ടന്നു ഭയമായി. അപ്പോൾ ബ്രിട്ടനും ഫ്റാൻസും റഷ്യയും ചേർന്നു് ഒരു ഉടമ്പടി (**Entente**) യുണ്ടാക്കി വേഗം ജർമ്മനിയും ഉണ്ടാക്കി ഒരു ത്രികക്ഷിസഖ്യം (**Triple Alince**)—ജർമ്മനി, ആസ്ട്രിയാ–ഹംഗറി, ഇററലി. ഒന്നാം ലോകമഹായുദ്ധത്തിൻെറ രൂപരേഖ അതോടെ മിക്കവാറും തെളിഞ്ഞു. അതിന്നിടയ്ക്കു പലേടത്തും ചില 'മൈനർ' യുദ്ധങ്ങളുണ്ടായി. ഓട്ടോമൻ സാമ്രാജ്യത്തിൻെറ കഷണങ്ങൾ പലരും പിടിച്ചുപററി. അക്കൂട്ടത്തിൽ ഇററലിയ്ക്കു കിട്ടിയതു് ട്രിപ്പോളിയയാണു്; ആസ്ട്രിയാ–ഹംഗറി വിഴുങ്ങിയതു് ബോസ്നിയയും ഹെർത്സ്ഗോവിനയും ഗ്രീസ് കൈവശപ്പെടുത്തിയതു് ക്രീററമാണു്. ഇതിൻെറയെല്ലാം ഫലമായി ബാൾക്കൻയുദ്ധം തുടങ്ങി—മഹായുദ്ധത്തിൻെറ ഒരു മുന്നോടി.

മുതലാളിത്തത്തിൻെറ സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തി വളൎന്നതോടൊപ്പം തൊഴിലാളിവൎഗ്ഗപ്രസ്ഥാനവും പ്രബലമായി. അതു കൂടുതൽ സംഘടിതമാവുകയും ബൂൎഷ്വാസിക്കെതിരായ സമരം ഊൎജ്ജിതമാവുകയുംചെയ്തു.

ഇക്കാലത്തു് ട്രേഡ്യൂണിയൻ സംഘടനകളുടെ എണ്ണം വൎദ്ധിച്ചു. 1906ലേയും 1912ലേയും സംഘടിതതൊഴിലാളികളുടെ കണക്കുകൾ താരതമ്യപ്പെടുത്തുക:

| | ജൎമ്മനി | ബ്രിട്ടൻ | അമേരിക്ക | ഫ്രാൻസ് | ഇററലി | ലോകം |
|---|---|---|---|---|---|---|
| 1906 | 2.2 | 2.1 | 2.0 | 1.0 | 0.6 | ൮.0 |
| 1912 | 3.7 | 3.3 | 3.5 | 1.0 | 1.0 | 13.9 |

(എല്ലാം ദശലക്ഷക്കണക്കിൽ)

ട്രേഡ്യൂണിയനുകൾ ശക്തിപ്പെട്ടെങ്കിലും മുതലാളിമാർ (ബ്രിട്ടനിലൊഴികെ) ഘനവ്യവസായങ്ങളിൽ അവയെ അംഗീകരിയ്ക്കാനോ അവയുമായി കൂട്ടായ കരാറുകളുണ്ടാക്കാനോ കൂട്ടാക്കിയില്ല. അമേരിക്കൻ മുതലാളിമാരുടെ ധൎഷ്ട്യം അസാമാന്യമായിരുന്നു. 1937വരെ അമേരിക്കൻ സ്റ്റീൽ കോർപ്പറേഷൻ ഈ ധൎഷ്ട്യം തുടൎന്നുപോന്നു.

തൊഴിലാളിസംഘടനകൾക്കെതിരായുള്ള യുദ്ധത്തിൽ മുതലാളിമാർ എല്ലാ അടവുകളും പയററുകയുണ്ടായി. ഫാക്ടറികളിൽ സായുധരായ പോലീസിനെ കുടിപാൎപ്പിച്ചു; തൊഴിലാളികളുടെ ഇടയിലേക്കു ചാരന്മാരെ വിട്ടു; ട്രേഡ്യൂണിയനുകളുടെ ആപ്പീസുകൾ അക്രമിച്ചു; പണിമുടക്കുകൾ പൊളിയ്ക്കുന്നതിനു ഗുണ്ടകളെ നിയോഗിച്ചു.

1910ൽ,യൂണിയനുകളുണ്ടായിരുന്ന വ്യവസായശാലകളിൽ തൊഴിലാളികൾക്കു പ്രതിവാരം 50 മണിക്കൂറേ പണിയെടുക്കേണ്ടിയിരുന്നുള്ളു; എന്നാൽ യൂണിയനുകളില്ലാത്തവയിൽ 60.5 മണിക്കൂർ പണിയെടുക്കേണ്ടിവന്നു. അമേരിക്കയിലെ ഇരിമ്പു്—

ഉരുക്കവ്യവസായത്തിൽ ദിവസേന 12 മണിക്കൂർ പണിയെടു പ്പിക്കുക 1914വരെ സാധാരണമായിരുന്നു. ബ്രിട്ടനിലേയും ജർമ്മനിയിലേയും തൊഴിലാളികൾക്ക്, മഹായുദ്ധത്തിനുമുമ്പ്, ആഴ്ചയിൽ 48 മുതൽ 60വരെ മണിക്കൂർ ജോലി ചെയ്യേണ്ടി വന്നു.

'പ്രൊഡക്ഷൻ ലൈനുകൾ' ഏർപ്പെടുത്തിയതോടെ സേവന വ്യവസ്ഥകൾ തീരെ മോശമായി. തൊഴിലാളികൾ ചെയ്ത പല ജോലികളും തീരെ വിരസമാണെന്ന് ഹെൻറി ഫോർഡിന്നു പോലും ആത്മകഥയിൽ സമ്മതിയ്ക്കേണ്ടിവന്നു.

തൊഴിലാളികൾ മൂന്നു 'ജാതി'കളായി തിരിഞ്ഞതിനെക്കുറിച്ച് ബ്രിട്ടീഷുകാരായ മോർട്ടണും മററും വിവരിച്ചിട്ടുണ്ട്. 1) ഒരുകൂട്ടം 'അഭിജാത'ത്തൊഴിലാളികൾ (ഏകദേശം 15 ശതമാനം), 2) ഭേദപ്പെട്ട വേതനം ലഭിയ്ക്കുന്ന വിദഗ്ധത്തൊഴിലാളികൾ (ഏകദേശം 50 ശതമാനം), 3) 'അവിദഗ്ധർ' എന്നു വിളിയ്ക്കപ്പെട്ടിരുന്ന പാവങ്ങൾ.

'കൺവേയർ സമ്പ്രദായം' ഏർപ്പെട്ടതോടെ തൊഴിലാളിവർഗ്ഗത്തിൻെറ ജാതിപ്പിരിവിൽ ഒരു മാററമുണ്ടായി—വിശേഷിച്ച് അമേരിക്കയിൽ. വിദഗ്ധത്തൊഴിലാളികളുടെ എണ്ണവും പ്രാധാന്യവും കുറഞ്ഞു. ഏല്പിച്ചുകൊടുക്കുന്ന ഒരു പണി യാന്ത്രികോപകരണങ്ങളുപയോഗിച്ച് ഒരു യന്ത്രത്തെപ്പോലെതന്നെ ചെയ്തുകൊള്ളുക, അത്രയേ വേണ്ടൂ. അതിന്നു വിശേഷാൽ വൈദഗ്ധ്യമൊന്നും വേണ്ട. 1915ൽത്തന്നെ രണ്ടു അമേരിക്കൻ എഴുത്തുകാർ ഇപ്രകാരമെഴുതുകയുണ്ടായി: "ഫോർഡ് കമ്പനിക്കു പരിചയസമ്പന്നരായ തൊഴിലാളികളെ ആവശ്യമില്ല. പഠിച്ചതൊന്നും മറക്കേണ്ടതില്ലാത്ത കൂട്ടരെയാണവർക്കാവശ്യം."

ഷിഫ്ററുസമയത്ത് ഫോർഡിലെ തൊഴിലാളികളുടെ പേരുകൾപോലും മാററിവെയ്ക്കുക പതിവായിരുന്നു....ഓരോ ആൾക്കും ഓരോ നമ്പർ കൊടുക്കുകയും അതു് അയാളുടെ മേല

ങ്കിയിന്മേൽ തുന്നിപ്പിടിപ്പിക്കുകയുംചെയ്തു. ആരെയും പേരെടുത്തു വിളിയ്ക്കാറില്ല; നമ്പർകൊണ്ടേ വിളിയ്ക്കാറുള്ളു. ശമ്പളം കൊടുക്കുന്നതും നമ്പറനുസരിച്ചുതന്നെ. തൊഴിലാളികളുടെ വ്യക്തിത്വം നഷ്ടപ്പെട്ടു് അവർ വെറും നമ്പറുകളായിത്തീൎന്നു എന്നു ചുരുക്കം.

എട്ടു മണിക്കൂർ വീതമുള്ള ഓരോ ഷിഫ്റ്റു്, ഓരോ ഷിഫ്റ്റിലും പത്തു മിനിററിന്റെ ഇടവേള—ഇതായിരുന്നു പതിവു്. ഒരു പ്രവൃത്തി(Operation)ക്കു് ഒരു നിമിഷം എന്ന കണക്കിലാണു് പ്രവൃത്തിവിഭജനം നടത്തിയിരുന്നതു്.

സാമാനവിലകൾ കൂലിയേക്കാൾ വേഗത്തിൽ വൎദ്ധിച്ചതുകൊണ്ടു് അമേരിക്കയിലെയും ബ്രിട്ടനിലേയും തൊഴിലാളികളുടെ യഥാൎത്ഥവേതനം (**Real wages**) ഇടിഞ്ഞുപോയെന്നു് കണക്കുകൾ പറയുന്നു.

തൊഴിലാളിപ്രസ്ഥാനത്തിന്നകത്തെ വൈരുദ്ധ്യവും മൂൎച്ചിച്ചു—തൊഴിലാളികൾ കൂടുതൽ വിപ്ലവകാരികളാവുകയും (ബെൽജിയത്തിൽ 1902ൽ നടന്ന പൊതുപണിമുടക്കു്, റഷ്യയിൽ 1905ൽ നടന്ന വിപ്ലവം, അമേരിക്കയിൽ നടന്ന ഉഗ്രമായ സമരങ്ങൾ എന്നിവ ഉദാഹരണം) സോഷ്യൽ ഡെമോക്രസിയുടെ പരിഷ്കരണവാദികളായ നേതാക്കൾ മുമ്പെന്നത്തേക്കാളും പരസ്യമായ രീതിയിൽ ബൂൎഷ്വാസിയുടെ പക്ഷത്തു ചേരുകയും (ബൂൎഷ്വാസൎക്കാരുകളിൽ അവർ—ഫ്രാൻസിൽ ഡേവിഡ്, ഹെൎത്സ്, കാൽവർ എന്നിവരും ജൎമ്മനിയിൽ ഹിൽസെബ്രാൻഡ് —ചേൎന്നതു് ഉദാഹരണം) ചെയ്തു. മദ്ധ്യവൎത്തികൾ (**Centrists**) —"ആസ്ട്രോ മാൎക്സിസ്റ്റു"കളും കോട്സ്കിയും—ഇടതുപക്ഷബവായികൾ പറഞ്ഞു് സ്വന്തം അവസരവാദത്തെ മറച്ചുവെച്ചു. റഷ്യയിലെ സോഷ്യൽ ഡെമോക്രാററിക് പാൎട്ടി ഭിന്നിച്ചു് മെൻഷെവിക്കുകൾ, ബോൾഷെവിക്കുകൾ എന്നീ രണ്ടു വിഭാഗങ്ങൾ രൂപംകൊണ്ടു. ബഹുജനങ്ങളുടെ സമ്മൎദ്ദം സഹിക്കവയ്യാതെ, രണ്ടാം ഇൻറർനേഷണലിന്റെ ബേസിൽ കോൺഗ്ര

സ്സ് യുദ്ധത്തിന്നെതിരായ ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി ബ്രിട്ടൻ നിഷ്പക്ഷമായി നിൽക്കണമെന്നു ബ്രിട്ടീഷ് ലേബർ പാർട്ടി 1914 ആഗസ്റ്റ് 6-ാംതീയതി അഭ്യർത്ഥിച്ചു. എന്നാലും ബോൾഷെവിക്കുകളൊഴികെയുള്ള എല്ലാ തൊഴിലാളിവർഗ്ഗപ്പാർട്ടികളും ബൂർഷ്വാസിക്കു കീഴടങ്ങി.

രണ്ടാം ഇൻററ് നാഷണലിൻെറ പാപ്പരത്തം പരക്കെ ബോദ്ധ്യമായി. ഒന്നാം ലോകമഹായുദ്ധത്തിൻെറ ആരംഭത്തോടെ അതു തകർന്നടിഞ്ഞു. മിക്ക രാജ്യങ്ങളിലും അവസരവാദം പരിഞ്ഞളിഞ്ഞു ബൂർഷ്വാനയങ്ങളിൽ അലിഞ്ഞുചേർന്നിരിയ്ക്കുയാണെന്നു തദവസരത്തിൽ ലെനിൻ എഴുതുകയുണ്ടായി (Imperialism, the Highest Stage of Capitalism). അവസരവാദം കേവലം യാദൃച്ഛികമോ ഏതാനും വ്യക്തികളുടെ വഞ്ചനയുടെ ഫലമോ അല്ലെന്നും ചരിത്രപരിണാമത്തിൻെറ ഒരു ഫലമാണതെന്നും അതേ പ്രബന്ധത്തിൽ ലെനിൻ വിശദമാക്കി.

ഒന്നാം ലോകമഹായുദ്ധം ആരംഭിയ്ക്കുന്നതിനു തൊട്ടുമുമ്പ് തൊഴിലാളിവർഗ്ഗത്തിൻെറ സംഘടനാശക്തിയും സാഹോദര്യബോധവും സമരശേഷിയും സാരമായി വർദ്ധിച്ചിരുന്നു. യുദ്ധം പൊട്ടിയപ്പോൾ ലോക സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിലെ പരിഷ്ക്കരണവാദികളുടെ വഞ്ചന വളരെ വളരെ വ്യക്തമായി. അതേസമയം യഥാർത്ഥവിപ്ലവകാരികളുടെ സമരവും ഊർജ്ജിതപ്പെട്ടു. ലെനിൻെറയും ബോൾഷെവിക്കുകളുടെയും നേതൃത്വത്തിൽ അവർ സാമ്രാജ്യത്വത്തിന്നെതിരായ വർഗ്ഗസമരത്തിൽ നിർണ്ണായകമായ ഒരു വിജയം കൈവരിച്ചു.

### മൂന്നാമദ്ധ്യായം

# മുതലാളിത്തത്തിൻെറ പൊതുകുഴപ്പം—
## ഒന്നാംഘട്ടം

മുതലാളിത്തത്തിൻെറ അനിവാര്യമായ വിനാശത്തിന്ന് ഹേതുകമായി അതിൽ ഒളിഞ്ഞുകിടന്നിരുന്ന മാരകശക്തികളെ ബലപ്പെടുത്തിയതു് തീകച്ചും നൂതനമായൊരു സംഭവവികാസമായിരുന്നു, ലോകത്തിലെ ആദ്യത്തെ സോഷ്യലിസ്റ്റ് സ്റ്റേററിൻെറ ആവിർഭാവം. ബൂഷ്വാസിയുടെ സവ്വാധിപത്യത്തെ തകക്കുകയെന്നതു് അത്യാവശ്യം മാത്രമല്ല സാധ്യവുമാണു് എന്നു് അതോടെ പ്രകടമായി. തൊഴിലാളിവർഗ്ഗത്തിൻെറ ലക്ഷ്യം—സോഷ്യലിസ്റ്റ്വ്യവസ്ഥിതിയുടെ സ്ഥാപനം—അവ്യക്തവും വിദൂരവുമായ ഭാവിയിൽമാത്രം സാധിക്കാവുന്ന ഒന്നല്ലെന്നും ഒരൊററ തലമുറയ്ക്കുകംതന്നെ അതു സാധ്യമാണെന്നും ഉല്പാദനശക്തികളെപ്പിടിച്ചെടുത്തു് ബൂഷ്വാസിയുടെ സഹായംകൂടാതെതന്നെ ഉപയോഗിക്കാൻ തൊഴിലാളിവർഗ്ഗത്തിന്നു കഴിയുമെന്നും എന്നാൽ ബൂഷ്വാസിക്കു തൊഴിലാളിവർഗ്ഗത്തിൻെറ സഹായംകൂടാതെ ഒരു വർഗ്ഗമെന്ന നിലക്കു് ജീവിക്കാനാവില്ലെന്നും അതോടെ വ്യക്തമായി.

എല്ലാ രാജ്യങ്ങളിലേയും തൊഴിലാളിവർഗ്ഗത്തിൻെറ നല്ലൊരു വിഭാഗം ഒക്ടോബർ വിപ്ലവത്തിൻെറ പ്രാധാന്യം നല്ലപോലെ മനസ്സിലാക്കി. മുതലാളിത്തലോകത്തിലുടനീളം സാമ്പത്തികവും രാഷ്ട്രീയവുമായ അനേകം പണിമുടക്കുകൾ അല

യടിച്ചു. കമ്മ്യൂണിസ്റ്റ്പാർട്ടികൾ രൂപംകൊണ്ടു. ഒന്നാം ലോകമഹായുദ്ധത്തിൽ തോററുപോയ രാജ്യങ്ങളിൽ വിശേഷിച്ച് കുഴപ്പം വല്ലാതെ മൂർച്ഛിച്ചു. ബൂഷ്വാസിയെ തൂത്തെറിഞ്ഞു്, കുറച്ചു കാലത്തേക്കെങ്കിലും തൊഴിലാളിവർഗ്ഗസർവ്വാധിപത്യം നടപ്പാക്കാൻ ചിലേടത്തു (ബവേറിയ, ഹംഗറി) കഴിഞ്ഞു

ജന്മിമാരുടെ പക്കൽനിന്നു ഭൂമിയെല്ലാം പിടിച്ചെടുത്തു് അദ്ധ്വാനിക്കുന്ന കൃഷിക്കരെ ഏല്പിച്ചുകൊടുത്ത ഒരു രാജ്യം ഭൂമുഖത്തുണ്ടെന്ന വാർത്ത ലോകത്തെങ്ങുമുള്ള കർഷകരുടെ ഇടയിലും ക്രമേണ പ്രചരിച്ചു. കൃഷികജനതയുടെ പിന്തുണ ബൂഷ്വാസിക്കു നഷ്ടപ്പെടാനും കൃഷികർ തൊഴിലാളിവർഗ്ഗവുമായി സഖ്യമുണ്ടാക്കാനുമുള്ള സാദ്ധ്യത ഉളവായി. അന്നോളം മുതലാളിവർഗ്ഗത്തിൻെറ 'റിസർവ്വ്പട്ടാള'മായി നിന്ന കൃഷിക്കാർ ആ ചേരിയിൽനിന്നു വിട്ടുതുടങ്ങി.

റഷ്യയിലെ സോഷ്യലിസ്റ്റ്വിപ്ലവം സാറിസ്റ്റ് കോളണികളിലെ ജനങ്ങൾക്കു്, സ്വാതന്ത്ര്യവും സമത്വവും ചുരുങ്ങിയ കാലംകൊണ്ടു് ജീവിതനിലവാരമുയർത്താനും സംസ്കാരം വികസിപ്പിക്കാനുമുള്ള അവസരവും നൽകിയിട്ടുണ്ടെന്നു കോളണികളിലെ ജനങ്ങളും ക്രമേണ അറിഞ്ഞുവശായി. ലോകജനതയുടെ സാമ്രാജ്യത്വവിരുദ്ധസമരത്തിന്നു ഒക്ടോബർ വിപ്ലവം പുതിയൊരു ഉത്തേജനം നൽകി.

മാർക്സിസത്തിൻെറ ആശയങ്ങൾ എത്രമാത്രം ശരിയാണെന്നു തെളിയിക്കുന്ന ഒരു സംഭവമായിരുന്നു ഒക്ടോബർവിപ്ലവം. ആ ആശയങ്ങൾ അതിശീഘ്രം എല്ലാ നാടുകളിലും പ്രചരിച്ചു. പരിഷ്ക്കരണവാദികൾ വികൃതപ്പെടുത്തിയ "പരിണാമവാദാത്മക"മാർക്സിസമായിരുന്നില്ല അതു്. പുതിയ അനുഭവങ്ങൾക്കൊണ്ടു് ലെനിൻ സമ്പന്നമാക്കിയതും ആധുനികലോകത്തിൽ മാർക്സിസം—ലെനിനിസമായി രൂപപ്പെട്ടിട്ടുള്ളതുമായ യഥാർത്ഥ മാർക്സിസമായിരുന്നു. മുതലാളിത്തത്തെ സംബന്ധിച്ചിടത്തോളം

യഥാൎത്ഥമായൊരു ഭീഷണിയായിരുന്നു യഥാൎത്ഥമാർക്സിസത്തിന്റെ പ്രചാരം. തൊഴിലാളിവർഗ്ഗത്തെ ബൂഷ്വാ (പരിഷ്ക്കരണവാദപരമായ) ആശയസംഹിതകൊണ്ടു സ്വാധീനിക്കാതെ, ഒരു ന്യൂനപക്ഷമായ ബൂഷ്വാസിക്കു സ്വന്തം ആധിപത്യം നിലനിൎത്താനാവില്ല. പഴയ റഷ്യൻ സാമ്രാജ്യത്തിന്റെ മണ്ണിൽ ഒരു സോഷ്യലിസ്റ്റ്രാഷ്ട്രം ഉദയംകൊണ്ടതും മാർക്സിസം–ലെനിനിസത്തെ ആധാരമാക്കിക്കൊണ്ടു് കമ്മ്യൂണിസ്റ്റ്പാൎട്ടികൾ രൂപീകൃതമായതും പൊളിഞ്ഞുപാളീസ്സായ രണ്ടാം ഇൻറർ നാഷനലിൽനിന്നു വേറിട്ടു് ഒരു മൂന്നാം ഇൻറർ നാഷനൽ സ്ഥാപിതമായതും—എല്ലാം ചേൎന്നപ്പോൾ മുതലാളിത്തത്തിന്റെ അവസാനത്തിന്റെ ആരംഭമായി.

ലോകത്തിലെ മുഴുവൻ തൊഴിലാളിവൎഗ്ഗം—വിശേഷിച്ചു്, യുദ്ധത്തിൽ തോററുപോയതുകൊണ്ടു്, അധികാരത്തെ അരക്കിട്ടുറപ്പിച്ചുനിൎത്തുന്ന പട്ടാളവും മററും ദുൎബ്ബലമായിത്തീൎന്ന രാജ്യങ്ങളിലെ തൊഴിലാളിവൎഗ്ഗം—റഷ്യൻ തൊഴിലാളിവൎഗ്ഗത്തിന്റെ മാതൃക സ്വീകരിച്ചാൽ അതു വലിയ ആപത്താകുമെന്നു ബൂഷ്വാസിക്കു മനസ്സിലായി. മുതലാളിത്തത്തെ ഭദ്രമാക്കുന്നതിനുവേണ്ടി ബൂഷ്വാസി തങ്ങളുടെ പക്കലുള്ള എല്ലാ ശക്തികളേയും സമാഹരിച്ചു. സായുധമായി ഇടപെടുകയും റഷ്യയിലെ പ്രതിവിപ്ലവശക്തികളെ സൎവ്വവിധത്തിലും സഹായിയ്ക്കുകയും ചെയ്തെങ്കിലും അവിടത്തെ തൊഴിലാളിവൎഗ്ഗസൎവ്വാധിപത്യത്തെ തകൎക്കാൻ അവൎക്കു കഴിഞ്ഞില്ല. സോവിയററു് റിപ്പബ്ളിക്കിലെ തൊഴിലാളികളും കൃഷിക്കാരും, എല്ലാ വിധത്തിലുമുള്ള കഷ്ടപ്പാടുകളും സഹിച്ചുകൊണ്ടു്, കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ നേതൃത്വത്തിൽ ഉറച്ചുനിന്നു പൊരുതുകയും ഒക്ടോബർ വിപ്ലവത്തേയും അതിന്റെ നേട്ടങ്ങളേയും സംരക്ഷിക്കുകയുംചെയ്തു. എന്നാൽ ഹംഗറിയിലേയും ബവേറിയയിലേയും തൊഴിലാളിഭരണകൂടങ്ങളെ അട്ടിമറിയ്ക്കാൻ ബൂഷ്വാസിക്കു കഴിഞ്ഞു. യുദ്ധാനന്തരമുണ്ടായ വിപ്ലവ

കരമായ കുഴപ്പത്തെ അവർ ഏതാനും കൊല്ലംകൊണ്ടു് നിർമ്മാർജ്ജനംചെയ്തു.

ബൂർഷ്വാസി ഇതെങ്ങനെ സാധിച്ചു? ജർമ്മനിയുടെമാത്രം ചരിത്രം നോക്കിയാൽ മതി, ഇതു നല്ലപോലെ മനസ്സിലാകും. ബൂർഷ്വാസി അവലംബിച്ച തന്ത്രത്തിന്റെ രത്നച്ചുരുക്കമിതാണ്—രാഷ്ട്രീയബോധം താരതമ്യേന കുറഞ്ഞ തൊഴിലാളി വിഭാഗങ്ങളെ, ചില ചില സൌജന്യങ്ങൾ നൽകി, വിപ്ലവകാരിയായ മുന്നണിപ്പടയിൽനിന്നു വേർപ്പെടുത്തുക, തൽഫലമായിക്കിട്ടുന്ന സമയംകൊണ്ടു് മർദ്ദനവിധാനങ്ങളെ ബലപ്പെടുത്തുക. ഇതിന്നു ജർമ്മൻ ബൂർഷ്വാസി കരുവാക്കിയതു് വലതുപക്ഷക്കാരായ സോഷ്യൽ ഡെമോക്രാററുകളെ—എബെർട്ട്, നോസ്കേ, ഷീഡ്മൻ തുടങ്ങിയവരെ—ആണു്. ഭരണമപ്പടി അവകേൾപ്പിച്ചുകൊടുത്തു ബൂർഷ്വാസി. എട്ടു മണിക്കൂർ ജോലി, രഹസ്യബാലറേറാടുകൂടിയ പ്രായപൂർത്തി വോട്ടവകാശം, സംഘടിയ്ക്കാനും പത്രങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യം തുടങ്ങിയ കുറെ ആവശ്യങ്ങൾ തൊഴിലാളിവർഗ്ഗം കുറേകാലമായി ഉന്നയിച്ചിരുന്നല്ലോ, അവ ബൂർഷ്വാസി അനുവദിച്ചുകൊടുത്തു. "സമൂഹവൽക്കരണ"(**Socialization**)ത്തിന്നുള്ള മാർഗ്ഗങ്ങളാരായാൻ, വഞ്ചകനായ കോട്സ്കിയുടെ നേതൃത്വത്തിൽ അവർ ഒരു കമ്മീഷനെ നിയമിച്ചു. തൊഴിലാളികളുടെ കൂലി വർദ്ധിപ്പിച്ചു. ഇങ്ങനെയുള്ള നടപടികൾകൊണ്ടു തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവധൈര്യത്തെ ക്ഷീണിപ്പിയ്ക്കുകയും വിപ്ലവകാരികളുടെ മുന്നണിപ്പടയിൽനിന്നു് അവരെ വേർപെടുത്തി. വലതുപക്ഷ സോഷ്യലിസ്റ്റ്നേതാക്കൾ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തെ ഭിന്നിപ്പിച്ചു. കൈസറുടെ പട്ടാളത്തിലെ പഴയ ഓഫീസർമാരെയെല്ലാം വിളിച്ചുകൂട്ടി ബൂർഷ്വാസി ജനമർദ്ദനത്തിനു് പുതിയ ഏർപ്പാടുകൾ സജ്ജീകരിച്ചു. മൂന്നും നാലും കൊല്ലം നീണ്ടുനിന്ന ഒരു സമരത്തിന്നിടയ്ക്കു് വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗത്തെ നശിപ്പിക്കുകയുംചെയ്തു. സമരപരിചയം കഷ്ടിയായിരുന്ന അ

വിടത്തെ പുതിയ കമ്മ്യൂണിസ്റ്റ്പാർട്ടിക്ക്. ബൂഷ്വാസിക്ക് അതു നല്ല സൌകര്യമായി. മററ രാജ്യങ്ങളിലും വിപ്ലവകരമായ കുഴപ്പങ്ങളെ ഇല്ലായ്മ ചെയ്തതു് ഇതേ തന്ത്രങ്ങൾ പ്രയോഗിച്ചാണു്.

ചില രാജ്യങ്ങളിൽ മുതലാളിത്തത്തിൻെറ ആയുസ്സ് കാൽ നൂററാണ്ടു് നീണ്ടുകിട്ടി. പക്ഷേ അതു് ഒരു പൊതുക്കുഴപ്പത്തിലാണ്ടുകഴിഞ്ഞുവെന്ന വസ്തുത അസന്നിഗ്ദ്ധമായിരുന്നു.

മുതലാളിത്തം അനശ്വരവും അചഞ്ചലവുമാണെന്ന വിശ്വാസം അമ്പേ തകർന്നു. മദ്ധ്യയൂറോപ്പിനെ "ജനാധിപത്യവല്ക്കരിച്ചിരിക്കുന്നു" എന്നു ബൂഷ്വാസിയുടെ വൈതാളികന്മാർ കൊട്ടിഘോഷിച്ചു നടന്നെങ്കിലും സാധാരണ ജനങ്ങൾക്കു് അതുകൊണ്ടു് ഒരു ചുക്കും കിട്ടിയില്ല. കുത്തകമുതലാളിത്തം മാത്രമല്ല, പഴയ ജനറൽമാരും പിന്തിരിപ്പനായ പഴയ ഭരണയന്ത്രവും പഴയ ന്യായാധിപന്മാരും, എല്ലാം എല്ലാം അതേപടി നില നിന്നു വീമാർ റിപ്പബ്ളിക്കിൽ. അവക്കു പുറമെ ബൂഷ്വാസി വലതുപക്ഷ സോഷ്യൽ ഡെമോക്രാററുകളുടെ കൂട്ടത്തിലെ അററ പിന്തിരിപ്പന്മാരേയും ഉപയോഗപ്പെടുത്തി. "ജനാധിപത്യവൽക്കരണ"ത്തിലൂടെ ഭരണം ഭദ്രമാക്കാൻ അന്നത്തെ സാഹചര്യത്തിൽ ബൂഷ്വാസിക്കു കഴിയുമായിരുന്നില്ല. പല രാജ്യങ്ങളിലും (ഹംഗറി, ഇററലി, പോളണ്ടു്, ജമ്മനി, സ്പെയിൻ തുടങ്ങിയവയിൽ) ഭരണാധികാരിവർഗ്ഗങ്ങൾക്കു് ബൂഷ്വാജനാധിപത്യം അവസാനിപ്പിച്ച് ഫാസിസ്റ്റ് സർവ്വാധിപത്യം സ്ഥാപിക്കേണ്ടതായിവന്നു.

തൊഴിലാളികളെ വഞ്ചിക്കുന്നതിനുവേണ്ടി ഫാസിസ്റ്റുകൾ, മുതലാളിത്തവ്യവസ്ഥിതിയെ പരസ്യമായി ന്യായീകരിക്കാതെ, "കോപ്പറേററ് സ്റ്റേററിനു"വേണ്ടിയെന്ന പേരിൽ കപടമായ മുതലാളിത്തവിരുദ്ധപ്രക്ഷോഭം നടത്തുകയും ജൂതവിരോധം തുടങ്ങിയ ഹീനമായ ആശയങ്ങൾ പ്രചരിപ്പിക്കുകയുംചെ

ക്കു. ബൂഷ്വാ ജനാധിപത്യമുപേക്ഷിച്ച് ഫാസിസ്റ്റ് സർവ്വാധിപത്യം സ്ഥാപിച്ചതിൽനിന്നു വ്യക്തമായി, മുതലാളിത്തവ്യവസ്ഥിതിയുടെ ഉള്ള പൊള്ളയായിക്കൊണ്ടിരിക്കുകയാണെന്നു്. ബ്രിട്ടൻ, അമേരിക്ക എന്നീ പ്രബലങ്ങളായ മുതലാളിത്തരാജ്യങ്ങളിൽപോലും ഫാസിസ്റ്റ്പ്രസ്ഥാനങ്ങളുണ്ടായിരുന്നു. ഹിററ്ലറും മുസ്സോലിനിയും അവരുടെ നാട്ടുകളിൽ തൊഴിലാളിപ്രസ്ഥാനത്തെ അടിച്ചമർത്തുകയും, സോവിയററ്യൂണിയനെതിരായി പടയൊരുക്കം നടത്തുകയും ചെയ്യുന്നതു കണ്ടപ്പോൾ വൻകിട മുതലാളിമാർ സന്തോഷംകൊണ്ടു തുള്ളിച്ചാടി.

ഒക്ടോബർ വിപ്ലവം റഷ്യയിൽമാത്രം സാധിയ്ക്കാവുന്ന ഒരുതരം വിപ്ലവമാണെന്നും അതു് സാറിസ്റ്റ് സർവ്വാധിപത്യത്തിൻെറ ഫലമാണെന്നും "റഷ്യൻ മണ്ണി"ൻെറ ചില സവിശേഷതകൾക്കുപോലും അതിൽ പങ്കുണ്ടെന്നും മററുമുള്ള "തിയറി" വിപ്ലവകാരികളായ തൊഴിലാളിവിഭാഗങ്ങൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കുന്നതിനുവേണ്ടി, മുതലാളിത്തത്തിൻെറ പ്രചാരകന്മാരും വലതുപക്ഷ സോഷ്യൽ ഡെമോക്രാററുകളും പ്രചരിപ്പിച്ചു. എന്നാൽ ഇതുകൊണ്ടൊന്നും ഒക്ടോബർ വിപ്ലവത്തിൻെറ സാർവ്വദേശീയപ്രാധാന്യത്തിനു് ഊനംതട്ടിയില്ല.

അക്കാലത്തു് പരിണമിച്ചുവന്ന രാഷ്ട്രീയവും സാമ്പത്തികവുമായ സ്ഥിതിഗതികളുടെ ഫലമായി ലോകമുതലാളിത്തത്തിനു പ്രധാനപ്പെട്ട പല മാററങ്ങളും സംഭവിച്ചു.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം മുതലാളിത്തലോകത്തിലെ ഉല്പാദനം മന്ദഗതിയിലായി.

## മുതലാളിത്തലോകത്തിലെ വ്യാവസായികോല്പാദനസൂചിക

(1901—13 = 100)

| | | | | |
|---|---|---|---|---|
| 1913 | 1920 | 1929 | 1932 | 1938 |
| 121 | 116 | 176 | 114 | 181 |

1913നും 1938നുമിടയ്ക്കുള്ള പ്രതിവർഷവികാസം മൂന്നു ശതമാനത്തിൽ കുറവായിരുന്നു; യുദ്ധാനന്തര പുനരുദ്ധാരണത്തിനുവേണ്ടി മുതലാളിത്തവിപണി വികസിച്ച പ്രഥമദശകത്തിലായിരുന്നു വികാസം മുഴുവൻ എന്നു പറഞ്ഞാൽ തെററില്ല; ഇതിൻെറ ഫലമായി സ്ഥിരംമൂലധനത്തിൽ അസാധാരണമായ അഭിവൃദ്ധിയുണ്ടായി. ഈ അഭിവൃദ്ധിദശ അവസാനിച്ചതു് അഗാധവും സുദീർഘവുമായ ഒരു അധികോല്പാദനക്കുഴപ്പത്തോടെയാണു്; അതെതുടന്നു് അഭിവൃദ്ധിയുടെ കണികപോലും കാണാതിരുന്ന ഒരു മാന്ദ്യ(**Depreciatoin**)വും സംഭവിച്ചു.

മുതലാളിത്തത്തിൻെറ പൊതുക്കുഴപ്പം മിക്ക മുതലാളിത്തരാജ്യങ്ങളിലെ കൃഷിയേയും ബാധിയ്ക്കുകയുണ്ടായി. യുദ്ധകാലത്തു് ഡിമാണ്ടു് കണ്ടമാനം വദ്ധിച്ചപ്പോഠം അത്ലാന്തിക്കിൻെറ തീരത്തു് കിടക്കുന്ന നാട്ടുകളിൽ കൃഷിഭൂമി വളരെ വികസിപ്പിക്കുകയും ധാരാളം വിളവെട്ടുക്കുകയും ചെയ്തിരുന്നു. താരതമ്യേന കൂട്ടതൽ വികാസം സംഭവിച്ച രാജ്യങ്ങളിലെല്ലാം പൊതുവെയൊരു അമിതോല്പാദനക്കുഴപ്പമുണ്ടായി. ഇതു് 1929–33ൽ വളരെ മൂച്ഛിക്കുകയുംചെയ്തു. വിത്തിറക്കുന്ന ഭൂമിയുടെ വിസ്താരം കുറക്കുന്ന കഷ്കക്കു് നഷ്ടപരിഹാരം കൊടുത്തുകൊള്ളാമെന്നു് അമേരിക്കൻ സക്കാർ പ്രഖ്യാപിച്ചു. ഫ്റാൻസിൽ ഗോതമ്പിൻെറ ഉൽപാദനവും ജപ്പാനിൽ അരിയുടെ ഉൽപാദനവും ബ്രസീലിൽ കാപ്പിയുടെ ഉൽപാദനം—അങ്ങനെ ഓരോ നാട്ടിൽ ഓരോന്നു്—വളരെ വെട്ടിക്കുറച്ചു. അൽപവികസിതരാജ്യങ്ങളിൽ കോടിക്കണക്കിന്നു ജനങ്ങഠം പട്ടിണികൊണ്ടു പൊരിഞ്ഞു കൊണ്ടിരിയ്ക്കെ, കോടിക്കണക്കിന്നു ടൺ ഭക്ഷ്യപദാത്ഥങ്ങഠം മനഃപൂവ്വം നശിപ്പിച്ചുകളഞ്ഞു. അങ്ങനെ ആഹാരസാധനങ്ങഠം നശിപ്പിച്ച മുതലാളിത്തരാജ്യങ്ങളിൽതന്നെ ജനങ്ങളിൽ നല്ലൊരു വിഭാഗം മുക്കാൽപട്ടിണിക്കാരായിരുന്നു. അന്നു തുടങ്ങിയ കുഴപ്പം ഇന്നും കാഷികരംഗത്തു് മിക്കവാറം അതേപടി നിലനിൽക്കുകയാണു്.

ഉൽപാദനവും ഡിമാണ്ടും തമ്മിലുള്ള പൊരുത്തക്കേടുകൊണ്ടുതന്നെ വ്യവസായത്തിലും ഇത്രാതിരി കുഴപ്പമുണ്ടായി. അനേകം ഫാക്ടറികൾ മുഴുവൻ ഉൽപാദനശേഷിയുമുപയോഗിക്കാതെയായി. ലക്ഷക്കണക്കിനു തൊഴിലാളികളെ പിരിച്ചുവിട്ടു. നിരുൽപാദകങ്ങളായ തൊഴിലുകളിലേർപ്പെട്ടിട്ടുള്ളവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുംചെയ്തു. ഉദാഹരണത്തിന്നു് ബ്രിട്ടനിൽ, ഉൽപാദനത്തിൽ (നിർമ്മാണം, ഖനനം, കെട്ടിടംപണി, ഗതാഗതം എന്നിവയിൽ) ഏർപ്പെട്ട തൊഴിലാളികളുടെ എണ്ണം 1928ൽ 7900000 ആയിരുന്നതു് 1933ൽ 7100000 ആയി കുറഞ്ഞു; അതേസമയം നിരുൽപാദകത്തൊഴിൽക്കാരുടെ (കച്ചവടസ്ഥാപനങ്ങൾ, ബാങ്കുകൾ, സർക്കാരാപ്പീസുകൾ, മുനിസിപ്പലാപ്പീസുകൾ എന്നിവയിൽ പണിയെടുക്കുന്നവരുടെ) എണ്ണം 2300000 ആയിരുന്നതു് 3200000 ആയി വർദ്ധിച്ചു. ലോകത്തെങ്ങും പണപ്പെരുപ്പം പടരുകയും കറൻസികൾ ഡിവാല്യൂ ചെയ്യേണ്ടിവരികയുമുണ്ടായി. മിക്ക നാടുകളുടേയും പരോപജീവിതം (**Parasitism**) വല്ലാതെ വർദ്ധിച്ചു. ബ്രിട്ടനിലേയും ഫ്രാൻസിലേയും ബജററിന്റെ പകുതിയോളം നീക്കിവെച്ചതു് ദേശീയക്കടത്തിന്റെ പലിശയ്ക്കുവേണ്ടിയാണു്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലമായി മുതലാളിത്ത രാജ്യങ്ങളുടെ രാഷ്ട്രീയബന്ധങ്ങളിലും മാററങ്ങളുണ്ടായി. ആസ്ത്രിയാ–ഹംഗറിയെ ചെറുനാടുകളായി വെട്ടിപ്പങ്കുവെച്ചു; ഒട്ടോമൻ സാമ്രാജ്യം നാമാവശേഷമായി. ജർമ്മനിക്കു കോളണികളും കടൽപ്പടയും കച്ചവടക്കപ്പലുകളിലൊരു പങ്കും നിഷിദ്ധമായി; ആൽസാസും ലോറേനും ഫ്രാൻസിന്നു കൊടുക്കുകയും റൈൻലൻറിൽ സഖ്യശക്തികൾ കയറിപ്പററുകയുംചെയ്തു. ഫ്രാൻസ് പ്രബലമായൊരു കരശക്തി (**Land power**) ആയിത്തീൎന്നു. ബ്രിട്ടനുണ്ടായിരുന്ന നേതൃസ്ഥാനം നഷ്ടമാവുകയും തൽസ്ഥാനത്തേയ്ക്കു അമേരിക്ക കയറുകയുംചെയ്തു. യുദ്ധത്തിന്റെ കെടുതികൾ യൂറോപ്യൻ നാടുകളെ ബാധിച്ചതുപോലെ അമേ

രിക്കയെ ബാധിച്ചിരുന്നില്ല. പ്രത്യുത, അമേരിക്കയുടെ സമ്പത്തു് വദ്ധിയ്ക്കുക തന്നെ ചെയ്തു.

യുദ്ധമവസാനിച്ചപ്പോഠം അമേരിക്കയുടെ പരമ്പരാഗതമായ 'ഏകാന്തതാനയ'(Isolationist policy)ത്തിന്നു കുത്തക മുതലാളിത്തത്തിൻെറ വികസനാഭിവാഞ്ഛയുടെ മേൽ, പ്രത്യക്ഷത്തിൽ, ഒരു വിജയം സിദ്ധിച്ചു. കോൺഗ്രസ്സ് വേഴ്സെയിൽസ് സന്ധിയെ നിരാകരിക്കുകയും അമേരിക്ക ലീഗ് ഓഫ് നേഷൻസിൽ ചേരുന്നതിനെ വിലക്കുകയുംചെയ്തു. എന്നാൽ ധാരാളം മൂലധനം കയററി അയച്ചും മററ പലവിധത്തിലും വാസ്തവത്തിൽ സാമ്രാജ്യത്വനയം തുടരുകതന്നെയാണുണ്ടായതു്. ബ്രിട്ടൻേറയും അമേരിക്കയുടേയും നാവികബലം തുല്യമായിരിക്കണമെന്നു വ്യവസ്ഥചെയ്യുന്ന ഒരു ഉടമ്പടിയിൽ അമേരിക്ക ബ്രിട്ടനെക്കൊണ്ടു് 1922ൽ ഒപ്പുവെപ്പിച്ചു. അങ്ങനെയൊരു സന്ധിയുണ്ടാക്കിയില്ലെങ്കിൽ നാവികസേനാനിമ്മാണത്തിൽ മത്സരിച്ചു് ബ്രിട്ടനെ തോൽപിച്ചുകളയും എന്നു ഭീഷണിപ്പെടുത്തിയിട്ടാണു് ബ്രിട്ടനെക്കൊണ്ടു് അതിലൊപ്പു വെപ്പിച്ചതു്. കടലിൽ ബ്രിട്ടനുണ്ടായിരുന്ന സവ്വാധിപത്യത്തിൻെറ അവസാനവും അമേരിക്കൻ നേതൃത്വത്തിൻെറ ആരംഭവുമാണു് അന്നു കുറിച്ചതു്. അമേരിക്കൻ ഭൂഖണ്ഡത്തിലെ രാജ്യങ്ങളുടെ സമ്പദ്‌വ്യവസ്ഥയിൽ അമേരിക്ക കൂടുതൽ കൂടുതൽ ഇടപെടുകയും ആ രാജ്യങ്ങളെ അദ്ധകോളണികളാക്കുകയുംചെയ്തു. 1932ൽ നടന്ന ഒട്ടാവ സമ്മേളനത്തിൽവെച്ചു് ബ്രിട്ടനെക്കൊണ്ടു് പരമ്പരാഗതമായ 'സ്വതന്ത്രവാണിഭ'(Free trade) ഉപേക്ഷിപ്പിച്ചു.

മുതലാളിത്തരാജ്യങ്ങളുടെ വിദേശനയത്തിൽ സോവിയററ യൂണിയന്നെതിരായുള്ള സമരത്തിന്നു നിണ്ണായകമായൊരു സ്വാധീനശക്തി സിദ്ധിച്ചു. റാപ്പാളോ ഉടമ്പടി (1922) കണ്ടു് അമ്പരന്ന ഫ്റാൻസ്, സോവിയററയൂണിയനും ജമ്മനിക്കുമി

ടക്കു കിടക്കുന്ന രാജ്യങ്ങളെ ചേർത്തു് ഒരു "കൊച്ചുസഖ്യം" (Little entente) തട്ടിപ്പടച്ചു. ആ "കൊച്ചുസഖ്യം" ജമ്മനിക്കു ഒരു താക്കീതായിരിക്കും എന്നു കരുതിക്കൊണ്ടാണു ഫ്റാൻസ് അങ്ങനെ ചെയ്തതു്. എന്നാൽ ജമ്മനിയെ അത്രതന്നെ ഭയപ്പെട്ടിരുന്നില്ലാത്ത ആംഗ്ലോ–സാക്സൺ ശക്തികൾ, സോവിയററുയൂണിയനെതിരായി ഉപയോഗിക്കാമെന്ന ലാക്കുകണ്ടു് ജമ്മനിയെ ഒരു സൈനികശക്തിയായി പുനരവരോധിക്കാൻ ശ്രമം തുടങ്ങി. അവർ ജമ്മനിയിൽ ധാരാളം മൂലധനമിറക്കുകയും ജമ്മനിയിൽനിന്നീടാക്കാമായിരുന്ന വമ്പിച്ച നഷ്ടപരിഹാരത്തുകകൾ ഉപേക്ഷിക്കുകയുംചെയ്തു. ബ്രിട്ടനിലേയും അമേരിക്കയിലേയും പ്രതിലോമകേന്ദ്രങ്ങൾ ഫാസിസ്റ്റ്പ്രസ്ഥാനത്തെ പണംകൊണ്ടു സഹായിക്കുകയും അങ്ങനെ ഹിററ്ലറെ അധികാരത്തിലേററുകയും ചെയ്തു. ബ്രിട്ടൻ (1924ൽ, തൊഴിലാളിവർഗ്ഗത്തിൻെറ സമ്മർദ്ദത്തിന്നു വിധേയമായി സോവിയററ് യൂണിയനെ "അംഗീകരിച്ചിരുന്നെ"ങ്കിലും) ഹിററ്ലക്കു് പിന്തുണനല്കി; ബ്രിട്ടൻെറ നാവികപ്പടയുടെ മൂന്നിലൊന്നിൽകവിയാത്ത ഒരു നാവികപ്പടയുണ്ടാക്കാൻ ഹിററ്ലറെ അനുവദിക്കുന്ന ഒരു "നാവികസന്ധി"യിൽ 1935ൽ ഒപ്പുവച്ചു; ഹിററ്ലറുടെ പട്ടാളം 1936ൽ റൈൻ പ്രദേശത്തു പ്രവേശിച്ചപ്പോൾ ഫ്രാൻസിനെ സഹായിക്കാൻ വിസമ്മതിക്കുകയും ചെയ്തു. ജമ്മനിയെക്കാൾ കൂടുതൽ വെറുക്കേണ്ടതു് സോവിയററ്യൂണിയനെയാണു് എന്ന വിശ്വാസത്തിന്നു പ്രാബല്യമേറിയ ഒരു നയമാണു് ഫ്രാൻസും ക്രമേണ കൈക്കൊണ്ടതു്. ജപ്പാൻ ചൈനയുടെ നല്ലൊരു പങ്കു വിഴുങ്ങിയപ്പോഴോ ഇററലി അബിസ്സീനിയ പിടിച്ചെടുത്തപ്പോഴോ പാശ്ചാത്യശക്തികളും ലീഗ് ഓഫ് നേഷൺസും കൈയ്യുംകെട്ടി ഇരുന്നതേയുള്ളു. ബ്രിട്ടനും ഫ്റാൻസും ജമ്മനിയിലെയും ഇററലിയിലെയും ഫാസിസ്റ്റ്സക്കാരുകളെ, തങ്ങളുടെ "ഇടപെടാതിരിയ്ക്കൽനയം"കൊണ്ടു്, സഹായിക്കുകതന്നെ ചെയ്തു. അങ്ങനെ അവർ മ്യൂണിക്ക്നയത്തിന്നുള്ള വഴിയൊരുക്കി.

രണ്ടാം ലോകമഹായുദ്ധത്തിൻെറ നാന്ദിയായി ഹിററ്ലർ ആസ്ത്രീയയേയും ചെക്കോസ്ലോവാക്യയേയും ഡാൻസിഗ്ഗിനേയും ബലാൽ കൈവശപ്പെടുത്തിയതിന്നെ അംഗീകരിച്ചുകൊടുക്കാൻ അവർ സന്നദ്ധരായി എന്നത്ഥം.

കോളണികളെ പുനവ്വിതരണം ചെയ്യുന്നതിനുവേണ്ടിയായിരുന്നു ഒന്നാം ലോകമഹായുദ്ധം. ആ യുദ്ധം കഴിഞ്ഞപ്പോരം, ജമ്മനിയുടെ കോളണികളെ, ലീഗ് ഓഫ് നേഷൻസിൻെറ 'മാൻഡേററ്' എന്ന തട്ടിപ്പുവഴിയായി, ബ്രിട്ടനും ഫ്റാൻസും പങ്കിട്ടെടുത്തു. പഴയ ആ ഓട്ടോമൻ സാമ്രാജ്യത്തേയും (അതിൽനിന്നു് തുക്കിയെമാത്രം ഒഴിച്ചുനിത്തി) ബ്രിട്ടനും ഫ്റാൻസും കൈവശപ്പെടുത്തി. കൊളോണിയൽ വ്യവസ്ഥ പുതിയ ഭൂഭാഗങ്ങളിലേയ്ക്കു വ്യാപിച്ചെങ്കിലും (ഇററലി 1935ൽ അബിസിനിയയെ പിടിച്ചെടുത്തു; ജപ്പാൻ മഞ്ചൂറിയയേയും വടക്കൻ ചൈനയേയും കിഴക്കൻ ചൈനയേയും പിടിച്ചെടുത്തു) മുതലാളിത്തത്തിൻെറ പൊതുക്കുഴപ്പം കാരണം ആ വ്യവസ്ഥിതിയുടെ ആന്തരികശക്തി ക്ഷീണിയ്ക്കുകതന്നെ ചെയ്തു. അടിമത്തത്തിന്നെതിരായി കോളണികളിലെ ജനങ്ങരം നടത്തിയ സമരങ്ങരം ഭാഗികമായെങ്കിലും വിജയിച്ചു. തുക്കികരം, കെമാൽപാഷയുടെ നേതൃത്വത്തിൽ. ഇററലിക്കാരും ഗ്രീക്കുകാരുമായ കൈയേററക്കാരെ സ്വന്തം മാതൃഭൂമിയിൽനിന്നു ചവുട്ടിപ്പുറത്താക്കി. ബ്രിട്ടൻെറ സൈനികവും രാഷ്ട്രീയവുമായ നിയന്ത്രണത്തിലമന്നുപോയ പേഴ്സ്യ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഒരു അദ്ധകോളണിയായിത്തീന്നിരുന്നു; 1925ൽ പേഴ്സ്യ ബ്രിട്ടീഷ് ഭരണത്തിൽനിന്നു സ്വയം വിമോചിപ്പിച്ചു, എണ്ണപ്പാടങ്ങരം ബ്രിട്ടൻെറ കൈവശംതന്നെയായിരുന്നെങ്കിലും.

അറബിരാജ്യങ്ങളിൽ ബ്രിട്ടീഷ് സാമ്രാജ്യാധിപത്യം സ്ഥാപിച്ചതാണ് ആ കാലഘട്ടത്തിൽ നടന്ന ഏററവും പ്രധാനമായ വെട്ടിപ്പിടുത്തം. തുക്കികളോട് അറബിജനതയ്ക്കുണ്ടായിരുന്ന ന്യായമായ അമഷത്തെ ചൂഷണംചെയ്താണ് ബ്രിട്ടൻ അതു സാ

ധിച്ചതു്. ഒന്നാം മഹായുദ്ധകാലത്തു് തുൎക്കിഭരണത്തിൽനിന്നു സ്വാതന്ത്ര്യം നേടിക്കൊടുക്കാമെന്നു കൎണ്ണൽ ലോറൻസ് മുഖേന ബ്രിട്ടൻ അറബികളോടു വാഗ്ദാനംചെയ്തു. എന്നല്ല, അറബികൾക്കു ആയുധങ്ങൾ നല്കുകയും അവരെ തുൎക്കിഭരണത്തിനെതിരായി സംഘടിപ്പിക്കുകയുംചെയ്തു. ഡാർഡനൻസ് പിടിച്ചെടുക്കാൻ ചൎച്ചിൽ നടത്തിയ ശ്രമം പരാജയപ്പെട്ടതിന്നുശേഷം ഈ ശ്രമങ്ങൾ വിശേഷിച്ചു് ഊൎജ്ജിതമാക്കുകയുണ്ടായി.

യുദ്ധം അവസാനിച്ചപ്പോൾ, ബ്രിട്ടൻ എന്തു ചെയ്തുവെന്നോ? നേരത്തെ വാക്കു കൊടുത്തിരുന്നതുപോലെ അറബികൾക്കു സ്വാതന്ത്ര്യം നല്കുകയല്ല ചെയ്തതു്. അറബിജനതയുടെ ഭൂമിയെ പിടിച്ചെടുക്കുകയും സിറിയയുടേയും ലെബനോണിൻേറയും ഓരോ പങ്കു് ഫ്റാൻസിന്നു കൊടുക്കുകയുംചെയ്തു അങ്ങനെ ബ്രിട്ടൻ അറബിജനതയെ ഭയങ്കരമായി വഞ്ചിച്ചുകളഞ്ഞു. ഇതിന്നുംപുറമേ, യഹൂദൎക്കൊരു കിടപ്പാടമുണ്ടാക്കിക്കൊടുക്കുകയാണെന്നു പറഞ്ഞു് ബ്രിട്ടൻ പലസ്തീൻ കൈവശപ്പെടുത്തുകയും അവിടെ ഒരു പട്ടാളത്താവളമേൎപ്പെടുത്തുകയുംചെയ്തു. ഒന്നാം ലോകയുദ്ധം കഴിഞ്ഞ സന്ദൎഭത്തിൽ ഇതെല്ലാം ചെയ്തതു് 'മാൻഡേററി'ൻെറ മറപിടിച്ചാണു്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ബ്രിട്ടൻ അവിടെ ഇസ്രായേൽ എന്നൊരു റിപ്പബ്ലിക്കുതന്നെ പടച്ചുണ്ടാക്കി. ഇതിൻെറയെല്ലാം ആകപ്പാടെയുള്ള ഫലം പത്തു ലക്ഷത്തോളം അറബികൾ അശരണരായി എന്നതാണു്; അവർ അഭയാൎത്ഥിത്താവളങ്ങളിൽ നരകിച്ചുകഴിയുകയാണു്. ബ്രിട്ടീഷ്-അമേരിക്കൻ സാമ്രാജ്യത്വത്തിൻെറ കിങ്കരന്മാരോടു് അറബിജനതയ്ക്കു തോന്നുന്ന അമർഷം നമുക്കു മനസ്സിലാക്കാവുന്ന ഒരു മാനുഷികവികാരമാണു്. 1956ൽ ബ്രിട്ടനും ഫ്റാൻസും കൂടി ഈജിപ്റ്റിൻെറമേൽ ചാടിവീണപ്പോൾ ഇസ്രായേൽ അതിൻെറ തനിനിറം വെളിപ്പെടുത്തുകയും ചെയ്തല്ലോ.

ജയിച്ച രാഷ്ട്രങ്ങൾക്കു ദുർബലരാഷ്ട്രങ്ങളോടുണ്ടായിരുന്ന യഥാൎത്ഥമനോഭാവം പാരീസ് സമാധാനസമ്മേളനം

(1919-20) വ്യക്തമാക്കുകയുണ്ടായി. ചൈന യുദ്ധത്തിൽ പങ്കെടുത്തില്ല എന്ന ഞായംപറഞ്ഞു് ജപ്പാന്നെതിരായി ചൈന സംഘടിപ്പിച്ച ആവലാതിയെ പരിഗണിയ്ക്കാൻപോലും അവർ കൂട്ടാക്കിയില്ല.

സോവിയററു് റിപ്പബ്ലിക്കിലെ സാറിസ്റ്റു്കോളണികളുടെ ഉച്ചാടനത്തിൽനിന്നു പ്രചോദനമുൾക്കൊണ്ടു കൊളോണിയൽ ജനതകൾ സാമ്രാജ്യത്വത്തിന്നെതിരായ സമരം പൂർവ്വാധികം ഊർജ്ജിതമാക്കി. മൊറോക്കോവിലും മഡഗാസ്കറിലും ഈജിപ്തിലും കലാപങ്ങളുണ്ടായി. ഇറാക്കിലെ ജനങ്ങൾ ബ്രിട്ടീഷുകാർക്കെതിരായി സമരംനടത്തുകയും 1920ൽ രണ്ടായിരത്തോളം ബ്രിട്ടീഷ് പട്ടാളക്കാരെ കൊന്നുകളയുകയുംചെയ്തു. 1919ൽ അമൃതസരസ്സിൽ ബ്രിട്ടൻ നടത്തിയ കൂട്ടക്കൊലയെത്തുടൎന്നു്, ഇന്ത്യയിലെ സ്വാതന്ത്ര്യസമരം വളരെ ശക്തിപ്പെട്ടു. കൊളോണിയൽ വ്യവസ്ഥിതിയെ ആകെ ശ്രദ്ധിയ്ക്കാൻ സന്നദ്ധമായിക്കൊണ്ടിരുന്ന കുഴപ്പത്തിന്റെ മുന്നോടികളായിരുന്നു ഇതെല്ലാം.

ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞപ്പോളുണ്ടായ വിപ്ലവകരമായ കുഴപ്പത്തിന്റെ ഫലമായി മുതലാളിത്തരാജ്യങ്ങളിലെ പണിമുടക്കുപ്രസ്ഥാനവും ശക്തിപ്പെട്ടു. ജമ്മനിയിൽ, 1920ൽ സാമ്പത്തികവും രാഷ്ട്രീയവുമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ടു നടത്തിയ പണിമുടക്കുകളിൽ എഴുപതു ലക്ഷം തൊഴിലാളികൾ പങ്കെടുത്തു. 1918 മുതൽ 1921വരെ ബ്രിട്ടനിൽ പ്രതിവൎഷം ശരാശരി ഇരുപതു ലക്ഷം പേർ പണിമുടക്കി. ഫ്രാൻസിലും ഇററലിയിലും അമേരിക്കയിലും അതുപോലെ പടുകൂററൻ പണിമുടക്കുകൾ നടന്നു.

ഈ സമരങ്ങൾക്കിടയിൽ ട്രേഡ്യൂണിയനുകളുടെ അംഗസംഖ്യയും വളരെ വൎദ്ധിച്ചു. ട്രേഡ്യൂണിയൻ അംഗസംഖ്യയെ സംബന്ധിച്ചു് ലീഗ് ഓഫ് നേഷൺസിന്റെ ഇൻറർനാഷണൽ ലേബർ ബ്യൂറോ താഴെ ചേൎക്കുന്ന കണക്കുകൾ (എല്ലാം പത്തു ലക്ഷക്കണക്കിൽ) പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

| | ജൎമ്മനി | ബ്രിട്ടൻ | അമേരിക്ക | ഫ്രാൻസ് | ഇററലി | മുതലാളിത്തലോകം |
|---|---|---|---|---|---|---|
| 1912 | 3.7 | 3.3 | 2.5 | 1.0 | 1.0 | 13.9 |
| 1920 | 13.0 | 8.0 | 5.2 | 2.5 | 3.1 | 43.0 |

വിപ്ലവകരമായ കുഴപ്പത്തിൻെറ കാലത്തു് തൊഴിലാളികളെ ശാന്തരാക്കുന്നതിനുവേണ്ടി നൽകിയിരുന്ന മിക്ക ആനുകൂല്യങ്ങളേയും തങ്ങളുടെ നില തൽക്കാലത്തേയ്ക്കെങ്കിലും ഭദ്രമായ ഒരു ഘട്ടത്തിൽ മുതലാളിവൎഗ്ഗം നിഷേധിച്ചുകളഞ്ഞു. ഉല്പാദനത്തെ "റാഷനലൈസ്" ചെയ്തു് തൊഴിലാളികളുടെ അധ്വാനഭാരം വൎദ്ധിപ്പിച്ചു. പണപ്പെരുപ്പംകൊണ്ടു തൊഴിലാളികളുടെ കൂലിവൎദ്ധന തീരെ വിഫലമാക്കി. കറൻസി ഭദ്രമായി നിലനിന്ന നാട്ടുകളിൽ മുതലാളിവൎഗ്ഗം കൂലി വെട്ടിക്കുറക്കുകതന്നെ ചെയ്തു. 1924 ജൂൺ 24-ാംതീയതി ബ്രിട്ടനിലെ ധനകാൎയ്യമന്ത്രി പാർലമെണ്ടിൽ ചില കണക്കുകറം സമൎപ്പിച്ചതിൻെറ ഒരു ചുരുക്കം താഴെ ചേൎക്കുന്നു:

| | മുതലാളിമാരുടേയും മററും ലാഭവും വരുമാനവും | തൊഴിലാളികളുടെ കൂലി |
|---|---|---|
| 1920—21 | 1271 മില്യൺ പവൻ | 945 മില്യൺ പവൻ |
| 1921—22 | 1394 മില്യൺ പവൻ | 520 മില്യൺ പവൻ |

ഇതിനു വ്യാഖ്യാനമേതും ആവശ്യമില്ലല്ലോ.

അമേരിക്കൻ കണക്കുകളും ഇതേ കഥയാണു് പറയുന്നതു്. ദേശീയവരുമാനത്തിൽ ചെറുകിട വരുമാനക്കാരുടെ (ജനസംഖ്യയിൽ 95 ശതമാനം) പങ്കു് 1920ൽ 77.9 ശതമാനം ആയിരുന്നതു് 1927ൽ 74 ശതമാനം ആയി കുറഞ്ഞുപോയി.

വലതുപക്ഷക്കാരായ സോഷ്യൽ ഡെമോക്രാററുകളുടേയും ട്രേഡ്യൂണിയൻ നേതാക്കളുടേയും വഞ്ചനകൊണ്ടാണു് തൊഴി

ലാളിവൎഗ്ഗത്തിനു് ഇമ്മാതിരി നഷ്ടങ്ങളുണ്ടായതു്. ആ വഞ്ചകന്മാർ തൊഴിലാളിപ്രസ്ഥാനത്തെ ഭിന്നിപ്പിയ്ക്കുകയും ബൂൎഷ്വാസിയുമായി സഹകരിക്കുകയുംചെയ്തു.

വലതുപക്ഷ സോഷ്യൽ ഡെമോക്രാററുകളുടെ തൊഴിലാളിവൎഗ്ഗപ്രവൎത്തനങ്ങൾക്കു മറെറാരു ഫലവുമുണ്ടായി—ആ പ്രവൎത്തനങ്ങൾകൊണ്ടു് അവരുടെ പൂച്ച പുറത്താവുകയും അനേകം മുതലാളിത്തരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടികൾ പിറന്നു വളരുകയുംചെയ്തു. ജൎമ്മനിയിലും ഇററാലിയിലും ഫ്റാൻസിലും ഏററവും പുരോഗമികളായ തൊഴിലാളികളുടെ ബഹുജനസംഘടനകളായി വളൎന്നു കമ്മ്യൂണിസ്റ്റ്പാർട്ടികൾ. ഫാസിസം കമ്മ്യൂണിസ്റ്റ്പാർട്ടികളെ ഒളിവിൽപോകാൻ നിൎബ്ബന്ധിച്ചെങ്കിലും, തങ്ങളുടെ ധീരോദാത്തമായ സമരത്തിൽനിന്നു അവൎക്കു വിലയേറിയ രാഷ്ട്രീയപരിചയസമ്പത്തു് സിദ്ധിച്ചു. അനേകം അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച ആ പാർട്ടികൾ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അവൎക്കു സിദ്ധിച്ച നേതൃസ്ഥാനത്തിനു സമൎഹരായിത്തീൎന്നു.

## നാലാമദ്ധ്യായം

# മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പം— രണ്ടാംഘട്ടം

മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പത്തിന്റെ രണ്ടാംഘട്ടത്തിൽ ചരിത്രപ്രധാനമായ നിരവധി സംഭവങ്ങൾ കാണാം; അവയെല്ലാം ഏവൎക്കും സുവിദിതമാണു്. ആ സംഭവങ്ങളുടെ മുഖ്യഫലം: സാമ്രാജ്യത്വം പ്രധാനമായും രാഷ്ട്രീയമേഖലയിലും പിന്നെ സാമ്പത്തികമേഖലയിലും സാരമായി ക്ഷീണിച്ചു സോഷ്യലിസം രാഷ്ട്രീയമായും സാമ്പത്തികമായും സാരമായി ശക്തിപ്പെടുകയും ഒരു ലോകസോഷ്യലിസ്റ്റ് സമുച്ചയം രൂപീകരിക്കപ്പെടുകയുംചെയ്തു. രണ്ടാം ലോകമഹായുദ്ധത്തിൽനിന്നു് സാമ്രാജ്യവാദികൾ പ്രതീക്ഷിച്ചതിന്റെ നേർവിപരീതമാണിതു്.

യൂറോപ്യൻ ഭൂഖണ്ഡത്തെ മുഴുവൻ അടക്കിവാഴുകയും യൂറൽ പർവ്വതനിരവരെയുള്ള പ്രദേശം വെട്ടിപ്പിടിക്കുകയും ചെയ്യാമെന്നായിരുന്നു ഹിററ്ലരുടേയും സാമ്രാജ്യവാദിയായ ജർമ്മൻ ബൂർഷ്വാസിയുടേയും മോഹം. "ബോൾഷെവിക്കുകളെ ഏഷ്യയിലേക്കു തള്ളിനീക്കാം" എന്നാഗ്രഹിച്ചു അവർ. ജർമ്മൻ സാമ്രാജ്യത്വത്തിന്റെ ആക്രമണത്തെ കിഴക്കോട്ടു്, സോവിയററ്യൂണിയന്റെ നേൎക്കു്, തിരിച്ചുവിടാൻവേണ്ടി പടിഞ്ഞാറൻ രാജ്യങ്ങളിലെ പിന്തിരിപ്പന്മാരായ രാജ്യതന്ത്രജ്ഞന്മാർ (ചേംബർലെയിനും മററും) കുപ്രസിദ്ധമായ ആ മ്യൂണിക്കു് കരാറുണ്ടാക്കി. അതുവഴി ജർമ്മനിയേയും സോവിയററ്യൂണിയനേയും ക്ഷീണിപ്പിക്കാം എന്നാണവരാശിച്ചതു്. 1939 സെപ്തമ്പറിൽ

യുദ്ധം പൊട്ടിയതിനുശേഷംപോലും ബ്രിട്ടനും ഫ്റാൻസും 1940 മേയ്മാസംവരെ പടിഞ്ഞാറൻ മുന്നണിയിൽ നടത്തിക്കൊണ്ടിരുന്ന യുദ്ധം വാസ്തവത്തിൽ ഒരു തരം തട്ടിപ്പായിരുന്നു. ഹിററ്ലരുടെ പട്ടാളത്തിനു മാരകമായൊരു പ്രഹരം നല്ലാൻ അവർ മെനക്കെട്ടില്ല.

യുദ്ധത്തിൽ പങ്കെടുത്ത രണ്ടു കക്ഷികളും (ഒരു വശത്ത് ജർമ്മനിയും ഇററലിയും ജപ്പാനും, മറുവശത്ത് അമേരിക്കയും ബ്രിട്ടനും ഫ്റാൻസും) പ്രതീക്ഷിച്ച വിധത്തിലൊന്നുമല്ല യുദ്ധം കലാശിച്ചതു്. സോഷ്യലിസ്റ്റ്ലോകവും മുതലാളിത്തലോകവും തമ്മിലുള്ള വൈരുദ്ധ്യത്തേക്കാൾ പ്രബലമായിരുന്നു—ഒരുപക്ഷേ ചരിത്രത്തിലവസാനമായിട്ട്—സാമ്രാജ്യത്വച്ചേരികളുടെ വൈരുദ്ധ്യങ്ങൾ, ഫ്റഞ്ചു പട്ടാളത്തിൻെറ ലജ്ജാവഹമായ പരാജയം, ബ്രിട്ടീഷ് പട്ടാളത്തിൻെറ നാണംകെട്ട പലായനം, യൂറോപ്യൻ ഭൂഖണ്ഡത്തിൻെറ പാശ്ചാത്യഭാഗം മുഴുവൻ ഹിററ്ലരുടെ ചവിട്ടടിയിലായതു്—ഇതെല്ലാം കണ്ടപ്പോൾ ആംഗ്ലോ-സാക്സൺ രാജ്യങ്ങളുടെ നേതാക്കൾ അമ്പരന്നുപോയി. ഇതെല്ലാം കഴിച്ച് ഹിററ്ലർ സോവിയററ്യൂണിയൻെറ നേരെ തിരിഞ്ഞപ്പോൾ ആ നേതാക്കൾക്ക്, സ്വന്തം നാട്ടുകളിലെ തൊഴിലാളിവർഗ്ഗങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങി, സോവിയററ്യൂണിയനുമായി രാഷ്ട്രീയവും സൈനികവുമായ സഖ്യമുണ്ടാക്കേണ്ടിവന്നു. രണ്ടാം ലോകയുദ്ധത്തിൽ സോവിയററ്യൂണിയൻെറയും അതിൻെറ സഖ്യരാഷ്ട്രങ്ങളുടേയും ലക്ഷ്യങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. ഫാസിസത്തേയും തജ്ജന്യമായ എല്ലാ ദുരിതങ്ങളേയും നിർമ്മാർജ്ജനംചെയ്യുക എന്നതായിരുന്നു സോവിയററ്യൂണിയൻെറ ലക്ഷ്യം. തങ്ങളുടെ സ്വപ്നമായ സാമ്രാജ്യവികാസത്തിന്നു് വെല്ലുവിളിയായി ഉയർന്ന ജർമ്മനിയേയും ജപ്പാനേയും പരാജയപ്പെടുത്തുകയും സോവിയററ്യൂണിയനെ ക്ഷീണിപ്പിയ്ക്കുകയും ചെയ്യുക എന്നതായിരുന്നു ബ്രിട്ടൻെറയും അമേരിക്കയുടേയും ലക്ഷ്യം.

സഖ്യം രൂപീകരിച്ചതിനുശേഷവും സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയും മുതലാളിത്തവ്യവസ്ഥിതിയും തമ്മിലുള്ള സംഘഷം തുടൻ. സോവിയററ്‌യൂണിയനെ സഹായിക്കാനോ ഹിററ്ലറെ അമ്പേ പരാജയപ്പെടുത്താനോ അല്ല ചച്ചിൽ മുഖ്യമായും പരിശ്രമിച്ചതു്; ബ്രിട്ടീഷ് സാമ്രാജ്യത്തെ നിലനിർത്താനും സോഷ്യലിസത്തിൻെറ പ്രചാരത്തിനു തടസ്സങ്ങളുണ്ടാക്കാനുമാണ് അദ്ദേഹം ശ്രദ്ധിച്ചതു്. അതുകൊണ്ടാണ് രണ്ടാം യുദ്ധമുന്നണി തുറക്കാൻ വൈകിച്ചതു്. യൂറോപ്പിനെയൊട്ടാകെ സോവിയററ്‌യൂണിയൻ ഒററയ്ക്കുതന്നെ വിമോചിപ്പിക്കും എന്നു കണ്ടപ്പോളെ അതു തുറന്നുള്ളു. അന്നു് രണ്ടാം യുദ്ധനിര തുറക്കുന്നതൊഴിവാക്കാൻവേണ്ടി ചച്ചിൽ നടത്തിയ ഗൂഢാലോചനയുടെ വിവരങ്ങൾ ചച്ചിലിൻേറയും മാഷൽ മോണ്ട്‌ഗോമറിയുടേയും യുദ്ധകാലാനുസ്മരണങ്ങളിൽ സുലഭമാണ്.

ഫാസിസത്തിൽനിന്നു മോചിപ്പിച്ച രാജ്യങ്ങളിലെ സാമൂഹ്യഘടനയും സക്കാരും ഏതു രൂപത്തിലായിരിക്കണം എന്നതിനെച്ചൊല്ലി സോവിയററ്‌യൂണിയനും സഖ്യശക്തികൾക്കുമുണ്ടായിരുന്ന അഭിപ്രായഭിന്നത യുദ്ധം അവസാനിക്കുന്നതിനുമുമ്പുതന്നെ വെളിപ്പെട്ടു. മുതലാളിത്തസമ്പ്രദായത്തെ കോട്ടംകൂടാതെ നിലനിത്തണം എന്നായിരുന്നു സഖ്യരാഷ്ട്രങ്ങളുടെ ആഗ്രഹം. ലണ്ടനിൽചെന്നു് അഭയംപ്രാപിച്ച ബൂർഷ്വാനേതാക്കൾക്കു തിരിച്ചേൽപിച്ചുകൊടുക്കണം പോളണ്ടിനേയും ചെക്കോസ്ലോവേക്യയേയും എന്നു നിശ്ചയിച്ചുകൊണ്ടായിരുന്നു അവരുടെ നീക്കങ്ങൾ. വിമോചിതരാജ്യങ്ങളിലെ ജനങ്ങൾതന്നെ തീരുമാനിക്കട്ടെ അവക്ക് പഴയ പിന്തിരിപ്പന്മാരുടെ നേതൃത്വത്തിലുള്ള സക്കാരുകൾ വേണോ, അതോ ഫാസിസ്റ്റ്‌വിരുദ്ധസമരം നയിച്ച ധീരസേനാനികളുടെ നേതൃത്വത്തിലുള്ള സക്കാരുകൾ വേണോ എന്നു്—ഇതായിരുന്നു സോവിയററ്‌യൂണിയൻെറ നിലപാടു്. മുഖ്യമായും ഈ പ്രശ്നത്തെച്ചൊല്ലിയാണ് യുദ്ധാനന്തരഘട്ടത്തിൽ സുശക്തമായൊരു ശീതസമരം വളന്നതു്.

DISTRIBUTING LIBRARY No. ........ ........ KOTTAYAM

ഇരുഭാഗത്തേയും സാമ്രാജ്യകോയ്മകൾക്കിടയിലുണ്ടായിരുന്ന സംഘഷം യുദ്ധകാലത്തും നിലനിന്നിരുന്നു. യൂറോപ്പിൽ ഹിററ്ലരുടെ പ്രധാനസഖാവായിരുന്ന ഇററലി ഫ്രാൻസിൻെറ പതനംവരെ വാസ്തവത്തിൽ യുദ്ധത്തിൽ പങ്കെടുക്കുകയുണ്ടായില്ല. അൽബേനിയയെ വെട്ടിപ്പിടിയ്ക്കുന്നതിന്നുവേണ്ടി ഗ്രീസുമായി യുദ്ധം നടത്തിക്കൊണ്ടിരുന്നതേയുള്ളൂ. ജപ്പാനാകട്ടെ പൂവ്വേഷ്യയിൽ അമേരിക്കയ്ക്കെതിരായി "സ്വന്തമായൊരു" യുദ്ധം നടത്തുകയായിരുന്നു. "കോമിൻേറൺ വിരുദ്ധ ഉടമ്പടിയിൽ" ഒരു പങ്കാളിയായിരുന്നെങ്കിലും ജപ്പാൻ സോവിയററ യൂണിയനുമായി ഒരനാക്രമണസന്ധിയിലൊപ്പുവെക്കാൻ മടിച്ചില്ല. ജപ്പാനെ പരാജയപ്പെടുത്തുക, ഹിററ്ലറെ പരാജയപ്പെടുത്തുന്നതോടൊപ്പം ബ്രിട്ടനെ ക്ഷീണിപ്പിക്കുകയും ബ്രിട്ടീഷ് സാമ്രാജ്യത്തെ തകക്കുകയും ചെയ്യുക—ഇതെല്ലാമായിരുന്നു അമേരിക്കയുടെ ഉദ്ദേശങ്ങൾ. ഈ ഉദ്ദേശം ഉള്ളിൽവെച്ചുകൊണ്ടാണ് അമേരിക്ക ആദ്യം ബ്രിട്ടന്ന് റൊക്കം വിലയ്ക്കുമാത്രം ആയുധങ്ങൾ നൽകിയതു്. ബ്രിട്ടൻെറ സ്വണ്ണക്കലവറ ചോത്തിയെടുത്തുകൊണ്ടുപോകാനായിരുന്നു അമേരിക്കയുടെ പരിശ്രമം. ആ കലവറ മുഴുവൻ കാലിയായപ്പോഴേ 'ലെൻറ്-ലീസ്' (വായ്പ-പാട്ടം) കരാറിലേർപ്പെടാൻ അമേരിക്ക സമ്മതിച്ചുള്ളൂ. യുദ്ധം അവസാനിയ്ക്കാറായപ്പോൾ പെട്ടെന്നു്, യാതൊരു മുന്നറിയിപ്പും കൂടാതെ, ആ കരാറിൽനിന്നു പിൻവാങ്ങുകയും ചെയ്തു. ബ്രിട്ടനനുകൂലമായ പ്രത്യേക താരിപ്പുകൾ എടുത്തുകളയണം, ബ്രിട്ടീഷ് കോളനികൾക്കു സ്വാതന്ത്ര്യം നല്കണം എന്നും മററും പ്രസിഡണ്ട് റൂസ്‌വെൽട്ട് യുദ്ധകാലത്തു് നിർബ്ബന്ധിക്കുകയുണ്ടായി. അതുകേട്ടിട്ടരിശംകൊണ്ടിട്ടാണ് ചച്ചിൽ കോമൺസ്സഭയിൽ കുപ്രസിദ്ധമായ ആ പ്രസ്താവന ചെയ്തതു്: "ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ലിക്വിഡേഷനിൽ ആദ്ധ്യക്ഷംവഹിയ്ക്കാനല്ല ഞാൻ രാജാവിൻെറ പ്രഥമമന്ത്രിയായിരിയ്ക്കുന്നതു്."

ഫാസിസ്റ്റ്‌വിരുദ്ധസഖ്യത്തിലെ രണ്ടു വ്യവസ്ഥിതികൾ തമ്മിലും ഇരുഭാഗത്തേയും സാമ്രാജ്യത്വരാഷ്ട്രങ്ങൾക്കിടയിലുമുള്ള

സംഘർഷങ്ങൾ യുദ്ധകാലത്തും തുടൎന്നു എന്നാണു് ആകപ്പാടെ നോക്കുമ്പോൾ കാണുന്നതു്. ആ സംഘർഷങ്ങൾ കാരണം യുദ്ധത്തിന്റെ നടത്തിപ്പിൽ പലവിധത്തിലുള്ള വിഷമങ്ങളുമുണ്ടായി. സങ്കീർണ്ണമായ ഈ സ്ഥിതിവിശേഷത്തിൽ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സോവിയറ്റ്യൂണിയൻ ഗംഭീരമായ വിജയമാണു് സമ്പാദിച്ചതു്. ആളും അർത്ഥവും വൻതോതിൽ നഷ്ടപ്പെട്ടെങ്കിലും സോവിയറ്റ്യൂണിയനെ രാഷ്ട്രീയമായി ക്ഷീണിപ്പിയ്ക്കാൻ സാമ്രാജ്യവാദികൾക്കു കഴിഞ്ഞില്ല. അന്താരാഷ്ട്രീയ കാര്യങ്ങളിൽ സോവിയറ്റ്യൂണിയന്റെ സ്വാധീനം വർദ്ധിയ്ക്കുകതന്നെയാണുണ്ടായതു്. യുദ്ധാനന്തര സംഭവങ്ങളുടെ ഫലമായി ലോകശക്തികളുടെ എണ്ണം രണ്ടായി കുറഞ്ഞു—സോവിയറ്റ് യൂണിയനും അമേരിക്കയും *

*   *   *

യുദ്ധം കഴിഞ്ഞപ്പോൾ (അമേരിക്ക ഒഴികെയുള്ള) പ്രമുഖ മുതലാളിത്ത രാജ്യങ്ങൾ സാരമായി ക്ഷീണിച്ചിരുന്നു. യുദ്ധത്തിന്നുവേണ്ടി ഒരുപാടു പണം ചെലവഴിയ്ക്കേണ്ടി വന്നു, യുദ്ധംകാരണം നിരവധി നാശനഷ്ടങ്ങളുണ്ടായി, അസംസ്കൃതവസ്തുക്കളുടേയും അധ്വാനശേഷിയുടേയും ദൌർല്ലഭ്യംകൊണ്ടും യന്ത്രങ്ങൾ പഴകിപ്പോയതുകൊണ്ടും ഉല്പാദനത്തിന്റെ തോതു കുറഞ്ഞുപോയി. ഇതുകൊണ്ടെല്ലാമാണു് ആ രാഷ്ട്രങ്ങളുടെ സമ്പത്തു് ക്ഷീണിച്ചതു്. യഥാർത്ഥദേശീയസമ്പത്തിന്റെ ഈ ക്ഷയത്തെ അവർ മറച്ചു

---

* "ലോകശക്തികൾ" എന്ന ശബ്ദം ഇവിടെ ഉപയോഗിച്ചിട്ടുള്ളതു് സങ്കുചിതമായ ഒരർത്ഥത്തിലാണു്. വിപുലമായൊരർത്ഥം കൈക്കൊണ്ടാൽ, വേറേയും ചില രാജ്യങ്ങളെ ലോകശക്തികളായി എണ്ണണം—(ഉദാ: ചൈന, ഇന്ത്യ, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയവ.)

വെച്ചതു് പണസമ്പത്തിൻെറ പെരുപ്പംകൊണ്ടാണ്. മുതലാളിമാർ യുദ്ധകാലത്തു് തങ്ങളുടെ ചരക്കുകൾ സ്റ്റേററിനു വിററ് കണ്ടമാനം ലാഭമടിച്ചിരുന്നു. എന്നാൽ അങ്ങനെയുണ്ടാക്കിയ പണം മൂലധനമാക്കി മാററാൻ, അസംസ്കൃതവസ്തുക്കളുടേയും യന്ത്രങ്ങളുടേയും ഉൽപാദനശേഷിയുടേയും ദുർഭിക്ഷം കാരണം, അവർക്കു കഴിഞ്ഞില്ല. നിത്യോപയോഗസാധനങ്ങൾക്കു ക്ഷാമമായിരുന്നതുകൊണ്ടു് ആ വഴിയ്ക്കും പണം ചെലവാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു് പണം ധാരാളം കുന്നുകൂടിയിരുന്നു.

ദേശീയസമ്പത്തിൻെറ സങ്കോചം, യുദ്ധംകഴിഞ്ഞപ്പോൾ അനുഭവപ്പെട്ട വലിയ ഡിമാണ്ടു് എന്നിവ കാരണം ഉല്പാദനത്തിൽ ത്വരിതമായൊരു വികാസമുണ്ടായി. മുതലാളിത്തം മ്പോളം തൽക്കാലത്തേക്കു് ഒന്നു വിജൃംഭിയ്ക്കുകയും 1957-58വരെ അഭിവൃദ്ധിയ്ക്കു് മെച്ചപ്പെട്ട വഴിതുറക്കുകയും ചെയ്തതു് ഈ അഭിവൃദ്ധിപ്രക്രിയയ്ക്കു് ഊക്കുകൂട്ടി.

## മുതലാളിത്തലോകത്തിൽ വ്യാവസായികോല്പാദന സൂചിക (1901-13=100)

| 1937 | 1946 | 1948 | 1950 | 1952 | 1954 | 1956 | 1959 |
|---|---|---|---|---|---|---|---|
| 198 | 216 | 258 | 294 | 333 | 354 | 411 | 450. |

കുറച്ചുകാലത്തേക്കു് ഉല്പാദനാഭിവൃദ്ധിയുടെ തോതു് വർദ്ധിച്ചുതന്നെ പോയി. എന്നാൽ 1956 ആയപ്പോൾ മുതലാളിത്തത്തിൻെറ യഥാർത്ഥ സ്വഭാവം വീണ്ടും പ്രത്യക്ഷമാവുകയും അഭിവൃദ്ധിത്തോതു് മന്ദമാവുകയും ചെയ്തു.

അതേസമയം വിവിധ മുതലാളിത്തരാജ്യങ്ങളിലെ വികാസം വിവിധതോതുകളിലായിരുന്നു. വികാസത്തോതുകളുടെ അസമത്വം വ്യക്തമാക്കുന്ന ചില കണക്കുകൾ നോക്കുക:

## പ്രമുഖ മുതലാളിത്തരാജ്യങ്ങളിലെ വ്യാവസായികോല്പാദന സൂചികകൾ

(1953_100)

| കൊല്ലം | അമേരിക്ക | കനഡ | ബ്രിട്ടൻ | ഫ്രാൻസ് | പ: ജർമ്മനി | ജപ്പാൻ |
|---|---|---|---|---|---|---|
| 1937 | 46 | 43 | 80 | 78 | 78(1938) | 80 |
| 1946 | 67 | 69 | 72 | 60 | 30_35 (എന്റെ കണക്ക്) | 24 |
| 1948 | 75 | 75 | 84 | 80 | 39 | 36 |
| 1954 | 94 | 100 | 107 | 109 | 112 | 108 |
| 1957 | 110 | 120 | 115 | 144 | 146 | 167 |
| 1958 | 102 | 118 | 113 | 150 | 151 | 168 |
| 1959 | 116 | 128 | 120 | 159 | 162 | 208 |
| 1960 (താല്ക്കാലികം) | 119 | 130 | 128 | 169 | 179 | 258 |

(ഐക്യരാഷ്ട്രസഭ ശേഖരിച്ച കണക്കുകളിൽനിന്നു സമാഹരിച്ചത്)

ഈ കണക്കുകൾ തികച്ചും കൃത്യമല്ലായിരിയ്ക്കാം. എന്നാലും ഇവയിൽനിന്നു താഴെ ചേർക്കുന്ന നിഗമനങ്ങൾ കൈക്കൊള്ളാവുന്നതാണ്.

1) യുദ്ധം കഴിഞ്ഞൊാദ്യത്തെ കൊല്ലം അമേരിക്കയിലേയും കനഡയിലേയും ഉല്പാദനനിലവാരം യുദ്ധത്തിന്റെ മുമ്പത്തേതി നേക്കാൾ 50 ശതമാനം അധികമായിരുന്നു. യുദ്ധംകൊണ്ടു് ഈ രാജ്യങ്ങൾക്കു നേട്ടമാണുണ്ടായതെന്നത്ഥം. പടിഞ്ഞാറൻ യൂറോപ്പിലും ജപ്പാനിലും ഉല്പാദനനിലവാരം വളരെ താണുപോയിരുന്നു. ഇക്കൂട്ടത്തിൽത്തന്നെ ബ്രിട്ടനും ഫ്റാൻസിനുമുണ്ടായതിനേക്കാൾ നഷ്ടം അനുഭവിക്കേണ്ടിവന്നു തോററ രാഷ്ട്രങ്ങൾക്കു്. ബ്രിട്ടന്റേയും ഫ്റാൻസിന്റേയും ഉല്പാദനനിലവാരം 10-ം 24-ം ശതമാനം മാത്രമേ കുറഞ്ഞുള്ളു; എന്നാൽ പടിഞ്ഞാറൻ ജർമ്മനിയുടേതു് ഏതാണ്ടു് 50 ശതമാനവും ജപ്പാന്റേതു് 70 ശതമാനംവരേയും കുറഞ്ഞുപോയി.

2) പിന്നത്തെ വർഷങ്ങളിൽ അമേരിക്കയിലും ബ്രിട്ടനിലും അഭിവൃദ്ധിനിരക്കു് ഗണ്യമായി കുറഞ്ഞു. എന്നാൽ, ഫ്റാൻസിലും പശ്ചിമജർമ്മനിയിലും ജപ്പാനിലും അതു് സാരമായി വദ്ധിച്ചു. 1957-58ലെ സാമ്പത്തികക്കുഴപ്പം ആ വളച്ചയെ തടസ്സപ്പെടുത്തുകയോ മന്ദമാക്കുകയോ ചെയ്തു.

3) 1958 ആയപ്പോഴേയ്ക്കും പ്രമുഖ മുതലാളിത്തരാജ്യങ്ങളിലെ വ്യാവസായികോല്പാദനം യുദ്ധത്തിനുമുമ്പത്തേതിന്റെ രണ്ടരണ്ടര ഇരട്ടിയായി. ബ്രിട്ടനിൽമാത്രം അത്രയ്ക്കു വികാസമുണ്ടായില്ല — അവിടെ ഉല്പാദനം 40 ശതമാനമേ വദ്ധിച്ചുള്ളു.

തോററ രാജ്യങ്ങളുടെ സാമ്പത്തികശേഷിയെ പുനരുദ്ധരിക്കുന്നതിൽ അമേരിക്കൻമൂലധനം കാര്യമായൊരു പങ്കു വഹിച്ചിട്ടുണ്ടെന്നതു് വ്യക്തമാണു്.

തങ്ങളോടു മത്സരിച്ചിരുന്നവർ യുദ്ധംകൊണ്ടു ക്ഷീണിച്ചപ്പോൾ അമേരിക്കക്കു നല്ല കുശാലായി. ചരക്കുകളുടേയും മൂലധനത്തിന്റെ കമ്പോളത്തിൽ നല്ലൊരു പങ്കു പിടിച്ചെടുക്കാൻ അമേരിക്കക്കു കഴിഞ്ഞു. മുതലാളിത്തരാജ്യങ്ങളുടെ കയററുമതിയിൽ അമേരിക്കയുടെ പങ്കു് 1937ൽ 14 ശതമാനംമാത്രമായ

രുന്നു; എന്നാൽ 1947ൽ അതു് 33 ശതമാനമായി ഉയർന്നു. അതേസമയം അമേരിക്കയിലേക്കു് അന്യനാടുകളിൽനിന്നു ചരക്കുകൾ കടത്താതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തു. അതുകൊണ്ടു് അമേരിക്കൻ കുത്തകമേധാവികൾക്കു് ലാഭം വാരിക്കോരിയെടുക്കാനൊത്തു. അമേരിക്കൻ ദേശീയവരുമാനത്തിൽ ഇറക്കുമതികളുടെ പങ്കു നിസ്സാരമായിത്തന്നെ നിലനിന്നു. 1936ൽ 2.6 ശതമാനം ആയിരുന്നു അതു്. 1954ൽ 2.8 മാത്രമായിരുന്നു; 1956ൽ 3.1 ശതമാനം. അമേരിക്ക ഈ വാണിജ്യനയം തുടർന്നപ്പോൾ അന്യരാജ്യങ്ങൾ അമേരിക്കയിൽനിന്നുള്ള ഇറക്കുമതികൾ ഗണ്യമായി വെട്ടിച്ചുരുക്കുകയും അമേരിക്കയുമായി വാശിയേറിയ മത്സരത്തിലേർപ്പെടുകയും ചെയ്തു. അതോടെ ലോകകമ്പോളത്തിൽ അമേരിക്കയുടെ പ്രാമാണ്യം ക്ഷീണിച്ചു. അമേരിക്കയിൽനിന്നു് ആയിരക്കണക്കിനു മില്യൺ ഡോളർ പുറത്തേയ്ക്കൊഴുകാൻ തുടങ്ങി. 1946–49ൽ അമേരിക്കയുടെ അനുകൂല വ്യാപാരശിഷ്ടം 2500 മില്യൺ ഡോളറായിരുന്നതു് 1959ൽ 2400 മില്യൺ ഡോളറായി കുറഞ്ഞുപോയി. വിദേശത്തു് അമേരിക്കൻ പട്ടാളത്തെ നിലനിർത്തിയതുകൊണ്ടും അന്യനാടുകളിലേക്കു് പട്ടാളത്തെ അയച്ചുകൊടുത്തതുകൊണ്ടും കൂടിയാണു് അമേരിക്കയുടെ സ്വർണ്ണക്കലവറ ശോഷിച്ചതു്.

1960 ആയപ്പോഴേയ്ക്കും ഡോളർ ആകെ കുഴപ്പത്തിലായി. അത്രമാത്രം സ്വർണ്ണം അമേരിക്കയിൽനിന്നു ചോർന്നുപൊയ്ക്കൊണ്ടിരുന്നു. ഡോളറിനെ രക്ഷിക്കാനും വ്യാപാരശിഷ്ടം അനുകൂലമാക്കാനുംവേണ്ടി അമേരിക്കൻ സർക്കാരിനു പല നടപടികളും കൈക്കൊള്ളേണ്ടിവന്നു. സഹായംതേടിക്കൊണ്ടു് അമേരിക്കൻ ട്രഷറിസെക്രട്ടറി ബ്രിട്ടൻ, പശ്ചിമജർമ്മനി എന്നീ രാജ്യങ്ങളിലേക്കു് പായുകപോലുമുണ്ടായി. സർവ്വരാഷ്ട്ര ധനനിധി (**International Monetary Fund**) യിൽനിന്നു് അമേരിക്കക്കു് സ്വർണ്ണം വാങ്ങേണ്ടിവന്നു. എന്നിട്ടും സ്വർണ്ണം പുറത്തേയ്ക്കൊഴുകിക്കൊണ്ടിരുന്നു.

ഇതേ കാലത്തു് അല്പവികസിതരാജ്യങ്ങളിലുണ്ടായ വ്യാവസായിക വികസനം നോക്കുക രസകരമാണ്.

## വ്യാവസായികോല്പാദന സൂചിക
(1953=100)

| കൊല്ലം | ഇന്ത്യ | പാക്കിസ്ഥാൻ | മെക്സിക്കോ | അർജന്റീന | ബ്രസീൽ | ബെൽജിയൻ കോംഗോ |
|---|---|---|---|---|---|---|
| 1938 | 76 | — | 64 | 64 | 39 | 11 |
| 1948 | 87 | 84 | 83 | 105 | 69 | 40 |
| 1957 | 130 | 192 | 139 | 121 | 126 | 150 |
| 1958 | 132 | 215 | 147 | 125 | — | 140 |
| 1959 | 147 | 240 | 159 | 111 | — | — |
| 1960 (താല്ക്കാലികം) | 158 | — | 170 | 114 | — | — |

ചില അല്പവികസിതരാജ്യങ്ങളിലെ അഭിവൃദ്ധിനിരക്ക് അഭിവൃദ്ധി രാജ്യങ്ങളിലേതിനേക്കാൾ മോശമാണ് എന്നും ഇതിൽനിന്നു കാണാം. അല്പവികസിതരാജ്യങ്ങളെ "സഹായിക്കുന്നു" എന്നു സാമ്രാജ്യത്വരാഷ്ട്രങ്ങൾ പെരുമ്പറയടിക്കാറുണ്ടെങ്കിലും അവരുടെ സാമ്പത്തികാഭിവൃദ്ധി പറയത്തക്ക മെച്ചപ്പെട്ടിട്ടില്ല.

അല്പവികസിതരാജ്യങ്ങൾക്കനുകൂലമായ വിധത്തിൽ അഭിവൃദ്ധിനിരക്കിൽ സമത്വമുണ്ടായിട്ടില്ല എന്നു താഴെ ചേർക്കുന്ന കണക്കുകൾ വ്യക്തമാക്കുന്നു:

## മുതലാളിത്തലോകത്തിലെ വ്യാവസായികോല്പാദനത്തിൽ അഭിവൃദ്ധരാജ്യങ്ങളുടെ ഓഹരി

| കൊല്ലം | അമേരിക്ക | കനഡ | ബ്രിട്ടൻ | പശ്ചിമ ജർമ്മനി | ഇററലി | ജപ്പാൻ | ആകെ |
|---|---|---|---|---|---|---|---|
| 1937 | 41.4 | 2.7 | 12.5 | 9 0 (ജർമ്മനി മുഴുവൻ) | 3 0 | 4.8 | 73.4 |
| 1948 | 56.4 | 3.6 | 11 7 | 4 3 | 2.1 | 1.5 | 79.6 |
| 1957 | 48.6 | 3 5 | 8 1 | 9.9 | 3.6 | 3 0 | 76.7 |

ഇക്കണക്കിനു പോയാൽ അധികം താമസിയാതെ, യുദ്ധത്തിനു മുമ്പത്തെ സ്ഥിതിയിലേയ്ക്കുതന്നെ കാര്യങ്ങളെത്തിച്ചേരും.

യുദ്ധകാലത്തു് കാർഷികോല്പാദനമേഖലയിലും വലിയ മാററങ്ങളുണ്ടായി. അമേരിക്കയിലും കനഡയിലും കൃഷിഭൂമിയുടെ വിസ്തീർണ്ണം വളരെ വർദ്ധിച്ചു. പടിഞ്ഞാറൻ യൂറോപ്പിലാകട്ടെ കൃഷി വളരെ ശോഷിക്കുകയും ചെയ്തു.

രണ്ടു യുദ്ധങ്ങൾക്കിടയിലുണ്ടായ കാർഷികക്കുഴപ്പം തൽക്കാലത്തേക്കൊന്നു മന്ദീഭവിച്ചു. യുദ്ധംകഴിഞ്ഞിട്ടു കുറച്ചു കാലത്തേക്കു് അത്‌ലാന്തിക്കിന്നപ്പുറത്തെ രാജ്യങ്ങളിൽ കാർഷികോല്പാദനം വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. എന്നാൽ യൂറോപ്പിൽ ആവശ്യമായത്ര ഭക്ഷണം ഉല്പാദിപ്പിക്കാൻ കഴിഞ്ഞില്ല.

കാലക്രമേണ ഈ സ്ഥിതി മാറി. പടിഞ്ഞാറൻ യൂറോപ്പിലെ ധാന്യോല്പാദനം വർദ്ധിച്ചു. 1955നുശേഷം (സ്പേനൊഴികെയുള്ള) രാജ്യങ്ങളിലെ വിളവു് യുദ്ധത്തിനു മുമ്പത്തേതിനെ

അതിശയിച്ചു. അപ്പോഠം ലോകകമ്പോളത്തിൽ അമിതോല്പാദനമായി: ആഗോള ഗോതമ്പുല്പാദനത്തിൽ അമേരിക്കയുടേയും കനഡയുടേയും ഓഹരി 1945-49ൽ 42 ശതമാനമായിരുന്നതു് 1957ൽ 30 ശതമാനമായി കുറഞ്ഞു. യൂറോപ്പിനു പുറത്തെ രാജ്യങ്ങളിൽ കാഷികക്കുഴപ്പം പിന്നേയും മൂച്ഛിച്ചു. കനഡയിലും ആസ്ത്രേലിയയിലും ഉല്പാദനം യുദ്ധത്തിനു മുമ്പത്തെക്കാഠം കുറഞ്ഞുപോയി. ആസ്ത്രേലിയയിൽനിന്നിറക്കുമതിചെയ്ത ഗോതമ്പിൻെറ വില ലണ്ടനിൽ ഇടിഞ്ഞുപോയി. അതിൻെറ കണക്കുകഠ: (ടണ്ണിനു്-പവൻ)

| 1952 | 1955 | 1958 | 1959 | 1960 (ആഗസ്റ്റു്) |
|---|---|---|---|---|
| 31.3 | 26.8 | 25.3 | 24.0 | 24.2 |

(ഇതിനെ ലോകകമ്പോളത്തിലെ ശരാശരിയായി കണക്കാക്കാവുന്നതാണു്.)

കനഡയിലും ഗോതമ്പു കയററി അയയ്ക്കുന്ന മററു രാജ്യങ്ങളിലും ഇതുപോലെത്തന്നെ വിലയിടിഞ്ഞു.

അമേരിക്കയിലെ സ്ഥിതിഗതികഠക്കു സ്വന്തമായ ചില സവിശേഷതകളുണ്ടു്. ചില രാഷ്ട്രീയകാരണങ്ങഠകൊണ്ടു് മുതലാളിത്തവർഗ്ഗത്തിൽ അംഗസംഖ്യകൊണ്ടു് പ്രാമാണ്യമുള്ള കൃഷിക്കാരുടെ പിന്തുണ ദൃഢമാക്കുന്നതിനുവേണ്ടി അമേരിക്കൻ സർക്കാർ സബ്സിഡിയായി പ്രതിവർഷം 5000 മില്യൺ ഡോളർ നൽകുന്നുണ്ടു്. അതുകൊണ്ടു് അമേരിക്കയുടെ ആഭ്യന്തര വിപണിയിലെ വില ലോകവിപണിയിലേതിൽനിന്നു വളരെ വ്യത്യസ്തമാണു്. അവിടെ ഗോതമ്പിൻെറ വില വളരെ തുച്ഛമായേ കുറഞ്ഞുള്ളു. 1951ൽ ബുഷലിനു് 2.62 ഡോളറായിരുന്നതു് 1959ൽ 2.26 ഡോളറായി. ഗോതമ്പ് കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറച്ചുകൊള്ളാമെന്നേററ് അമേരിക്കൻ കർഷകർ സർക്കാരിൻെറ പക്കൽനിന്നു ധാരാളം പണം വാങ്ങുകയുണ്ടായി. എന്നിട്ടും അമിതോല്പാദനത്തിന്നെതിരായ സമരത്തിൽ അമേരി

ക്കൻ സക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. അവിടെ കാർഷി കക്കുഴപ്പത്തെ കൃത്രിമമായി മറച്ചുവെച്ചിരിക്കുകയാണെന്നു ചുരുക്കം. അമേരിയ്ക്കൻ സക്കാർ സബ്സിഡി കൊടുക്കുന്ന ഏപ്പാടു പേക്ഷിയ്ക്കുകയും അവിടെ സ്റ്റോക്കുള്ള ധാന്യം മുഴുവൻ പുറത്തിറക്കുകയും ചെയ്താൽ ലോകവ്യാപിയായൊരു കുഴപ്പംതന്നെയുണ്ടാകും —മുതലാളിത്തലോകത്തിലെ ബഹുഭൂരിപക്ഷം ജനങ്ങാം ഇന്നും ദാരിദ്ര്യത്തിൽ നരകിയ്ക്കുകയാണെങ്കിലും.

* * * *

രണ്ടാംലോകമഹായുദ്ധംകൊണ്ടു് മുതലാളിത്തരാജ്യങ്ങളുടെ നിലയിൽ ഗണ്യമായ മാററങ്ങളുണ്ടായിരിയ്ക്കുന്നു.

അത്‌ലാന്തിക സമുദ്രം മുതൽ സ്റ്റാലിൻഗ്രാഡ് (ഇപ്പോാം വോാംഗോഗ്രാഡ്) വരേയും നോർവേയുടെ വടക്കേഅററം മുതൽ വടക്കേ ആഫ്രിയ്ക്കവരെയും നീണ്ടുപരന്നു കിടന്ന ജർമ്മനി തീരെ ചുങ്ങിപ്പോയി. വെട്ടിപ്പിടിച്ച സ്ഥലങ്ങളെല്ലാം ജർമ്മനിയ്ക്കു കയ്യൊഴിയ്യേണ്ടിവന്നു. ഒരു ജർമ്മൻ ജനാധിപത്യറിപ്പബ്ലിക്ക് രൂപീകരിച്ചു. പടിഞ്ഞാറൻ ജർമ്മനിയുടെ കിഴക്കേ അതിത്തി ഇന്നു എൽബ് നദിയാണ്.

കൊറിയ മുതൽ ഇന്തോനേഷ്യവരെ അടക്കിവാണിരുന്ന ജപ്പാൻ ജപ്പാനിലേയ്ക്കുതന്നെ ചുരുണ്ടുകൂടി

ആഫ്രിക്കയിൽ കൈവശപ്പെടുത്തിയകോളണികളും യൂറോപ്പിൽതന്നെ വെട്ടിപ്പിടിച്ചിരുന്ന സ്ഥലങ്ങളും ഇററലിയ്ക്കു നഷ്ടപ്പെട്ടു.

അമേരിയ്ക്കയായി ലോകമുതലാളിത്ത ശക്തികളിൽ പ്രാമാണ്യം. മുതലാളിത്തസമുച്ചയത്തിൽ ലോകശക്തി എന്നു പറയാവുന്നതായി ഇന്നു് അമേരിക്കയേ ഉള്ളു.

മററു മുതലാളിത്തരാഷ്ട്രങ്ങളെ അപേക്ഷിച്ച് അമേരിക്കയ്ക്കുള്ള ഭയങ്കരമായ സമ്പന്നശേഷിയാണ് അമേരിക്കയുടെ പ്രാമാണ്യത്തിന്നാധാരം. അധമമായ സാമ്പത്തിക വികാസംകൊണ്ടു്

കഴിഞ്ഞ പതിനഞ്ചു് കൊല്ലത്തിന്നിടയ്ക്കു് സാമ്പത്തിക പ്രാമാണ്യത്തിന്നല്പമുടവുണ്ടായിട്ടെങ്കിലും ഇന്നും അമേരിക്കയുടെ പ്രാമാണ്യം പഴയപടിതന്നെ നില്ക്കുന്നു. പ്രമുഖങ്ങളായ സാമ്പത്തിക സൂചികകളെ താരതമ്യപ്പെടുത്തിനോക്കിയാൽ ഇതു വ്യക്തമാകും.

| | അമേരിക്ക | ബ്രിട്ടൻ, ഫ്രാൻസ്, പശ്ചിമജർമ്മനി, ഇററലി എന്നീ നാടുകൾ ആകപ്പാടെ |
|---|---|---|
| വിസ്തീർണ്ണം (000 ചതുരശ്ര കിലോമീററർ) | 7828 | 1344 |
| കൃഷിയിടങ്ങളും തോട്ടങ്ങളും (000000 ഹെക്ടേർ) | 188 | 52 |
| ജനസംഖ്യ (000000 [1959]) | 178 | 199 |
| ഉരുക്കു് (000000ടൺ [1958]) | 77 | 65 |
| വിദ്യുച്ഛക്തി (000 മില്യൺ കിലോവാട്ടു്) | 721 | 301 |
| സ്വർണ്ണശേഖരം (000 മില്യൺ ഡോളർ [1958ന്റെ അവസാനത്തിൽ]) | 21 | 8 |
| ദേശീയവരുമാനം (മില്യൺ ഡോളർ [1957]) | 364 | 142 |

ജനസംഖ്യയൊഴികെ മററെല്ലാകാര്യങ്ങളിലും മററു സാമ്രാജ്യത്വശക്തികളെ അപേക്ഷിച്ചു് അമേരിക്കയ്ക്കുള്ള മേന്മ ഈ പ

ട്ടികയിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. സാമ്പത്തികവികാസത്തിൻെറ നിലവാരങ്ങൾ തമ്മിലുള്ള അന്തരം ക്രമേണ കുറഞ്ഞേക്കാം. എന്നാലും അടുത്തകാലത്തൊന്നും അമേരിക്കയെ വെട്ടിക്കാൻ മററുള്ളവക്കു കഴിയില്ല. കാരണം: ഒന്നാമതു്, ഭൂവിസ്തൃതിയിലും ജനസംഖ്യയിലും സാരമായ മറേറമേതുമുണ്ടാവില്ല. രണ്ടാമതു്, അധ്വാനത്തിൻെറ ഉല്പാദനക്ഷമത മററു രാജ്യങ്ങളിലേതിനേക്കാൾ എത്രയോ അധികമാണ് അമേരിക്കയിൽ*

ആയുധോല്പാദനം, അണുശക്തിവികാസം, സൈനിക_സാമ്പത്തിക''സഹായം'' എന്നിവക്കുവേണ്ടി കൊല്ലംതോറം 50000 മില്യൺ ഡോളർ ചെലവഴിച്ചിട്ടാണ് അമേരിക്ക പ്രമാണിത്തം നിലനിത്തുന്നതു്. ഫ്രാൻസിനു് ഓരോ കൊല്ലവും ആകെ കിട്ടുന്ന ദേശീയ വരുമാനം 40000 മില്യൺ ഡോളർ മാത്രമാണ്. ഫ്രാൻസിനോ പടിഞ്ഞാറൻ ജമ്മനിക്കോ അമേരിക്കയോടൊപ്പമെത്താൻ കഴിയില്ലെന്നു വ്യക്തം. ബ്രിട്ടൻേറയും സ്ഥിതി അതുതന്നെയാണ്. ലോകശക്തിയെന്ന നിലയ്ക്കുള്ള പ്രാമാണ്യം നിലനിത്താൻവേണ്ടി മാത്രം അമേരിക്ക ചെലവഴിക്കുന്ന സംഖ്യയോളമേ വരുന്നുള്ള ബ്രിട്ടൻെറ ദേശീയവരുമാനം. വലിയൊരു കോമൺവെൽത്തിൻെറ നാട്ടനായകമാണ്. എന്നതുകൊണ്ടു് ബ്രിട്ടനു് വിശേഷിച്ച രാഷ്ട്രീയ പ്രാമാണ്യമൊന്നും കിട്ടുന്നില്ല.

ബ്രിട്ടൻ ഒരു രണ്ടാംകിട ശക്തിമാത്രമാണെന്നു തീകച്ചും സ്വന്തമായി ആ ''സൂയസ്സ്സാഹസ''ത്തിൻെറ കാലത്തു് ഇസ്രായേലും ഫ്രാൻസുമായി കൂട്ടുചേന്നിട്ടും ബ്രിട്ടനു് ഈജിപ്തുമായുള്ള യുദ്ധം നിറുത്തേണ്ടിവന്നു, ലോകാഭിപ്രായത്തിൻെറ എതിപ്പ്

---

*അമേരിക്കയുടെ സാമ്പത്തികസഹായം ഇയ്യിടെയായിട്ടു് വളരെ മന്ദമായിട്ടുണ്ടു്. 1954_58ൽ ശരാശരി വാഷികോല്പാദന നിരക്ക് താഴെ ചേക്കും പ്രകാരമായിരുന്നു. (1953=100)

| | | |
|---|---|---|
| അമേരിക്കയും കനഡയും | — | 102 |
| പടിഞ്ഞാറൻ യൂറോപ്പ് | — | 124 |
| ഏഷ്യ | — | 145 |

പ്രകടമാവുകയും ഈജിപ്തിനെ സഹായിയ്ക്കുമെന്നു സോവിയററു യ്യൂണിയൻ പ്രഖ്യാപിയ്ക്കുകയും ചെയ്തപ്പോഠം.

മുതലാളിത്ത രാഷ്ട്രങ്ങളുടെ സമുച്ചയത്തിൽ തങ്ങഠംക്കുള്ള പ്രാമാണ്യത്തെ അമേരിക്ക താഴെ ചേക്കുന്ന കാര്യങ്ങഠംക്കുവേണ്ടി പ്രയോജനപ്പെടുത്തിയിരിക്കുന്നു.

(1) സോഷ്യലിസ്റ്റ് ചേരിക്കെതിരായി ഒരു ശീതസമരം സംഘടിപ്പിച്ചിരിയ്ക്കുന്നു, ആ രാജ്യങ്ങളിലേക്കു ചരക്കുകഠം കയററി അയയ്ക്കുന്നതിനെ നിരോധിച്ചിരിക്കുന്നു; ചൈനീസ് ജനകീയ റിപ്പബ്ലിക്കിന് "അംഗീകാരം" നൽകാതിരിയ്ക്കുകയും ആ രാഷ്ട്രത്തെ ഐക്യരാഷ്ട്രസംഘടനയിൽനിന്നൊഴിച്ചു നിത്തുകയും ചെയ്തിരിക്കുന്നു. അന്യരാജ്യങ്ങളെക്കൊണ്ടും, അവരുടെ താല്പയ്യങ്ങഠംക്കു ഹാനികരമാണെങ്കിൽപ്പോലും, ഈ നയങ്ങഠം അനുസരിപ്പിക്കാൻ അമേരിയ്ക്കക്കു കഴിഞ്ഞിട്ടുണ്ട്.

(2) ലോകകമ്യൂണിസത്തിൻെറ ഭീഷണിയിൽനിന്നു "സ്വതന്ത്രലോക"ത്തെ രക്ഷിയ്ക്കുന്നുവെന്ന പേരിൽ സോഷ്യലിസ്റ്റ് രാജ്യങ്ങഠംക്കെതിരായി ഒരു ആഗോളയുദ്ധത്തിന്നു സന്നാഹം നടത്തുകയാണ് അമേരിക്ക. അതിനുവേണ്ടി അമേരിക്ക അനേകം സൈനികസഖ്യങ്ങഠം രൂപീകരിച്ചിരിയ്ക്കുന്നു. സോഷ്യലിസ്റ്റ് ലോകത്തിന്നു ചുററം പട്ടാളത്താവളങ്ങഠം സ്ഥാപിച്ചിരിക്കുന്നു. ഈ നയത്തിൽ പങ്കുചേരുന്നവക്ക് ആയുധങ്ങഠം ധാരാളം നൽകുന്നു. ഈ യുദ്ധസന്നാഹംകൊണ്ട് അമേരിക്കയിലെ കുത്തകമുതലാളിമാക്ക് ധാരാളം ലാഭം കിട്ടുന്നുണ്ടെന്നതും പ്രസ്താവ്യമാണ്.

സോഷ്യലിസ്റ്റ് ലോകത്തിന്നെതിരായ പ്രതികാരക്കൊതിമൂത്ത് പടിഞ്ഞാറൻജമ്മനിയെ പടക്കോപ്പണിയിയ്ക്കുക എന്നതു് അമേരിക്കൻ നയത്തിൻെറ ജീവനാഡിയാണ്.

* * * *

ലോകത്തിലൊട്ടാകെ മേൽക്കോയ്മ സ്ഥാപിയ്ക്കാൻ അമേരിക്ക നടത്തിയ ശ്രമമെല്ലാം പരാജയപ്പെട്ടിരിക്കുകയാണ്.

അമേരിക്കയുടെ നയത്തിന്നാധാരം രണ്ടു വിശ്വാസമായി രുന്നു. (1) ഏററവും പുതിയ മാരകായുധങ്ങളിൽ അമേരിക്കയ്ക്കു കുത്തകയുള്ളതുകൊണ്ടു് മൂന്നാം ലോകയുദ്ധം അമേരിക്കയുടെ മണ്ണിലേയ്ക്കെത്തില്ല. (2) ഡോളർ സർവ്വശക്തനാണ്, അതുകൊണ്ടു് ഏതൊരു നാടിനേയും വിലയ്ക്കെടുക്കാം.

ഈ രണ്ടു വിശ്വാസവും അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു കഴിഞ്ഞു. ആയുധങ്ങളെ സംബന്ധിച്ചേടത്തോളം അമേരിക്കക്കുണ്ടായിരുന്ന മേന്മയെ സോവിയററ യൂണിയൻ പൊളിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ടു്, അമേരിക്ക വിഭാവനചെയ്തുണ്ടാക്കിയ ആഗോളതന്ത്രങ്ങളെല്ലാം നിഷ്ഫലമായിരിക്കുകയാണ്. നാറേറാവിലെ കൂട്ടാളികൾപോലും നേതൃത്വത്തിൽ പങ്കുകിട്ടുന്നതിനുവേണ്ടി അമേരിക്കയുമായി മത്സരിക്കാൻ തുടങ്ങിയിരിക്കുന്നു.

ഡോളർകൊണ്ടു് രാജ്യങ്ങളെ വിലക്കെടുക്കാൻ കഴിയില്ലെന്നു വ്യക്തമായിട്ടുണ്ടു്. "ഞങ്ങൾക്കു സഹായമല്ല വാണിജ്യബന്ധമാണ് വേണ്ടതു്" എന്നു് ഒരുകാലത്തു് മാർഷൽപദ്ധതിയനുസരിച്ചു സഹായം വാങ്ങിയ രാജ്യങ്ങൾ പോലും ഇന്നു പറയുന്നുണ്ടു്. ഇതിലും പ്രധാനമായ കാര്യം, സോഷ്യലിസ്റ്റല്ലാത്ത കുറെ രാജ്യങ്ങൾ, അമേരിക്കയുടെ വിലക്കുകളെ ധിക്കരിച്ചുകൊണ്ടു്, സോഷ്യലിസ്റ്റു് രാഷ്ട്രങ്ങളുമായി വാണിജ്യബന്ധങ്ങൾ സ്ഥാപിച്ചിരിക്കുന്നു എന്നതാണ്. ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി കിടക്കുന്ന ഈ രാജ്യങ്ങളിലെ മൊത്താകെ ജനസംഖ്യ നൂറുകോടിയോളമുണ്ടു്—അതായതു് ലോകജനസംഖ്യയുടെ മൂന്നിലൊന്നു്.

* * *

## അല്പവികസിതരാജ്യങ്ങളുടെ പ്രശ്നം

മുതലാളിത്തത്തിലെ പൊതുക്കുഴപ്പത്തിൻെറ രണ്ടാംഘട്ടത്തിലുണ്ടായ ഒരു പ്രധാന സംഗതി കോളനിവ്യവസ്ഥയുടെ തകർച്ച

യാണ്. രണ്ടാംലോകമഹായുദ്ധത്തിനു മുമ്പ് നൂറുകോടിയോളം ജനങ്ങൾ കോളനിവാഴ്ചയിലമർന്നുകിടക്കുകയായിരുന്നു. 1960 ന്റെ മധ്യമായപ്പോഴേക്കും കൊളോണിയൽ ജനതയുടെ സംഖ്യ പത്തുകോടിയായി ചുരുങ്ങി.

രാഷ്ട്രീയപരമാധികാരം സിദ്ധിച്ചു എന്നതുകൊണ്ടു മാത്രം കോളനി വാഴ്ച അവസാനിച്ചു എന്നു പറയുക വയ്യ. ദക്ഷിണാഫ്രിക്കൻ റിപ്പബ്ലിക്ക് പരമാധികാരമുള്ള ഒരു രാഷ്ട്രമാണല്ലോ; എന്നാൽ അവിടെ ജീവിക്കുന്ന 10000000 ആഫ്രിക്കക്കാർ തനി കോളനിവാഴ്ചയിലാണ്. കഴിയുന്നതു്.

ജനകീയസമരങ്ങളുടെ ഫലമായാണ് കോളനികൾക്കു മോചനം ലഭിക്കുന്നതു്. സാമ്രാജ്യവാദികൾ "സ്വമേധയാ ഒഴിഞ്ഞുപോകുന്നു എന്നു പറയുന്നതിൽ യാതൊരു സത്യവുമില്ല. ലന്തക്കാർ ഇന്തോനേഷ്യയെ നാനൂറുകൊല്ലവും ബ്രിട്ടീഷുകാർ ഇന്ത്യയെ ഇരുനൂറുകൊല്ലവും കൈവശംവെച്ചുകൊണ്ടിരുന്നു? അവരെന്തേ നേരത്തേ "സ്വമേധയാ" ഒഴിഞ്ഞുപോയില്ല. കോളണികളിലെ ജനങ്ങൾ ഇനിമേൽ വിദേശഭരണം സമ്മതിക്കില്ല എന്നു ബോധ്യപ്പെട്ടത്തിക്കൊട്ടത്തപ്പോഴേ സാമ്രാജ്യവാദികൾ, സാമ്പത്തികലാഭങ്ങൾ നിലനിർത്താൻവേണ്ടി, രാഷ്ട്രീയാധികാരമുപേക്ഷിച്ചുള്ളൂ

കൊളോണിയൽ ജനങ്ങളുടെ സമരങ്ങൾ പല രൂപങ്ങളും കൈക്കൊള്ളുകയുണ്ടായി. ചിലേടത്തു് അതു തികച്ചും സമാധാനപരമായ ബഹുജനസമരമായിരുന്നു. എന്നാൽ ചിലേടത്തു് ജനങ്ങൾ ആയുധങ്ങൾ ഉപയോഗിക്കുകയും ചെയ്തു. എന്തായാലും ആ സമരങ്ങൾ സാരാംശത്തിൽ രാഷ്ട്രീയമായിരുന്നു. എന്തെന്നാൽ സാമ്രാജ്യകോയ്മകൾക്ക് കോളണി ജനങ്ങളേക്കാൾ എത്രയോ അധികം പട്ടാളക്കാരുണ്ടായിരുന്നു. സൈനിക പ്രവർത്തനംകൊണ്ടുതന്നെ സാമ്രാജ്യകോയ്മകളെ തോല്പിക്കാൻ കോളണി ജനതയ്ക്കു കഴിയുമായിരുന്നില്ല.

കോളണികളുടെ വിമോചനത്തിന്നുവേണ്ടി നടക്കുന്ന സമരങ്ങളിൽ പ്രധാന ശക്തി കൃഷ്കരും തൊഴിലാളികളുമാണ്. മററചില വർഗ്ഗങ്ങളും ആ സമരത്തിൽ ഏറെക്കുറെ സജീവമായി പങ്കെടുക്കുന്നുണ്ട്. രാഷ്ട്രീയസ്വാതന്ത്ര്യം നേടുന്ന കോളനികളിൽ പിന്നീടേതുതരം ഭരണമാണ് രൂപീകൃതമാകുന്നത് എന്ന സംഗതി ആരാണ് സമരത്തെ നയിയ്ക്കുന്നത് എന്നതിനെ ആശ്രയിച്ചിരിയ്ക്കുന്നു. . തൊഴിലാളിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ സമരം നടന്ന നാടുകളിലെല്ലാം (ചൈനയിലും വടക്കൻ വിയററ്നാമിലും) രാഷ്ട്രീയവിമോചനത്തിൻെറ പിന്നാലെ സാമ്പത്തിക വിമോചനവും നടക്കുകയുണ്ടായി. അവിടെ സ്ഥാപിതമായ സക്കാരുകൾ വിദേശമൂലധനത്തിൻെറ മേൽക്കോയ്മയെ തച്ചുടക്കുകയും നാടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങളെ തുത്തെറിയുകയും സോഷ്യലിസ്റ്റ് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. എന്നാൽ ഭരണാധികാരിവർഗ്ഗത്തിൻെറ നേതൃത്വത്തിൽ സമരം നടന്ന രാജ്യങ്ങളിലെല്ലാം (മിക്ക നാടുകളിലും അങ്ങനെയാണുണ്ടായതു്.) പുതിയ ഭരണാധികാരികൾ സാമ്രാജ്യവാദികളുമായി ഒത്തുതീപ്പുകളുണ്ടാക്കുകയും നാടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങളെ അതേപടി നിലനിത്തുകയും ചെയ്തിരിക്കുന്നു. രാഷ്ട്രീയ പരമാധികാരംകൊണ്ടുമാത്രം സാമ്രാജ്യത്വത്തിൽനിന്നുള്ള സാമ്പത്തികമോക്ഷമാകുന്നില്ല.

ഇതിനൊരുദാഹരണം ഇന്ത്യയാണ്. ഇന്ത്യ സ്വതന്ത്രയായിട്ട് പന്ത്രണ്ടുകൊല്ലത്തിന്നിടക്ക് അന്നാട്ടിലെ ബ്രിട്ടീഷ് മൂലധനനിക്ഷേപം കുറയുകയല്ല ഏറുകയാണുണ്ടായിട്ടുള്ളതു്. അതു് ഇരട്ടിയിലധികമായിരിയ്ക്കുന്നു. 1958ൽ ബ്രിട്ടീഷ് മൂലധനനിക്ഷേപം ഒട്ടാകെ 4300 മില്യൺ രൂപയോളം വന്നു—അതായതു് അവിടെ ആകെയുണ്ടായ വൈദേശിക മൂലധനനിക്ഷേപത്തിൻെറ 81 ശതമാനം. "ബ്രിട്ടീഷുകാരുടേയും ഇന്ത്യക്കാരുടേയും കമ്പനികൾ തമ്മിലുള്ള സഹകരണം, ഘനവ്യവസായങ്ങളുടെ മേഖലയിൽ മാത്രമല്ല താണനിലവാരങ്ങളിലും, വദ്ധിക്കുകയാണ്"

20860



എന്നു് "ടൈംസ്" (ലണ്ടൻ, 1959 ഡിസംബർ 22) പറയുന്നു. രാഷ്ട്രീയപരമാധികാരമുണ്ടായിട്ടും ബ്രിട്ടീഷ് സാമ്രാജ്യക്കോയ്മക്കു് ഇന്ത്യ പ്രതിവർഷം വലിയൊരു സംഖ്യ കപ്പംകൊടുക്കുന്നു എന്നാണിതിന്നർത്ഥം. ഇന്ത്യയിൽ സമൂലമായ കാർഷികപരിഷ്ക്കാരമൊന്നും നടന്നിട്ടില്ല. കൃഷകർ ഇന്നും പരമദരിദ്രരാണ്. "കാർഷികവായ്പയുടെ തൊണ്ണൂറു ശതമാനം ഇന്നും ബന്ധുക്കളിൽനിന്നും ഹുണ്ടികവ്യാപാരികളിൽനിന്നുമാണ് ലഭ്യമാകുന്നതു്" എന്നു് 'ഇക്കണോമിസ്റ്റു്' (1959 ജൂൺ 6) പറയുന്നു.

ഇന്തോനേഷ്യയിൽ, ലന്തക്കാരുടെ പ്രാമാണ്യം ഉടഞ്ഞിട്ടുണ്ടെങ്കിലും ജന്മിത്വത്തിന്നു കാര്യമായ കോട്ടമൊന്നുമുണ്ടായിട്ടില്ല. വിളവിന്റെ 50 ശതമാനം ജന്മികമാണ് തട്ടിയെടുക്കുന്നതു് എന്നു് 1960ൽ അവിടത്തെ കമ്യൂണിസ്റ്റു് നേതാവായ ഐഡിത്ത് എഴുതുകയുണ്ടായി. കൃഷകക്കു് വിളവിൽ കൂടുതൽ പങ്കു നൽകണം എന്നാണ് അവിടെ കമ്യൂണിസ്റ്റുപാർട്ടി വാദിക്കുന്നതു്.

സാമ്രാജ്യത്വബന്ധനത്തിൽനിന്നു വിമോചനം പ്രാപിച്ച നാട്ടുകളിൽ വ്യവസായങ്ങൾ ഏറക്കുറെ ത്വരിതമായി വികസിക്കുന്നുണ്ടു്. ആ രാജ്യങ്ങൾ ധാരാളം യന്ത്രങ്ങൾ ഇറക്കുമതി ചെയ്യുന്നു എന്നതു് ഇതിന്നു തെളിവാണ്.

## യന്ത്രങ്ങളുടെ ഇറക്കുമതി

(മില്യൺ ഡോളർ കണക്കിൽ)

| | 1938 | 1951 | 1957 |
|---|---|---|---|
| ഇന്ത്യ | 13 | 142 | 478 |
| ഇന്തോനേഷ്യ | 8 | 24 | 96 |
| ഈജിപ്ത് | 15 | 65 | 56 |
| ഇറാക്ക് | 6 | 16 | 57 |

ഈ കണക്കുകളുടെ അർത്ഥത്തെ ഒട്ടും പെരുപ്പിച്ചു കാണരുതു്. ഡോളറിൻെറ ക്രയശക്തി ഇന്നു് 1938ലേതിൻെറ പകുതിയിൽ കുറവാണു്. അല്പവികസിതരാജ്യങ്ങളിൽ നടക്കുന്ന ആളോഹരി മൂലധനനിക്ഷേപം ഇന്നും വികസിതരാജ്യങ്ങളിലേതിനേക്കാൾ എത്രയോ താണതാണു്.

മുൻകോളണികളിൽ ഇന്ത്യയാണു് സ്വന്തമായ വ്യവസായങ്ങളുണ്ടാക്കുന്നതിന്നും സ്വതന്ത്രമായ സമ്പദ്‌വ്യവസ്ഥ രൂപീകരിക്കുന്നതിന്നുംവേണ്ടി നിരന്തരം പരിശ്രമിക്കുന്ന രാജ്യം എന്നു നിസ്സംശയം പറയാം. എങ്കിലും, രണ്ടാംപഞ്ചവത്സര പദ്ധതിയിൽ ആകപ്പാടെയുള്ള മൂലധനനിക്ഷേപം (ഇതിൽ ഭവനനിർമ്മാണം, നഗര രൂപീകരണം എന്നിവയും ഉൾപ്പെടുന്നു.) 4700 മില്യൺ പവൻ മാത്രമാണു്. അതേസമയം, ബ്രിട്ടനിൽ (ഇന്ത്യയിലെ ജനസംഖ്യയുടെ എട്ടിലൊന്നു മാത്രമുള്ള ആ നാട്ടിൽ) 1954–58 കാലത്തു് ആഭ്യന്തരനിക്ഷേപം 15500 മില്യൺ പവനായിരുന്നു. അമേരിക്കയിൽ (അവിടത്തെ ജനസംഖ്യ ഇന്ത്യയിലേതിൻെറ പകുതിമാത്രം) സ്വകാര്യമൂലധനനിക്ഷേപം 100000 മില്യൺ പവനോളം വന്നു, അതേ കാലത്തു്. അതായതു് അമേരിക്കയിലെ ആളോഹരി നിക്ഷേപം ഇന്ത്യയിലേതിൻെറ നാല്പതിരട്ടിയാണു് എന്നർത്ഥം. മറെറാരു കാര്യവുമോർക്കാനുണ്ടു്. അല്പവികസിതരാജ്യങ്ങളിൽ പുതിയതായി നിക്ഷേപിക്കുന്ന മൂലധനത്തിൻെറ ഒരു ഭാഗം വിദേശികളുടെ വകയാണു്.

ഇന്ത്യക്കു സ്വാതന്ത്ര്യം സിദ്ധിച്ചിട്ടു കുറെകാലം കഴിഞ്ഞപ്പോൾമാത്രം സ്വാതന്ത്ര്യം നേടിയ ചൈന ചുരുങ്ങിയ കാലം കൊണ്ടു് ഇന്ത്യയെ വെട്ടിച്ചിരിക്കുന്നതു ചൈനയിൽ മെച്ചപ്പെട്ട ഒരു സാമൂഹ്യവ്യവസ്ഥിതിയുള്ളതുകൊണ്ടുമാത്രമാണു്. സാമ്പ

ത്തിക വികാസപരിശ്രമം തുടങ്ങിയ ഘട്ടത്തിൽ ചൈനയുടെ സ്ഥിതി ഇന്ത്യയുടേതിനേക്കാഠം ഒട്ടും മെച്ചമായിരുന്നില്ല. വാസ്തവത്തിൽ, ഇന്ത്യയിലെ സ്ഥിതി ചൈനയിലേതിനേക്കാഠം വളരെ ഭേദമായിരുന്നു. അവിടെ നല്ലൊരു റെയിൽവേ വ്യവസ്ഥയും ജലസേചനവ്യവസ്ഥയും ആദ്യമേ ഉണ്ടായിരുന്നു.

അല്പവികസിതരാജ്യങ്ങളിൽ കുറഞ്ഞ വിലയ്ക്കു കിട്ടുന്ന അധ്വാനശേഷിയെ ചൂഷണം ചെയ്തു വികസിപ്പിക്കുന്ന വ്യവസായങ്ങഠം "പഴഞ്ചൻ" ശാഖകളിൽപെട്ടവയാണ് എന്ന കാര്യവും പറയേണ്ടതുണ്ട്. പുത്തൻശാഖകളെല്ലാം ഇന്നും അഭിവൃദ്ധരാജ്യങ്ങളുടെ കുത്തകയാണ്.

## അഞ്ചാമദ്ധ്യായം

# ഇന്നത്തെ മുതലാളിത്തം

## 1. പുതിയ ലോകസ്ഥിതി:

മുതലാളിത്തത്തിൻെറ വികാസത്തിലെ ഏററവും വിനാശാത്മകമായ ഘട്ടമാണ് ഇരുപതാംനൂററാണ്ടിൻെറ ആദ്യത്തെ അരപതു വഷം. ചരിത്രത്തിലിന്നോളമുണ്ടായിട്ടുള്ളതിൽ ഏററവും ഭയങ്കരമായ യുദ്ധങ്ങൾ, കോടിക്കണക്കിനു ജനങ്ങളെ കശാപ്പുചെയ്യുകയും വിലപിടിച്ച ഉല്പാദനശക്തികളേയും സാംസ്കാരികമൂല്യങ്ങളേയും നശിപ്പിക്കുകയും ചെയ്ത യുദ്ധങ്ങൾ നടന്ന ഒരു കാലമാണിതു്. സാമ്രാജ്യത്വത്തിൻെറ അവസാനഘട്ടത്തിൽ മൃഗീയമായ ഒരു ആശയസംഹിതയും നയവും—ഫാസിസം—ആവിർഭവിച്ച കാലമാണിതു്. സാമ്രാജ്യത്വവും അതിൻെറ ബീഭത്സമായ പ്രത്യയശാസ്ത്രവും നയപരിപാടികളും ലോകക്കു പരക്കെ ബോദ്ധ്യപ്പെട്ടിരിക്കുന്നു.

ഇതേ കാലത്താണ് ഏററവും സുശക്തമായ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയും രൂപംകൊണ്ടതു്. മുതലാളിത്തത്തേക്കാൾ എത്രയോ മഹത്തരമായ ഒരു വ്യവസ്ഥിതിയാണ് അതു് എന്നു ചുരുങ്ങിയ ഒരു കാലംകൊണ്ടുതന്നെ തെളിഞ്ഞിരിക്കുന്നു. ഉല്പാദനശക്തികളും സംസ്കാരവും മറെറാരു വ്യവസ്ഥിതിയിൻകീഴിലും ഇത്രമാത്രം വേഗത്തിൽ വികസിച്ചിട്ടില്ല. ജനങ്ങളുടെ നിത്യജീവിതത്തേയും സോഷ്യലിസം അതിവേഗം മെച്ചപ്പെടുത്തിയിരിക്കുന്നു. ആകപ്പാടെ ലോകത്തിനു വലിയ ഗുണംചെയ്യാൻ സോഷ്യലിസത്തിനു സാധിച്ചിട്ടുണ്ട്. ആഗോളസോഷ്യലിസ്റ്റ് സ

മൂച്ചയത്തിൻെറ ആവിർഭാവത്തോടെ മുതലാളിത്തത്തിൻെറ പൊതുക്കുഴപ്പം പരമാവധി മൂച്ഛിച്ചിരിക്കുകയാണ്. അതുകൊണ്ടു് കോളനിവ്യവസ്ഥ സത്വരം തകൎന്നിരിക്കുന്നു. ഒരു ലോകയുദ്ധത്തെ തട്ടുകാനും വിവിധജനതകൾക്കിടയിൽ സമാധാനം പുലത്താനുമുള്ള സാദ്ധ്യതകൾ ബലപ്പെട്ടുകയും ചെയ്തിരിക്കുന്നു.

മാർക്സിസം "അടിസ്ഥാനരഹിത"മാണ് എന്നു സ്ഥാപിയ്ക്കാൻ വേണ്ടി, കഴിഞ്ഞ നൂറുകൊല്ലത്തിനിടക്കു്, മുതലാളിത്തത്തിൻെറ വൈതാളികന്മാർ ആയിരക്കണക്കിനു പുസ്തകങ്ങളും ലക്ഷക്കണക്കിനു പ്രബന്ധങ്ങളും എഴുതിക്കൂട്ടിയിട്ടുണ്ടു്. എന്നിട്ടും ചരിത്രത്തിൻെറ ഗതി മാർക്സ് പ്രവചിച്ച വഴിയിലൂടെത്തന്നെയാണ്. നൂറുകോടി ജനങ്ങൾ—ലോകജനസംഖ്യയിൽ മൂന്നിലൊന്നിലധികം—സോഷ്യലിസവും കമ്യൂണിസവും കെട്ടിപ്പടുത്തുകൊണ്ടു്, ചരിത്രത്തിലെ ക്ഷണഭംഗുരമായൊരു പ്രതിഭാസം മാത്രമാണ് മുതലാളിത്തമെന്ന മാർക്സിസ്റ്റ് സിദ്ധാന്തത്തെ പ്രായോഗികമായിത്തന്നെ ബോധ്യപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

സോഷ്യലിസ്റ്റ്ലോകത്തെ ചുമ്മാ അങ്ങവഗണിയ്ക്കാൻ മുതലാളിത്തത്തിൻെറ വൈതാളികൎക്കിന്നു കഴിയുന്നില്ല. മാർക്സിസം ലെനിനിസത്തെ പഴയമട്ടിൽ നിഷേധിയ്ക്കാനും അവൎക്കു കഴിയുന്നില്ല. അതുകൊണ്ടിന്നവർ ചുവടൊന്നു മാററിച്ചവിട്ടുകയാണ്. പത്തൊമ്പതാം നൂററാണ്ടിലെ പ്രാകൃത മുതലാളിത്തത്തിൻെറ തിയറിയാണ് മാർക്സിസം എന്നാണിപ്പോൾ അവർ വാദിക്കുന്നതു്: ഇരുപതാംനൂററാണ്ടിൽ—അഭിവൃദ്ധരാജ്യങ്ങളിൽ, തീച്ചയായും—പുതിയൊരുതരം മുതലാളിത്തമാണത്രെ. അതു മുതലാളിത്തമേ അല്ല, സോഷ്യലിസത്തോടു വളരെ അടുത്ത ഒരു സമ്പ്രദായമാണ് എന്നുപോലുമവർ പറയുന്നു.

ഇന്നത്തെ മുതലാളിത്തം പത്തൊമ്പതാംനൂററാണ്ടിലെ മുതലാളിത്തത്തിൽനിന്നു ആപാദചൂഡം വ്യത്യസ്തമാണ് എന്നു വാ

ദിക്കുന്ന വിവിധ "സിദ്ധാന്ത"ങ്ങളെ വിശദമായി പരിശോധിയ്ക്കാൻ ഇത്രയും ചെറിയൊരു പുസ്തകം പോരാ. ഈ "സൈദ്ധാന്തിക"ന്മാരുടെ വാദങ്ങാം കാച്ചിക്കുറുക്കിയാൽ കിട്ടുന്നതിതാണ്:

(a) ഇന്നത്തെ മുതലാളിത്തവ്യവസ്ഥിതിയിൽ അഭിവൃദ്ധരാജ്യങ്ങളിലെ തൊഴിലാളികാം മുതലാളിമാരായിറിയ്ക്കുന്നു;

(b) മുതലാളി ഇന്നു സ്വന്തം വ്യവസായശാലയിൽ യജമാനനല്ല. ഓഹരി ഉടമകാം തിരഞ്ഞെടുക്കുന്ന ഡയറക്ടറാണ് ഇന്നത്തെ യജമാനൻ (മനേജീരിയൽ സോഷ്യലിസം);

(c) മുതലാളിമാരുടെ ലാഭത്തിൽനിന്നു് നല്ലൊരു പങ്ക് പിടിച്ചെടുക്കുകയും തൊഴിലാളിവർഗ്ഗത്തിന്റെ ജീവിത സൗകര്യങ്ങളെ മെച്ചപ്പെടുത്താൻവേണ്ടി ആ പണമുപയോഗിയ്ക്കുകയും ചെയ്യുന്ന ഒരു "ക്ഷേമരാഷ്ട്ര"മാണു ഇന്നത്തെ ഭരണകൂടം.

ഇതെല്ലാം അസത്യമാണ്. അമേരിക്കയിൽ ചില തൊഴിലാളികാംക്ക് ഒന്നോ രണ്ടോ ഓഹരിവീതമുണ്ട് എന്നു സമ്മതിയ്ക്കാം. ഗഡുവുകളായി കടം വീട്ടാമെന്ന വ്യവസ്ഥയിൽ വാങ്ങി സ്വന്തമാക്കിയ വീടുള്ളവരും അവരുടെ കൂട്ടത്തിലുണ്ടാവാം. അവരിൽ ചിലക്ക് കാറും നല്ല വീട്ടുസാമാനങ്ങളും ലൈഫ് ഇൻഷ്യൂറൻസ് പോളിസിയും ഉണ്ടായിരിയ്ക്കും. ഈ വർഗ്ഗത്തിൽ പെട്ട ഓരോ തൊഴിലാളിയുടേയും പക്കൽ ഏതാണ്ട് 10000–15000 ഡോളറിന്റെ "മൂലധനം" ഉണ്ട് എന്നുവരെ കണക്കാക്കിയേക്കാം മുതലാളിത്തത്തിന്റെ വക്കീലന്മാർ. പക്ഷേ ഇതുകൊണ്ടൊന്നും അയാം മുതലാളിയാവുന്നില്ല എന്നതാണ് വാസ്തവം. ചൂഷണംകൊണ്ടു സമ്പാദിച്ചതും അധ്വാനംകൂടാതെ, വിശേഷിച്ച കായികാധ്വാനം കൂടാതെ, ജീവിക്കാൻവേണ്ടിയുള്ളതുമായ വരുമാനമുള്ളവനാണ് മുതലാളി. എന്നാൽ അമേരിക്കയിലെ ഒരൊററ തൊഴിലാളിയ്ക്കും—അയാളുടെ പക്കൽ 25000 ഡോളറിന്റെ "മൂലധനം" ഉണ്ടെങ്കിൽപ്പോലും—നിത്യേന സ്വന്തം അദ്ധ്വാനശക്തി വില്ക്കാതെ ജീവിയ്ക്കാനൊക്കില്ല. അതുകൊണ്ട് മററ

തൊരു നാട്ടിലേയും നിസ്സ്വനായ തൊഴിലാളിയെപ്പോലെതന്നെ ചൂഷണമനുഭവിയ്ക്കുന്നുണ്ടയാാം.

ഇനി, മാനേജർമാരുടെ "അധികാരശക്തി"യുടെ കഥ യെടുക്കാം. അതും വെറും ഭോഷ്ക്കാണു്. ഏററവും വലിയ മുത ലാളിമാരാണു ഡയറക്ടർമാരെ നിയമിയ്ക്കുന്നതു്. അങ്ങനെ നിയമിയ്ക്കുന്ന ഡയറക്ടർമാരെ ഏതു നിമിഷത്തിലും പിടിച്ചു പുറത്താക്കാനുള്ള അധികാരവും ആ മുതലാളിമാക്കുണ്ടു്.

ഇനി, മുതലാളിമാരുടെ കൈകളിൽനിന്നു വലിയ നികുതി വസൂലാക്കുന്നു എന്ന വാദമെടുക്കാം. വാസ്തവത്തിൽ ഇതുകൊണ്ടു കഷ്ടപ്പെടുന്നതു് മുതലാളിയല്ല എന്നു ഏവക്കുമറിയാം. നികുതി യെല്ലാം കൊടുത്തതിന്നുശേഷമുള്ള അററാദായവും ഓഹരി ഉടമ കാംക്കു കൊടുക്കുന്ന ലാഭവീതവും വദ്ധിച്ചുകൊണ്ടുതന്നെയാണ ല്ലോ ഇരിയ്ക്കുന്നതു്. അതിസമ്പന്നരായ മുതലാളിമാർ വരുമാന ത്തിൻെറ 90 ശതമാനവും നികുതികൊടുക്കുന്നു എന്നു അമേരിക്ക ൻ പത്രങ്ങളിൽ സാധാരണ കാണാം. ഇതു ശുദ്ധ നുണയാണു്,

വരുമാനം വദ്ധിക്കുംതോറും നികുതി വദ്ധിക്കുന്നതു ശരിത ന്നെ; എന്നാൽ ഓരോ പതനത്തിലും അധികമായി കൊടുക്കേണ്ട നികുതി കണക്കാക്കുന്നതു് അതിനു മുമ്പത്തെ പതനത്തിലെ ലാഭ ത്തിൽനിന്നധികമായി എന്തുണ്ടു് ആ പതനത്തിൽ എന്നതു നോ ക്കിയാണു്. മൊത്തം വരുമാനം അതിഭീമമാണെങ്കിൽ അതിൻെറ ചെറിയ ഒരു പങ്കിൻെറ 90 ശതമാനം നികുതിയായി കൊടുക്കേ ണ്ടിവന്നേക്കാം. 1957ൽ ലാഭത്തിൻെറ അമ്പതു ശതമാനത്തില ധികത്തിൽനിന്നു വസൂലാക്കിയ ആകെ നികുതി 700 മില്യൺ ഡോളർ മാത്രാണു് എന്നു് നാഷ്ണൽ സിററി ബാങ്കിൻെറ "പ്രതി മാസപത്രിക" (1959 ഡിസംബർ) എഴുതിയിരിയ്ക്കുന്നു. വ്യക്തി കളുടെ ആദായനികുതിയിൽനിന്നു കിട്ടുന്ന ആകത്തുകയുടെ രണ്ടു ശതമാനം മാത്രമാണിതു്.

മുതലാളിത്തത്തിൻെറ കുഴലൂത്തുകാർ പറയുന്നതുപോലെ യൊന്നുമല്ല കാര്യത്തിൻെറ കിടപ്പു്. മാർക്സ് തൻെറ വിശകലന

ത്തിൻെറ ആരംഭത്തിൽ സങ്കല്പിച്ച ഒരു മുതലാളിത്തവ്യവസ്ഥിതിയുണ്ടല്ലോ—മുതലാളിമാർ, തൊഴിലാളികൾ എന്ന രണ്ടു വർഗ്ഗം മാത്രമുള്ള ഒരു വ്യവസ്ഥിതി—അതിനു സദൃശമാണ് ഇന്നു വ്യവസായവൽകൃതരാജ്യങ്ങളിൽ കാണുന്ന മുതലാളിത്തം. മാർക്സിൻെറ കാലത്തുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായ ഒരു സാമൂഹ്യവ്യവസ്ഥിതിയെയാണ് മാർക്സ് വിശകലനാരംഭത്തിൽ സങ്കല്പിച്ചതെന്നോർക്കണം. അന്നു മുതലാളിമാർക്കും തൊഴിലാളികൾക്കും പുറമെ, സ്വന്തം ഉപയോഗത്തിനുവേണ്ടി മാത്രം ഉല്പാദനം നടത്തിക്കൊണ്ടിരുന്ന ഒരുപാട്ടു കർഷകരും പ്രാദേശികച്ചന്തകളിൽ സ്വന്തം ഉല്പന്നങ്ങൾ വിററഴിച്ചുപജീവനംകഴിച്ച ധാരാളം കൈവേലക്കാരും ഉണ്ടായിരുന്നു. അതായതു്, ഫ്യൂഡലിസത്തിൻെറ ധാരാളം അവശിഷ്ടങ്ങൾ അന്നുണ്ടായിരുന്നു. എന്നാലിന്നു്, അഭിവൃദ്ധിരാജ്യങ്ങളിലെ ജനങ്ങളിൽ ഏററവും വലിയ പങ്കു് ഫാക്ടറിത്തൊഴിലാളികളും ഓഫീസുദ്യോഗസ്ഥരുമാണ്. കൃഷിക്കാരുടേയും കൈവേലക്കാരുടേയും എണ്ണം സാരമായി കുറഞ്ഞിരിക്കുന്നു; ഫ്യൂഡലിസത്തിൻെറ അവശിഷ്ടങ്ങൾ നിർമ്മാർജ്ജനംചെയ്യപ്പെട്ടിരിക്കുന്നു.

ഇരുപതാം നൂററാണ്ടു തുടങ്ങിയതിനുശേഷം മുതലാളിത്തത്തിൽ മൌലികമായ യാതൊരു ഭേദവുമുണ്ടായിട്ടില്ല.

മുതലാളിത്തത്തിൻെറ നിയമങ്ങൾ മാറിയിട്ടില്ല. മൂലധനത്തിൻെറ കേന്ദ്രീകരണം, സ്ഥിരമൂലധനത്തിൻെറ വർദ്ധന, അദ്ധ്വാനത്തിൻെറ ഉല്പാദനക്ഷമതയുടേയും ചൂഷണത്തോതിൻെറയും വർദ്ധന, സാമ്പത്തികക്കുഴപ്പങ്ങൾ, ഉല്പാദനത്തിലെ അരാജകം, മത്സരം തുടങ്ങിയവയെല്ലാം ഇന്നും തുടരുന്നു. മുതലാളിത്തസമുദായത്തിലെ വർഗ്ഗബന്ധങ്ങളിലും മാററമുണ്ടായിട്ടില്ല എന്നാൽ ലോകത്തിൽ സാരമായ കുറെ മാററങ്ങളുണ്ടായിട്ടുണ്ടു്. ഈ നൂററാണ്ടിൻെറ ആരംഭത്തിലുണ്ടായിരുന്നതിൻെറ ഇരട്ടിയായിരിക്കുന്നു ജനസംഖ്യ. മനുഷ്യചരിത്രത്തിലാകപ്പാടെയുണ്ടായ ജനസംഖ്യാവർദ്ധനയോളം വർദ്ധനയുണ്ടായിട്ടുണ്ടു് കഴിഞ്ഞ അര

പത്തു കൊല്ലംകൊണ്ടു്. സമുദായത്തിൻെറ ഭൗതികോല്പാദനശക്തികളും ഭീമമായി വികസിച്ചിരിക്കുന്നു. ശാസ്ത്രത്തിലും യന്ത്രവിദ്യയിലും വലിയ പുരോഗതിയുണ്ടായിട്ടുണ്ടു്; അധ്വാനത്തിൻെറ ഉല്പാദനക്ഷമത വളരെ വൎദ്ധിച്ചിരിക്കുന്നു. ഈ നൂററാണ്ടിൻെറ തുടക്കത്തിലുണ്ടായിരുന്നതിൻെറ അഞ്ചിരട്ടിയോളമാണു് ഇന്നു മുതലാളിത്തലോകത്തിലെ വ്യാവസായികോല്പാദനം. മുതലാളിത്തത്തിൻെറ ചങ്ങലക്കെട്ടുകഠം പൊട്ടിച്ചാൽ 1900ൽ ഉല്പാദിപ്പിച്ചിരുന്നതിൻെറ ഇരുപതോ മുപ്പതോ ഇരട്ടി ഉല്പാദിപ്പിക്കാൻ ഇന്നു കഴിയുമെങ്കിലും, മുതലാളിത്തലോകത്തിലെ ജനങ്ങഠം നിത്യദുരിതത്തിലും നാളെയെച്ചൊല്ലിയുള്ള അങ്കലാപ്പിലുമാണ്ടുകിടക്കുകയാണു്. “ഐക്യരാഷ്ട്രസംഘടനയിൽ അംഗങ്ങളായുള്ള 82 രാഷ്ട്രങ്ങളിൽ 60 എണ്ണത്തെ അല്പവികസിതമായി കണക്കാക്കാ”മെന്നും “ആ രാജ്യങ്ങളിലെല്ലാംകൂടി നൂറുകോടിയിലധികം ജനങ്ങളുണ്ടു”ന്നും “അവരുടെ ശരാശരി വരുമാനം 1957ൽ 120 ഡോളറായിരുന്നു” എന്നും ഐ. രാ. സ്പെഷൽ ഫണ്ടിൻെറ മാനേജിങ്ങ് ഡയറക്ടരായ പോഠം ഹോഫ്മൻ 1959 ജൂലൈ മാസത്തിൽ ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഇതിന്നൎത്ഥം ഒരാഠക്കു് ഒരു ദിവസം 33 സെൻറു മാത്രമേ കിട്ടുന്നുള്ളു എന്നാണു്. വാസ്തവത്തിൽ അധ്വാനിക്കുന്ന ജനങ്ങഠക്കു് ഇതിൻെറ പകുതിയേ കിട്ടുന്നുള്ളു; ബാക്കി പകുതി ജന്മിമാരും പണവ്യാപാരികളും നാടന്മാരും മറുനാടന്മാരുമായ മുതലാളികളും തട്ടിയെടുക്കുകയാണു്.

ശരാശരി ആയുഃപ്രതീക്ഷയിലുള്ള വലിയ അന്തരം നോക്കിയാലും സാമ്രാജ്യത്വ രാജ്യങ്ങളിലെയും അല്പവികസിത രാജ്യങ്ങളിലേയും ജീവിതനിലവാരങ്ങഠം തമ്മിലുള്ള അന്തരം മനസ്സിലാക്കാം—സാമ്രാജ്യത്വരാജ്യങ്ങളിൽ 65 വയസ്സു്, ഇന്ത്യ തൊട്ടുള്ള രാജ്യങ്ങളിൽ 33 വയസ്സു്.

മുതലാളിത്തലോകത്തിലുണ്ടായിട്ടുള്ള ഭീമമായ സാങ്കേതികവികാസവും ഉല്പാദനവികാസവും അല്പവികസിതരാജ്യങ്ങളിലേ

ക്കു്, വിശേഷിച്ചു്, സമ്പദ്‌വ്യവസ്ഥയിലെ നിർണ്ണായക പ്രാധാന്യമുള്ള കാർഷിക മേഖലയിലേക്കു്, എത്തിയിട്ടില്ല. ഇതിനു് ഇന്ത്യ നല്ലൊരു ദൃഷ്ടാന്തമാണു്. 1956ൽ നടത്തിയ ഒരു സെൻസസ്സിൽ താഴെ ചേർക്കുന്ന വിവരങ്ങൾ കാണുന്നു:

| | | |
|---|---|---|
| മരക്കലപ്പകൾ | — | 37000000 |
| ഉരുക്കുകലപ്പകൾ | — | 2000000 |
| ട്രാക്ടറുകൾ | — | 18000 |

കാർഷിക വിദ്യ മററു അല്പവികസിത രാജ്യങ്ങളിൽ ഇതിലും മോശമാണു്. അതുകൊണ്ടു് മുതലാളിത്തലോകത്തിലൊട്ടാകെ ആളോഹരി ഭക്ഷ്യോല്പാദനം വളരെ തുച്ഛമായ തോതിലേ വർദ്ധിയ്ക്കുന്നുള്ളു.

## മുതലാളിത്തലോകത്തിലെ ശരാശരി പ്രതിവർഷോല്പാദനം

(ആകെ വിളവു്—മില്യൺ ടൺ കണക്കിൽ)

| | 1909–13 | 1954–56 |
|---|---|---|
| ഗോതമ്പു് | 103 | 120 |
| നെല്ലു് | 78 | 123 |
| റൈ | 45 | 9 |
| ചോളം | 104 | 146 |
| ഉരുളക്കിഴങ്ങു് | 54 | 61 |

ഐക്യരാഷ്ട്രസഭയുടെ കണക്കുകളിൽനിന്നാണിതെടുത്തിട്ടുള്ളതു്. ഇതിൽ ധാരാളം തെററുണ്ടാവാം—ഏതാണ്ടു് 20 ശതമാ

നംവരെ വ്യത്യാസപ്പെട്ടിരിക്കും. 1910ൽ ലോകജനസംഖ്യ ഏകദേശം 160 കോടിയായിരുന്നു. 1956ൽ അതു് 180 കോടിയിലധികമായിരിക്കുന്നു. ഇതേ കാലത്തു് ധാന്യോല്പാദനത്തിലുണ്ടായ വർദ്ധന നിസ്സാരമാണു്—330 മില്യൺ ടണ്ണായിരുന്നതു് 398 ടണ്ണായി, അത്രമാത്രം. ഈ വർദ്ധന മുഖ്യമായും നടന്നതു് അമേരിക്ക, കനഡ, ആസ്ത്രേലിയ എന്നീ സമ്പന്നരാജ്യങ്ങളിലാണു് എന്നും ഓർക്കണം. ഇതിൽ ചോളം കന്നാലിത്തീററയായാണുപയോഗിച്ചതു്.

പട്ടിണിയും ദാരിദ്ര്യവും അല്പവികസിത രാജ്യങ്ങളിലേ ഉള്ള എന്നു ധരിക്കരുതു്. മുതലാളിത്തത്തിൻെറ സ്വർഗ്ഗമായ അമേരിക്കയിൽ, 1957ലെ ഔദ്യോഗികകണക്കുകൾപ്രകാരം 8400 മില്യൺ ഡോളറിൽ കുറഞ്ഞ വരുമാനമേ ഉണ്ടായിരുന്നുള്ളു, 7512000 കുടുംബങ്ങൾക്കും അവയെ ആശ്രയിക്കുന്ന വ്യക്തികൾക്കും കൂടി ഒട്ടാകെ—അതായതു്, ഓരോ കുടുംബത്തിൻേറയും പ്രതിവർഷവരുമാനം 1120 ഡോളർ മാത്രം. ചുരുങ്ങിയതു് 4000 ഡോളറെങ്കിലുമുണ്ടെങ്കിലേ ഒരു കുടുംബത്തിന്നു മാനമായി കഴിയാനൊക്കുകയുള്ളു എന്നാണു് ഹെല്ലർ കമ്മിററി കണക്കാക്കിയിട്ടുള്ളതു്. അക്കണക്കിനു്, ലക്ഷക്കണക്കിനു ജനങ്ങൾ പരമ ദരിദ്രരായിരിക്കണം. അമേരിക്കൻ സമുദായത്തിൻെറ "സമ്പന്നത"യെക്കുറിച്ച് പെരുമ്പറയടിക്കാറുണ്ടെങ്കിലും അമേരിക്കൻ ജനതയിൽ 20 ശതമാനം ലജ്ജാവഹമായ ദാരിദ്ര്യത്തിലാണു് കഴിഞ്ഞുകൂടുന്നതു് എന്നു് അമേരിക്കൻ ട്രേഡ്‌യൂണിയൻ സെൻററിൻെറ (അവിടത്തെ പ്രമുഖ കമ്യൂണിസ്റ്റ്‌വിരുദ്ധകേന്ദ്രങ്ങളിലൊന്നാണിതു്) മുഖപത്രം പ്രസ്താവിച്ചിരിക്കുന്നു (നവംബർ 1959)

"സാമ്പത്തികാത്ഭുത"ത്തിൻെറ നാടായ പാശ്ചാത്യജർമ്മനിയിൽ സ്ഥിതി ഇതിലും മോശമാണു് എന്നു് ബ്രിട്ടീഷ്‌പത്രമായ 'ഗാർഡിയൻ' (ഡിസംബർ 28, 1959) പറയുന്നു.

ഇററലി, സ്പേൻ തുടങ്ങിയ രാജ്യങ്ങളിലും ലക്ഷക്കണക്കിനു ജനങ്ങൾ ഇന്നു വൃത്തികെട്ട ചേരികളിൽ കിടന്നു നരകിയ്ക്കുകയാണ്. ചില ഭൂഖണ്ഡങ്ങളങ്ങനെത്തന്നെ ദാരിദ്ര്യബദ്ധങ്ങളാണ്.

മുതലാളിത്തലോകത്തിൽ 150 കോടി ജനങ്ങൾ നിത്യദാരിദ്ര്യത്തിൽ കിടന്നു് എരിപൊരികൊള്ളുന്നു എന്നു നിസ്സംശയം പറയണം. ഇവരിൽ വലിയൊരു പങ്ക് അമേരിക്കയിലെ തെക്കൻ സ്റ്റേററുകളിലെ നീഗ്രോകളും ദക്ഷിണാഫ്രിക്ക, റൊഡേഷ്യ, കെനിയ എന്നീ രാജ്യങ്ങളിൽ പകുതി അടിമത്തത്തിൽ കഴിയുന്ന ആഫ്രിക്കക്കാരുമാണ്. ദരിദ്രരായ ബഹുഭൂരിപക്ഷത്തെ സംബന്ധിച്ചിടത്തോളം ലോകമിന്നും ഒരു നരകക്കുണ്ടാണ് എന്നത്രെ "ടൈംസ്" (ലണ്ടൻ, ഒക്ടോബർ 7, 1959) പറയുന്നതു്. ചൂഷണത്തോതു് ഇന്നും വളരെ ഭയങ്കരമാണ്. ആഴ്ചയിൽ പണിയെടുക്കേണ്ടുന്ന മണിക്കൂറിൻെറ എണ്ണം കുറച്ചിട്ടുണ്ടെങ്കിലും അധ്വാനഭാരം വർദ്ധിപ്പിച്ചിരിയ്ക്കുന്നു. ഇന്നത്തെ ജോലിയാവട്ടെ മുമ്പത്തേതിലും വിരസവും ശ്രമകരവുമാണ്.

നാളെ എന്തുണ്ടാകുമോ എന്നു പേടിച്ചുകഴിയുകയാണ് മുതലാളിത്തരാജ്യങ്ങളിലെ തൊഴിലാളികൾ. നാളെ പുലരുമ്പോഴേക്കും തൊഴിലില്ലാതാകുമോ എന്നതാണവരുടെ മുഖ്യഭീതി. മുതലാളി, ജന്മി, നികുതിപിരിവുകാരൻ, പോലീസുകാരൻ, കോടതി—സർവ്വോപരി യുദ്ധം—ഇതിനെയെല്ലാം പേടിച്ചുപേടിച്ചാണ് അവർ ഓരോ ദിവസവും തള്ളുന്നതു്.

ഉല്പാദനശേഷി ഭീമമായി വികസിച്ചിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണ് മുതലാളിത്തലോകത്തിലെ ഭൂരിപക്ഷം ദാരിദ്ര്യത്തിൽനിന്നു കരകയറാത്തതു്? മുതലാളിത്തവ്യവസ്ഥിതിതന്നെയാണ് ഈ ദുരവസ്ഥക്കു മുഖ്യകാരണം. ചൂഷണത്തിലും വർഗ്ഗവൈരുദ്ധ്യമുളവാകും രീതിയിലുള്ള വിതരണത്തിലും അധിഷ്ഠിതമായ ആ ഉല്പാദനസമ്പ്രദായമാണ് ദാരിദ്ര്യത്തിനുത്തരവാദി.

തൊഴിലാളികളിൽ 20 ശതമാനം യുദ്ധാവശ്യത്തിലേക്കുള്ള ഉല്പാദനത്തിലാണ്, നേരിട്ടോ അല്ലാതെയോ, ഏർപ്പെട്ടിരിക്കുന്നതു്. ജനങ്ങൾക്കുപയോഗമില്ലാത്ത ചരക്കുകളാണ് അവർ നിർമ്മിച്ചുകൊണ്ടിരിക്കുന്നതു്.

സമുദായത്തിന്റെ അധ്വാനസമയത്തിൽ ഗണ്യമായൊരു ഭാഗം ചെലവഴിക്കുന്നതു് ഉല്പാദനോപകരണങ്ങൾ (മൂലധനസാമഗ്രികൾ)—വിശേഷിച്ച് യുദ്ധസാമഗ്രികൾ—ഉല്പാദിപ്പിക്കുന്നതിനുവേണ്ടിയാണു്. ഉപഭോഗസാമഗ്രികൾ നിർമ്മിച്ചാൽ കിട്ടുന്നതിലും വളരെയധികം ലാഭം കിട്ടും ഇവ നിർമ്മിച്ചാൽ എന്നതുകൊണ്ടാണു കുത്തകമുതലാളിമാർ ആയുധോല്പാദനത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നതു്. അമേരിക്കയിലെ ഉല്പാദനത്തെക്കുറിച്ച് ഫെഡറൽ റിസർവ്വ് ബാങ്ക് (1947–49=100) തയ്യാറാക്കിയ കണക്കിതാണു്.

| കൊല്ലം | ദീർഘകാലോപയോഗമുള്ള സാധനങ്ങൾ | ഹ്രസ്വകാലോപയോഗിയായ സാധനങ്ങൾ |
|---|---|---|
| 1919 | 38 | 37 |
| 1957 | 160 | 130 |

സ്വത്തും വരുമാനവും സമ്പന്നവർഗ്ഗങ്ങളുടെ കൈയ്യിൽ കേന്ദ്രീകരിച്ചുപോകുന്നതുകൊണ്ടു് മദാലസ ജീവിതത്തിന്നുള്ള സാമഗ്രികളുടെ ഉല്പാദനവും വർദ്ധിച്ചിരിക്കുന്നു. ഉല്പാദനശേഷിയുടെ നല്ലൊരു ഭാഗം അതിനുവേണ്ടിയാണു് വ്യയംചെയ്യുന്നതു്.

1919ൽ 'ഒന്നാം വകുപ്പി'ലെ ഉല്പാദന (ഉല്പാദനോപകരണങ്ങളുടെ നിർമ്മാണം) വും 'രണ്ടാം വകുപ്പി'ലെ ഉല്പാദന (ഉപഭോഗസാമഗ്രികളുടെ നിർമ്മാണം) വും മുതലാളിത്തലോകത്തിൽ

ത്തലുമായിരുന്നു. എന്നാൽ 1957 ആയപ്പോഴേയ്ക്കും 'ഒന്നാംവകുപ്പിലെ' ഉല്പാദനം 'രണ്ടാം വകുപ്പി'ലേതിനേക്കാഠം അധികമായിത്തീൎന്നു. [1] (ഈ നൂററാണ്ടിൻെറ ആരംഭത്തിൽ 'രണ്ടാം വകുപ്പി'ലെ ഉല്പാദനം 'ഒന്നാം വകുപ്പി'ലേതിനെ അതിശയിച്ചിരുന്നു എന്നാണ് തോന്നുന്നതു്.)

ഉല്പാദനത്തിൽ നേരിട്ടു പങ്കെടുക്കുന്ന തൊഴിലാളികളുടെ ശതമാനം കുറഞ്ഞുപോയിരിക്കുന്നു. ശമ്പളംപററി പണിയെടുക്കുന്ന ജനങ്ങളിൽ പകുതിയോളംപോലും വരുന്നില്ല ചില വ്യവസായ രാജ്യങ്ങളിൽ ഇത്തരം തൊഴിലാളികഠം. പുതിയ മൂല്യങ്ങളുല്പാദിപ്പിക്കാത്ത ജോലിക്കാരുടെ എണ്ണമാണ് വാസ്തവത്തിൽ വൎദ്ധിച്ചിട്ടുള്ളതു്. പട്ടാളം, പോലീസ്, സൎക്കാർ ജീവനക്കാർ, ബാങ്ക് ജീവനക്കാർ, വാണിജ്യത്തിലും മററു സേവനോദ്യോഗങ്ങളിലും ഏൎപ്പെട്ടിട്ടുള്ളവർ എന്നിവരെല്ലാം ഈ ജാതിക്കാരാണ്. അമേരിക്കയിൽ, 1959ൻെറ ആരംഭത്തിൽ, കൃഷി, വ്യവസായം, ഗതാഗതം, കെട്ടിടനിൎമ്മാണം എന്നിവയിൽ 29000000 ജോലിക്കാരാണുണ്ടായിരുന്നതു്. അന്നാട്ടിലെ ശ്രമികസേനയുടെ നാല്പതുശതമാനം മാത്രമാണിതു്.

ഓരോ ഉല്പാദനചക്ര (Production Cycle) ത്തിലും, ഉല്പാദനശേഷിയുടെ അമ്പതു ശതമാനത്തോളമേ ഉപയോഗിക്കാറുള്ളു.

---

1 ഉല്പന്നങ്ങളെ 'ഹ്രസ്വകാലോപയോഗി', 'ദീൎഘകാലോപയോഗി' എന്നു തരം തിരിക്കുന്ന സമ്പ്രദായവും 'ഒന്നാം വകുപ്പ്' 'രണ്ടാം വകുപ്പ്' എന്നു തരം തിരിക്കുന്ന മാൎക്സിസ്റ്റ് സമ്പ്രദായവും തമ്മിൽ ഗണ്യമായ അന്തരമുണ്ടു്. സ്വകാര്യ കാറുകഠം, ടെലിവിഷൻ സെററുകഠം, റേഡിയോ സെററുകഠം എന്നിങ്ങനെ നിരവധി സാമഗ്രികഠം 'ദീൎഘകാലോപയോഗി'യാണ് കേവലം ഉപഭോഗസാമഗ്രികളാണെങ്കിലും. എന്നാൽ ഉല്പാദനോപകരണങ്ങളുടെ കൂട്ടത്തിൽ പലതും 'ഹ്രസ്വകാലോപയോഗി'യാണ്.

യൂറോപ്പിനു പുറത്തുള്ള രാജ്യങ്ങളിൽ ഫലപുഷ്ടമായ ധാരാളം ഭൂമി തരിശാക്കിയിട്ടിരിക്കുന്നു. അമേരിക്കൻ സക്കാർ 'സോയിൽ ബാങ്ക്" മുഖേന 28000000 ഏക്ര നല്ല ഭൂമിയെ കൃഷിയിൽനിന്നു പിൻവലിക്കുകയുണ്ടായി, ഇതിന്നുവേണ്ടി കൃഷിക്കാക്ക് ആ സക്കാർ കോടിക്കണക്കിനു ഡോളർ വാരിക്കോരി കൊടുത്തു. അതുപോലെ 'മിച്ച'മായ കാഷികോല്പന്നങ്ങളെ കമ്പോളത്തിൽനിന്നു പിൻവലിക്കുകയും അവിടെ പതിവാണ്. കാഷികോല്പന്നങ്ങളെ പലപ്പോഴും മനഃപൂർവ്വം നശിപ്പിച്ചുകളയാറുമുണ്ട്.

ഉല്പാദനസമ്പ്രദായങ്ങൾ (വിശേഷിച്ച് കാർഷിക മേഖലയിൽ) വളരെ പഴഞ്ചനായതുകൊണ്ട് അല്പവികസിതരാജ്യങ്ങളിൽ അധ്വാനത്തിൻെറ ഉൽപ്പാദനക്ഷമത ഇപ്പോഴും താണനിലവാരത്തിലാണ് കിടക്കുന്നതു്.

മുതലാളിത്തലോകത്തിൽ ഇന്നും ദാരിദ്ര്യം നിലനില്ക്കുന്നതിന്നുള്ള മൌലിക കാരണങ്ങൾ ഇതെല്ലാമാണ്. അദ്ധ്വാനിക്കുന്നവരെ പട്ടിണിയിടാതെ മുതലാളിത്തത്തിന്നു നിലനില്ക്കാൻ കഴിയില്ല.

സോഷ്യലിസത്തിൻേറയും കമ്യൂണിസത്തിൻേറയും മൌലികോപാധികൾ ഇപ്പോൾതന്നെ മുതലാളിത്തവ്യവസ്ഥയുടെ ഗർഭത്തിൽ പാകമായിക്കഴിഞ്ഞിരിക്കുന്നു എന്നാണ് ഇതിൽനിന്നെല്ലാം മനസ്സിലാക്കേണ്ടതു്.

ബൂർഷ്വാസമുദായത്തിൻെറ അഭ്യന്തരചലനനിയമങ്ങളിൽ മാററമൊന്നുമുണ്ടായിട്ടില്ലെങ്കിലും മുതലാളിത്തത്തിൻെറ ഇന്നത്തെ സ്ഥിതി ഈ നൂററാണ്ടിൻെറ ആരംഭത്തിലുണ്ടായിരുന്ന സ്ഥിതിയിൽനിന്നു തുലോം വ്യത്യസ്തമാണ്.

ഇന്നു ഭൂതലത്തിൽ മുതലാളിത്തവ്യവസ്ഥിതി മാത്രമല്ല ഉള്ള. ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന ആ വ്യവസ്ഥയോടൊപ്പം, വികസ്വരവും സുശക്തവുമായ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുമുണ്ട്. സാമ്രാജ്യത്വത്തെ എതിക്കുകയും സോഷ്യലിസ്റ്റ് ലോകവുമായി

ബന്ധുത്വം പുലർത്തുകയും ചെയ്യുന്ന പുതിയ രാഷ്ട്രങ്ങൾ ഈ അടുത്ത കാലത്തുടലെടുത്തിട്ടുമുണ്ട്. ഇതു മുതലാളിത്തശക്തികളെ അങ്കലാപ്പിലാക്കിയിരിക്കുന്നു. കമ്യൂണിസ്റ്റ് വിരോധക്കലി കയറിയ അവർ എല്ലാ പുരോഗമനേച്ഛുക്കളേയും അടച്ചെതിക്കുകയാണിന്നു്.

തങ്ങളുടെ കമ്യൂണിസ്റ്റ് വിരുദ്ധമായ ആശയസംഹിതയെ തൊഴിലാളിവർഗ്ഗത്തിന്നിടയിൽ പ്രചരിപ്പിക്കാനും കുത്തകമുതലാളിമാർ ശ്രമിയ്ക്കുന്നുണ്ടു്.

**അല്പവികസിതരാജ്യങ്ങളിൽ സ്വാധീനശക്തിക്കു വേണ്ടിയുള്ള സമരം:** ഇരുപതാംനൂററാണ്ടിൻെറ തുടക്കത്തിൽ സാമ്രാജ്യക്കോയ്മകൾ യുദ്ധം ചെയ്തതു് കോളനികളുടെ പുനർവ്വിഭജനത്തിന്നുവേണ്ടിയായിരുന്നല്ലോ (ഒന്നാം ലോകമഹായുദ്ധം). ഇന്നു വളരെ കുറച്ചു കോളണികളേ ഉള്ളു പഴയ ആ സാമ്രാജ്യക്കോയ്മകളുടെ പക്കൽ.

മൗലികമായ ഈ മാററംകൊണ്ടു് സാമ്രാജ്യാധിപത്യത്തിൻെറ മുമ്പിൽ രാഷ്ട്രീയവും സാമ്പത്തികവുമായ പല പ്രശ്നങ്ങളുമാവിർഭവിച്ചിരിക്കുന്നു. ഈ നൂററാണ്ടിൻെറ ആരംഭത്തിലില്ലാതിരുന്ന പ്രശ്നങ്ങളാണിവ. എന്നല്ല, ഇവ സോഷ്യലിസവും കേപ്പിററലിസവും തമ്മിലുള്ള സമരവുമായി കെട്ടുപിണയുകയും ചെയ്തിരിക്കുന്നു. സാമ്രാജ്യത്വത്തിൻെറ രാഷ്ട്രീയപ്രശ്നങ്ങൾ സാമ്പത്തിക പ്രശ്നങ്ങളേക്കാൾ എത്രയോ സങ്കീർണ്ണമാണ്.

സാമ്രാജ്യത്വത്തെ പൊതുവേയോ, സാമ്രാജ്യശക്തികളെ ഒററയൊററയായോ നോക്കിയാൽ കാണുന്നതു് കോളനികൾ നഷ്ടമായിട്ടും അവയ്ക്കു സാരമായ കോട്ടമൊന്നുമുണ്ടായിട്ടില്ല എന്നാണ്. ഹോളണ്ടിൻെറ കഥയെടുക്കുക: നാനൂറുകൊല്ലത്തേക്കു് ഹോളണ്ടിൻെറ പക്കൽ ലക്ഷക്കണക്കിനു് അടിമകളുണ്ടായിരുന്നു. ഹോളണ്ടിനെ മുങ്ങിമരിക്കാതെ രക്ഷിക്കുന്ന കടേശമാണ് ഇന്ദോനേഷ്യ എന്നത്രെ ഒരിക്കൽ 'ഇക്കണോമിസ്റ്റ്' പത്രം എഴുതിയ

ു്. എങ്കിലും, ഇന്തോനേഷ്യ പിടിയിൽനിന്നു വിട്ടുപോയിട്ടും ഹോളണ്ടിനു വളരാനും വികസിയ്ക്കാനും സാധിച്ചിരിയ്ക്കുന്നു. 1952നും 1959നുമിടക്ക് ഹോളണ്ടിൻെറ വ്യാവസായികോൽപ്പാദന സൂചിക 42 ശതമാനം വദ്ധിക്കുകയുണ്ടായി. അവിടുത്തെ കറൻസിയുടെ വില ഇടിഞ്ഞില്ല. അന്നാടിൻെറ കയററുമതി വദ്ധിക്കുകയേ ഉണ്ടായുള്ളു. ഹോളണ്ടിനു് സാമ്പത്തിക പ്രശ്നമേതുമില്ല എന്നല്ല ഇതിൻെറ അത്ഥം. ഉണ്ടു്, മററു മുതലാളിത്തരാജ്യങ്ങാംക്കുള്ളതുപോലുള്ള പ്രശ്നങ്ങാം ഹോളണ്ടിനുമുണ്ടു്.

കോളണികാം നഷ്ടമായിട്ടും സാമ്രാജ്യശക്തികാംക്കു് ഇന്നോളം കോട്ടമൊന്നും തട്ടാതിരുന്നതിൻെറ പ്രധാന കാരണങ്ങാം ഇവയാണു്:

(1) സ്വന്തം നാട്ടിലെ തൊഴിലാളിവഗ്ഗത്തെ കൂടുതൽ ചൂഷണം ചെയ്തു കൂടുതൽ ചരക്കുകാം ഉൽപ്പാദിപ്പിക്കുന്നുണ്ടു്. യുദ്ധാനന്തരം സ കതികപരിഷ്കാരങ്ങാം പലതുമുണ്ടായിട്ടുണ്ടെങ്കിലും അധ്വാനസമയം ഇളച്ചിട്ടില്ല.

(2) ഏതെങ്കിലുമൊരു കോളണിയ്ക്കു രാഷ്ട്രീയസ്വാതന്ത്ര്യം സിദ്ധിച്ചു എന്നതുകൊണ്ടു് അതിനു സാമ്പത്തികസ്വാതന്ത്ര്യം സിദ്ധിച്ചു എന്നത്ഥമാകുന്നില്ല. സോഷ്യലിസത്തിൻെറ മാഗ്ഗം സ്വീകരിച്ചിട്ടുള്ള രാജ്യങ്ങാം മാത്രമേ സമ്പദ്വ്യവസ്ഥയുടെ കൊളോണിയൽ സ്വഭാവത്തെ തുത്തുകളയാൻ പരിശ്രമിയ്ക്കുന്നുള്ളു. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളിൽ അൽപ്പം വ്യാവസായാഭിവൃദ്ധിയുണ്ടായിട്ടുണ്ടെങ്കിലും വ്യാവസായികമായി വലിയ വികാസം പ്രാപിച്ച സാമ്രാജ്യശക്തികളും അൽപ്പവികസിതങ്ങളായ ബൂർഷ്വാ രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക വിടവ് ഇന്നും നിലനില്ക്കുന്നുണ്ടു്. ഐക്യരാഷ്ട്രസംഘടന തയ്യാറാക്കിയ വ്യാവസായികോൽപ്പാദന സൂചിക നോക്കുക:

## 1953-ലെ വ്യാവസായികോല്പാദനത്തിൽ ലോകത്തിലെ ചില ഭാഗങ്ങളുടെ പങ്ക് (%)

| | നിർമ്മാണവ്യവസായങ്ങളൊട്ടാകെയെടുത്താൽ | ലോഹവ്യവസായങ്ങൾ മാത്രം |
|---|---|---|
| വടക്കെ അമേരിക്ക | 57.6 | 64.0 |
| പടിഞ്ഞാറൻയൂറോപ്പ് | 32.0 | 30.8 |
| മററു മുതലാളിത്ത രാജ്യങ്ങൾ | 10.4 | 5.2 |

അൽപ്പവികസിതരാജ്യങ്ങളിൽ കാണുന്ന വ്യവസായസ്ഥാപനങ്ങളിൽ ഗണ്യമായ ഒരു പങ്ക വിദേശമുതലാളിമാരുടെ ഉടമയിലാണിരിക്കുന്നതു് എന്ന വസ്തുതയും ഇതോടൊപ്പം ഓർക്കണം. (താരതമ്യേന സമ്പന്നമായ ആസ്ത്രേലിയയിൽനിന്നുപോലും അമേരിക്കൻ കുത്തകമുതലാളിത്തം വലിയ ലാഭം കൊള്ളയടിച്ചു കൊണ്ടുപോകുന്നുണ്ട്.)

എന്നാലും, അൽപ്പവികസിതരാജ്യങ്ങളും സാമ്രാജ്യശക്തികളും തമ്മിൽ ഇന്നു കാണുന്ന ബന്ധങ്ങളും യുദ്ധത്തിന്നു മുമ്പുണ്ടായിരുന്ന ബന്ധങ്ങളും തമ്മിൽ തത്വത്തിൽ വലിയ വ്യത്യാസമുണ്ട്. യുദ്ധത്തിനു മുമ്പു്, അൽപ്പവികസിതരാജ്യങ്ങളിലേക്ക് ഉൽപ്പാദനോപകരണങ്ങളും മൂലധനവും വായ്പയും എത്തിച്ചുകൊടുക്കുന്നതിന്നു കുത്തക സാമ്രാജ്യശക്തികൾക്കായിരുന്നു. ആ നാടുകളിൽനിന്നു് അസംസ്കൃത വിഭവങ്ങൾ കയററിക്കൊണ്ടുപോകുന്നതിലും അവക്കുതന്നെയായിരുന്നു കുത്തക.

ഇന്നു് ആ കുത്തക ഇല്ലേ ഇല്ല. സോവിയററയൂണിയനും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളും അൽപ്പവികസിതരാജ്യങ്ങൾക്ക

ധാരാളം മൂലധനസാമഗ്രികളും വായ്പകളും കൊടുക്കുന്നുണ്ട്. അവക്ക് സാങ്കേതികസഹായങ്ങാം നൽകുകയും അവരുടെ അസംസ്കൃതവിഭവങ്ങാം വാങ്ങുകയും ചെയ്യുന്നുമുണ്ട്.

സ്വന്തം നയങ്ങാം സ്വയമേവ നിർണ്ണയിക്കാൻ അൽപ്പവികസിത രാജ്യങ്ങാംക്ക് ഇന്നൊരവസരം സിദ്ധിച്ചിരിക്കുന്നു. സോഷ്യലിസത്തിൻേറയോ മുതലാളിത്തത്തിൻേറയോ മാർഗ്ഗം സ്വീകരിക്കാൻ അവക്ക് സ്വാതന്ത്ര്യമുണ്ടിന്നു്.

ലാററിനമേരിക്കയിലെ അൽപ്പവികസിതരാജ്യങ്ങളും ഏഷ്യയിലേയും ആഫ്റിക്കയിലേയും മുൻകോളനികളും ഏതു മാർഗ്ഗമാണ് സ്വീകരിക്കുക എന്ന പ്രശ്നം രണ്ടു ലോകവ്യവസ്ഥിതികാം തമ്മിലുള്ള സമരത്തിലെ ഒരു പ്രധാന പ്രശ്നമായിത്തീർന്നിരിക്കുന്നു. അൽപ്പവികസിതരാജ്യങ്ങളെ സോഷ്യലിസത്തിൻെറ മാർഗ്ഗത്തിൽനിന്നു തെററിച്ചുകൊണ്ടുപോകുന്നതിന്നുവേണ്ടി സാമ്രാജ്യശക്തികാം 'സാമ്പത്തികസഹായ'ത്തെക്കുറിച്ച് എന്തെല്ലാം ബഡായികാം തട്ടിവിട്ടാലും ശരി, മുതലാളിത്തവികാസത്തിൻെറ നിയമങ്ങാം നീക്കപോക്കില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. സാമ്രാജ്യത്വരാജ്യങ്ങാം അവികസിതരാജ്യങ്ങളെ യഥേഷ്ടം ചൂഷണംചെയ്തുകൊണ്ടിരിക്കുകയാണ്.

എന്നാൽ സോഷ്യലിസ്റ്റ് രാജ്യങ്ങാം അല്പവികസിതരാജ്യങ്ങാംക്ക് വർദ്ധമാനമായ തോതിൽ സഹായം നൽകുന്നതുകൊണ്ട് മുതലാളിത്ത വികാസത്തിൻെറ നിയമങ്ങാം ക്രമേണ ദുർബ്ബലപ്പെട്ടുവരുന്നു.

സാമ്രാജ്യരാഷ്ട്രങ്ങാം അല്പവികസിതരാജ്യങ്ങാംക്ക മൂലധനസാമഗ്രികാം വിൽക്കുന്നതു് വലിയ കുത്തകവിലയ്ക്കാണ്. അവരുടെ പക്കൽനിന്നു് അസംസ്കൃവിഭവങ്ങാം വാങ്ങിക്കൊണ്ടുപോകുന്നതോ, "സ്വതന്ത്രവാണിഭ"ത്തിലെ വിലയ്ക്കു്. വാസ്തവത്തിൽ അസംസ്കൃതവിഭവങ്ങളുടെ വില നിശ്ചയിക്കുന്നതും കുത്തകമേധാവികാംതന്നെയാണ്. രണ്ടുവിധം ചരക്കുകളുടേയും

വിലകഠം തമ്മിലുള്ള അൻപാതത്തിന്ന കഴിഞ്ഞ ഒരു ദശകം കൊണ്ടു വലിയ മാററവുമുണ്ടായിട്ടുണ്ടു്. കോളണികളിലെ രാഷ്ട്രീയാധികാരം നഷ്ടപ്പെട്ടിട്ടും സാമ്രാജ്യശക്തികഠംക്കു സാമ്പത്തികമായ കോട്ടം സാരമായി സംഭവിട്ടില്ലാത്തതിന്ന ഒരു കാരണമിതാണ്.

ലോകമുതലാളിത്തവിപണിയിൽ സംഭവിച്ചിട്ടുള്ള വിലമാററങ്ങഠം ഐക്യരാഷ്ട്രസംഘടനയുടെ സ്റ്റാററിസ്റ്റിക്ക്സ് ബുള്ളററിൻെറ ഒരു ലക്കത്തിൽ (1961 ഫെബ്രുവരി) കൊടുത്തിട്ടുണ്ടു് (1953=100)

| കൊല്ലം | അസംസ്കൃത വിഭവങ്ങളുടെ വില | നിർമ്മിത വസ്തുക്കളുടെ വില |
|---|---|---|
| 1952 | 104 | 104 |
| 1958 | 96 | 106 |
| 1959 | 94 | 106 |
| 1960 ആദ്യപാദം | 93 | 109 |

1952നുശേഷം അസംസ്കൃതവിഭവങ്ങളുടെ വില ഗണ്യമായി ഇടിഞ്ഞതുകൊണ്ടു് സാമ്രാജ്യത്വരാജ്യങ്ങളിലെ കുത്തകമേധാവികഠംക്കു് പ്രതിവർഷം 1000 മില്യൺ ഡോളറിൽ കൂടുതൽ മെച്ചം കിട്ടിയിട്ടുണ്ടു്.

യദൃച്ഛയാ സംഭവിച്ച ഒരു കാര്യമല്ലിതു്. അഭിവൃദ്ധരാജ്യങ്ങളിൽ സാങ്കേതികപുരോഗതിയുണ്ടായതുകൊണ്ടു് അനേകം പ്രകൃതിവിഭവങ്ങളുടെ സ്ഥാനത്തു് കൃത്രിമവസ്തുക്കഠം ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ടു്; അതോടെ അല്പവികസിതരാജ്യങ്ങളുടെ

DISTRIBUTING LIBRARY
No. ........ ........
KOTTAYAM

ചകളിലുള്ള അസംസ്കൃതവിഭവങ്ങളുടെ വിലകുറഞ്ഞിരിക്കുന്നു. അതുപോലെ, അഭിവൃദ്ധരാജ്യങ്ങളിലെ കൃഷിയിൽ വമ്പിച്ച യന്ത്രവൽക്കരണം നടന്നിട്ടുള്ളതുകൊണ്ട് അല്പവികസിതരാജ്യങ്ങളുടെ കാർഷികവിഭവങ്ങൾക്കു കമ്പോളം നഷ്ടപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്ക് അല്പവികസിതരാജ്യങ്ങൾക്കനുകൂലമായ വിധത്തിൽ വിലകൾ ഇനി മാറുമെന്നോ കുത്തകമേധാവികളുടെ ചൂഷണം കുറയുമെന്നോ കരുതുക വയ്യാ.

ഉൽപ്പാദനശക്തികളെ വികസിപ്പിക്കുക, കാർഷിക പരിഷ്കാരം വാസ്തവമായും വ്യവസായങ്ങൾ വളർത്തിയും നാടുവാഴിത്തത്തിൻെറ അവശിഷ്ടങ്ങളെ നിർമ്മാജ്ജനം ചെയ്യുക—ഇതു മാത്രമാണ് സാമ്പത്തിക സ്വാതന്ത്ര്യം നേടുന്നതിന്നു അൽപ്പവികസിതരാജ്യങ്ങൾക്കവലംബിക്കാവുന്ന ഏകമാർഗ്ഗം.

അൽപ്പവികസിതരാജ്യങ്ങളുടെ വ്യവസായവൽക്കരണ പരിശ്രമങ്ങളെ കുത്തകമേധാവികൾ എല്ലാ വിധത്തിലുമെതിർക്കുമെന്നതു തീർച്ചയാണ്. എന്തെന്നാൽ, അൽപ്പവികസിതരാജ്യങ്ങളിൽ വ്യവസായങ്ങൾ വളർന്നാൽ കുത്തകപ്പെരുമാക്കന്മാർക്ക് നിൽക്കക്കള്ളിയില്ലാതാവും. ഗതാഗതമാർഗ്ഗങ്ങൾ, തുറമുഖങ്ങൾ. ആസ്പത്രികൾ, സ്കൂളുകൾ എന്നിവയ്ക്കുവേണ്ടി മാത്രമേ അമേരിക്കൻ സർക്കാർ അൽപ്പവികസിതരാജ്യങ്ങളെ സഹായിക്കാവൂ. വ്യവസായവികസനം കുത്തകമേധാവികളെത്തന്നെ ഏൽപ്പിച്ചുകൊടുക്കണം എന്നാണ് അമേരിക്കയിലെ ഒരു പ്രമുഖ സംഘടനയായ "അന്താരാഷ്ട്രീയ സാമ്പത്തിക നയവിചാരസമിതി" ഇയ്യിടെ പ്രസ്താവിച്ചതു്.

അൽപ്പവികസിതരാജ്യങ്ങളിൽ മൂലധനമിറക്കുന്ന സ്വകാര്യമുതലാളിമാർ ആ രാജ്യങ്ങളുടെ വികാസത്തിന്നുവേണ്ടി തങ്ങളുടെ ലാഭത്തിലെ ഒരു കഴഞ്ചുപോലും ഉപേക്ഷിക്കില്ലെന്നതു വ്യക്തമാണല്ലോ. ഭാവിയിൽ ദേശസാൽക്കരണ നടപടികളുണ്ടായേക്കുമോ എന്നവർക്കു ഭീതിയുണ്ട്. അതുകൊണ്ട് അതിവേഗം ധാരാളം ലാഭം കിട്ടും എന്നുറപ്പുണ്ടെങ്കിൽ മാത്രമേ കുത്തകക്കാർ

ആ രാജ്യങ്ങളിൽ മൂലധനനിക്ഷേപമുള്ളൂ. 1957ൽ അമേരിക്കൻ സ്വകാര്യമുതലാളിമാരുടെ മൊത്തം മൂലധനനിക്ഷേപം 25000 മില്യൺ ഡോളറായിരുന്നു; ഇതിൽ 17000 മില്യൺ അമേരിക്കൻ ഭൂഖണ്ഡത്തിലും 4000 മില്യൺ പടിഞ്ഞാറൻ യൂറോപ്പിലും 800 മില്യൺ ആസ്ത്രേലിയയിലും ജപ്പാനിലുംകൂടിയുമാണ് നടന്നത്. ബാക്കി 3200 മില്യൺ ഡോളറേ ഏഷ്യയിലേയും ആഫ്റിക്കയിലേയും അൽപ്പവികസിതരാജ്യങ്ങളിലെല്ലാംകൂടി മുതൽ മുടക്കിയുള്ളൂ. ആ 3200 മില്യണിൽ നല്ലൊരു പങ്ക് മധ്യപൂർവ്വപ്രദേശത്തെ എണ്ണവ്യവസായത്തിലാണ് നിക്ഷേപിച്ചത്.

വായ്പകൊണ്ടും ചൂഷണംതന്നെയാണ് നടത്തുന്നത്. അഭിവൃദ്ധങ്ങളായ മുതലാളിത്തരാജ്യങ്ങൾ. സർക്കാരല്ലാതെ മററാരും അൽപ്പവികസിതരാജ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പകൊടുക്കരുത് എന്നനുശാസിക്കുന്ന നിയമങ്ങൾ മുതലാളിത്തരാജ്യങ്ങളിലുമുണ്ട്. അങ്ങനെ വായ്പകൊടുക്കുമ്പോൾ സ്വന്തം നാട്ടിൽ കിട്ടാവുന്നതിലധികം പലിശ കിട്ടണം എന്ന നിർബ്ബന്ധവുമുണ്ട്.

സോവിയററ് യൂണിയനും മററ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കും മാത്രമേ അൽപ്പവികസിതരാജ്യങ്ങളുടെ വ്യവസായവൽക്കരണത്തിൽ ആത്മാർത്ഥമായ താൽപ്പര്യമുള്ളൂ. അതുകൊണ്ട് ആ രാജ്യങ്ങൾ മാത്രമാണ് അൽപ്പവികസിതരാഷ്ട്രങ്ങൾക്ക ഫലപ്രദമായ സഹായം നൽകുന്നത്.

## 2. മുതലാളിത്തസമുദായത്തിലെ പ്രധാന സാമ്പത്തിക മാററങ്ങൾ

ഇക്കാലത്തെ മുതലാളിത്ത സമുദായം ഈ നൂററാണ്ടിൻെറ ആരംഭത്തിലെ സാമ്രാജ്യത്വംതന്നെയാണ്—ആ വ്യവസ്ഥിതിയുടെ സഹജനിയമങ്ങൾക്ക മാററമേതുമുണ്ടായിട്ടില്ല. എങ്കിലും പല മാററങ്ങളുമുണ്ടായിട്ടുണ്ട്. ആഭ്യന്തര സാമ്പത്തിക നിയമ

ങ്ങൾ പരിമാണപരമായ മാററങ്ങളെ ഗുണപരമായ മാററങ്ങളാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു; അതിനും പുറമേ, പുതിയ ചില പ്രതിഭാസങ്ങൾ ആവിർഭവിച്ചിട്ടുണ്ടു്. ഏററവും വികാസം പ്രാപിച്ച മുതലാളിത്തരാജ്യങ്ങളിലാണ് ഈ മാററങ്ങൾ പ്രധാനമായും സംഭവിച്ചിട്ടുള്ളതു്. അൽപ്പവികസിതരാജ്യങ്ങളായ ബൂർഷ്വാരാജ്യങ്ങളിലെ സാമ്പത്തികസ്ഥിതിഗതികളിൽ പറയത്തക്ക മാററമൊന്നുമുണ്ടായിട്ടില്ല.

ഏററവും പ്രധാനമായ സാമ്പത്തികമാററങ്ങളെ നമുക്കൊന്നു വിശകലനം ചെയ്തുനോക്കാം.

*　　　*　　　*

കുത്തകമേധാവികൾക്കും പണപ്പെരുമാക്കന്മാർക്കും ഇരുപതാം നൂററാണ്ടിന്റെ തുടക്കത്തിലുണ്ടായിരുന്നതിലധികം ശക്തി ഇന്നു മുതലാളിത്ത സമുദായത്തിലുണ്ടു്.

ആയിരം തൊഴിലാളികൾ പണിയെടുക്കുന്ന ഒരു ഫാക്ടറി ഈ നൂററാണ്ടിന്റെ ആരംഭത്തിൽ ഒരു സ്ഥാപനമായിരുന്നു. എന്നാൽ ഇന്നു് അത്തരം ഫാക്ടറികളെ ഇടത്തരമായിട്ടേ ഗണിക്കുന്നുള്ളു. പതിനായിരമോ ഇരുപതിനായിരമോ തൊഴിലാളികളും എൻജിനീയർമാരും ക്ലാർക്കുമാരും മററുമുള്ള ഫാക്ടററികളെ മാത്രമേ ഇന്നു കൂററൻ ഫാക്ടററികളായി കണക്കാക്കുന്നുള്ളു.

ഈ നൂററാണ്ടിന്റെ ആരംഭത്തിൽ 100 മില്യൺ ഡോളറിന്റെ ആസ്തിയെന്നു പറഞ്ഞാൽ വലിയ ആസ്തിയായിരുന്നു. ഇന്നാകട്ടെ സ്റ്റാൻേറർഡ് ഓയിൽ ഗ്രൂപ്പിനു് 10000 മില്യൺ ഡോളറിന്റെ ആസ്തിയും, സമേരിക്കൻ ടെലഫോൺ-ടെലഗ്രാഫ് കമ്പനിക്കു് 8000 മില്യൺ ഡോളറിന്റെ ആസ്തിയുമുണ്ടു്. റോയൽ ഡച്ച്, ഷെൽ, യുണൈറ്റഡ് സ്റ്റേററ് സ്റ്റീൽ എന്നിങ്ങനെ അനവധി സ്ഥാപനങ്ങൾക്കു് ആയിരക്കണക്കിനു മില്യൺ ഡോളറിന്റെ ആസ്തിയുണ്ടിന്നു്.

ഈ നൂററാണ്ടിൻെറ ആരംഭത്തിൽതന്നെ കുത്തകകഠം സാമ്രാജ്യത്വരാജ്യങ്ങളിൽ നിണ്ണായകശക്തികളായിക്കഴിഞ്ഞിരുന്നു. എന്നാലും അവക്ക് ഇന്നത്തെ അത്ര പ്രാബല്യമുണ്ടായിരുന്നില്ല. അലൂമിനിയം, മോട്ടോർ വാഹനങ്ങഠക്ക് അമേരിക്ക പിടിച്ചടക്കിയിട്ടുള്ള കമ്പോളത്തെ മുഴുവൻ നിയന്ത്രിക്കുന്നതു് ഇന്നു് മൂന്നോ മൂന്നു കമ്പനിയാണ്.

ഈ നൂററാണ്ടിൻെറ ആരംഭത്തിൽ പണപ്പെരുമാക്കന്മാക്കും ഇന്നത്തെ അത്ര കരുത്തുണ്ടായിരുന്നില്ല. ഇക്കൂട്ടർ ഇന്നു അണിയറയിലിരുന്നുകൊണ്ടു് കുത്തകകളുടെ ചരടുവലിക്കുകയാണ്. അത്ര പ്രത്യക്ഷമല്ലെങ്കിലും അവരുടെ പ്രാബല്യം ഭയങ്കരമാണ്.

വൻതോതിൽ സംഭവിച്ച പരിമാണപരമായ ഇത്താം മാററങ്ങളുടെ ഫലമായി ഗുണപരമായ, ഘടനാപരമായ മാററങ്ങഠ ഉണ്ടാവുക അനിവാര്യമായിരുന്നു. ഉല്പാദനം കേന്ദ്രീകൃതമായതോടെ പുതിയ പുതിയ സാങ്കേതികവിദ്യകഠ പ്രയോഗിക്കുക അനായാസമായിത്തീൻ. പുതിയ സാങ്കേതികോപായങ്ങഠ ഏപ്പെടുത്തിയപ്പോഠ ഉൽപ്പാദനം അതിഭീമമായ വ്യവസായശാലകളിൽ കൂടുതൽ കേന്ദ്രീകൃതമായി. മൂലധനത്തിൻേറയും ഉൽപ്പാദനത്തിൻേറയും വമ്പിച്ച ഈ കേന്ദ്രീകരണത്തിൻെറ അടിസ്ഥാനത്തിൽ സ്റ്റേററ് നേതൃത്വത്തിലുള്ള കുത്തകമുതലാളിത്തം ഏപ്പെട്ടു. സമുദായത്തിൻെറ ഒട്ടാകെ മൂലധനത്തെ സ്വന്തം കീശ വീപ്പിയ്ക്കുന്നതിന്നുവേണ്ടി ഉപയോഗിക്കാൻ പണപ്പെരുമാക്കന്മാർ ഇന്നു അത്യന്തം സങ്കീണ്ണമായ പല വിദ്യകളും പ്രയോഗിയ്ക്കുന്നുണ്ടു്. ബേങ്കുകളും വ്യവസായികളും തമ്മിലുള്ള ബന്ധങ്ങഠ മാറിയിരിക്കുന്നു. അമിതോൽപ്പാദനത്തിൻെറ ഭാരത്തെ സമുദായത്തിൽ വിതരണം ചെയ്യുന്ന രീതിയും മാറിയിരിക്കുന്നു.

മുതലാളിമാരുടെ സ്വത്തും കുത്തകപ്രഭുക്കന്മാരുടെ കരുത്തും പെരുകുകയും സ്റ്റേററ് കുത്തക മുതലാളിത്തം പൂണ്ണവികാസം പ്രാ

റിക്കുകയും ചെയ്തെങ്കിലും മുതലാളിത്തവ്യവസ്ഥിതിക്കു താൽക്കാലികമായെങ്കിലും ഭദ്രത കൈവരുകയോ ആ സമ്പദ്‌വ്യവസ്ഥ അൽപ്പമെങ്കിലും ബലപ്പെടുകയോ ഉണ്ടായില്ല. സാമ്രാജ്യത്വരാഷ്ട്രങ്ങളിലെ സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണം, പണപ്പെരുപ്പം, ലോകമുതലാളിത്തവിപണിയുടെ ശിഥിലീകരണം, നിരന്തരമായ കാർഷികക്കുഴപ്പം, കടുത്ത വർഗ്ഗസമരം, സാമ്രാജ്യാധികാരത്തിൻെറ ക്ഷയം എന്നിവയെല്ലാം ഇതിന്നു തെളിവാണ്. മുതലാളിത്തവ്യവസ്ഥ ക്ഷീണിച്ചതോടൊപ്പം സോഷ്യലിസ്റ്റ് വ്യവസ്ഥ ശക്തിപ്പെടുകയും ചെയ്തു.

ഈ മാററങ്ങളെ നമുക്കു കുറച്ചുകൂടി സൂക്ഷ്മമായി പരിശോധിക്കാം.

ഈ നൂററാണ്ടിൻെറ ആരംഭത്തിലുണ്ടായിരുന്നവയിൽ നിന്നെത്രയോ വ്യത്യസ്തമാണ് ഇന്നത്തെ ഉൽപ്പാദനസങ്കേതങ്ങൾ. അക്കാലത്ത് വ്യവസായങ്ങളിലുപയോഗിച്ചിരുന്ന ഏററവും പ്രധാന ഊർജ്ജം ആവിയായിരുന്നു—മാർക്സിൻെറ കാലത്തെപ്പോലെത്തന്നെ. എന്നാൽ ഇന്നു വിദ്യുച്ഛക്തിയും അണുശക്തിയും സാധാരണമായിരിക്കുന്നു. അന്നു ഓരോ യന്ത്രവും ഓരോ തൊഴിലാളി പ്രവർത്തിച്ചിരുന്ന ഓരോ ഘടകമായിരുന്നു; അതുകൊണ്ട് ഉൽപ്പാദനക്ഷമതയുടെ പ്രധാനാസ്പദം തൊഴിലാളിയുടെ വൈദഗ്ധ്യമായിരുന്നു. അതുകൊണ്ടാണ് തൊഴിലാളികളുടെ കാര്യക്ഷമത അളക്കുന്നതിന്നുള്ള ഏർപ്പാടുകൾ അന്നാവിഷ്കരിച്ചത്—"ടൈം ആൻറ മോഷൺ സ്റ്റഡി."

എന്നാൽ ഇന്നു് 'കൺവേയർ ബെൽട്ട് സിസ്റ്റത്തി'ലാണ് ഫാക്ടറികൾ പ്രവർത്തിക്കുന്നത്. ഓരോ യന്ത്രവും ഓരോ ഘടകമല്ലാതായിത്തീർന്നിരിക്കുന്നു. ജോലിയുടെ വേഗത്തെ നിയന്ത്രിക്കുന്നതു് യന്ത്രങ്ങളാണ്. ആ യന്ത്രങ്ങളോടൊപ്പം വേഗത്തിൽ പണിയെടുക്കുകയാണ് തൊഴിലാളികൾ. അതുകൊ

ണ്ട് മുതലാളിമാർ കാര്യക്ഷമത അളക്കുന്നതിനു ചില പുതിയ വിദ്യകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പണ്ടത്തെ 'പീസ് റേററ്' വ്യവസ്ഥക്കു പ്രസക്തി നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ചെയ്തുതീക്കുന്ന ജോലിയല്ല, ജോലി ചെയ്യുന്ന സമയമാണ് കൂലി നിർണ്ണയിക്കുന്നതിനു ഇന്നു് ആധാരമാക്കുന്നത്.

ഉല്പാദനത്തിൻെറ എല്ലാ അംശങ്ങളേയും യന്ത്രവൽക്കരിച്ചുകഴിഞ്ഞ (automated) ഫാക്ടറികൾ ഇന്നു സാധാരണമായി വരികയാണ്. ഈ ഫാക്ടറികളിൽ തൊഴിലാളികൾക്കു കായികാധ്വാനം വേണ്ടിവരുന്നില്ല; യന്ത്രങ്ങളുടെ മേൽനോട്ടം വഹിക്കുകയേ വേണ്ടു. ഒരു കേന്ദ്രകാര്യാലയത്തിലിരുന്നുകൊണ്ട് ഫാക്ററിയിലെ യന്ത്രങ്ങളെ ഒട്ടാകെ പ്രവർത്തിപ്പിയ്ക്കുന്നതിനുള്ള ഇലക്ട്രോണിക്ക് ഉപായങ്ങൾ കൂടുതൽ പ്രചാരത്തിലാകുന്നുണ്ട് ഇന്നു്.

ഇന്നത്തെ യന്ത്രോപകരണങ്ങൾക്കു ചെലവു ജാസ്തിയാണ്. വൻതോതിൽ ഉല്പാദനം സംഘടിപ്പിയ്ക്കുന്നതിനു് വൻതോതിൽ മുതൽ മുടക്കണം. ചെറുകിടയോ ഇടത്തരമോ ആയ സ്ഥാപനങ്ങൾക്കു അതു സാധ്യമല്ല അതുകൊണ്ട് വൻകുററൻ സ്ഥാപനങ്ങളുടെ പ്രാമാണ്യം വദ്ധിച്ചുവരികയാണ്. പുതിയ ഉല്പാദനസങ്കേതങ്ങൾ ആവിഷ്കൃതമായതിൻെറ ഫലമായി കുത്തക പ്രഭുക്കന്മാരുടെ പ്രാമാണ്യം മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ വളരെ വദ്ധിച്ചിരിക്കുന്നു എന്നു ചുരുക്കം.

പ്രവൃദ്ധങ്ങളായ മുതലാളിത്തരാജ്യങ്ങളിൽ കാഷികരംഗത്തും മൗലികപരിവത്തനങ്ങൾ സംഭവിച്ചിട്ടുണ്ട് യന്ത്രവല്ക്കരണം അസാധ്യമായ ഒരു ഘട്ടത്തിലാണ് കൃഷി എന്നു് ഈ നൂററാണ്ടിൻെറ ആരംഭത്തിൽ ലെനിൻ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ഇന്നു് അഭിവൃദ്ധരാജ്യങ്ങളിൽ യന്ത്രങ്ങളുടെ സഹായത്തോടെയാണ് കൃഷി നടത്തുന്നതു്. ആ മേഖലയിലും ഇന്നു കൂടുതൽ മുതൽ മുടക്കു വേണ്ടിയിരിക്കുന്നു.

# അമേരിക്കയിലെ കാർഷിക സ്വത്തിന്റെ വില

| വർഷം | യന്ത്രോപകരണങ്ങളുടെ വില (മില്യൺ ഡോളർ) | കൃഷിയിടങ്ങളിൽ ജോലിചെയ്യുന്നവരുടെ എണ്ണം (മില്യൺ) | യന്ത്രോപകരണങ്ങളുടെ വില (ഡോളർ) യുടെ ശരാശരി | |
|---|---|---|---|---|
| | | | ഏക്രക്കു് | തൊഴിലാളിക്കു് |
| 1910 | 1395 | 13.6 | 1.9 | 103 |
| 1918 | 17400 | 7.5 | 16.6 | 2320 |

അരനൂററാണ്ടുകൊണ്ടു് അമേരിക്കയിലുണ്ടായ വമ്പിച്ച മാററത്തിന്റെ ഒരു ചിത്രം ഈ കണക്കുകളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. ജോലിക്കാരുടെ എണ്ണം ഏകദേശം പകുതികണ്ടു് കുറഞ്ഞിരിക്കുന്നു. എന്നാൽ യന്ത്രോപകരണങ്ങളുടെ വില ആറു മടങ്ങായിരിക്കുന്നു. യന്ത്രങ്ങളേർപ്പെടുത്തിയതുകാരണം ആദ്യമുണ്ടായിരുന്നതിന്റെ പകുതി തൊഴിലാളികൾക്കു് ഉല്പാദനത്തെ അന്നത്തേതിന്റെ ഇരട്ടിയാക്കാൻ കഴിഞ്ഞിട്ടുണ്ടു്. കനഡയിലും പടിഞ്ഞാറൻ യൂറോപ്പിലും ഏതാണ്ടിതുതന്നെയാണു് സംഭവിച്ചിട്ടുള്ളതു്. തറപ്പാട്ടത്തേയും നന്നെ ചെറിയ കൃഷിഭൂമികളെയും നീക്കി നിർത്തിയാൽ, അഭിവൃദ്ധങ്ങളായ മുതലാളിത്തരാജ്യങ്ങളിലെ കൃഷി യന്ത്രീകൃതവ്യവസായത്തിന്റെ ഒരു ഭാഗമായിത്തീർന്നിരിക്കുന്നു എന്നാണു് കാണുന്നതു്. (അല്പവികസിതരാജ്യങ്ങളിൽ ഈ മാററമുണ്ടായിട്ടില്ല.)

*　*　*　*

ഒന്നാംലോകമഹായുദ്ധകാലത്താവിർഭവിച്ച സ്റ്റേററ് കുത്തകമുതലാളിത്തം പൂർണ്ണവികാസം പ്രാപിച്ചിരിക്കുന്നു: മുതലാളിത്തം പൊതുക്കുഴപ്പത്തിലകപ്പെട്ടിരിക്കുന്ന ദശയിൽ, അതിൻെറ സാമൂഹ്യവ്യവസ്ഥയാകെ തകൎന്നുകൊണ്ടിരിക്കുന്ന അന്തിമഘട്ടത്തിൽ മുതലാളിത്ത രാജ്യങ്ങളിലെ സമ്പദ് വ്യവസ്ഥയിലും രാഷ്ട്രീയത്തിലും കുത്തകകൾക്കുള്ള പ്രാമാണ്യത്തിലാണ് സ്റ്റേററ് കുത്തകമുതലാളിത്ത (ta e Monopoly Capitalism) ത്തിൻെറ ആവിർഭാവത്തിൻേറയും വികാസത്തിൻേറയും വേരുകൾ കിടക്കുന്നതു്.

രണ്ടു ലക്ഷ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി കുത്തകകളും ബൂഷ്വാ ഭരണകൂടവും സഖ്യത്തിലേൎപ്പെടുമ്പോഴാണ് സ്റ്റേററ് കുത്തകമുതലാളിത്തം രൂപംകൊള്ളുന്നതു്. (1) നാട്ടിലെ വിപ്ലവപ്രസ്ഥാനത്തിൽനിന്നും സോഷ്യലിസ്റ്റ് ലോകത്തിൻെറ ആഘാതങ്ങളിൽനിന്നും രക്ഷിച്ച് മുതലാളിത്തവ്യവസ്ഥിതിയെ നിലനിൎത്തണം; (2) ദേശീയസമ്പത്തിൻെറ കുത്തക മുതലാളിമാൎക്ക് പ്രയോജനകരമായ വിധത്തിൽ സ്റ്റേററ് വിതരണം ചെയ്യണം—ഇതു രണ്ടുമാണ് ലക്ഷ്യങ്ങൾ. ഈ രണ്ടു ലക്ഷ്യങ്ങൾ സാധിതശ്രമകരമാണ്. അതിനുവേണ്ടിയുള്ള പരിശ്രമത്തിൽ നിരവധി വൈരുദ്ധ്യങ്ങളുണ്ടു്.

മുതലാളിത്തത്തെ ഭദ്രമായി നിലനിൎത്തുന്നതിന്നുവേണ്ടിയുള്ള പരിശ്രമത്തിൽ കുത്തകക്കാരല്ലാത്ത ബൂഷ്വാസിയും, ജന്മിവൎഗ്ഗവും ഉൾനാടൻ മുതലാളിമാരും മററും കുത്തകപ്രഭുക്കളെ സഹായിക്കും. എന്നാൽ കുത്തകക്കാൎക്കുമാത്രം ഗുണംചെയ്യുന്ന വിധത്തിൽ ദേശീയവരുമാനത്തെ വിതരണം ചെയ്യുന്നതിനുള്ള ശ്രമത്തെ ആ വിഭാഗങ്ങൾ അനുകൂലിക്കുകയുണ്ടാവില്ല. അതുകൊണ്ടു്, അതിനു ശ്രമിച്ചാൽ കുത്തകപ്രഭുക്കന്മാർ തങ്ങളും ഇതര സാമൂഹ്യ വിഭാഗങ്ങളും തമ്മിലുള്ള വിടവു വൎദ്ധിപ്പിയ്ക്കും; അങ്ങനെ അവരൊററപ്പെടുന്നു.

ഭരണയന്ത്രവും കുത്തകകളും തമ്മിൽ പരസ്യമായി ലയിച്ചിട്ടാണ് കുത്തകകളും ഭരണകൂടവും തമ്മിലുള്ള സഖ്യം സാധിക്കുന്നതു്. കുത്തകസ്ഥാപനങ്ങൾ സ്വന്തം പ്രതിനിധികളെ ഭരണയന്ത്രത്തിൻെറ നേതൃസ്ഥാനങ്ങളിലേയ്ക്കയയ്ക്കുക പതിവാണ്; അതുപോലെ, ഭരണസാരഥ്യം വഹിക്കുന്ന ചില പ്രമാണികൾ നേതൃസ്ഥാനങ്ങളിൽനിന്നിറങ്ങിയാൽ കുത്തകസ്ഥാപനങ്ങളുടെ തലപ്പത്തു കയറിക്കൂടുകയെന്നതും പതിവാണ്.

പ്രധാനപ്പെട്ട സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ച സംയുക്തനിശ്ചയങ്ങൾ കൈക്കൊള്ളുക എന്നതാണ് ഈ സഖ്യത്തിൻെറ മറെറാരു രീതി. ഇതു വെറും കമ്യൂണിസ്റ്റ് പ്രചാരവേലയല്ല. ഫ്രഞ്ച് വ്യവസായപ്രമുഖരുടെ മുഖപത്രമായ 'എൻറർപ്രൈസ്'' (ആഗസ്റ്റ് 1959) എഴുതിയതു നോക്കുക: "ഭരണകൂടവും സ്വകാര്യവ്യവസായികളും പരസ്പര പൂരകങ്ങളായി പ്രവത്തിക്കുന്ന ഒരു മുതലാളിത്ത വ്യവസ്ഥയാണ് ഫ്രാൻസിലെ സമ്പദ് വ്യവസ്ഥ—വിശേഷിച്ച് യുദ്ധത്തിനുശേഷം. എല്ലാ പ്രധാന തീരുമാനങ്ങളും രണ്ടു കേന്ദ്രങ്ങളിൽനിന്നാണ് പുറപ്പെടുന്നതു്—ഭരണാധികാരത്തിൻെറ കേന്ദ്രങ്ങളിൽനിന്നും സ്വകാര്യമേഖലയുടെ നേതൃസ്ഥാനങ്ങളിൽനിന്നും. അവയുടെ പ്രവത്തനങ്ങളെ സംയോജിപ്പിച്ചേ തീരൂ."

സമ്പദ്‌വ്യവസ്ഥയെയൊട്ടാകെ ഭരണകൂടം നിയന്ത്രിക്കുന്നു, ഭരണകൂടത്തിൻെറ ഉടമയിൽ വ്യവസായങ്ങൾ സ്ഥാപിതമാകുന്നു, ദേശീയവരുമാനത്തിൻെറ ഭൂരിഭാഗത്തെ പിടിച്ചെടുത്തു ഭരണകൂടം വീതരണം ചെയ്യുന്നു—ഇങ്ങനെയെല്ലാമാണ് പൂണ്ണവികാസം പ്രാപിച്ച സ്റ്റേററ് കുത്തകമുതലാളിത്തം പ്രകടമാകുന്നതു്.

സമ്പദ്‌വ്യവസ്ഥയെ ഭരണകൂടം നിയന്ത്രിക്കുന്നതും ഭരണകൂടത്തിൻെറ ആഭിമുഖ്യത്തിൽ സ്വത്തുക്കൾ രൂപം കൊള്ളുന്നതും കുത്തകകളുടെ വളച്ചക്കനുയോജ്യമല്ല. മുതലാളിത്തത്തിൻെറ നിലനില്പ് അപകടത്തിലാകുമ്പോഴേ കുത്തകപ്രഭുക്കന്മാർ ഇതെല്ലാം സമ്മതിയ്ക്കുകയുള്ളൂ—ആഗോളയുദ്ധങ്ങൾ നടക്കുമ്പോഴും അത്യാ

ധമായ അമിതോല്പാദനക്കുഴപ്പങ്ങൾ ഉണ്ടാകുമ്പോഴും. ചിലപ്പോൾ അവർ ദേശസാൽക്കരണത്തെത്തന്നെ അനുകൂലിച്ചെന്നുവരും— നഷ്ടത്തിൽ നടക്കുന്ന വ്യവസായങ്ങളുടെ ദേശസാല്ക്കരണത്തെ മാത്രം. വ്യവസായങ്ങളെ ദേശസാല്ക്കരിക്കുമ്പോൾ വൻതോതിൽ 'നഷ്ടപരിഹാരം' കൊടുക്കണമെന്നു നിർബ്ബന്ധിക്കുകയുംചെയ്യും. ഇങ്ങനെ വ്യവസായങ്ങളെ ഭരണകൂടത്തെ ഏല്പിച്ചുകൊടുക്കുന്നതോടൊപ്പം അവർ "ജനകീയ മുതലാളിത്ത"ത്തെക്കുറിച്ചു പെരുമ്പറയടിക്കുക പതിവാണ്.

സ്റ്റേററ് കുത്തകമുതലാളിത്തത്തിൻെറ വികാസം രണ്ടു കാര്യത്തെ സംബന്ധിച്ചിടത്തോളം അസമമാണ്.

സ്റ്റേററ് ബജററ മുഖേന വിതരണം ചെയ്യുന്ന ദേശീയ വരുമാനപ്പങ്ക് നിരന്തരം വർദ്ധിക്കുകയാണ്. ഭരണകൂടമിന്നു നാട്ടുകാരുടെ പക്കൽനിന്നു ദേശീയവരുമാനത്തിൻെറ കാൽഭാഗത്തിലധികം വസൂലാക്കി അതു മുഴുവൻ കുത്തകകൾക്കു പ്രയോജനകരമായ വിധത്തിൽ പുനർവ്വിതരണം ചെയ്യുന്നുണ്ട്. നികുതികൾ മുഖേനയാണ് ഭരണകൂടം ദേശീയവരുമാനത്തിൻെറ നല്ലൊരു പങ്ക് കൈവശപ്പെടുത്തുന്നതു്.

നാട്ടുകാരുടെ പണം വാരിക്കോരി കൊടുത്തിട്ടു മാത്രമല്ല ഭരണകൂടം കുത്തകകളെ സഹായിക്കുന്നുള്ളു. അഭ്യന്തരവിപണിയിൽ വളരെ ഉയന്ന കുത്തകവിലകൾ ഏർപ്പെടുത്താൻ അരുനില്ക്കുന്നുമുണ്ട് ഭരണകൂടം. ഇതിന്നുവേണ്ടി ഭരണകൂടം ചില ചരക്കുകളുടെ ഇറക്കുമതിയെ, പലവിധ ചുങ്കങ്ങൾകൊണ്ട്, കർശനമായി നിയന്ത്രിക്കും; നാട്ടിൽ ചെലവില്ലാത്ത ചരക്കുകൾക്കു കമ്പോളമുണ്ടാക്കിക്കൊടുക്കുന്നതിന്നുവേണ്ടി അന്യരാജ്യങ്ങൾക്കു വായ്പകളും മററും നൽകുകയും ചെയ്യും. കുത്തക സ്ഥാപനങ്ങൾക്കാവശ്യമായ അസംസ്കൃതവിഭവങ്ങളുടെ കയററുമതിയെ പലവിധത്തിലും തടയും.

ബജററിനെ സ്വാത്ഥത്തിന്നുവേണ്ടി ചൂഷണംചെയ്യാൻ കുത്തകക്കാർ കൈക്കൊള്ളുന്ന കൂടതന്ത്രങ്ങൾ എണ്ണമററതാണ്. ചി

ല പ്രധാന തന്ത്രങ്ങൾമാത്രം ഇവിടെ വിശദീകരിക്കാം: "രാജ്യരക്ഷയ്ക്കത്യാവശ്യമായ" സാമഗ്രികൾ ഉല്പാദിപ്പിയ്ക്കാനെന്നപേരിൽ ഭരണക്കൂടത്തിൻെറ പക്കൽനിന്നു് കൊട്ടക്കണക്കിന്നു സഹായധനവും വായ്പയും തട്ടിയെടുക്കും; ഭരണക്കൂടത്തിൻെറ പക്കൽനിന്നു നിസ്സാരവിലക്കു ഭൂമിയും വ്യവസായസ്ഥാപനങ്ങളും മററും വാങ്ങും; കുത്തകകളുടെമേലുള്ള നികുതികൾ വെട്ടിക്കുറപ്പിക്കും.

ഭരണക്കൂടം ചെയ്യുന്ന എല്ലാ ചെലവുകളും പ്രഥമമായും പ്രധാനമായും കുത്തകകൾക്കു പ്രയോജനകരമായ രൂപത്തിലാണു്. തൊഴിലാളികൾക്കു ക്ഷേമകരം എന്നു കരുതുന്ന ചെലവുകൾപോലും വാസ്തവത്തിൽ മെച്ചമുണ്ടാക്കിക്കൊടുക്കുന്നതു കുത്തകകൾക്കായിരിക്കും. നാട്ടിലെ വിദ്യാലയങ്ങളിൽ കുത്തകകൾക്കാവശ്യമായ എൻജിനിയർമാരേയും ശാസ്ത്രജ്ഞരേയും സാങ്കേതികവിദഗ്ധരേയും പരിശീലിപ്പിച്ചുകൊടുക്കുന്നു. കുത്തകസ്ഥാപനങ്ങൾക്കുവേണ്ടി ദേഹാധ്വാനം ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിന്നു ഭരണക്കൂടം ഏപ്പാടുകൾ ചെയ്യുന്നു. റോഡുകളും തുറമുഖങ്ങളും ഉണ്ടാക്കിക്കൊടുത്തു കുത്തകകളുടെ ഗതാഗതച്ചെലവു കുറക്കുകയും ലാഭം വദ്ധിപ്പിക്കുകയും ചെയ്യുന്നു.

സാമ്രാജ്യത്വരാഷ്ട്രങ്ങളിൽ ഭരണക്കൂടത്തിൻെറ എല്ലാ പ്രവത്തനങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ കുത്തകകൾക്കനുകൂലമായ വിധത്തിലാണു്. ഭരണക്കൂടത്തിൻെറ പോലീസും പട്ടാളവും മുതലാളിത്തവ്യവസ്ഥയെ സംരക്ഷിക്കുന്നതിന്നുവേണ്ടിയാണു് നിലകൊള്ളുന്നതു്.

തകന്നടിയുമെന്നു തീരുമാനപ്പെട്ട മുതലാളിത്തവ്യവസ്ഥക്കു താങ്ങുകൊടുത്തു നിത്താൻവേണ്ടിത്തന്നെ നിലകൊള്ളുന്ന സ്റ്റേററു് കുത്തകമുതലാളിത്തം അറു പിന്തിരിപ്പനാണു്.

ഇന്നു് അല്പവികസിതരാജ്യങ്ങളിൽ ഉല്പാദനശക്തികളെ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സ്റ്റേററു് ക്യാപ്പിററലിസത്തിൽനിന്നു തുലോം വ്യത്യസ്തമാണു് സ്റ്റേററു് കുത്തക മുതലാളിത്തം.

ഇരുപതാംനൂററാണ്ടിൽ പണപ്പെരുമാക്കന്മാരുടെ പ്രാബല്യം വളരെ വർദ്ധിച്ചിരിക്കുന്നു. അന്യരുടെ മൂലധനത്തിന്മേൽ നിയന്ത്രണം നേടുന്നതിന്നു അവരുപയോഗിക്കുന്ന ഉപായങ്ങൾ മുമ്പത്തേക്കാൾ സങ്കീർണ്ണവും നിഗൂഢവുമാണിന്നു്.

സ്വന്തം മൂലധനത്തിന്റെ വലിപ്പമല്ല, അന്യരുടെ മൂലധനത്തിന്മേലുള്ള നിയന്ത്രണാധികാരമാണ് പണപ്രഭുക്കളുടെ ശക്തിയുടെ ആധാരം. മോർഗന്റെ ഉടമയിലുള്ള മൂലധനം ആയിരം മില്യൺ ഡോളറിൽ കുറവാണ് എന്നു് "ഫൊർച്യൂൺ" പത്രം രേഖപ്പെടുത്തിയിരിക്കുന്നു. അയാളെക്കാൾ വലിയ പണക്കാർ അമേരിക്കയിലുണ്ട്. എങ്കിലും അയാളുടെ ഉടമയിലുള്ളതിന്റെ നിരവധി മടങ്ങു മൂലധനത്തിന്മേൽ അയാൾക്കു നിയന്ത്രണാധികാരമുണ്ടു്. ഇത്തിരി മൂലധനംമാത്രം കൈയിൽ വെച്ചുകൊണ്ടു് അന്യരുടെ മൂലധനത്തിന്മേൽ നിയന്ത്രണം കൈവശപ്പെടുത്തിയതെങ്ങനെയെല്ലാമാണ് ഈ പണപ്രഭുക്കന്മാരെന്നു് ലെനിൻ 'സാമ്രാജ്യത്വം' എന്ന ഗ്രന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ടു്. ആ വിശദീകരണം മുഴുവൻ ഇവിടെ ആവർത്തിക്കണമെന്നു കരുതുന്നില്ല. ചിലതരം പ്രെഫറൻഷ്യൽ (വിശേഷാവകാശങ്ങളുള്ള ഓഹരികൾ) ഏർപ്പെടുത്തി സാധാരണ ഓഹരി ഉടമകളെ നിയന്ത്രിക്കുകയും നിഷേധിക്കുകയും ചെയ്യുക ഇക്കൂട്ടരുടെ ഒരു സാധാരണ തന്ത്രമാണ്. അതുവഴിയായി ഈ പണപ്പെരുമാക്കന്മാർ, അവരുടെ പക്കൽ ഓഹരികളുടെ ചെറിയൊരു ശതമാനമേ ഉള്ളു എങ്കിലും, വലിയ നിയന്ത്രണാധികാരങ്ങൾ കൈവശപ്പെടുത്തുകയും വൻതോതിൽ ലാഭം തട്ടിയെടുക്കുകയും ചെയ്യുന്നു.

"ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റുകൾ" എന്ന ഏർപ്പാടു തികച്ചും പുത്തനായ ഒരു പ്രതിഭാസമാണ്. പല വ്യവസായങ്ങളിലേർപ്പെട്ടിട്ടുള്ള കമ്പനികളുടെ ഓഹരികൾ വാങ്ങിക്കുകയെന്നതാണവയുടെ പരിപാടി. ആ ഷെയറുകൾക്കുപലേടത്തുനിന്നുമായി ലഭിക്കുന്ന ലാഭവീതങ്ങൾ ഈ ട്രസ്റ്റ് കൈവശപ്പെടുത്തുകയും സ്വന്തം ഓഹരി ഉടമകൾക്ക് അതു പങ്കുവെച്ചു കൊടുക്കുകയും ചെയ്യുന്നു.

പണപ്രഭുക്കന്മാർ പ്രാബല്യമുറപ്പിക്കുന്നതിന്നുപയോഗിക്കുന്ന ഒരു ഉപകരണമാണ് ഇമ്മാതിരി ട്രസ്റ്റ്.

നാട്ടുകാരുടെ പണം തട്ടിയെടുക്കുന്നതിന്നു പണപ്രഭുക്കന്മാർ കണ്ടുപിടിച്ചിട്ടുള്ള മറ്റൊരു മാർഗ്ഗമത്രെ ഇൻഷൂറൻസ് കമ്പനികൾ—വിശേഷിച്ച് ലൈഫ് ഇൻഷൂറൻസ് കമ്പനികൾ. 1958ൽ അമേരിക്കയിലെ ലൈഫ് ഇൻഷൂറൻസ് കമ്പനികളുടെ പക്കൽ 107000 മില്യൺ ഡോളറുണ്ടായിരുന്നു. ഇതിൽ 54000 മില്യൺ ഡോളർ ഓഹരികളിലും കടപ്പത്രങ്ങളിലുമായി നിക്ഷേപിച്ചിരിക്കുകയായിരുന്നു. ഈ കമ്പനികളുടെ റിസർവ്വ് ഫണ്ട് എല്ലാത്തരം സേവിങ്ങ്സ് ബേങ്കുകളിലുംകൂടി ഉണ്ടായിരുന്ന ഡെപ്പോസിററുകളുടെ ആകത്തുകയോളമുണ്ടായിരുന്നു. മാത്രമല്ല, 1958ൽത്തന്നെ അത് 4200 മില്യൺ ഡോളർ വദ്ധിക്കുകയും ചെയ്തു. ബേങ്കുകൾക്കും സേവിങ്ങ്സ് സൊസൈററികൾക്കുമില്ലാത്ത ഒരു മെച്ചം ഇൻഷൂറൻസ് കമ്പനികൾക്കുണ്ട്—ഒരു വാണ്ടുകുഴപ്പം വന്നാൽ നിക്ഷേപകർ എല്ലാവരും ഓടിച്ചെന്നു് നിക്ഷേപങ്ങൾ പിൻവലിച്ചുകൊണ്ടുപോകും എന്ന പേടി വേണ്ടാ. പോളിസി എടുത്തിട്ടുള്ളവർ പ്രീമിയം അടയ്ക്കേണ്ടെന്നു വെക്കുകയും തങ്ങൾക്കു കിട്ടാനുള്ളതു വേഗം കിട്ടണമെന്നാവശ്യപ്പെടുകയും ചെയ്തെന്നു വരാം. അങ്ങനെ ചെയ്താൽ കമ്പനിക്കല്ല, അവക്കുതന്നെയാണ് നഷ്ടം. ഇൻഷൂറൻസ് വ്യാപാരത്തിന്നു് ഈ വലിയ സൌകര്യമുള്ളതുകൊണ്ട് പണപ്രഭുക്കന്മാർ ആ വ്യാപാരത്തെ ചൊല്പടിയിലാക്കാൻ സദാ പരിശ്രമിക്കാറുണ്ട്. പെൻഷൻ ഫണ്ടുകൊണ്ടും ഈ വക കളികൾ കളിക്കാം. അതുകൊണ്ട് അതിന്മേലുമുണ്ട് പണപ്രഭുക്കന്മാക്കു കണ്ണ്.

ഈ നൂററാണ്ടിൻെറ ആരംഭത്തിൽ, പല നാടുകളിലും (വിശേഷിച്ച് ജമ്മനിയിൽ) വ്യവസായം അതിവേഗം വികസിക്കുകയും വ്യവസായോടമകളുടെ പക്കലുണ്ടായിരുന്ന പണം തീരെ അപര്യാപ്തമാവുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ, വ്യവസായമേ

ഖലക്ക് എല്ലായ്പോഴും ബേങ്കുകളുടെ പക്കൽനിന്നു വായ്പ വാങ്ങേണ്ടതായി വന്നു. നിത്യനിദാനച്ചെലവുകൾക്കുവേണ്ടി മാത്രമല്ല മൂലധനസംഭരണത്തിനുതന്നെയും അവർ ബേങ്കുകളെ ആശ്രയിച്ചിരുന്നു. അതുകൊണ്ടു് അന്നു വ്യവസായസ്ഥാപനങ്ങൾ ബേങ്കുകളുടെ ചൊല്പടിക്കാണു് നിന്നതു്. എന്നാൽ രണ്ടാംലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ആ സ്ഥിതി മാറി. (ആദിമഘട്ടത്തിൽപ്പോലും, ജമ്മനയിലും അല്പവികസിതരാജ്യങ്ങളിലും മാത്രമേ വ്യവസായോടമകഠ ബേങ്കുകളെ ആശ്രയിച്ചിരുന്നുള്ളുവെന്നും ബ്രിട്ടനിൽ ആ ഏപ്പാടുണ്ടായിരുന്നില്ലെന്നും ഈ വിഷയത്തെക്കുറിച്ചു വിശദപഠനം നടത്തിയിട്ടുള്ള ഹിൽഫെർഡിങ്ങ് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.) ഈ മാററത്തിനു രണ്ടു കാരണമുണ്ടു്. യുദ്ധകാലത്തും അതിനുശേഷവും സമാഹരിച്ച ഭീമമായ ലാഭത്തിൽനിന്നു നല്ലൊരു പങ്കു് റിസവ്വാക്കി മാററാൻ വ്യവസായോടമകൾക്കു കഴിഞ്ഞു. പണപ്പെരുപ്പംകൊണ്ടും വ്യവസായോടമകൾക്കു നല്ല മെച്ചം കിട്ടി. എന്തെന്നാൽ അവരുടെ സ്വത്തു് പ്രധാനമായും കെട്ടിടങ്ങൾ, യന്ത്രോപകരണങ്ങൾ, അസംസ്കൃത വിഭവങ്ങൾ, നിമ്മിതവസ്തുക്കൾ എന്നിവയായിരുന്നു. പണപ്പെരുപ്പം വന്നതോടെ ഇവയുടെയെല്ലാം വില കൂടിയതുകൊണ്ടു ധാരാളം പണം കൈവശം വന്നുചേർന്നപ്പോൾ, ബേങ്കുകളിൽനിന്നു നേരത്തെ വാങ്ങിയ വായ്പയെ വിലയിടിഞ്ഞ ആ പണം കൊടുത്തു വീട്ടിത്തീക്കാൻ കഴിഞ്ഞു. പണപ്പെരുപ്പംകൊണ്ടു് ബേങ്കുകൾക്കു യാതൊരു മെച്ചവും കിട്ടിയില്ല. അവരുടെ ഉത്തമണ്ണന്മാക്കു കൊടുത്തതു വിലകുറഞ്ഞ പണമാണു് എന്നതു ശരിതന്നെ; എന്നാൽ അവരുടെ അധമണ്ണന്മാരുടെ പക്കൽനിന്നു കിട്ടിയതും അതേതരം പണമാണല്ലോ. വ്യവസായമുതലാളിമാരുടെ വക്താക്കളായ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ "നിയന്ത്രിതമായ പണപ്പെരുപ്പ"ത്തിനുവേണ്ടി വാദിക്കുമ്പോൾ 'ഫസ്റ്റ് നേഷണൽ സിററി ബേങ്കു്' (അമേരിക്ക)പോലുള്ള വലിയ പണവ്യാപാരസ്ഥാപനങ്ങൾ അതിനെ എതിക്കുന്നതിന്റെ ഉള്ളുകള്ളിയിതാണു്.

ബേങ്കുകളുടെ പിടിയിൽനിന്നു വിമോചനം നേടിയിട്ടുള്ള വ്യവസായസ്ഥാപനങ്ങൾ ഇന്നു മൂലധനത്തെ വികസിപ്പിക്കുന്നതു് സ്വന്തം റിസർവ്വ്ഫണ്ടിൽനിന്നു പണമെടുത്തിട്ടാണ്.

1958-ൽ, കെട്ടിടങ്ങൾക്കും യന്ത്രങ്ങൾക്കും വേണ്ടി എല്ലാ അമേരിക്കൻ വ്യവസായകോർപ്പറേഷനുകളും ചേർന്ന് 21500 മില്യൺ ഡോളർ ചെലവാക്കുകയുണ്ടായി. ഇതു മുഴുവൻ സ്വന്തം ഖജനാവിൽനിന്നുതന്നെയാണെടുത്തതു്.

തങ്ങൾക്കു കിട്ടുന്ന അമിതലാഭ (**Super Profits**) ത്തിൽനിന്നു വലിയ തുകകൾ റിസർവ്വ്ഫണ്ടാക്കി മാററിവെക്കുന്ന പട്ടൂററൻ കുത്തകകൾ സാമാന്യേന, സ്വന്തമായി ബേങ്കുകൾ രൂപീകരിക്കുകയും നിലവിലുള്ള ബേങ്കുകളെ വിലക്കെടുക്കുകയും ചെയ്യുന്നതായിക്കാണുന്നു.

അമേരിക്കയിൽ ബേങ്കുകളെ അപേക്ഷിച്ചു വ്യവസായക്കുത്തകകൾക്കുള്ള പ്രാമാണ്യത്തെ വ്യക്തമാക്കുന്ന ചില കണക്കുകൾ താഴെ ചേർക്കുന്നു:

## അമേരിക്കൻ കോർപ്പറേഷനുകളുടെ അററാദായം

(നികുതികൾ കൊടുത്തതിനുശേഷം—000000000 ഡോളർ)

| കൊല്ലം | ആകെ | നിർമ്മാണ വ്യവസായങ്ങൾ | എല്ലാ ധന കോർപ്പറേഷനുകളും കൂടി | കമ്മേഴ്സ്യൽ ബേങ്കുകൾ |
|---|---|---|---|---|
| 1957 | 15.8 | 10.4 | 1.3 | 0.8 |
| 1958 | 13.9 | 8.5 | 1.4 | 0.9 |

വ്യവസായക്കുത്തകകൾക്കു കിട്ടിയ ആദായത്തിൻെറ എട്ടിലൊന്നേ എല്ലാ ധനവ്യാപാരക്കോർപ്പറേഷനുകൾക്കുംകൂടി കിട്ടിയ

ള്ള (1957-58ലെ വ്യാപാരത്തിൻെറ ലാഭമാണ് 1958ൽ കാണുന്നതു്. അക്കാലമാകട്ടെ കുഴപ്പക്കാലമായിരുന്നു. 1957-58ൽ ബേങ്കുകളുടെ ലാഭം വർദ്ധിച്ചിരിക്കുന്നു. അന്യർക്കു ഏഴരശ്ശനിയുണ്ടായാലേ ബേങ്കുകളുടെ ശുക്രൻ തെളിയൂ എന്നാണതിൻെറ താല്പര്യം.)

വ്യവസായസ്ഥാപനങ്ങൾക്കു ഷെയറുകളും ബോണ്ടുകളും കൊടുത്തു ലാഭമേതുമുണ്ടാക്കുന്നില്ല നിക്ഷേപകബേങ്കുകൾ (**Investment Banks**) എന്നു ധരിക്കേണ്ടതില്ല, ബേങ്കുകളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ദുർബ്ബലമായിരിക്കുന്നു എന്നു കേൾക്കുമ്പോൾ. 1956ൽ, ഫോർഡിൻെറ ഓഹരികൾ വിററഴിക്കുന്ന സിൻഡിക്കേററ് ഓഹരിക്കു് ഒന്നര ഡോളർവീതം കമ്മീഷൻ വാങ്ങുകയും ലവലേശം നഷ്ടസാദ്ധ്യതയില്ലാത്ത ആ വ്യാപാരംകൊണ്ടു് 15300000 ഡോളർ സമ്പാദിക്കുകയും ചെയ്യുകയുണ്ടായി എന്നു വിക്ടർ പെർലോ രേഖപ്പെടുത്തിയിരിക്കുന്നു. ഓഹരികളെ "ജനങ്ങൾക്കു" വിൽക്കാനുള്ള സംഘടനാസംവിധാനം നിക്ഷേപകബേങ്കുകളുടെ പക്കലേ ഉള്ളു എന്നതാണു സംഗതി.

പണപ്പെരുമാക്കന്മാരുടെ ഒരു ചെറിയ സംഘം ബേങ്കുകളേയും വ്യവസായങ്ങളേയും ഒന്നിച്ചു് അടക്കിവാഴാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു് ഇപ്പോൾ ബേങ്കുകളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നത്തിന്നു പ്രാധാന്യം കുറഞ്ഞുപോവുകയാണു്.

മൂലധനത്തിന്നു വലിയ ദുർഭിക്ഷമുള്ള അല്പവികസിതരാജ്യങ്ങളിൽ ബേങ്കുകളുടെ പ്രാമാണ്യത്തിന്നു യാതൊരു കുറവുമില്ല.

കുത്തകകൾ ശക്തിപ്പെടുകയും സ്റ്റേററ് കുത്തകമുതലാളിത്തം വികസിക്കുകയും ചെയ്തതോടെ അമിതോല്പാദക്കുഴപ്പത്തിൻെറ ഭാരത്തെ വിതരണം ചെയ്യുന്ന സമ്പ്രദായത്തിൽ ഒരു മാററം വന്നിരിക്കുന്നു. സാമ്പത്തികക്കുഴപ്പംകൊണ്ടുണ്ടാകുന്ന കഷ്ടനഷ്ടങ്ങളുടെ

ഗണ്യമായൊരു ഭാഗം ബൂഷ്പാസിതന്നെയാണ് വഹിച്ചിരുന്നതു്, ഈ നൂററാണ്ടിൻെറ തുടക്കത്തിൽ. ചരക്കുകളുടെ വില കുറയ്ക്കേണ്ടിവരുകയും വായ്പ കിട്ടുക വിഷമമാവുകയും ചെയ്തുകൊണ്ടു് നിരവധി മുതലാളിമാർ പാപ്പരായിപ്പോവുക അക്കാലത്തു പതിവായിരുന്നു. എന്നാൽ ഇന്നു വലിയ കുത്തകപ്രമാണികൾ വിലകൾ കുറക്കാൻ കൂട്ടാക്കാറില്ല; സ്റ്റേററ് തന്നെ സഹായത്തിന്നോടിച്ചെല്ലുമെന്നതുകൊണ്ടു് അവരാരും ദീപാളി കുളിക്കാറുമില്ല. കുഴപ്പമുണ്ടാകുന്ന നാട്ടിലെ തൊഴിലാളിവർഗ്ഗവും അല്പവികസിതരാജ്യങ്ങളുമാണു് കുഴപ്പത്തിൻെറ കെടുതികൾ മുഴുവൻ താങ്ങുന്നതു്. തൊഴിലാളികൾക്കു ദീർഘകാലം തൊഴിൽ നഷ്ടമാകും; അല്പവികസിതരാജ്യങ്ങളുടെ ഉൽപ്പന്നങ്ങളുടെ വിലയിടിയുകയും ചെയ്യും. കുത്തകകളായി വളർന്നിട്ടില്ലാത്ത ബൂഷ്പാസികളുമുണ്ടാകും കുറെ കഷ്ടനഷ്ടങ്ങൾ. എന്തായാലും പടുകൂററൻ കുത്തകകൾക്കു കുശാലാണു്. എന്നാലൊന്നുണ്ടു്. ആഴമേറിയ ഒരു കുഴപ്പം കുറെക്കാലം നീണ്ടുനിന്നാൽ, പൊതുകുഴപ്പത്തിൻെറ ഈ കാലഘട്ടത്തിൽ ബൂഷ്പാഭരണാധികാരികൾക്കു രാഷ്ട്രീയമായ ആപത്തുകൾ പലതുമുണ്ടാകും.

* * * *

അഭിവൃദ്ധമായ മുതലാളിത്തരാജ്യങ്ങളിൽ ഉൽപ്പാദനം ഏറെക്കുറെ വളർന്നിട്ടുണ്ടു്; മൂലധനം കുന്നുകൂടിയിട്ടുമുണ്ടു്. എന്നിട്ടും മുതലാളിത്തം ഇന്നു പല തരത്തിലും ദുർബ്ബലമായിരിക്കുകയാണു്.

അധ്വാനശക്തിയെ വിററുതന്നെ നിത്യവൃത്തി കഴിയ്ക്കുന്ന ലക്ഷക്കണക്കിനു ജനങ്ങൾക്കു തൊഴിൽ നൽകാൻ മുതലാളിത്തത്തിനു കഴിയുന്നില്ല. ആദ്യകാലത്തു തൊഴിലാളികളുടെ 'റിസർവ്വ് പട്ടാളം' രൂപംകൊള്ളാറു സാമ്പത്തിക കുഴപ്പമുണ്ടാകുമ്പോൾ മാത്രമാണു്. എന്നാൽ ഇന്നു സ്ഥിരമായി നില്ക്കുന്നുണ്ടു് ഒരു 'റിസർവ്വ് പട്ടാളം.' ഏററവും സമ്പന്നമായ ആ മുതലാളിത്തരാ

ജ്യത്തിൽ, അമേരിക്കയിൽ, സാമ്പത്തികഭദ്രതത രതന്യേന കൂടുത ലുണ്ടായിരുന്ന ഒരു കാലത്തു്(1960 മാർച്ച്) 1200000 പേക്കു യാതൊരു തൊഴിലുമുണ്ടായിരുന്നില്ല എന്നാണ് ഔദ്യോഗികരേഖകഠം പറയുന്നതു്. ആഴ്ചയിൽ 12-ം 14-ം മണിക്കൂർ മാത്രം പണിയെടുക്കുന്ന (വാസ്തവത്തിൽ, അതും തൊഴിലില്ലായ്മതന്നെ) വരുടെ എണ്ണം ഏതാണ്ടത്രതന്നെയുണ്ടായിരുന്നു. തൊഴിലാളികളുടെ പട്ടികയിൽനിന്നു പേരുകഠം വെട്ടിയിരുന്നില്ലെങ്കിലും തൊഴിലൊന്നുമെടുക്കാതെ നിന്നിരുന്ന വേറൊരു വിഭാഗക്കാരുമുണ്ടായിരുന്നു. എല്ലാം കൂട്ടിയാൽ, അമ്മാസം പത്തുമില്യൺ ആളുകഠം തൊഴിലില്ലാതെ വലഞ്ഞിരുന്നു. തൊഴിലില്ലാത്ത ഓരോ തൊഴിലാളിയേയും ആശ്രയിച്ചു മറെറാരു വ്യക്തികൂടി (ചുരുങ്ങിയതു്) ജീവിച്ചിരുന്നു എന്നു കരുതാം. അപ്പോഠം തൊഴിലില്ലായ്മകൊണ്ടു വലയുന്നവരുടെ എണ്ണം രണ്ടു കോടിയായി—ബെൽജിയം, ഡെന്മാക്ക്, ഫിൻലൻറ്, ഐർലൻറ് എന്നീ രാജ്യങ്ങളിലെല്ലാം കൂടി ആകെയുള്ള ജനസംഖ്യ. തൊഴിലില്ലായ്മയെ സംബന്ധിച്ച ഔദ്യോഗിക കണക്കുകളോടു് ഗ്രാമപ്രദേശങ്ങളിലെ ജനപ്പെരുപ്പംകൊണ്ടുള്ള തൊഴിലില്ലായ്മയേയും കൂട്ടണം. ഇററലി, സ്പെയൻ എന്നീ യൂറോപ്യൻ രാജ്യങ്ങളിലും അൽപ്പവികസിതരാജ്യങ്ങളിലും ഇന്നു തൊഴിലില്ലായ്മ ഭയങ്കരമാണ്. ആകപ്പാടെ നോക്കിയാൽ, മുതലാളിത്തലോകത്തിലൊട്ടാകെ തൊഴിലില്ലാത്തവരുടെ എണ്ണം 5-10 കോടി വരും.

അഭിവൃദ്ധരാജ്യങ്ങളിൽ സമ്പദ്ഘടനയുടെ പല ശാഖകളിലും (കല്ക്കരിവ്യവസായം, പരുത്തിവ്യവസായം, കൃഷി തുടങ്ങിയവയിൽ) സദാ മാന്ദ്യമാണ്. അതുകൊണ്ടു് തൊഴിലില്ലായ്മ വദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

മുതലാളിത്തലോകത്തിനൊട്ടാകെ ഒരൊററ കമ്പോളമല്ല ഇന്നു കാണുന്നതു്. ഈ നൂററാണ്ടിൻെറ തുടക്കത്തിലുണ്ടായിരുന്ന വിസ്തൃതി ഇന്നു മുതലാളിത്തവിപണിക്കില്ല. എന്നല്ല, അതു സ്റ്റെർലിങ്ങ് പ്രദേശം, ഡോളർ പ്രദേശം തുടങ്ങിയ മേഖലകളാ

യി ഭിന്നിച്ചുപോവുകയും ചെയ്തിരിക്കുന്നു. ചരക്കുകൾക്കോ മൂലധനത്തിനോ സ്വച്ഛന്ദമായി സഞ്ചരിക്കാൻ ഇന്നു കഴിയുന്നില്ല. ഇറക്കുമതികോട്ടാസംപ്രദായം, താരിപ്പുവ്യവസ്ഥകൾ എന്നിങ്ങനെ പല പ്രതിബന്ധങ്ങളുമുണ്ടിന്നു്. ചില മുതലാളിത്തരാജ്യങ്ങൾ പലതരം പ്രാദേശികവാണിജ്യസംഘടനകൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും സ്വാർത്ഥതാല്പര്യങ്ങൾ തമ്മിലുള്ള സംഘർഷം സാരമായി കുറഞ്ഞിട്ടില്ല.

മുതലാളിത്തലോകത്തിനൊട്ടാകെ ഏകമായൊരു വിപണിയില്ല എന്നതു മുതലാളിത്തസമ്പദ്‌വ്യവസ്ഥയുടെ ദൌർബല്യത്തിനു നല്ലൊരു ദൃഷ്ടാന്തമാണ്. ലോകത്തിലെ പണ (സ്വർണ്ണം)ത്തിൻെറ അസമമായ ഒരു വിതരണമാണിതുമൂലം സംഭവിച്ചിട്ടുള്ളതു്. കേവലം അമ്പതുലക്ഷം ജനങ്ങളുള്ള ആ സ്വിററ്സർലണ്ടിൻെറ പക്കൽ 2000 മില്യൺ ഡോളറിൻെറ സ്വർണ്ണശേഖരമുണ്ടു്; എന്നാൽ നാന്നൂറു ലക്ഷം ജനങ്ങളുള്ള ഫ്രാൻസിൻെറ കയ്യിലാകട്ടെ 1000 മില്യൺ ഡോളറിൻേറതിൽ കുറഞ്ഞ സ്വർണ്ണശേഖരമേ ഉള്ളു. നാല്പതുകോടി ജനങ്ങളുള്ള ഇന്ത്യയുടെ കഥയാകട്ടെ അതിലും മോശമാണ്.

മുതലാളിത്തത്തിലെ മുഖ്യവൈരുദ്ധ്യം—ഉൽപ്പാദനത്തിൻെറ സാമൂഹ്യസ്വഭാവവും ലാഭശേഖരണത്തിൻെറ വ്യക്തിഗതസ്വഭാവവും തമ്മിലുള്ള വൈരുധ്യംകൊണ്ടു മുതലാളിത്തരാജ്യങ്ങളുടെ കമ്പോളം നിരന്തരം ശോഷിക്കുന്നു. അതുകൊണ്ടു മുതലാളിമാർക്കു് തങ്ങളുടെ ഉൽപ്പന്നങ്ങൾ ഇൻസ്റ്റാൾമെൻറ് പദ്ധതിയനുസരിച്ചു് വിൽക്കേണ്ടതായി വന്നിരിക്കുന്നു. അമേരിക്കയിൽ ഇതു സർവ്വസാധാരണമായിത്തീർന്നിട്ടുണ്ടു്. അവിടെ ഉപഭോക്താക്കളുടെ ഋണബാധ്യത അതിവേഗം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

ഉപഭോക്താക്കൾക്കു കടത്തിനു സാധനങ്ങൾ കൊടുക്കുന്ന കുത്തക പ്രമാണികൾ ആ സാധനങ്ങളുടെ വില എല്ലായ്പോഴും

വദ്ധിപ്പിയ്ക്കുകതന്നെയാണ്. കട്ടത്തിനു വലിയ പലിശ ഈടാക്കുകയും ചെയ്യും. ഗഡുവുകൾ കൃത്യമായി അടയ്ക്കാത്തവരുടെ പക്കൽനിന്നു് അവർ വാങ്ങിയ സാധനങ്ങൾ തിരിച്ചെടുത്തുകൊണ്ടുപോകും. എന്തായാലും മെച്ചം കുത്തകകാക്കുതന്നെ.

മുതലാളിത്ത സമ്പദ്‌വ്യവസ്ഥക്കുണ്ടായിട്ടുള്ള ക്ഷീണത്തിനു മററൊരു തെളിവാണ് പിടിച്ചാൽ പിടികിട്ടാത്ത പണപ്പെരുപ്പം. എല്ലാ മുതലാളിത്തരാജ്യങ്ങളിലേയും കറൻസികളുടേയും വില നിരന്തരം ഇടിയുകയാണ്. ''സവ്വശക്ത''നായ അമേരിക്കൻ ഡോളറിൻെറപോലും വില കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ 24 ശതമാനം കുറയുകയുണ്ടായി.

പണത്തിൻെറ ക്രയശക്തി കറയുന്നതു് പണപ്പെരുപ്പംകൊണ്ടു മാത്രമല്ല; കുത്തകപ്രഭുക്കളുടെ കുതന്ത്രങ്ങളും അതിന്നൊരു കാരണമാണ്. 1959ൽ അമേരിക്കയിലെ വില സൂചിക ഇപ്രകാരമായിരുന്നു:

| | | |
|---|---|---|
| അലൂമിനിയം | — | 168 |
| ഉരുക്ക് | — | 170 |
| വീട്ടുസാമാനങ്ങൾ | — | 124 |
| തുണികൾ | — | 94 |
| തോലുരുപ്പടികൾ | — | 118 |
| ഭക്ഷ്യങ്ങൾ | — | 108 |

ഉരുക്കിൻെറ ഉല്പാദനച്ചെലവ് വീട്ടുസാമാനങ്ങളുടെതിനേക്കാൾ എത്രയോ കുറവാണ്. എന്നിട്ടും ഉരുക്കിൻെറ വിലസൂചിക വളരെ ഉയൻനിരിക്കുന്നു. ഇതിനു കാരണക്കാർ കുത്തകപ്രഭുക്കളാണ്. അവർ മനഃപൂവ്വം വില കയററിനിത്തിയിരിക്കുകയാണ്. ഉല്പാദനച്ചെലവിനേക്കാൾ എത്രയോ കവിഞ്ഞ വിലക്ക് ഉല്പന്നങ്ങൾ വിററഴിച്ചു കൊള്ളലാഭമടിക്കുകയാണവർ.

ഒരുപാടു പണം നിരുൽപ്പാദകങ്ങളായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചതുകൊണ്ടാണ് യുദ്ധാനന്തരം വലിയ പണപ്പെരുപ്പമുണ്ടായതു്.

മുതലാളിത്തത്തിനു മുമ്പത്തെപ്പോലെ കറൻസിയെ ഭദ്രമാക്കി നിർത്താൻ കഴിയില്ല എന്നാണോ ഇതിൽനിന്നു ധരിക്കേണ്ടതു്? അങ്ങനെ ധരിക്കേണ്ട; ഭൂരിപക്ഷം മുതലാളിത്തരാജ്യങ്ങൾക്കും ഇന്നും കറൻസിയെ ഭദ്രമാക്കി നിർത്താൻ കഴിയും. പക്ഷേ വ്യവസായക്കുത്തകകൾക്ക് ആ ഭദ്രത വേണ്ടാ. കറൻസിയുടെ വില "സാവധാനം" കുറച്ചാൽ നല്ല ലാഭം കിട്ടും എന്ന ലാക്കാണവർ കാണുന്നതു്. എന്തെന്നാൽ, പണത്തിൻെറ വില ഇടിയുന്നതോടൊപ്പം തൊഴിലാളികളുടെ യഥാർത്ഥ കൂലി കുറഞ്ഞുപോകുമല്ലോ; അപ്പോൾ അവരെ കൂടുതൽ ചൂഷണം ചെയ്യാം. ഈ പരിതസ്ഥിതിയിൽ കൂടുതൽ പണം വേതനമായിക്കിട്ടാൻ തൊഴിലാളികൾ നിർബന്ധരാകും. തൊഴിലാളികൾ സദാ കുഴപ്പമുണ്ടാക്കുകയാണ്, മുതലാളിമാർ നല്ല മര്യാദക്കാരാണ് എന്നൊരു ധാരണ പരത്താൻ കുത്തകക്കാർക്കു കഴിയുകയും ചെയ്യും.

**സൈനികീകരണം: (Militarisation)** മുതലാളിത്തരാജ്യങ്ങളിൽ സമ്പദ്‌വ്യവസ്ഥയെ സൈനികീകരിക്കുന്നതിനുള്ള മുഖ്യ കാരണം രാഷ്ട്രീയമാണ്. സോഷ്യലിസ്റ്റ് വിപ്ലവത്തെ സദാ ഭയപ്പെടുന്നതുകൊണ്ടാണ് പണപ്രഭുക്കന്മാർ സമഗ്രമായ സൈനികീകരണം നടത്തുന്നതു്. "സമാധാനകാലത്തു്" ആയുധങ്ങൾക്കുവേണ്ടി ഇത്രയേറെ പണം ചെലവാക്കുക മുമ്പൊരിക്കലും പതിവില്ലായിരുന്നു. 1900-ൽ അമേരിക്ക ആയുധങ്ങൾക്കുവേണ്ടി ചെലവാക്കിയതു് 191000000 ഡോളറാണ്, 1962ലാകട്ടെ 55000 മില്യൺ ഡോളറും.

മുതലാളിത്തവിപണി സങ്കോചിക്കുകയും തൊഴിലാളികളിൽ ഭൂരിപക്ഷത്തിൻെറ ക്രയശക്തി ക്ഷീണിക്കുകയും ചെയ്തിരിക്കു

ന്നു—ഇതാണ് അഭിവൃദ്ധങ്ങളായ മുതലാളിത്തരാജ്യങ്ങളിൽ കാണുന്ന സൈനികീകരണത്തിനു മറെറാരു കാരണം.

മുതലാളിത്തത്തിന്നു് ഇന്നുണ്ടായിട്ടുള്ള ജീർണ്ണതയുടെ ഏററവും അസന്നിഗ്ദ്ധമായ തെളിവത്രെ സൈനികീകരണം. പടക്കോപ്പുകൾ ഉൽപ്പാദനോപകരണങ്ങളോ നിത്യോപയോഗസാമഗ്രികളോ അല്ല. പടക്കോപ്പുകൾക്കവേണ്ടി പണം ചെലവാക്കിയാൽ ജനങ്ങൾക്ക യാതൊരു മെച്ചവും കിട്ടില്ല. എന്നാൽ കുത്തകകമ്പോളക്കാക്ക കണ്ടമാനം ലാഭമുണ്ടാക്കിക്കൊടുക്കുന്ന ഒരു വ്യവസായമാണതു്. അതുകൊണ്ടവർ നിരായുധീകരണത്തെ സദാ എതിർത്തുകൊണ്ടിരിക്കും. ഈ കൊള്ളലാഭത്തിൽ യാതൊരു പങ്കും കിട്ടാത്ത ചില കുത്തക വിഭാഗങ്ങൾമാത്രം പടക്കോപ്പുവ്യവസായത്തിന്നു അനിയന്ത്രിതമായ രീതിയിൽ പണം ചെലവാക്കുന്നതിനെ എതിർത്തെന്നുവരാം.

**മൂലധനത്തിൻെറ കയററുമതിയിലും ഗണ്യമായ മാററങ്ങളുണ്ടായിട്ടുണ്ടു്.** ഈ നൂററാണ്ടിൻെറ ആരംഭത്തിൽ സ്വകാര്യ ഉടമയിലുള്ള മൂലധനമാണ കയററി അയച്ചിരുന്നതു്. സ്റ്റേററ് അന്യരാജ്യങ്ങൾക്ക കടംകൊടുക്കുകയേ പതിവുണ്ടായിരുന്നുള്ളു. എന്നാൽ ഇന്നു കയററുമതിചെയ്യപ്പെടുന്ന മൂലധനത്തിൻെറ പകുതി സ്റ്റേററ്മുഖേനയാണ പോകുന്നതു്—"പുനർന്നിർമ്മാണത്തിനും വികാസത്തിന്നുമുള്ള സർവ്വലോകബേങ്ക്" (I B R D), സ്റ്റേററിൻെറ വായ്പകൾ. മൂലധനക്കയററുമതി രണ്ടു ലോകവ്യവസ്ഥിതികൾ തമ്മിലുള്ള സമരത്തിലെ ഒരു പ്രധാനായുധമായിരിക്കുന്നു.

അൽപ്പവികസിതരാജ്യങ്ങൾക്ക രണ്ടരശതമാനം പലിശക്ക വായ്പ നൽകുന്ന സോവിയററ്യൂണിയൻ സാമ്രാജ്യത്വാനുകത്തിന്നടിയിൽനിന്നു തലയൂരാൻ ആ രാജ്യങ്ങളെ സഹായിയ്ക്കുകയാണ്. എന്നാൽ സാമ്രാജ്യത്വ സ്റ്റേററുകളുടെ മൂലധനക്കയററുമതിയുടെ ലക്ഷ്യം മറെറാന്നാണ്.

സ്വകാര്യമുതലാളിമാർ നടത്തുന്ന മൂലധനക്കയററുമതിയുടെ ഉദ്ദേശ്യത്തിന്നും മാററമുണ്ടായിട്ടുണ്ട്. പടിഞ്ഞാററൻ യൂറോപ്പിലെ വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃതപദാർത്ഥങ്ങൾ കിട്ടുമെന്നുറപ്പുവരുത്തുക എന്നതായിരുന്നു ഈ നൂററാണ്ടിന്റെ ആദ്യകാലത്തു മൂലധനക്കയററുമതിയുടെ ഉദ്ദേശം. എന്നാൽ ഇന്നു മൂലധനത്തിന്റെ നല്ലൊരു പങ്ക് നീങ്ങുന്നത് ഒരു അഭിവൃദ്ധരാജ്യത്തിൽനിന്നു മറെറാരു അഭിവൃദ്ധരാജ്യത്തിലേക്കാണ്—ശാഖോപശാഖകൾ സ്ഥാപിക്കുന്നതിന്നുവേണ്ടി. മുതലാളിത്തത്തിന്റെ ലോകവിപണി ഛിന്നഭിന്നമാവുകയും ഓരോ പ്രദേശത്തും ഓരോ വേതനനിരക്ക് നിലനില്ക്കുകയും ചെയ്യുന്നതുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്. ബ്രിട്ടനിലെ കൂലിനിരക്ക് അമേരിക്കയിലേതിനേക്കാൾ കുറവായതുകൊണ്ട്, പടുകൂററൻ അമേരിക്കൻ കുത്തകകൾ ബ്രിട്ടനിൽ 3000 മില്യൺ ഡോളർ മുടക്കിയിട്ടുണ്ട്. അങ്ങനെ നിർമ്മിക്കുന്ന ചരക്കുകൾക്കു ബ്രിട്ടന്റെ "പുത്രികാരാജ്യ"ങ്ങളിൽ "മുൻഗണന" കിട്ടുന്നുണ്ട്—അവ "ബ്രിട്ടനിലുണ്ടാക്കിയവ"യാണല്ലോ.

ഇങ്ങനെ അന്യരാജ്യങ്ങളിൽ നിക്ഷേപിക്കുന്ന മൂലധനത്തിൽനിന്നു കുത്തകകൾക്കു വലിയ ലാഭം കിട്ടുന്നുണ്ട്. പലപ്പോഴും മൂലധനത്തേക്കാളധികം ലാഭം കിട്ടും.

അൽപ്പവികസിതരാജ്യങ്ങളിലേക്കു മൂലധനം കയററുമതി ചെയ്യുന്നതുകൊണ്ടു രണ്ടു മെച്ചമുണ്ട്, ഒന്നാമത്, അവയുടെ രാഷ്ട്രീയനയങ്ങളെ സ്വാധീനിക്കാം; രണ്ടാമത്, തങ്ങളുടെ നിർമ്മിത വസ്തുക്കളെ ആ ദരിദ്രരാജ്യങ്ങളിൽ വലിയ വിലയ്ക്കു വില്ക്കാം. അൽപ്പവികസിതരാജ്യങ്ങൾക്കു മുതലാളിത്തരാജ്യങ്ങൾ സഹായം നൽകുമ്പോൾ വാസ്തവത്തിലവർ സ്വയം സഹായിക്കുകയാണ്.

## 3. മുതലാളിത്തരാജ്യങ്ങളിലെ പ്രധാനപ്പെട്ട സാമൂഹ്യമാററങ്ങൾ

മുതലാളിത്തസമുദായത്തിലെ വർഗ്ഗബന്ധങ്ങാംക്ക് ഈ നൂററാണ്ടിൽ മാററമൊന്നുമുണ്ടായിട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. മുതലാളിത്തസമുദായത്തിൽ ഇന്നും രണ്ടു പ്രധാന വർഗ്ഗമുണ്ട്— മുതലാളി വർഗ്ഗവും തൊഴിലാളിവർഗ്ഗവും. അവർ തമ്മിലുള്ള സമരം ഇപ്പോഴും തുടരുന്നു. അൽപ്പവികസിതരാജ്യങ്ങളിൽ ജന്മിവർഗ്ഗവും കൃഷകവർഗ്ഗവും തമ്മിൽ ഭൂമിയ്ക്കുവേണ്ടി നടത്തുന്ന സമരത്തിന്നും വലിയ പ്രാധാന്യമുണ്ട്.

എന്നാൽ അഭിവൃദ്ധങ്ങളായ മുതലാളിത്തരാജ്യങ്ങളിലെ വർഗ്ഗങ്ങാംകളളിൽ ഗണ്യമായ മാററമുണ്ടായിട്ടുണ്ട്. മുതലാളി വർഗ്ഗം എണ്ണത്തിൽ കുറയുകയും തൊഴിലാളിവർഗ്ഗം എണ്ണത്തിലേറുകയും ചെയ്തിരിക്കുന്നു. അമേരിക്കയിൽ 1910ൽ ആദായത്തോടെ തൊഴിൽ ചെയ്തിരുന്നവരിൽ 27 ശതമാനം "അന്യാശ്രയമില്ലാത്ത"വരായിരുന്നു; എന്നാൽ 1954ൽ അക്കൂട്ടർ കേവലം 13.3 ശതമാനമായിരുന്നു എന്നു സർവ്വലോക സാമൂഹ്യവൈജ്ഞാനികസംഘടനയുടെ പത്രം രേഖപ്പെടുത്തിയിരിക്കുന്നു. പരാശ്രയമില്ലാത്തവരുടെകൂട്ടത്തിലെണ്ണപ്പെടുന്ന പല വിഭാഗങ്ങളും ഇന്നു വാസ്തവത്തിൽ കുത്തകകളെ ആശ്രയിച്ചുജീവിക്കുന്നവരാണെന്നോക്കണം — ഉദാ:, തെരുവുകച്ചവടക്കാരും മററും. വ്യവസായവൽകൃതരാജ്യങ്ങളിൽ വമ്പൻമുതലാളിമാർ എണ്ണത്തിൽ തുച്ഛമാണ്.

ഉൽപ്പാദനത്തിൻെറ മാനേജ്മെൻറിൽ മുതലാളിമാക്കുള്ള ചുമതല അവരുടെ എണ്ണത്തേക്കാറം കുറഞ്ഞുപോയിരിക്കുന്നു. ആദ്യകാലത്തു മുതലാളിമാർ മാനേജ്മെൻറിൽ സജീവമായി പങ്കെടുത്തിരുന്നു. സീമൻ, ക്രൂപ്പ്, ഫോർഡ് എന്നീ കുബേരന്മാരുടെ ആദ്യത്തെ തലമുറക്കാർ എൻജിനീയർമാരും മററുമായിരുന്നു.

എന്നാൽ ഇന്നു മാനേജ്മെൻറ് സംബന്ധിച്ച എല്ലാ ജോലികളും ശമ്പളക്കാരെക്കൊണ്ടാണു ചെയ്യിക്കുന്നതു്. കുത്തകപ്പെരുമാക്കന്മാർ വിഹരിക്കുന്നതു രാഷ്ട്രീയത്തിൻേറയും ഊഹക്കച്ചവടത്തിൻേറയും മററും മേഖലകളിലാണ്. ശാസ്ത്രീയ ഗവേഷണത്തിൻെറ ഭൂരിഭാഗവും ഇന്നു നടക്കുന്നതു കൂററൻ കുത്തകകളുടെ ലാബറട്ടറികളിലാണ്. മിക്ക ശാസ്ത്രജ്ഞന്മാരേയും അവർ വിലക്കെടുത്തിരിയ്ക്കുന്നു. ബൂർഷ്വാസിയിൽ ഗണ്യമായതും പെരുകിക്കൊണ്ടിരിയ്ക്കുന്നതുമായ ഈ വിഭാഗം വെറും ഇത്തിക്കണ്ണികളാണ്. അമേരിക്കയിലെ ഈ ഇത്തിക്കണ്ണിവർഗ്ഗത്തിൻെറ വരുമാനം ഇന്ത്യയിലെ നാൽപ്പതുകോടി ജനങ്ങളുടെ ദേശീയവരുമാനത്തേക്കാഠം വലുതാണ്.

മുതലാളിത്തവ്യവസ്ഥിതിയെ നിലനിർത്തുന്നതിൽ താൽപ്പര്യമുള്ളവരുടെ എണ്ണം അഭിവൃദ്ധ മുതലാളിത്തരാജ്യങ്ങളിൽ വളരെ കുറഞ്ഞിട്ടുണ്ടെങ്കിലും അവിടങ്ങളിൽ ഇന്നും ആ വ്യവസ്ഥിതി നിലനിൽക്കുന്നതു് അധ്വാനത്തിൻെറ ഉല്പാദനക്ഷമത ഭീമമായി വികസിച്ചിട്ടുള്ളതുകൊണ്ടും അല്പവികസിതരാജ്യങ്ങളെ കൊള്ളയടിച്ചുകിട്ടുന്ന പണംകൊണ്ടു തൊഴിലാളികളിലൊരു വിഭാഗത്തിൻെറ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സാധിക്കുന്നതുകൊണ്ടുമാണ്. മതം, പരിഷ്കരണവാദം എന്നിങ്ങനെയുള്ള ബൂർഷ്വാതത്വസംഹിതകഠം പ്രചരിപ്പിച്ചു തൊഴിലാളിവർഗ്ഗത്തിലൊരു കൂട്ടരെ ബൂർഷ്വാസിക്കു സ്വാധീനിക്കാൻ കഴിയുന്നുവെന്നതും ശ്രദ്ധേയമാണ്. ഇതൊക്കെയുണ്ടെങ്കിലും മർദ്ദനവിധാനങ്ങഠം ഭദ്രമാക്കിവെച്ചിട്ടുണ്ടു്. എന്നാൽ ഇന്നത്തെ പരിതസ്ഥിതിയിൽ തൊഴിലാളിവർഗ്ഗവുമായി തുറന്ന യുദ്ധം ചെയ്യാൻ ബൂർഷ്വാസിയിലൊരു വിഭാഗത്തിനു സങ്കോചമുണ്ടു്.

പണപ്പെരുപ്പത്തെ ഉപയോഗിച്ചും ചരക്കുകളുടെ വിലകഠം സദാ കയററിനിർത്തിയും ധാരാളം ലാഭമുണ്ടാക്കുന്നതുകൊണ്ടു്, തൊഴിലാളികളുടെ ഡിമാണ്ടുകളെ ഭാഗികമായി അനുവദിച്ചുകൊടുക്കാൻ കുത്തകക്കാൎക്കു കഴിയുന്നുണ്ടു്.

**ബൂഷ്വാസിയുടെ തത്വസംഹിതയിലെ മാററങ്ങൾ:** സാമ്രാജ്യത്വത്തിൻെറ തത്വസംഹിത എക്കാലത്തും പ്രതിലോമിയായിരുന്നു. എന്നാലും ഈ നൂററാണ്ടിൻെറ ആരംഭത്തിൽ അതിൽ നാടുവാഴിത്തവിരോധത്തിൻേറയും ലിബറലിസത്തിൻേറയും അവശിഷ്ടങ്ങളുണ്ടായിരുന്നു. ഇന്നാകട്ടെ ബൂഷ്വാസിയുടെ ചിന്താഗതി തനി പിന്തിരിപ്പനാണ്. മുതലാളിത്തത്തെ നിലനിർത്താനുള്ള വ്യഗ്രതയും കമ്മ്യൂണിസത്തോടുള്ള വിരോധവുമാണ് ഇന്നത്തെ ബൂഷ്വാതത്വചിന്തയുടെ അന്തസ്സത്ത. (*) "സ്വാതന്ത്ര്യ"ത്തെക്കുറിച്ചും "വ്യക്തിയുടെ അവകാശങ്ങളെ"ക്കുറിച്ചും അവരിന്നു പ്രസംഗിക്കുന്നുണ്ടെങ്കിൽ, അതു വെറും തട്ടിപ്പാണ്. അവരുടെ സാമൂഹ്യശാസ്ത്രം ജീർണ്ണിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തത്തിനുവേണ്ടിയുള്ള വാദമല്ലാതെ മറെറാന്നുമല്ല. അഭിവൃദ്ധരാജ്യങ്ങളിലെ ബൂഷ്വാസി പഴയ ആദർശങ്ങളും സാമൂഹ്യലക്ഷ്യങ്ങളും കൈവെടിഞ്ഞിരിക്കുന്നു. മുതലാളിത്തനാടുകളിലെ സാഹിത്യത്തിലും മററു കലകളിലും കൊള്ളക്കാരും കൊലയാളികളും മററു സാമൂഹ്യദ്രോഹികളുമാണു നായകന്മാരായി അവരോധിക്കപ്പെടുന്നതു്. മാനവരാശിയുടെ ഉന്നതാദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതു് ഇന്നു് അന്നാടുകളിലെ തൊഴിലാളിവർഗ്ഗമാണ്. സമുദായത്തിലെ എല്ലാ പുരോഗമനേച്ഛുക്കളേയും ഏകോപിപ്പിക്കുന്നതും ആ വർഗ്ഗംതന്നെ.

**ഇരുപതാം നൂററാണ്ടിലുണ്ടായ ത്വരിതമായ സാങ്കേതികവികാസംകൊണ്ടു തൊഴിലാളിവർഗ്ഗത്തിന്റെ ഘടനയിലും ഗണ്യമായ മാററമുണ്ടായിട്ടുണ്ടു്.** ഈ നൂ

---

(*) അല്പവികസിതരാജ്യങ്ങളിലെ ദേശീയബൂഷ്വാസി ഈ ഉത്സർഗ്ഗത്തിന്നപവാദമാണ്. സാമ്രാജ്യത്വത്തിനും നാടുവാഴിത്തത്തിനുമെതിരായി പോരാടുന്ന അവർ ഇന്നും പുരോഗമനാത്മകമായ ഒരു പങ്കാണു വഹിക്കുന്നതു്. എന്നാൽ സാമ്രാജ്യത്വവും നാടുവാഴിത്തവുമായി സന്ധിയുണ്ടാക്കാനുള്ള വാസന അവർക്കുണ്ടു്.

ററാണ്ടിന്റെ ആരംഭത്തിൽ ഉല്പാദനത്തിലെ നിർണ്ണായകഘടകം വിദഗ്ധത്തൊഴിലാളികളായിരുന്നു എന്നു നേരത്തെ പറഞ്ഞല്ലോ. നാലും അഞ്ചും കൊല്ലം ചെലവഴിച്ചിട്ടാണ് അവർ തൊഴിൽ പഠിച്ചതു്. തൊഴിലാളിവർഗ്ഗത്തിലെ ആഢ്യന്മാർ അവരായിരുന്നു, അവർ മാത്രമായിരുന്നു. ഈ ചെറിയ വിഭാഗം വഴിയായി സാധാരണ തൊഴിലാളികളുടെമേൽ സ്വാധീനം ചെലുത്താൻ ബൂർഷ്വാസിക്കു കഴിഞ്ഞിരുന്നു. എന്നാലിന്നത്തെ വ്യവസായശാലകളിൽ അത്തരം വിദഗ്ധത്തൊഴിലാളികൾ വിരളമാണ്. സാങ്കേതികപുരോഗതിയുടെ ഫലം വൈദഗ്ധ്യം നിർണ്ണായകമല്ലാതായിത്തീർന്നിരിക്കുന്നു എന്നതാണ്. അതുകൊണ്ടു് തൊഴിലാളികളുടെ കൂലിനിരക്കുകൾ ആകെ സമനിരപ്പാക്കപ്പെട്ടിരിക്കുകയാണ്. ബ്രിട്ടനിലെ തൊഴിൽവകുപ്പുമന്ത്രി കൂലിനിരക്കുകളെ സംബന്ധിച്ച താഴെ ചേർക്കുന്ന കണക്കുകൾ പാർലിമെണ്ടിൽ സമർപ്പിക്കുകയുണ്ടായി. ('ഇക്കണോമിസ്റ്റ്', 1960 ഏപ്രിൽ 23.)

## നാലു തൊഴിലുകളിൽ വിദഗ്ധ ത്തൊഴിലാളികളുടെ കൂലി—എല്ലാ തൊഴിലാളികളുടേയും കൂലിയുടെ ശതമാനം

| | ജൂലൈ 1914 | ഏപ്രിൽ 1960 |
|---|---|---|
| എൻജിനീയറിങ്ങ് (പ്രതിവാരം) പാറേറൺ മേക്കർമാർ | 184 | 133 |
| ഫിററർമാരും ടേണർമാരും | 170 | 119 |
| ബിൽഡിങ്ങ് (പ്രതിദിനം) കല്പണിക്കാർ | 150 | 114 |
| റെയിൽവേ (പ്രതിവാരം) എൻജിൻ ഡ്രൈവർമാർ | 211 | 147 |

മുമ്പത്തെ അത്ര വ്യത്യാസം കൂലിനിരക്കുകളിലില്ല എന്നാണിതിൽനിന്നു കാണുന്നതു്. തൊഴിലാളിവർഗ്ഗത്തിലെ ആഢ്യന്മാരുടെ രാഷ്ട്രീയപ്രാമാണ്യം കുറഞ്ഞു എന്നു് ഇതുകൊണ്ടർത്ഥമാക്കേണ്ട. തൊഴിലാളിവർഗ്ഗത്തിൽനിന്നു വിട്ടുമാറി, അവരുടെ രാഷ്ട്രീയസമരങ്ങളിൽനിന്നൊഴിഞ്ഞു്, സ്വന്തം തൊഴിലാളിവർഗ്ഗസ്വഭാവത്തെ നിഷേധിച്ചു്, ബൂർഷ്വാസിയുടെ ജീവിതരീതിയെ അനുകരിക്കാൻ ശ്രമിക്കുന്ന ആ വിഭാഗം ഇന്നുമുണ്ടു്.

അധ്വാനത്തിന്റെ ഉൽപ്പാദനക്ഷമത വ്യവസായവൽകൃതരാജ്യങ്ങളിൽ ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. ആ വർദ്ധന ഒരുപക്ഷേ നൂറുശതമാനത്തിലധികമാണ്. ഉല്പാദനക്ഷമത ഓരോ വ്യവസായശാഖയിലും ഓരോ മണിക്കൂറിലും ഓരോ ദിവസത്തിലും ഓരോ കാലത്തും ഓരോ മാതിരിയായിരിക്കും എന്നതുകൊണ്ടു് അതു കൃത്യമായി അളക്കുക ശ്രമകരമാണ്. എങ്കിലും മുമ്പത്തേക്കാൾ കുറച്ചുമാത്രം തൊഴിലാളികളെകൊണ്ടു പണിയെടുപ്പിച്ചു് ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയുന്നതായി പൊതുവേ കാണുന്നതുകൊണ്ടു് ഉൽപ്പാദനക്ഷമത വർദ്ധിച്ചിരിക്കണം എന്നു നിസ്സംശയം പറയാം. അമേരിക്കയെ ഉദാഹരണമായെടുക്കാം.

| കൊല്ലം | നിർമ്മാണവ്യവസായങ്ങളിലെ ഉല്പാദനസൂചിക (1947-49=100) | തൊഴിലാളികളുടെ എണ്ണം (മില്യൺ കണക്കിൽ) |
|---|---|---|
| 1953 | 139 | 17.2 |
| 1959 | 158 | 16.2 |

തൊഴിലാളികളുടെ എണ്ണം ഒരു മില്യൺ (ആറുശതമാനം) കുറഞ്ഞെങ്കിലും ഉല്പാദനം 19 ശതമാനം വർദ്ധിച്ചുവെന്നാണു് ഈ കണക്കുകൾ പറയുന്നതു്.

ഉല്പാദനക്ഷമതയുടെ വദ്ധനകൊണ്ടു്, മൂല്യങ്ങളും അധിക മൂല്യവുമുല്പാദിപ്പിക്കുന്ന തൊഴിലാളികളുടെ എണ്ണം നിരുല്പാദക ശാഖകളിലെ തൊഴിലാളികളുടെ എണ്ണത്തേക്കാറം വളരെ കുറച്ചേ ഏറിക്കാണുന്നുള്ള അഭിവൃദ്ധരാജ്യങ്ങളിൽ. (പട്ടാളം എന്ന നിരുല്പാദകശാഖയിലേക്കു് ഒരു മൂപ്പത്തുലക്ഷത്തെ ചേക്കണം.)

## 1959ൽ അമേരിക്കൻ തൊഴിലാളികളുടെ വിഭജനം (മില്യൺ കണക്കിൽ)

| പുതിയ മൂല്യങ്ങൾ ഉല്പാദിപ്പിക്കുന്ന ശാഖകൾ | | പുതിയ മൂല്യങ്ങൾ ഉല്പാദിപ്പിക്കാത്ത ശാഖകൾ | |
|---|---|---|---|
| നിമ്മാണവ്യവസായങ്ങൾ | 16 2 | കച്ചവടം | 11.4 |
| ഖനനം | 0.7 | പണവ്യാപാരം | 2 4 |
| കെട്ടിടംപണിയുടെ കരാറുകാർ | 2.8 | സേവനങ്ങൾ | 6.5 |
| കൃഷി | 5.8 | കേന്ദ്ര പ്രാദേശിക സക്കാർ സ്ഥാപനങ്ങൾ | 8.1 |
| ഗതാഗതവും പൊതുസൌകയ്യങ്ങളും | 3.9 | | |
| ആകെ | 29.4 | ആകെ | 28.4 |

ഓഫീസുജോലിക്കാരുടേയും, വക്കീലന്മാർ, വൈദ്യന്മാർ, എൻജിനീയർമാർ തുടങ്ങിയ ജോലിക്കാരുടെ എണ്ണം അഭിവൃദ്ധരാജ്യങ്ങളിൽ അതിവേഗം വദ്ധിച്ചിട്ടുള്ളതുകൊണ്ടാണു് ഈ മാററം. 1899ൽ, അമേരിക്കയിലെ വ്യവസായങ്ങളിൽ പണിയെടുത്തിരുന്നവരിൽ ആറുശതമാനം മാത്രമായിരുന്നു ഓഫീസ് ജോലിക്കാരും സാങ്കേതികോദ്യോഗസ്ഥന്മാരും; 1919ൽ അവരുടെ

എണ്ണം 19.4 ശതമാനമായി; 1954ൽ 21.3 ശതമാനവുമായി 1957ലാകട്ടെ കായികമല്ലാത്ത അധ്വാനംചെയ്യുന്നവർക്കാണ് ആകെ വേതനത്തിന്റെ മൂന്നിലൊന്നു കൊടുത്തതു്.

വ്യവസായവൽകൃതരാജ്യങ്ങളിൽ, കായികാധ്വാനം ചെയ്യുന്നവരുടെയും അത്തരം അധ്വാനം ചെയ്യാത്തവരുടെയും എണ്ണം ഏതാണ്ട തുല്യമായി വരികയാണിന്നു്.

വലിയ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു വസ്തുതയാണിതു്. കായികേതരമായ അധ്വാനംചെയ്യുന്നവരിൽ ബഹുഭൂരിപക്ഷം തൊഴിലാളിവർഗ്ഗംതന്നെയാണ്; അവരുടെ വേതനം വിദഗ്ധരായ കായികാധ്വാനികളുടെ കൂലിയേക്കാൾ കുറഞ്ഞതുമാണ്. എന്നാൽ സ്വകാര്യസ്ഥാപനങ്ങളിലെ ഗുമസ്തന്മാരുടെ ഉന്നതവിഭാഗങ്ങൾ പലപ്പോഴും ബൂർഷ്വാവർഗ്ഗത്തിൽ ലയിച്ചുപോകുന്നു. തൊഴിലാളിസംഘടനകളിലെ ഉദ്യോഗസ്ഥവൃന്ദത്തിനും രാഷ്ട്രീയമായി നല്ലൊരു പ്രാധാന്യമുണ്ടു്.

ഗുമസ്തന്മാരും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള വ്യത്യാസത്തെ പരമാവധി ചൂഷണംചെയ്യാൻ ബൂർഷ്വാസി ശ്രമിക്കാറുണ്ടു്. (1)അവരെ പരസ്പരം അടിപ്പിക്കാനാണ് അവരുടെ പ്രധാന പരിശ്രമം. എങ്കിലും ഓഫീസുജീവനക്കാർ ധാരാളമായി ട്രേഡ് യൂണിയനുകളിൽ സംഘടിയ്ക്കാൻ തുടങ്ങിയിരിക്കുന്നു. അവരുടെ സംഘടനകളുടെ ലക്ഷ്യങ്ങളും സമരരീതികളും തൊഴിലാളിവർഗ്ഗ സംഘടനകളുടേതിനോടു സദൃശമായാണു വരുന്നതു്.

തൊഴിലാളിവർഗ്ഗത്തിലെ ഉദ്യോഗസ്ഥമേധാവികളുടെ എണ്ണത്തിലുണ്ടാകുന്ന ത്വരിതമായ വർദ്ധനക്കു സവിശേഷമായൊരു പ്രാധാന്യമുണ്ടു്. ആദ്യകാലത്തു് ആഢ്യത്തൊഴിലാളികൾ വഹിച്ചിരുന്ന അതേ പങ്കാണ് ഇന്നു് അക്കൂട്ടർ വഹിക്കുന്നതു്.

---

(1)കായികാധ്വാനികളെന്നും മാനസികാധ്വാനികളെന്നും ഇവരെ വിളിക്കുന്നതു ശരിയാവില്ല. ഗുമസ്തന്മാരിൽ കുറെപ്പേരുടെ അധ്വാനത്തിൽ മനസ്സിന്റെ പങ്കു തുച്ഛമാണ്. അതുപോലെ തൊഴിലാളികളിൽ കുറെ പേരുടെ അധ്വാനത്തിൽ ശരീരത്തിന്റെ പങ്കും കുറവാണ്.

വൻകിട ബൂർഷ്വാസിയുടെ മുമ്പിൽ ഇന്നൊരു പ്രശ്നമുണ്ട്:

മുതലാളിത്തം പൊതുക്കുഴപ്പത്തിൽ കിടന്നു കറങ്ങുന്ന ഈ കാലഘട്ടത്തിൽ, മുതലാളിത്തവ്യവസ്ഥിതിയുടെ നിലനിൽപ്പ് സന്നിഗ്ദ്ധമായിട്ടുള്ള ഈ ഘട്ടത്തിൽ ജനസംഖ്യയിൽ ഭൂരിപക്ഷം തൊഴിലാളികളാവുകയും അവർ സുശക്തങ്ങളായ ട്രേഡ്യൂണിയനുകളും സ്വന്തമായ രാഷ്ട്രീയപ്പാർട്ടിയും രൂപീകരിച്ചിട്ടുള്ള ഈ ഘട്ടത്തിൽ, സോവിയററയൂണിയൻേറയും മററു സോഷ്യലിസ്റ്റ്രാഷ്ട്രങ്ങളുടേയും ജൈത്രയാത്രയെ തൊഴിലാളിവർഗ്ഗം വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ വിപ്ലവത്തിൻെറ പന്ഥാവിലേക്കു നീങ്ങാതെ തൊഴിലാളിവർഗ്ഗത്തെ എങ്ങനെ സ്വാധീനിച്ചുനിർത്താം എന്നതാണ് ആ പ്രശ്നം.

ഇങ്ങനെയൊരു പ്രശ്നമുള്ളതുകൊണ്ടു് അഭിവൃദ്ധരാജ്യങ്ങളിലെ വൻകിട ബൂർഷ്വാസിയുടെ മനോഭാവത്തിൽ ഒരു മാററമുണ്ടായിട്ടുണ്ട്. ഈ നൂററാണ്ടിൻെറ ആരംഭത്തിൽ പുലർത്തിയിരുന്ന മനോഭാവമല്ല അവരിന്നു തൊഴിലാളിവർഗ്ഗത്തോടു പുലർത്തുന്നതു്. അന്ന് ഓരോ മുതലാളിക്കും മുതലാളിവർഗ്ഗത്തിനൊട്ടാകെയും ഒരൊററ ലക്ഷ്യമേ ഉണ്ടായിരുന്നുള്ളു—തൊഴിലാളികളെ ഞെക്കിപ്പിഴിഞ്ഞു പരമാവധി അധികമൂല്യമെടുക്കണം.—ഇന്നും ആ ലക്ഷ്യമുണ്ട്. പക്ഷെ ഇന്നു മറെറാരു വിരുദ്ധ ഘടകവുമുണ്ടു്—തൊഴിലാളിവർഗ്ഗം വിപ്ലവമാർഗ്ഗത്തിലേക്കു തിരിയാതെനോക്കണം.

പ്രധാനപ്പെട്ട മുതലാളിത്തരാജ്യങ്ങളിലെ ബൂർഷ്വാസിക്കു തൊഴിലാളിവർഗ്ഗത്തെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നതു നിർഭാഗ്യകരമായൊരു വസ്തുതയാണ്. ഫ്രാൻസിലും ഇററലിയിലും സുശക്തമായ കമ്മ്യൂണിസ്റ്റ് പാർട്ടികളുള്ളതുകൊണ്ടു് ഇക്കാര്യത്തിൽ ബൂർഷ്വാസി അത്ര വിജയിച്ചിട്ടില്ല.

അമേരിക്കയിൽ ഇന്നും പരിഷ്ക്കരണവാദിയെങ്കിലുമായ ഒരു ബഹുജനപ്പാർട്ടിപ്പോലുമില്ല. ദശലക്ഷക്കണക്കിനു തൊഴിലാളികൾ വോട്ടുകൊടുക്കുന്നതു് അവിടുത്തെ രണ്ടു വലിയ ബൂർഷ്വാ പാർട്ടികളിലേതെങ്കിലുമൊന്നിനാണ്. അവിടത്തെ ട്രേഡ്യൂണിയൻ

നേതാക്കളാകട്ടെ സോവിയററയൂണിയനേയും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും നിരന്തരം അധിക്ഷേപിച്ചുകൊണ്ടിരിക്കുന്നു.

ബ്രിട്ടനിലും ബൂർഷ്വാസിക്കു തൊഴിലാളിവർഗ്ഗത്തിന്മേൽ ഗണ്യമായ സ്വാധീനമുണ്ട്.

മുതലാളിത്തവ്യവസ്ഥയിലും കഷ്ടപ്പാടൊന്നുംകൂടാതെ കഴിഞ്ഞുകൂടാം എന്നു കരുതാൻമാത്രം നല്ല വരുമാനം ഒരു വിഭാഗം തൊഴിലാളികൾക്കു കിട്ടുന്നതുകൊണ്ടാണ് അമേരിക്കയിലും ബ്രിട്ടനിലും ബൂർഷ്വാസിക്കു തൊഴിലാളിവർഗ്ഗത്തെ സ്വന്തമാക്കാൻ കഴിഞ്ഞിട്ടുള്ളത്. പോരെങ്കിൽ, സിനിമ, റേഡിയോ, വർത്തമാനപ്പത്രങ്ങൾ എന്നിവ മുഖേന ബൂർഷ്വാസി നടത്തുന്ന പ്രചാരവേലയുമുണ്ട്.

തൊഴിലാളിവർഗ്ഗം സമരംചെയ്യുന്നതുകൊണ്ടും അവരെ സ്വാധീനിച്ചുനിർത്താൻ മുതലാളിവർഗ്ഗം വെമ്പൽകൊള്ളുന്നതുകൊണ്ടും പല രാജ്യങ്ങളിലും - ഇററലിയെപ്പോലുള്ള ഒരു ദരിദ്രരാജ്യത്തിൽപോലും — യഥാർത്ഥ കൂലി ഇടിയാതെ നിൽക്കുന്നുണ്ട്.

ബ്രിട്ടനിലെ തൊഴിലാളിവർഗ്ഗത്തിൽ വലിയൊരു വിഭാഗം മുതലാളിത്തവ്യവസ്ഥിതിയിൽ സംതൃപ്തരായി കഴിഞ്ഞുകൂടുന്നതിനുള്ള ഒരു കാരണം അവിടെ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം "തൊട്ടിൽമുതൽ ചുടലവരെ" സോഷ്യൽ ഇൻഷ്വറൻസ് പദ്ധതികൾ ഏർപ്പെടുത്തിയിട്ടുള്ളതാണ്. ആ പദ്ധതികളനുസരിച്ച് തൊഴിലാളികൾക്കും അവരുടെ കളത്രപുത്രാദികൾക്കും അനേകം സൌകര്യങ്ങൾ ലഭിക്കുന്നുണ്ട്. ഫ്രാൻസ്, പടിഞ്ഞാറൻ ജർമ്മനി, അമേരിക്ക എന്നിവിടങ്ങളിലും പലതരം സാമൂഹ്യ ഭദ്രതാപദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ പദ്ധതികൾക്കാവശ്യമായ പണത്തിന്റെ ചെറിയൊരു പങ്കേ തൊഴിലാളികൾ കൊടുക്കുന്നുള്ളു എന്നാണു പറയാറ്. എന്നാൽ വാസ്തവമതല്ല. ഇവയിലേക്കു നേരിട്ടുചെയ്യുന്ന സംഭാവനക്കു പുറമെ തൊഴിലാളികൾ നികുതികളും കൊടുക്കുന്നുണ്ടല്ലോ. ആ നികുതിപ്പണത്തിന്റെയും ഒരു പങ്ക് ഈ വയിലേക്കു വെ

ട്ടിത്തീരിക്കാറുണ്ട്. മുതലാളിവർഗ്ഗത്തിൻെറ കയ്യിൽനിന്നു പോകുന്ന തുക തുച്ഛമാണ്.

തൊഴിലാളിവർഗ്ഗത്തെ വശത്താക്കാൻവേണ്ടി മുതലാളിവർഗ്ഗം പലവിധ ബഡായികളും അഴിമതികളും പ്രയോഗിക്കുമെന്നു പറയേണ്ടതില്ലല്ലോ.

ബൂഷ്വാതത്വസംഹിതയ്ക്കു അമേരിക്കയിലേയും ബ്രിട്ടനിലേയും തൊഴിലാളികളുടെമേലുള്ള സ്വാധീനം താല്ക്കാലികമായ ഒരു പ്രതിഭാസം മാത്രമാണ്. ഇതധികകാലം നിലനിൽക്കില്ല. മുതലാളിത്തത്തിൻെറ പൊതുക്കുഴപ്പം മൂർച്ചിക്കുന്നതോടെ, സ്ഥിരം തൊഴിലില്ലായ്മ വർദ്ധിക്കുന്നതോടെ, സമാധാനത്തിനുവേണ്ടിയുള്ള സമരം കരുത്താർജ്ജിക്കുന്നതോടെ ഈ സ്വാധീനശക്തി ക്ഷീണിക്കും. തൊഴിലാളിവർഗ്ഗസമരങ്ങൾ എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുന്നതും കമ്മ്യൂണിസ്റ്റ്പാർട്ടികൾ ശക്തിപ്പെടുന്നതും ഇതിനു തെളിവാണ്.

# ആറാമദ്ധ്യായം

# മുതലാളിത്തത്തിലെ പൊതുക്കുഴപ്പത്തിന്റെ പുതിയ (മൂന്നാം) ഘട്ടം

1960ൽ മോസ്കോവിൽ നടന്ന കമ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധിസമ്മേളനം, കമ്മ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികളുടെ പരിപാടികൾ, സോവിയററ കമ്യൂണിസ്റ്റ് പാർട്ടിയുടെ ഇരുപത്തിരണ്ടാം കോൺഗ്രസ്സിൽ ചെയ്ത പ്രഭാഷണങ്ങൾ, സോവിയററ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പരിപാടി എന്നിവ ഇന്നത്തെ ലോകസ്ഥിതിഗതികളെ ചുഴിഞ്ഞിറങ്ങി അപഗ്രഥിക്കുകയും ഭാവിവികാസത്തിന്നുള്ള മാർഗ്ഗങ്ങൾ സൂചിപ്പിക്കുകയും ചെയ്യുന്നവയാണ്. നമ്മുടെ ഈ യുഗത്തിന്റെ മുഖ്യസത്ത മുതലാളിത്തത്തിൽനിന്നു സോഷ്യലിത്തിലേക്കുള്ള പരിവർത്തനമാണ്. അതിന്റെ ആരംഭം കുറിച്ചതു റഷ്യയിൽ നടന്ന മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവമാണ്.

സമൂഹത്തിന്റെ വികാസത്തിൽ ലോകസോഷ്യലിസ്റ്റ് വ്യവസ്ഥിതി നിർണ്ണായകഘടകമായി വരുന്നു—ഇതാണ് ഈ കാലഘട്ടത്തിന്റെ സവിശേഷത.

വലതുപക്ഷ സോഷ്യലിസ്ററുകളും റിവിഷണിസ്ററുകളും ഇതംഗീകരിക്കാൻ തയ്യാറില്ല. മുതലാളിത്തലോകത്തിന്റെ

സാമ്പത്തികശക്തി സോഷ്യലിസ്ററലോകത്തിൻേറതിനേക്കാ ൾ പെരുത്തതാണ് എന്നും മുതലാളിത്തത്തിൻെറ സാമ്പത്തിക വികാസത്തിൻെറ നിരക്ക പൊതുക്കുഴപ്പത്തിൻെറ ഒന്നാംഘട്ടത്തി ലേതിനേക്കാൾ മെച്ചപ്പെട്ടതാണ് എന്നും ചൂണ്ടിക്കാണിച്ചുകൊ ണ്ടാണ് അവരിതിനെ എതിക്കുന്നതു്.

സോഷ്യലിസ്ററ രാജ്യങ്ങളുടെ അഭിവൃദ്ധിത്തോതു് അതി വേഗം വദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ മുതലാ ളിത്തരാജ്യങ്ങൾ പിൻതള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. യുദ്ധത്തിന്നു മുമ്പു കണ്ടിരുന്നതിനെക്കാൾകവിഞ്ഞ അഭിവൃദ്ധിത്തോതു് അപൂർ വം ചില മുതലാളിത്തരാജ്യങ്ങളിലേ കാണുന്നുള്ള അത്തരം അ ഭിവൃദ്ധിത്തോതിനു കാരണം യുദ്ധംകൊണ്ടുണ്ടായ കെടുതികളുടെ അസാധാരണ സ്ഥിതിഗതികളാണ്.

1958വരെ മുതലാളിത്തവിപണി അസാധാരണമായമട്ടിൽ വികസിക്കുകയുണ്ടായി. ഇന്നു് ആ വികാസം നിലച്ചിരിക്കു ന്നു. ഇനി വരുന്ന കാലത്തു മുതലാളിത്തലോകത്തിലെ ഉല്പാദന ത്തിൻെറ അഭിവൃദ്ധിത്തോതു സാമാന്യേന വളരെ കുറയും. (ചില രാജ്യങ്ങളിൽ, ചില വ്യവസായങ്ങളിൽ അല്പം മെച്ചം കാണുമാ യിരിക്കാം.) കാലം ചെല്ലുന്നതോടെ അമിതോല്പാദനക്കുഴപ്പത്തി ൻെറ ആഴവും മൂച്ചയും നാശകാരിതയും വദ്ധിക്കും.

മുതലാളിത്തലോകത്തിൽ ഉല്പാദനം വദ്ധിക്കുന്നതു പ്രധാന മായും അഭിവൃദ്ധരാജ്യങ്ങളിലാണെന്നും അല്പവികസിതരാജ്യങ്ങൾ ഇന്നും ദരിദ്രങ്ങളാണെന്നും നേരത്തേ പറഞ്ഞുവല്ലോ. അല്പവി കസിതരാജ്യങ്ങളുടെ ദേശീയവരുമാനത്തെക്കുറിച്ച് ഇയ്യിടെ ല ഭിച്ച ഐക്യരാഷ്ട്രക്കണക്കുകൾ മുതലാളിത്തലോകത്തിലെ അഭി വൃദ്ധരാജ്യങ്ങളും ദരിദ്രരാജ്യങ്ങളും തമ്മിലുള്ള അന്തരം വ്യക്തമാ ക്കുന്നു. ഓരോ രാജ്യത്തിലേയും ആളോഹരി പ്രതിവഷ ദേശീയ വരുമാന (ഡോളർ) ത്തിൻെറ കണക്ക താഴെ ചേക്കുന്നു:

## അഭിവൃദ്ധരാജ്യങ്ങൾ

അമേരിക്ക — 2027 — ബ്രിട്ടൻ — 1000

## അല്പവികസിതരാജ്യങ്ങൾ

| | | | | | |
|---|---|---|---|---|---|
| ഇന്ത്യ | — | 68 | ഉഗണ്ട | — | 52 |
| പാക്കിസ്ഥാൻ | — | 65 | ഹൈററി | — | 67 |
| ബർമ്മ | — | 56 | കെന്യ | — | 60 |
| ഇന്ദോനേഷ്യ | — | 65 | നൈജീരിയ | — | 64 |
| ബൊളീവിയ | — | 55 | കോങ്കോ | — | 83 |
| പരഗ്വേ | — | 96 | | | |

സൌദി അറേബ്യ, യെമൻ, ലിബിയ, അംഗോള, യോർദാൻ, ലൈബീരിയ, എത്യോപ്പിയ തുടങ്ങിയവ—50 ഡോളറിൽ കുറവ്.

അല്പം പഴക്കമുണ്ട് ഈ കണക്കുകൾക്ക്. അതു സാരമാക്കാനില്ല. അല്പവികസിതരാജ്യങ്ങളും അഭിവൃദ്ധരാജ്യങ്ങളും—ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളും അമേരിക്കയെപ്പോലുള്ള രാജ്യങ്ങളും—തമ്മിലുള്ള അന്തരം അന്നത്തേതുതന്നെയാണിന്നും. മുതലാളിത്തവ്യവസ്ഥിതി ഐശ്വര്യപൂർണ്ണമാണെന്ന ബൂർഷ്വാ പ്രചാരവേല വെറും ഭോഷ്ക്കാണെന്നും മുതലാളിത്തലോകത്തിലെ ബഹുഭൂരിപക്ഷം ദാരിദ്ര്യത്തിൻെറ പടുകുഴിയിലാണു കിടക്കുന്നതെന്നും വെളിവാക്കുന്നയത്രെ ഈ കണക്കുകൾ.

മുതലാളിത്തരാജ്യങ്ങളിൽ ബഹുജനങ്ങൾ പരമദരിദ്രരാണെന്നു വമ്പന്മാരായ മുതലാളിമാർക്കും അവരുടെ ജിഹ്വകളായ പത്രങ്ങൾക്കും പലപ്പോഴും സമ്മതിക്കേണ്ടിവരാറുണ്ട്. അമേരിക്കയിലെ പ്രമുഖ പത്രമായ "ന്യൂയോർക്ക് ടൈംസ്" 1960 ജൂൺ 27-ാം തീയതി ഇപ്രകാരമെഴുതുകയുണ്ടായി: "അല്പവികസിതരാജ്യങ്ങളിലെ ജനകോടികളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്നതിന്നുള്ള ശ്രമങ്ങൾ ദയനീയമാംവിധം പരാജയപ്പെടുന്നതായിട്ടാണ് കാണുന്നതു്. നമ്മോടൊന്നിച്ചു ജീവിക്കുന്ന മനുഷ്യരിൽ വലിയൊരു വിഭാഗം ദാരിദ്ര്യത്തിലും രോഗങ്ങളിലും കിടന്നുഴലുകയാണ്. അവർക്കു കുടിക്കാൻ കഞ്ഞിവെള്ളമോ ഉടുക്കാൻ തുണിയോ കിടക്കാൻ കിടപ്പാടമോ ഇല്ല. അവരുടെ കു

ഞ്ഞുങ്ങളുടെ കഥ കഷ്ടാൽകഷ്ടതരമാണ്. അവക്കു യാതൊരാശാമാശ്ശ്വവുമില്ല ദരിദ്രരാജ്യങ്ങളുടെ പുരോഗതി വളരെ വളരെ മന്ദമാണ്. ചില രാജ്യങ്ങൾ വാസ്തവത്തിൽ കഴിഞ്ഞ പത്തു കൊല്ലത്തിന്നിടയ്ക്കു പിന്നോക്കം പോയിരിക്കുകയാണ്.'' ''ഉള്ളവരും'' ''ഇല്ലാത്തവരും'' തമ്മിലുള്ള അകലം വദ്ധിക്കാനുള്ള പ്രവണതയാണു കാണുന്നതു് എന്നും പത്രം പറയുന്നു.

സാമ്രാജ്യത്വക്കാരായ്മകൾ കഴിഞ്ഞകാലത്തു് അവരുടെ കോളണികൾക്കു നൽകിയ ''സഹായ''ത്തെയും ഇപ്പോൾ അല്പവികസിതരാജ്യങ്ങൾക്കു നൽകുന്ന ''സഹായ''ത്തെയും കുറിച്ചു മുതലാളിത്തത്തിൻെറ കുഴലൂത്തുകാർ ഒരുപാടു പ്രസംഗിക്കാറുണ്ടു്. സാമ്രാജ്യക്കോയ്മകാൎക്കു് അല്പവികസിതരാജ്യങ്ങളിൽനിന്നു കിട്ടുന്ന വമ്പിച്ച ലാഭത്തിൻെറ ചെറിയൊരു ശതമാനം മാത്രമാണു വാസ്തവത്തിൽ ഈ ''സഹായം''. കോളണികളിൽ കച്ചവടം ചെയ്യുന്ന റോയൽ ഡച്ച്ഷെൽ, യൂണിലീവർ, ബ്രിട്ടീഷ് പെട്രോളിയം എന്നീ മൂന്നു ബ്രിട്ടീഷ് കമ്പനികൾക്കു് 1959ൽ 814 മില്യൺ ഡോളർ അറ്റാദായം (നികുതികൾ കൊടുത്തു കഴിച്ചു ബാക്കി) കിട്ടുകയുണ്ടായി. ബ്രിട്ടൻ അല്പവികസിതരാജ്യങ്ങൾക്കു് ആകപ്പാടെ കൊടുത്തിട്ടുള്ള ''സഹായ''ത്തേക്കാൾ അധികമാണിതു്. ചരടുകളില്ലാതെ സഹായം നല്കുക എന്നതു് അസാധ്യമാക്കുന്നവയത്രെ, മുതലാളിത്തത്തിൻെറ അഭ്യന്തരനിയമങ്ങൾ. സാമ്രാജ്യത്വത്തിൻെറ ചങ്ങലക്കെട്ടുകളെ തകൎത്തു സ്വതന്ത്രമായ സമ്പദ്വ്യവസ്ഥ കെട്ടിപ്പടുത്താലേ അല്പവികസിതരാജ്യങ്ങൾക്കു ദാരിദ്ര്യത്തിൽനിന്നു മോചനം കിട്ടുകയുള്ളൂ. അതിന്നാവശ്യമായ സഹായം നൽകാൻ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ സന്നദ്ധരാണ്.

സോഷ്യലിസ്റ്റ് ലോകത്തിന്നെതിരായി സഖ്യങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും മുതലാളിത്തരാജ്യങ്ങൾ പരസ്പരം സാമ്പത്തികമായി പടവെട്ടുന്ന വിവിധ ഗ്രൂപ്പുകളായി ഭിന്നിച്ചു നില്ക്കുകയാണ്. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞ ഉടനെ അന്യരാ

ജ്യങ്ങളെ സ്വാധീനത്തിലാക്കാൻ കഴിഞ്ഞ അമേരിക്ക ഇപ്പോഠം പ്രതികൂലമായ ഒരു വ്യാപാരശിഷ്ടംകൊണ്ടു വലയുന്ന ഡോളറിനെ രക്ഷിക്കുന്നതിനു ബ്രിട്ടൻെറയും പടിഞ്ഞാറൻ ജമ്മനിയുടേയും മുമ്പിൽ സഹായാഭ്യത്ഥനയുമായി നില്ക്കുകയാണ്. അങ്ങനെ ചെയ്യല്ലേ എന്നു് അമേരിക്കൻ സക്കാർ താണുകേണപേക്ഷിച്ചിട്ടും ഫോർഡ് മോട്ടോർ കമ്പനി 300000000 ഡോളർ കൊടുത്തു ബ്രിട്ടീഷ് ഫോർഡ് കമ്പനിയുടെ എല്ലാ ഓഹരികളും വാങ്ങിച്ചു എന്ന സംഗതി രസകരമാണ്. മുതലാളിമാക്കു രാജ്യസ്നേഹത്തേക്കാഠം വലുതു പണക്കൊതിയാണല്ലോ.

പടിഞ്ഞാറൻ യൂറോപ്പിലെ സാമ്രാജ്യത്വരാഷ്ട്രങ്ങഠം പരസ്പരമെതിക്കുന്ന രണ്ടു ഗ്രൂപ്പുകഠം രൂപീകരിച്ചിരിക്കുന്നു—പടിഞ്ഞാറൻ ജമ്മനിയുടെ നേതൃത്വത്തിലുള്ള "ആറും" ബ്രിട്ടൻെറ നേതൃത്വത്തിലുള്ള "ഏഴും". ഈ രാജ്യങ്ങഠം ഒരു അമിതോല്പാദനക്കുഴപ്പത്തിൽ പെട്ടുപോയാൽ രണ്ടു ഗ്രൂപ്പുകഠം തമ്മിലുള്ള വക്കാണം മൂച്ഛിക്കും. പരസ്പരം കലഹിക്കുകയും കലഹത്തിൽ ദുർബ്ബലർ കൂടുതൽ ദുർബ്ബലരാവുകയും മുതലാളിത്തവ്യവസ്ഥിതിയുടെ അഭ്യന്തരനിയമമാണ്.

എന്നാൽ സോഷ്യലിസ്റ്റ് ലോകത്തിലെ രാഷ്ട്രങ്ങഠം സമാവകാശങ്ങളോടും സൗഹൃദത്തോടുമാണു പ്രവത്തിക്കുന്നതു്. അവർ സൗഭ്രാത്രത്തോടെ ഒററക്കെട്ടായി നിലകൊള്ളുന്നു.

മുതലാളിത്തലോകത്തിലെ പരസ്പരവൈരുധ്യങ്ങളിൽ ഏററവും പ്രധാനം താഴെ പറയുന്നവയാണ്:

(1) അമേരിക്കയും കമ്യൂണിസത്തിൽനിന്നു രക്ഷിക്കാനെന്ന നാട്യത്തിൽ അമേരിക്കൻ സാമ്രാജ്യത്വം കെട്ടിയിടാൻ ശ്രമിക്കുന്ന രാഷ്ട്രങ്ങളും തമ്മിലുള്ള വടംവലി.

(2) സാമ്രാജ്യത്വക്കോയ്മകളും കോളണികളും തമ്മിലുള്ള സമരം.

(3) സോഷ്യലിസ്റ്റ് ലോകവും മുതലാളിത്തലോകവും തമ്മിൽ മൂച്ഛയേറിയ ഒരു സമരം വേണമെന്നു വിശ്വസിക്കുന്ന അ

മേരിക്കയെപ്പോലുള്ള രാഷ്ട്രങ്ങളും രണ്ടു കക്ഷിയിലും ചേരാതെ നിഷ്പക്ഷമായി നില്ക്കുന്ന മുതലാളിത്തരാജ്യങ്ങളും തമ്മിലുള്ള സംഘട്ടം.

(4) ചരക്കുകളുടേയും മൂലധനത്തിൻെറയും കയററുമതിയെ സംബന്ധിച്ചും വിദേശനയകാര്യങ്ങളിലും സാമ്രാജ്യത്വരാഷ്ട്രങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം.

ഈ വൈരുദ്ധ്യങ്ങളെല്ലാം ചേൻ മുതലാളിത്തവ്യവസ്ഥിതിയെ സത്വരം ക്ഷീണിപ്പിക്കുകയാണ്.

ഓരോ മുതലാളിത്തരാജ്യത്തിന്നകത്തും മൂച്ഛയേറിയ സംഘട്ടങ്ങളുണ്ട്:

(1) തൊഴിലാളികളും മുതലാളികളും തമ്മിലുള്ള സംഘട്ടം.

(2) കുത്തകമുതലാളിമാരും മററു വിഭാഗങ്ങളും തമ്മിലുള്ള സംഘട്ടം.

(3) കാഷികരംഗത്തെ, ഭൂരഹിതരോ അല്പസ്വല്പം ഭൂമിയുള്ളവരോ ആയ ബഹുഭൂരിപക്ഷം കഷകരും വലിയ ജന്മികളും തമ്മിലുള്ള സംഘട്ടം.

(4) ആഫ്രിക്കയിലും അമേരിക്കയിലും, നീഗ്രോകളും വെള്ളക്കാരും തമ്മിലുള്ള സംഘട്ടം.

(5) യുദ്ധക്കൊതിയന്മാരും സമാധാനപ്രേമികളും തമ്മിലുള്ള സംഘട്ടം.

ഈ വൈരുദ്ധ്യങ്ങൾ പലപ്പോഴും കെട്ടുപിണഞ്ഞാണു കിടക്കുന്നതു്. പല രാജ്യങ്ങളിലെയും രാജ്യദ്രോഹികളായ ഉന്നതവർഗ്ഗക്കാരെ വിലക്കെടുത്തു് ആ രാജ്യങ്ങളിൽ പട്ടാളത്താവളങ്ങൾ സ്ഥാപിക്കാനും മററും അമേരിക്കൻ സാമ്രാജ്യത്വത്തിനു കഴിഞ്ഞിട്ടുണ്ടു്. ചിയാങ്ങ്കൈഷേക്കിനും കൂട്ടക്കും അമേരിക്ക സഹായം നല്കുന്നതിൻെറ ഉള്ളുകള്ളി ഇതാണു്.

ലോകത്തിൽ പിന്തിരിപ്പനായി എന്തെല്ലാമുണ്ടോ അതി ൻെറയെല്ലാം വക്താവും തലയാളും ഇന്നു അമേരിക്കയാണ്. ഏതു നാട്ടിലെയും പിന്തിരിപ്പൻ ഭരണാധികാരികളെ താങ്ങിനിർത്താനുള്ള കരാറേറെറടുത്തിരിക്കുന്നു ആ രാജ്യം. അതുകൊണ്ടു പിന്തിരിപ്പൻ ഭരണാധികാരികൾക്കെതിരായ ഏതൊരു സമരവും അമേരിക്കയ്ക്കുമെതിരായ സമരമാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്നെതിരായ സമരം പലപ്പോഴും സമാധാനത്തിനുവേണ്ടിയുള്ള സമരത്തിൽ ലയിക്കാറുമുണ്ട്.

X X X

അണ്വായുധങ്ങളുടെ രംഗത്തു് അമേരിക്കയ്ക്കുണ്ടായിരുന്ന കുത്തകയെ സോവിയററ്യൂണിയൻ തകർത്തുകളഞ്ഞിരിക്കുന്നു. എന്നല്ല, ശാസ്ത്രത്തിൻെറയും സാങ്കേതികവിജ്ഞാനത്തിൻെറയും പ്രധാനപ്പെട്ട എല്ലാ ശാഖകളിലും അമേരിക്കയെ പിൻതള്ളിയിരിക്കുന്നു സോവിയററ്യൂണിയൻ. അതോടെ സോഷ്യലിസ്റ്റ് ലോകത്തിനു അന്താരാഷ്ട്രീയകാര്യങ്ങളിൽ നിർണ്ണായകമായൊരു സ്വാധീനശക്തി കൈവന്നിട്ടുണ്ട്.

ഇതു യാദൃച്ഛികമല്ല. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ സവിശേഷതയിൽനിന്നാണ് ഈ ശക്തി ഉയിർക്കൊള്ളുന്നതു്. സോവിയററ്യൂണിയനിലും സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലും വിദ്യാഭ്യാസവും ശാസ്ത്രീയഗവേഷണവും രാഷ്ട്രത്തിൻെറ നേതൃത്വത്തിലാണ് നടക്കുന്നതു്. എല്ലാ ജനവിഭാഗങ്ങളിലേയും ഏററവും സമർത്ഥരായ യുവാക്കൾ സർവ്വകലാശാലകളിലും മററ് ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും പഠിക്കുന്നുണ്ട് ആ നാട്ടുകളിൽ.

എന്നാൽ അമേരിക്കയിലും മററു മുതലാളിത്തരാജ്യങ്ങളിലും ഒരുപിടി പണക്കാരുടെ മക്കൾക്കു മാത്രമേ ഈ സൗകര്യം ലഭിക്കുന്നുള്ളു. മെഡിക്കൽ കോളേജിൽ ചേർന്നു പഠിക്കുന്ന ഓരോ

കുട്ടിക്കും പ്രതിവർഷം 11642 ഡോളർ ചെലവു വരുമെന്നും ഈ പണം മുഴുവൻ വിദ്യാർത്ഥിയുടെ അച്ഛനമ്മമാർതന്നെ കൊടുക്കണമെന്നും ഈയ്യിടെ നടത്തിയ ഒരു സർവ്വേയിൽ വെളിപ്പെടുകയുണ്ടായി സാധാരണ കൃഷിക്കാരുടേയും തൊഴിലാളികളുടേയും മക്കൾക്കു വിലക്കപ്പെട്ട ഒരു മേഖലയാണ് ഇതു് എന്നു പറയേണ്ടതില്ലല്ലോ.

അമേരിക്കയിലെ ശാസ്ത്രീയഗവേഷണം പ്രധാനമായും നടക്കുന്നതു ജനറൽ ഇലക്ട്രിക് കമ്പനി, ബെൽ ടെലഫോൺ കമ്പനി, റേഡിയോ കോർപ്പറേഷൻ തുടങ്ങിയ പടുകൂററൻ സ്വകാര്യസ്ഥാപനങ്ങളുടെ ലാബറട്ടറികളിലാണ്. അവയുടെ ഉടമകൾക്കു വലിയ ലാഭമുണ്ടാക്കിക്കൊടുക്കാനിടയുള്ള ശാസ്ത്രീയകാര്യങ്ങളെക്കുറിച്ചേ ഗവേഷണം നടക്കുന്നുള്ളു. സർവ്വകലാശാലകൾ പോലും കുബേരന്മാരുടെ ചൊല്പടിയിലാണ്.

വിദ്യാഭ്യാസത്തിന്നും ശാസ്ത്രത്തിന്നും വേണ്ടി അമേരിക്കൻ സർക്കാർ തുച്ഛമായൊരു തുകയേ ചെലവാക്കുന്നുള്ളു. 1959-60ലെ ബജററ് (മില്യൺ ഡോളർ കണക്കിൽ) നോക്കുക:

| | |
|---|---|
| പ്രധാനപ്പെട്ട രാജ്യരക്ഷാകാര്യങ്ങൾ (അതായതു പടക്കോപ്പുകൾ) | 46426 |
| പിരിഞ്ഞുപോയ പട്ടാളക്കാർക്ക് | 5174 |
| യുദ്ധക്കടത്തിനുള്ള പലിശ | 7700 |
| യുദ്ധാവശ്യങ്ങൾക്കൊട്ടാകെ | 59300 |
| വിദ്യാഭ്യാസത്തിന്ന് | 468 |
| ശാസ്ത്രീയഗവേഷണം, ഗ്രന്ഥാലയങ്ങൾ കാഴ്ചബംഗ്ലാവുകൾ എന്നിവയ്ക്കു് | 119 |

ശാസ്ത്രത്തിനും വിദ്യാഭ്യാസത്തിനുംവേണ്ടി അവിടെ ചെലവാക്കുന്ന പണം ആകെ ബജററിന്റെ ഒരു ശതമാനം മാത്രമാ

ണ്ണെന്നും അമേരിക്കയിലെ ഔദ്യോഗിക രേഖകരംതന്നെ പ്രസ്താവിക്കുന്നു.

യൂറോപ്യൻ രാജ്യങ്ങളിൽ ഫാസിസ്റ്റുകരം ഭരണം പിടിച്ചെടുത്ത കാലത്തു് അവിടെനിന്നോടിപ്പോയി അമേരിക്കയില ഭയം പ്രാപിച്ച ശാസ്ത്രജ്ഞരാണ് അമേരിക്കയുടെ ശാസ്ത്രീയനേട്ടങ്ങളുണ്ടാക്കിക്കൊടുക്കുന്നതു്. സോവിയററ് യൂണിയനിലാകട്ടെ ശാസ്ത്രീയഗവേഷണം നടത്തുന്നതു സോവിയററ് ശാസ്ത്രജ്ഞർ തന്നെയാണ്.

രണ്ടു വ്യവസ്ഥിതികളും തമ്മിലുള്ള മത്സരത്തിൽ സോഷ്യലിസ്റ്റ് ലോകം ഇനിയുമിനിയും മേന്മ നേട്ടകയും മുതലാളിത്ത ലോകം ഇനിയുമിനിയും ഇടിഞ്ഞുപോവുകയും ചെയ്യുമെന്ന കാര്യം തീരുമാനമാണ്.

X X X

മുതലാളിത്തലോകത്തിന്നൊട്ടാകെ ഒരൊററ ആശയസംഹിതയില്ല. അതുണ്ടാവില്ലതാനും. അന്യോന്യം പടവെട്ടുന്ന വർഗ്ഗങ്ങളുരംക്കൊള്ളുന്ന ഒന്നാണല്ലോ ആ ലോകം.

സാമ്രാജ്യത്വരാജ്യത്തിലെ ഭരണാധികാരിവർഗ്ഗങ്ങളുടെ ഔദ്യോഗികമായ ആശയസംഹിത കമ്യൂണിസ്റ്റ വിരോധമാണ്. അവിടങ്ങളിൽ ഭരണകൂടത്തിൻെറ എല്ലാ ചെയ്തികളെയും വിലയിരുത്തലുകളേയും നിയന്ത്രിക്കുന്നതു് കമ്യൂണിസത്തോടുള്ള ശത്രുത ഒന്നുമാത്രമാണ്. സോഷ്യലിസ്റ്റ് രാഷ്ട്രസമുച്ചയമാണു ലോകകാര്യങ്ങളുടെ ഗതിവികാസങ്ങരം നിർണ്ണയിക്കുന്നതു് ഈ കാലഘട്ടത്തിൽ എന്നു മനസ്സിലാക്കാൻ ഈയൊരൊററ സംഗതി നോക്കിയാൽ മതി.

അമേരിക്കയുടെ നയങ്ങളെല്ലാം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതു് കമ്യൂണിസ്റ്റ് വിരോധത്തിന്മേലാണ്. "കമ്മ്യൂണിസ്റ്റ് വിരോധത്തെ നമ്മുടെ നയത്തിൻെറ പര്യായമാക്കിയിരിക്കുന്നു

........കമ്യൂണിസ്റ്റ് വിരോധംകൊണ്ടുമാത്രം നയമായില്ല. ഹിററ്ലർ അതു മനസ്സിലാക്കിയതാണ്''' എന്നു അവിടത്തെ പ്രമുഖനായൊരു എഴുത്തുകാരൻ—സി. എൽ. സുൾത്സ്ബെർഗ്ഗർ—പ്രസ്താവിച്ചതു് ഉത്തരുണത്തിൽ ഓർക്കേണ്ടതുണ്ടു്.

നിഷ്പക്ഷരാജ്യങ്ങളിലെയും കോളണികളിലെയും അർദ്ധകോളണികളിലെയും ജനങ്ങളും സാമ്രാജ്യത്വരാഷ്ട്രങ്ങളിലെ വിപ്ലവകാരികളായ തൊഴിലാളിവർഗ്ഗവും കമ്യൂണിസ്റ്റ് വിരോധ ആശയസംഹിതയിൽ പങ്കുകൊള്ളുന്നില്ല.

ഏകരൂപമായൊരു ആശയസംഹിതയില്ലാത്തതുകൊണ്ടു മുതലാളിത്തലോകം ദുർബ്ബലമായിപ്പോകുന്നു. എങ്ങിനെയായാലും ആരെ കുത്തിക്കൊന്നിട്ടായാലും പണമുണ്ടാക്കണം എന്ന ഒരൊററ ലക്ഷ്യമേ ആ ലോകത്തിലെ, വിശേഷിച്ച് അമേരിക്കയിലെ, ആളുകൾക്കുള്ളു. അതുകൊണ്ടു ബൂർഷ്വാസമുദായത്തിൻെറ അടിത്തറതന്നെ തകൎന്നുകൊണ്ടിരിക്കുകയാണ്. കുററങ്ങളും മദ്യപാനശീലവും ചിത്തരോഗങ്ങളും ആത്മഹത്യയും അവിടെ നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

1959ൽ ഉണ്ടായ പോക്കിരിത്തങ്ങളുടെ ഒരു കണക്ക് "യു. എസ്. ന്യൂസ് ആൻറ് വേൾഡ് റിപ്പോർട്ട്''' (1960 സെപ്തംബർ 26-ാംതീയതി) പ്രസിദ്ധപ്പെടുത്തിയിരുന്നു.

| | |
|---|---|
| ഓരോ മണിക്കൂറിൽ | —ഓരോ കൊലപാതകം |
| ഏഴു മിനിററ കൂടുമ്പോൾ | —ഒരു കൊള്ള |
| നാലുമിനിററ കൂടുമ്പോൾ | —കടുത്ത ഒരു ദേഹോപദ്രവം |
| ഓരോ മിനിററിലും | —ഗൗരവമേറിയ ഓരോ മോഷണം |
| രണ്ടു മിനിററ കൂടുമ്പോൾ | —ഓരോ കാർ മോഷണം. |
| 46 സെക്കൻറ് കൂടുമ്പോൾ | —വീടു കുത്തിപ്പൊളിച്ചുള്ള ഓരോ മോഷണം |

കള്ളന്മാക്കും കൊള്ളക്കാക്കും കൊലപാതകികൾക്കും രാജ്യഭാരം നടത്താൻ കഴിയുന്ന ഒരു നാടാണ് അമേരിക്ക എന്നു് കനഡക്കാരനായ ഒരു എഴുത്തുകരൻ—റേയ്മെണ്ട ചാൻറ്ലർ—ഇയ്യിടെ എഴുതുകയുണ്ടായി.

എന്നാൽ ആ നാട്ടിൽ കൊള്ളകളിലേററവും മുഴുത്ത കൊള്ള—കുത്തകക്കാർ പൊതുഖജാനയിൽനിന്നും ജനങ്ങളുടെ കീശയിൽനിന്നും നടത്തുന്ന മോഷണം—നിയമവിരുദ്ധമല്ല!

X X X

ഇന്നത്തെ സ്ഥിതിഗതികളിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെ ഒരു നിർണ്ണായകശക്തിയാക്കുന്ന ഏററവും പ്രധാനപ്പെട്ട ഘടകങ്ങൾ മേൽചൊന്നവയാണെന്നു ഞങ്ങൾ കരുതുന്നു. മുതലാളിത്തത്തിൻെറ പൊതുകുഴപ്പം ഒരു പുതിയ ഘട്ടത്തിലേയ്ക്കു് പ്രവേശിച്ചിരിക്കുകയാണ് എന്നും ആ ഘടകങ്ങൾ വ്യക്തമാക്കുന്നുണ്ടു്.

ഒരു ലോകയുദ്ധത്തിൽനിന്നല്ല, രണ്ടു വ്യവസ്ഥിതികൾ തമ്മിലുള്ള മത്സരത്തിൽനിന്നാണ് ഈ പുതിയ ഘട്ടം ആവിർഭവിച്ചിട്ടുള്ളതു് എന്നതത്രെ ഈ ഘട്ടത്തിൻെറ സവിശേഷത. ശക്തികൾ തമ്മിലുള്ള 'ബാലൻസ്' സോഷ്യലിസത്തിന്നു കൂടുതലനുകൂലമാവുകയും സാമ്രാജ്യത്വത്തിലെ വൈരുധ്യങ്ങളെല്ലാം മൂർച്ചിക്കുകയും സമാധാനപരമായ സഹവർത്തിത്വത്തിന്നുവേണ്ടിയുള്ള സമരം ഉത്തരോത്തരം വിജയിക്കുകയും ജനാധിപത്യത്തിന്നും ദേശീയ വിമോചനത്തിന്നും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരം പുഷ്ടിപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥാവിശേഷത്തിലാണ് അതാവിർഭവിച്ചിട്ടുള്ളതു്.

അതുകൊണ്ടു്, സോഷ്യലിസ്റ്റ് ലോകത്തേയും മുതലാളിത്ത ലോകത്തേയും താരതമ്യപ്പെടുത്തുമ്പോൾ അവയുടെ വിസ്തീർണ്ണം,

ജനസംഖ്യ, ഉല്പാദനം എന്നിവയെ മാത്രം യാന്ത്രികമായി തട്ടിച്ചുനോക്കിയാൽ പോരാ. സോഷ്യലിസ്റ്റ് ഷേരിയുടെ ശക്തി എല്ലാ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളുടേയും കൂട്ടായ ശക്തിയെക്കാഠം കവിഞ്ഞതാണ്. മുതലാളിത്തലോകത്തിൽ തന്നെയും സോഷ്യലിസത്തിനു കരുത്തന്മാരായ ബന്ധുക്കളുണ്ട്—തൊഴിലാളികളും കർഷകരും സാമ്രാജ്യത്വത്തിന്നെതിരായി പോരാടുന്ന കൊളോണിയൽ ജനങ്ങളും മററും. മുതലാളിത്തലോകത്തിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷം, ബോധപൂർവ്വമായിട്ടല്ലെങ്കിലും, വാസ്തവത്തിൽ സോഷ്യലിസത്തിന്നനുകൂലമാണ്. എന്നാൽ മുതലാളിത്ത വ്യവസ്ഥിതിയെ അനുകൂലിക്കുന്ന ഒരുത്തനെപ്പോലും കാണില്ല സോഷ്യലിസ്റ്റ് ലോകത്തിൽ

മുതലാളിത്തത്തിലെ പ്രധാന വൈരുദ്ധ്യം ശക്തിപ്പെടുന്നതോടെ മുതലാളിത്തസമുദായത്തിൻെറ ശത്രുക്കളുടെ എണ്ണം അതിവേഗം വദ്ധിക്കും. മുതലാളിത്തത്തിൻെറ അനിവാര്യമായ വികാസനിയമമാണതു്. എന്നാൽ സോഷ്യലിസ്റ്റ് ലോകത്തിൽ സോഷ്യലിസത്തിനു പഴക്കമേറുംതോറും മുതലാളിത്തത്തിന്നാനുകൂല്യം കുറയും. അവിടെ മുതലാളിത്തത്തെ പുനരവരോധിക്കാൻ കഴിയുമെന്ന മുതലാളിമാരുടെ ആഗ്രഹം വെറും പൂതിയാണ്. സോഷ്യലിസം ലോകത്തിലെല്ലായിടത്തും വിജയിക്കുകതന്നെ ചെയ്യും. കാലം സോഷ്യലിസത്തിൻേറയും കമ്യൂണിസത്തിൻേറയും ഭാഗത്താണ്.

X X X

മുതലാളിത്തത്തിൻെറ ഭാവിവികാസം എമ്മട്ടിലായിരിക്കുമെന്നു് ഒന്നാലോചിച്ചു നോക്കാം.

ചരിത്രദൃഷ്ട്യാ, മുതലാളിത്തത്തിൻെറ ഗതിമുട്ടിക്കഴിഞ്ഞു. അതു നശിക്കും; നശിച്ചു കൂടുതലുയൎന്ന ഒരു സാമൂഹ്യവ്യവസ്ഥി

തിക്ക്, കമ്യൂണിസത്തിന്ന്, സ്ഥാനമൊഴിഞ്ഞു കൊടുക്കും. ഈ പ്രക്രിയ എന്നു തീരുമെന്നോ ഏതെല്ലാം രൂപങ്ങൾ കൈക്കൊള്ളുമെന്നോ മുൻകൂട്ടി പ്രവചിക്കുക വിഷമമാണ്. അധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളേയും ഉല്പതിഷ്ണുക്കളേയും സംഘടിപ്പിച്ച് തൊഴിലാളിവർഗ്ഗം നടത്തുന്ന സമരംകൊണ്ടാണു മുതലാളിത്തം തകരുക. ഈ സമരം എല്ലായിടത്തും സായുധകലാപത്തിന്റെ രൂപത്തിലായിക്കൊള്ളണമെന്നില്ല. ചില രാജ്യങ്ങളിലെ ബൂർഷ്വാസിയെ "വിലക്കെടുക്കാൻ കഴിഞ്ഞേക്കും" എന്നു മാർക്സ് പറഞ്ഞിട്ടുണ്ടല്ലോ, അതു ചിലേടത്തു ശരിയായേക്കാം.

അടുത്ത ഭാവിയിൽ ഇതെല്ലാമാവും ഉണ്ടാവുക:

സോവിയററ യൂണിയൻ സാമ്പത്തികരംഗത്ത് അമേരിക്കയെ പിൻതള്ളും.

ചൈന ലോകത്തിലെ ഒന്നാംകിട സാമ്പത്തിക ശക്തികളിലൊന്നാകും.

സോഷ്യലിസ്റ്റ് സമുച്ചയമാകെ മുതലാളിത്തരാജ്യങ്ങളെ സാമ്പത്തികമായി അതിശയിക്കും.

കൊളോണിയൽവ്യവസ്ഥ അപ്രത്യക്ഷമാകും. സ്വാതന്ത്ര്യം പ്രാപിക്കുന്ന രാജ്യങ്ങൾ സോവിയററ യൂണിയന്റേയും മററു സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും സഹായത്തോടെ സാമ്പത്തികമായി സത്വരം വികസിക്കും.

എല്ലാ നാടുകളിലേയും ജനങ്ങൾ സമാധാനത്തിന്നുള്ള സമരത്തിൽ സജീവമായി പങ്കുകൊണ്ടാൽ ഒരു മൂന്നാംലോകമഹായുദ്ധം—സോഷ്യലിസ്റ്റ് ലോകവും മുതലാളിത്തലോകവും തമ്മിലുള്ള യുദ്ധം—ഒഴിവാക്കാം. ഇതിന്നു മുതലാളിത്തരാജ്യങ്ങളിലെ രാജ്യതന്ത്രജ്ഞർ വിവേകത്തോടെ പെരുമാറുകയും വേണം.

എന്നാൽ സൈനികമേധാവികൾ ഉത്തരവാദിത്വമില്ലാതെ പെരുമാറിയാലോ, റഡാർ സിഗ്നലുകളെ തെററായി വ്യഖ്യാ

നിച്ചാലോ, ആരുമാരുമറിയാതെയും ആരുടേയും സമ്മതമില്ലാതേയും ഒരു യുദ്ധം പൊട്ടിയേക്കാം.

പടക്കോപ്പുവ്യവസായത്തിൽനിന്നു കൊള്ളലാഭമടിക്കുന്ന കുത്തകപ്രഭുക്കൾ നിരായുധീകരണത്തെ നിരന്തരം എതിർത്തുകൊണ്ടിരിക്കും. എങ്കിലുമവർ തുറന്ന ഒരു യുദ്ധം ഒഴിവാക്കിയേക്കാം. ലോകത്തിലെ സംഘർഷം സദാ മൂർച്ചിച്ചുനിന്നാൽ മതിയല്ലോ അവക്കു ലാഭം കിട്ടാൻ.

സാമ്രാജ്യത്വരാജ്യങ്ങൾ തമ്മിലും മുതലാളിത്തചേരിയിലെ വിവിധ ഗ്രൂപ്പുകൾ തമ്മിലുമുള്ള സമരങ്ങൾ തുടൻകൊണ്ടിരിക്കും. എന്നാൽ അവർ തുറന്ന യുദ്ധത്തിന്നിറങ്ങുകയുണ്ടാവില്ല. "ചെറുകിട" യുദ്ധങ്ങൾ ചിലതു് അദ്ധ്കോളണികളുടെ വിമോചനത്തിന്നുവേണ്ടി നടക്കും.

മൂലധനത്തിൻെറ കേന്ദ്രീകരണവും സാങ്കേതികവിദ്യകളുടെ ത്വരിതമായ വികാസവുംമൂലം മുതലാളിത്തരാജ്യങ്ങളിൽ സ്ഥിരമായ തൊഴിലില്ലായ്മ വദ്ധിക്കുകയും വർഗ്ഗസമരം മൂർച്ചിക്കുകയും ചെയ്യും. മുതലാളിത്തവ്യവസ്ഥിതിയെ നിലനിത്തുന്നതിനുവേണ്ടി തൊഴിലാളികൾക്കനുകൂലമായ പല വിട്ടുവീഴ്ചകളും ചെയ്യേണ്ടിവരും മുതലാളിമാക്കു്.

മുതലാളിത്തത്തിൻെറ ഗതിചക്ര (cycle) ത്തിൻെറ നീളം ഇനിയും കുറയും. സാങ്കേതികപുരോഗതി മുമ്പത്തേക്കാൾ സത്വരമായതുകൊണ്ടു സ്ഥിരമൂലധനത്തിൻെറ നവീകരണവും വിപുലീകരണവും മുമ്പത്തേക്കാൾ വേഗത്തിലാവണം.

മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവത്തനം നടക്കുന്ന ഈ ദശയിലെ സ്ഥിതിഗതികൾ വളരെ സങ്കീർണ്ണമാവുകയാൽ ഇതിലും വ്യക്തമായ പ്രവചനം സാധ്യമല്ല. എന്നാലൊരു കാര്യം ഉറപ്പിച്ചുപറയാം: മുതലാളിത്തത്തിൻെറ അവസാനത്തെ നൂററാണ്ടാണു് ഇരുപതാം നൂററാണ്ടു്.

**KOTTAYAM PUBLIC LIBRARY**
KOTTAYAM

Cl. No. 333.15 Acc. No. 83747

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 3 MAY 1985 | | |
| 29 JUN 1985 | | |
| 24 JUL 1985 | | |
| 28 APR 1988 | | |

330.15 83747
VAR.I

വർഗ്ഗ(ഇ)

ഇരുപതാം നൂറ്റാണ്ടിലെ
ധനശാസ്ത്രം.

# ഇരുപതാംനൂററാണ്ടിലെ മുതലാളിത്തം

ഇ. വർഗ്ഗ്

Indic Digital Archive Foundation
gpura.org